
ചുങ്കത്തറ ഗ്രാമ പഞ്ചായത്ത്

01

സമഗ്ര വികസന രേഖ



ജനകീയ ആസൂത്രണം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ചുങ്കത്തറ ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ

03

23-11-1996 ശനിയാഴ്ച

എം. പി. എം. ഹൈസ്കൂൾ, ചുങ്കത്തറ.

സമഗ്ര വികസന റിപ്പോർട്ട്

ആമുഖം

പൊതുവിവരണം

സാമൂഹിക-സാംസ്കാരിക ചരിത്രം

വികസന മേഖലകൾ

കൃഷിയും ജലസേചനവും

കുടിവെള്ളം-പൊതുജനാരോഗ്യം

വിദ്യാഭ്യാസം

സഹകരണ പ്രസ്ഥാനം

ഗതാഗതം

മൃഗസംരക്ഷണവും

വ്യവസായം

വിഭവ സമാഹരണം

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

സംസ്കാരം

വനിത

പാർപ്പിടം

ഉപസംഹാരം

04

ഭരണ സമിതി അംഗങ്ങൾ

1	പി. പി. സുഗതൻ	(പ്രസിഡൻറ്)
2	കെ. പി. സക്കീന	(വൈസ് പ്രസിഡൻറ്)
3	ലിസി ജോൺ	(സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺ)
4	ബാബു തോമസ്	(മെമ്പർ)
5	അപ്പുകുട്ടൻ	(മെമ്പർ)
6	കെ. എസ്. ജോസ്	(മെമ്പർ)
7	വൽസമ്മ സെബാസ്റ്റ്യൻ	(മെമ്പർ)
8	ഭാസ്കരൻ കെ. സി.	(മെമ്പർ)
9	എം. ആർ. ജയചന്ദ്രൻ	(മെമ്പർ)
10	അമ്പാടി പ്രഭാകരൻ	(മെമ്പർ)
11	ചിന്നമ്മ തോമസ്	(മെമ്പർ)
12	എ. ഗോവിന്ദൻകുട്ടിനായർ	(മെമ്പർ)
13	ഹൈദ്രു വീരാൻകുട്ടി	(മെമ്പർ)
14	ചിറപ്പുറത്ത് ശോശാമ്മ	(മെമ്പർ)

മുൻ പ്രസിഡൻറുമാർ : വർക്കി മരുതനാംകുഴി
അമ്പാടി പ്രഭാകരൻ

എഡിറേറാറിയൽ ബോർഡ് : മുരളീധരൻ കെ. സി.
പ്രൊഫ. ജോർജി കെ. ഇ.
കര്യൻ ചീരമറം
പി. വി. ജേക്കബ്
ബാലൻ കെ.
വേലായുധൻ മാസ്റ്റർ.



1

ആമുഖം

നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നം – ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട്, ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന മഹനീയ സ്വപ്നം ''ഗ്രാമസ്വരാജ്''. ഇന്ത്യൻ ഭരണകൂടം പഞ്ചായത്ത്‌രാജ് നഗരപാലികാ ബില്ലിലൂടെ ഈ സ്വപ്നം യാഥാർത്ഥ്യമാക്കി തന്നിരിക്കുന്നു. മുൻകാലങ്ങളിൽ ജനങ്ങളുടെ സർക്കാർ എന്ന സ്വപ്നം തിരഞ്ഞെടുപ്പ് പ്രക്രിയയിൽ മാത്രം ഒതുങ്ങിനിന്നു. അധികാരവും ആസൂത്രണവും മുകളിൽ നിന്നും കീഴോട്ട് ഒതുക്കി. അതിന്റെ ഫലമോ, യഥാർത്ഥ ഗ്രാമങ്ങളിൽ നിന്നും തീരുമാനമെടുക്കുവാനും അത് നടപ്പിലാക്കുന്നതിനും പങ്ക് വഹിക്കുവാനുള്ള അധികാരം ഗ്രാമവാസികൾക്ക് ലഭിക്കണം. അതുകൊണ്ട് തന്നെയാണ് പഞ്ചായത്ത് രാജ് നഗരപാലികാ ബില്ലിന്റെ ചുവട് പിടിച്ചുകൊണ്ട് അടിത്തട്ടിൽ നിന്നും മേൽത്തട്ടിലേക്ക് ദിശമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് ജനകീയ ആസൂത്രണ പരിപാടിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. വികസന പ്രവർത്തനത്തിലും തുല്യ പങ്കാളിത്തം ജാതിമത കക്ഷിഭിന്നതകൾക്കതീതമായി ഉറപ്പുവരുത്തുവാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിനു കഴിയുമെന്നും പ്രതീക്ഷിക്കാം. 9–ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. അതികാരത്തോടൊപ്പം പദ്ധതി വിഹിതത്തിന്റെ ഏതാണ്ട് 40% പഞ്ചായത്തുകൾക്ക് ലഭിക്കും എന്നതിനാൽ ജനതാല്പര്യങ്ങൾക്കനുസൃതമായി വികസന പ്രക്രിയ നടത്താൻ സാധിക്കും എന്നും പ്രതീക്ഷിക്കാം. ബഹുജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ നിലവിലുള്ള പല മാമൂലുകളും വിട്ട് യാഥാർത്ഥ്യങ്ങളുടെ മുഖങ്ങൾ കണ്ടുകൊണ്ട് വികസന പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ സാധിക്കും. അഴിമതിയുടെ അഴുക്ക് ചാലുകൾ വൃത്തിയാക്കുവാൻ കഴിയും.

ചുങ്കത്തറ പഞ്ചായത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനം ആരംഭിച്ചത്

1996 സെപ്തംബർ 19ന് നടത്തപ്പെട്ട പഞ്ചായത്തുതല ശില്പശാലയോടു കൂടിയാണ്. ഈ ശില്പശാലയിൽ D.R.P.മാർ ജനപ്രതിനിധികളും L.R.P. മാർ തുടങ്ങിയ 146 പേർ പങ്കെടുത്തു തുടക്കത്തിൽ ആശങ്കയോടുകൂടിയായിരുന്ന പലരും പങ്കെടുത്തിരുന്നതു് എങ്കിലും പ്രവർത്തനങ്ങളും മുന്നോട്ടുപോയതോടുകൂടി എണ്ണത്തിൽ ചോർച്ച സംഭവിച്ചു എങ്കിലും ബാക്കി ഉള്ളവർ ഒറക്കെട്ടായി ജനകീയ ആസൂത്രണ പ്രവർത്തനങ്ങളും വിജയിപ്പിക്കുവാൻ അണിനിരന്നു. ജനപങ്കാളിത്തം കൊണ്ടും ഗ്രൂപ്പ് ചർച്ചകളുംകൊണ്ടും ഗ്രാമസഭകളും സജീവമായിരുന്നു. വികസന പ്രശ്നങ്ങളും ചർച്ചചെയ്യുന്നതിനും പരിഹാരങ്ങളും നിർദ്ദേശിക്കുന്നതിനും ഒരു പുതിയ ഉണർവും ആവേശവും പ്രകടമായി.

രണ്ടാം ഘട്ട പ്രവർത്തനങ്ങളും വികസന സെമിനാറിൽ അവതരിപ്പിക്കേണ്ട വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ ദ്വിതീയ സ്ഥിതിവിവരങ്ങളും ശേഖരിക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു. രണ്ടാം ഘട്ട പരിശീലനം 1996 നവംബർ 3-ാം തീയതി എം. ടി. യു പി. സ്കൂളിൽവച്ച് നടന്നു. പങ്കാളിത്തം കുറവായിരുന്നു എങ്കിലും സജീവമായിരുന്നു. നമ്മുടെ പഞ്ചായത്തിലെ മണ്ണും ഭൂപ്രകൃതിയും കാലാവസ്ഥയും ജലാശയങ്ങളും ജീവജാലങ്ങളെയും കണ്ടും കേട്ടും പഠിക്കുന്നതിനു് വേണ്ടി, മൂന്നു് പഠന സംഘങ്ങളും പര്യടനം നടത്തുകയുണ്ടായി.

പഠന പര്യടന സംഘത്തിന്റെ വളരെ ശ്രമകരമായ പര്യടനം ഒരു യാഥാർത്ഥ്യത്തിലേക്കു് വിരൽചൂണ്ടുന്നു. 200 ച. സെ. മീ. വിസ്തീർണ്ണവും 56207 ജനസംഖ്യയും ഉള്ള ഈ പഞ്ചായത്തിന്റെ നടുവിലൂടെ ചാലിയാർ പുഴയും പുന്നപ്പുഴയും ഒഴുകുന്നു നല്ലൊരു വിഭാഗം ജനങ്ങളും ഇരു പുഴകൾക്കും അക്കരെനിന്നു് പഞ്ചായത്തു് ആസ്ഥാനത്തു് എത്തുന്നതിനു് പാലങ്ങളില്ലാത്ത പുഴകൾ നൽകുന്ന ബുദ്ധിമുട്ടുകൾ അനുഭവിച്ചറിഞ്ഞു. ഇതു് ഈ പഞ്ചായത്തിന്റെ ഭരണപരമായ കാര്യങ്ങളെയും വികസന പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിയ്ക്കുന്നു. ആമുഖത്തിൽ തന്നെ ചുങ്കത്തറ പഞ്ചായത്തു് വിഭജിക്കേണ്ടതു് ജനസൗകര്യത്തിനും ഭരണ സൗകര്യത്തിനും വികസനത്തിനും അത്യന്താപേക്ഷിതമാണു് എന്നു് തറപ്പിച്ചു് പറയുകയാണു്, ഈ വസ്തുത മനസ്സിലാക്കിയും വളരെ മുൻപേ ഈ ആവശ്യം ഉന്നയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ കഴിഞ്ഞ കേരള സർക്കാർ കേരളത്തിൽ പുതുതായി 103 പഞ്ചായത്തുകൾ അനുവദിച്ച കൂട്ടത്തിൽ ചുങ്കത്തറ പഞ്ചായത്തിന്റെ 1, 2, 4, 5 വാർഡുകളും എടക്കര പഞ്ചായത്തിന്റെ 9, 10, 11, 12 വാർഡുകളും ഉൾപ്പെടുത്തി പോത്തുകല്ലു് ആസ്ഥാനമാക്കി പോത്തുകല്ലു് പഞ്ചായത്തു് രൂപീകരിക്കയും ഉദ്യോഗസ്ഥന്മാരെ വരെ നിയോഗിക്കുകയും ചെയ്തതാണു്. തുടർന്നു് നടപടികൾ ആകാത്തതിനാൽ ചുങ്കത്തറയുടെ ഗ്രാമവികസനം ധാരാളം പ്രതിസന്ധികളെ നേരിടുകയാണു്.

ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ ബഹുജന സന്നദ്ധ പ്രവർത്തകരുടെ ഉദാത്തമായ രാഷ്ട്രീയ – സാമൂഹിക ബോധത്തിന്റെ ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ടുകൊണ്ടു് ഗ്രാമസഭകൾ എന്ന ബഹുനശക്തിയെ തുറന്നുവിട്ടു് ജനകീയ ആസൂത്രണവും അതിന്റെ നടത്തിപ്പും യാഥാർത്ഥ്യമാക്കുവാൻ ചരിത്രം നമ്മെ വെല്ലുവിളിക്കയാണു്. ഈ വെല്ലുവിളി സ്വീകരിക്കുവാനുള്ള മനക്കരുത്തും ആത്മധൈര്യവും കാണിക്കുന്നതിനനുസരിച്ചായിരിക്കും ജനകീയാസൂത്രണത്തിന്റെ വിജയം.

□

2
പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	–	ചുങ്കത്തറ-ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	–	ചുങ്കത്തറ, കുമ്പലങ്ങോട്
ബ്ലോക്ക് പഞ്ചായത്ത്	–	ഡിവിഷൻ- ചുങ്കത്തറ, പോത്തുകല്ല് കുമ്പലംകോട്.
താലൂക്ക്	–	നിലമ്പൂർ
അസംബ്ലി മണ്ഡലം	–	നിലമ്പൂർ
വിസ്തീർണ്ണം	–	199.69 ച. കി. മീ.
അതിരുകൾ	–	കിഴക്ക്- എടക്കര, മൂത്തേടം പഞ്ചായത്ത്
		വടക്ക്- തമിഴ്നാട്, നീലഗിരി.
		തെക്ക്- കരിമ്പുഴ, ചാലിയാർ
		പടിഞ്ഞാറ്- കോഴിക്കോട് ജില്ല, ചാലിയാർ പഞ്ചായത്ത്.
ജനസംഖ്യ	–	56207
പുരുഷൻമാർ	–	27645
സ്ത്രീകൾ	–	28562
ജനസാന്ദ്രത	–	281
അക്ഷരാഭ്യാസം ഉള്ളവർ		44965
വാർഡുകൾ	–	15
പ്രസിഡൻറിന്റെ പേര്	–	പി. പി. സുഗതൻ
വൈസ്. പ്രസിഡൻറിന്റെ പേര്	–	കെ. പി. സക്കീന
സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ	–	ലിസിജോൺ

ഗ്രാമപഞ്ചായത്ത് മെമ്പർമാർ		വാർഡ്
ബാബുതോമസ്	–	1
അപ്പുക്കുട്ടൻ	–	2
ലിസി ജോൺ	–	3
കെ. എസ്. ജോസ്	–	4
പി. പി. സുഗതൻ	–	5
വത്സമ്മ സെബാസ്റ്റ്യൻ	–	6
ഭാസ്കരൻ കെ. സി.	–	7
എം. ആർ. ജയചന്ദ്രൻ	–	8
കെ. പി. സക്കീന	–	9
അമ്പാടി പ്രഭാകരൻ	–	11
ചിന്നമ്മ തോമസ്	–	12
ഗോവിന്ദൻകുട്ടിനായർ എ.	–	13
ഹൈദ്രു വീരാൻകുട്ടി	–	14
ചിറപ്പുറത്ത് ശോശാമ്മ	–	15

10-ാം വാർഡിൽ നിലവിൽ ഗ്രാമ പഞ്ചായത്ത് മെമ്പർ ഇല്ല. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിയുടെ ബാനറിൽനിന്ന് മത്സരിച്ച് വിജയിച്ച ശ്രീ. തോമസ് മാത്യു. അസംബ്ലി തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലേക്ക് മാറുകയും നിലമ്പൂർ അസംബ്ലി സീറ്റിൽ ഇടതുപക്ഷ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച് പരാജയപ്പെടുകയും ചെയ്തപ്പോഴും പഞ്ചായത്ത് ബോഡിൽ നിന്ന് രാജിവെക്കേണ്ടതായി വന്നതാണ് കാരണം.

1962-ൽ നിലവിലുണ്ടായിരുന്ന നിലമ്പൂർ പഞ്ചായത്തിനെ വിഭജിച്ചുകൊണ്ടാണ് ചുങ്കത്തറ പഞ്ചായത്തിന് രൂപം നൽകിയത്. 1962-64 വരെ പുതിയ ചുങ്കത്തറ പഞ്ചായത്ത് സ്പെഷ്യൽ ഓഫീസറുടെ ഭരണത്തിലായിരുന്നു. 1963-ഡിസംബർ മാസത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കുകയും 8 വാർഡിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർക്ക് പുറമെ ഒരു പട്ടികജാതിമെമ്പറും ഒരു വനിതാ മെമ്പറും ഉൾപ്പെട്ടുകൊണ്ട് 1964 ജനുവരിയിൽ ശ്രീ. വർക്കി മരുതനാംകുഴി പ്രസിഡൻറും കെ. പി. കുഞ്ഞയ്മു മാസ്റ്റർ വൈസ് പ്രസിഡൻറുമായി പഞ്ചായത്ത് ബോഡ് നിലവിൽ വന്നു. ഈ ബോഡ് 1980-വരെ ഭരണം നടത്തി. 1980 മുതൽ 87 വരെ പഞ്ചായത്ത് ഭരണം സ്പെഷ്യൽ ഓഫീസറുടെ ഭരണത്തിൽ ആയിരുന്നു. 1988-മുതൽ 1995-വരെ 13 മെമ്പർമാരുള്ള പഞ്ചായത്ത് ബോഡിൽ ശ്രീ. വർക്കി മരുതനാം കുഴിതന്നെ പ്രസിഡൻറായി. 1995-ൽ ഗ്രാമപഞ്ചായത്ത് രാജ് ആക്ട് പ്രകാരം സെപ്തംബർ മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ 1995 ഒക്ടോബർ 2-ാംതീയതി ശ്രീ. അമ്പാടി പ്രഭാകരൻ പ്രസിഡൻറായും 15 അംഗങ്ങളും ഉള്ള ഗ്രാമ പഞ്ചായത്ത് ബോഡ് അധികാരം ഏറ്റെടുത്തു. കെ. പി. സക്കീന വൈസ് പ്രസിഡൻറുമായി. 10-ാം വാർഡ് മെമ്പർ ഭരണപക്ഷം വിടുകയും അവിശ്വാസ പ്രമേയത്തിലൂടെ ശ്രീ. അമ്പാടി പ്രഭാകരനെ പ്രസിസൻറ് സ്ഥാനത്ത് നിന്ന് നീക്കുകയും ചെയ്തു. ആഴ്ചകളോളം വൈസ് പ്രസിഡൻറായിരുന്ന കെ. പി. സക്കീന പ്രസിഡൻറിൻറെ ചുമതല വഹിക്കുകയും തുടർന്ന് നടന്ന പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ ശ്രീ. പി. പി. സുഗതൻ പ്രസിഡൻറാവുകയും ചെയ്തു.

1996 സെപ്തംബർ 19ന് ചുങ്കത്തറ പഞ്ചായത്ത് ജനകീയ ആസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചു. ജനകീയ ആസൂത്രണ പരിപാടി ഈ പഞ്ചായത്തിൽ ഒന്നും രണ്ടും ഘട്ടങ്ങൾ പിന്നിട്ടപ്പോഴും ജനകീയ ആസൂത്രണത്തിന് മൂന്നാം വാർഡ് മെമ്പർ എരുമമുണ്ടയിൽ വിളിച്ചുകൂട്ടിയ വിശേഷാൽ ഗ്രാമസഭ ഒരു പറ്റം ആളുകൾ അലങ്കോലപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും നൂറോളം വരുന്ന സായുധരായ പോലീസ് ഉദ്യോഗസ്ഥൻമാരുടെ അകമ്പടിയോടെ ഗ്രാമസഭ നടത്തുകയും റിപ്പോർട്ടുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ജനകീയ ആസൂത്രണം ജനപങ്കാളിത്തത്തോടുകൂടി സമയബന്ധിത പരിപാടിയിലൂടെ മുന്നോട്ട് കൊണ്ടുപോകുവാൻ നാം വെമ്പൽകൊള്ളുമ്പോൾ ചുങ്കത്തറ ഗ്രാമപഞ്ചായത്ത് ബോഡ് ഒരു ദുർവിധിയെ നേരിടുകയാണ്. ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ യോഗം വമ്പിച്ച പോലീസ് സന്നാഹത്തോടെ കൂടിയാണ് ഇവിടെ നടക്കുന്നത്. ഇതിന് കാരണം 3-ാം വാർഡായ എരുമമുണ്ടയിൽ നിന്നും സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച വിജയിച്ച ലിസിജോൺ പഞ്ചായത്ത് ബോഡിൻറെ ആദ്യ ഘട്ടത്തിൽ ഇടതുമുന്നണിയെ സഹായിക്കുകയും പിന്നീട് ഐക്യജനാധിപത്യ മുന്നണിയെ സഹായിക്കുകയും ചെയ്തപ്പോഴും ലിസിജോൺ രാജിവെക്കണം എന്ന ആവശ്യവുമായി ഇടതുമുന്നണിക്കാർ നടത്തുന്ന സമരസന്നാഹങ്ങളാണ് വമ്പിച്ച പോലീസ് സന്നാഹത്തിൻറെ ആവശ്യം ഇവിടെ നേരിട്ടിരിക്കുന്നത്. കക്ഷിരാഷ്ട്രീയത്തിൻറെ തീച്ചൂളയിൽ ചുങ്കത്തറ ഗ്രാമത്തിൻറെ സമൂഹ്യ വികസനം ഹോമിക്കപ്പെടാതിരിക്കുവാൻ രാഷ്ട്രീയ പാർട്ടിക്കാർ ഒരു നിമിഷംകൂടി ചിന്തിച്ചാൽ നന്നായിരുന്നു.

□

3

സാമൂഹിക സാസ്കാരിക ചരിത്രം

ചരിത്രത്തിന്റെ ഏടുകളിലൊന്നും കാര്യമായി സ്ഥാനം പിടിച്ചിട്ടില്ലാത്ത ഒരു പഞ്ചായത്താണ് ചങ്കുത്തറ. രാജരേണത്തിന്റെ ചരിത്രം ഉറങ്ങുന്ന ഈ പ്രദേശം കോവിലകം തമ്പുരാക്കന്മാരുടെ ചങ്കും പിരിവിന്റെ ഒരു ആസ്ഥാനമായിരുന്നു. അങ്ങനെയാണ് ഈ പ്രദേശത്തിന് ചങ്കുത്തറ എന്ന പേര് ലഭിച്ചത് എന്ന് പഴമക്കാർ പറയുന്നു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടങ്ങളിൽ മൃഗതുല്യമായി ജീവിച്ചിരുന്ന ആദിവാസികളം ആയിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ആ കാലത്ത് സാമൂഹിക നീതിക്ക് പ്രസക്തി ഇല്ലല്ലോ. വ്യത്യസ്ത ആദിവാസി ക്കൂട്ടങ്ങളം അവരവരുടെ ജീവിതസാഹചര്യങ്ങളും ജീവിതചര്യകളും പരസ്പരമത്സരങ്ങളുമായി ജീവിച്ചുപോന്നു. പല ആചാര മദ്യാദകളും അനുവർത്തിച്ച് പോന്നവരാണിവർ.

ചങ്കുത്തറ പ്രദേശം നിലമ്പൂർ കോവിലകംവക വനങ്ങളും അവരുടെ നിയന്ത്രണത്തിൽ ഉള്ള കളപാടങ്ങളും ആയിരുന്നു. ഏകദേശം 20 കളപാടങ്ങളം ഇവിടുണ്ടായിരുന്നു. 1888ൽ കോവിലകം വക 1000 ഏക്കർ സ്ഥലം കപ്പിൻടീക്ക് എന്ന സ്ഥലത്ത് ബ്രിട്ടീഷുകാർ റബ്ബർ പ്ലാന്റേഷൻ ഉണ്ടാക്കി ഇംഗ്ലീഷ് ആൻഡ് സ്കോട്ട്ജോയിന്റ് ഹോംസെയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓഫ് ഇന്ത്യ എന്ന ബ്രിട്ടീഷ് കമ്പനിയാണ് ഈ സംരംഭത്തിന് തുടക്കം കുറിച്ചത്. ഈ സ്ഥലത്തെ ചില സ്ഥലനാമങ്ങളംപോലും ബ്രിട്ടീഷുകാരുടെ സംഭാവനയാണ്. മൗണ്ട് ഏരിയ എന്ന മുണ്ടേരിയും, ക്ലീൻ റോക്ക് എന്ന ക്ലിയൻടാക്കും, അപ്പ് ആൻറ് ഗ്യാപ്പ് എന്ന അപ്പൻകാപ്പും ഇതിനുദാഹരണങ്ങളാണ്. ബ്രിട്ടീഷുകാരുടെ തിരിച്ചുപോക്കോടെ ഈ പ്ലാന്റേഷൻ എം ടി. പോത്തൻ ആൻറ് കമ്പനി ഏറ്റെടുക്കുകയും തുടർന്ന് ഈ കമ്പനി കോവിലകത്തുനിന്നും പാലുണ്ടയിൽ 300 ഏക്കർ സ്ഥലം പാട്ടത്തിന് എടുത്ത് റബ്ബർ പ്ലാന്റേഷൻ വ്യാപിപ്പിക്കുകയും ചെയ്തു. ഈ പ്ലാന്റേഷനകം കാർഷിക മേഖലയുടെ വളർച്ചയുടെ തുടക്കം ആയിരുന്നു. തോട്ടം തൊഴിലാളികളുടെ കുടിയേറ്റത്തിന് ഇത് കാരണമാവുകയും ചെയ്തു.

നിലമ്പൂർ കോവിലകം വക ജലലഭ്യത ഉണ്ടായിരുന്ന പ്രദേശങ്ങളിൽ ഒന്നിൽകൃഷി നടത്തുന്നതിനായി അവർ തന്നെ മലബാറിന്റെ മറ്റ് മേഖലകളിൽ ഉണ്ടായിരുന്ന വ്യത്യസ്ത സമുദായങ്ങളിൽപെട്ടവരെ ഈ പ്രദേശത്ത് കൊണ്ടുവന്ന് താമസിപ്പിച്ചു. തുടക്കത്തിൽ വിത്തും കൃഷി ഉപകരണങ്ങളും കന്നുകാലികളെയും കൊടുത്ത് അവരെ ഇവിടെ നിലനിർത്തി. അവരാണ് പിന്നീട് ഇവിടുത്തെ കളക്കാരായി അറിയപ്പെട്ടത്. ഈ കളക്കാർ അവക്ക് തൊഴിൽ ചെയ്യുവാൻ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരെയും അല്ലാത്തവരെയും ഇവിടെ കൊണ്ടുവന്ന് കുടിയിരുത്തി. ഈ കളക്കാർ പണിക്കാക്ക് ഓണം വിഷു തുടങ്ങിയ ആണ്ടുറുതികളിൽ അളവ് കൊടുക്കുക എന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു. നെല്ലും പുടവയും, നാളികേരവും, വെളിച്ചെണ്ണയുമാണ് അളവായികൊടുത്തിരുന്നത്. ഇത് കൈപറ്റുന്ന പണിക്കാർ ഈ കളക്കാക്ക് വർഷം മുഴുവൻ പണിചെയ്യാൻ വിധിക്കപ്പെട്ടവരുമായിരുന്നു.

സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം തിരുവിതാംകൂർ മേഖലകളിൽ നിന്നും കുടിയേറ്റ കർഷകരുടെ ഈ പ്രദേശത്തേക്കുള്ള

ഒഴുക്ക്' കാഷ്ടിക-സാമൂഹിക-വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ ഗണ്യമായ മാറ്റമുണ്ടായി. ഭക്ഷണക്രമത്തിലും വസ്ത്രധാരണ രീതിയിലും സംസാരഭാഷയിലും വലിയമാറ്റങ്ങളും വന്നു.

തരിശ്ഭൂമി കൃഷിക്കാരനു ലഭിക്കണം എന്ന മുദ്രാവാക്യം കുടിയേറ്റകർഷകർ ഉയർത്തിയപ്പോഴും 1954-ൽ ശ്രീ. കുഞ്ഞാലിയുടെ നേതൃത്വത്തിൽ ഒരു തരിശ് പ്രക്ഷോഭം തന്നെ ഇവിടെ നടന്നു. ഈ പ്രക്ഷോഭത്തിനു മുൻ നിരയിലുണ്ടായിരുന്നവരിൽ ശ്രീ. കുഞ്ഞുണ്ണിയും ഉണ്ടായിരുന്നു. 1957-ൽ അധികാരത്തിൽ വന്ന ഗവൺമെൻ്റ് ഈ സംരംഭത്തെ സഹായിച്ചു. 1970-ൽ ഭൂപരിഷ്കരണ നിയമം നടപ്പിലായതോടുകൂടി കൃഷി ഭൂമി കൃഷിക്കാരനായി. പിന്നീടു വിവിധ മേഖലകളിൽ ഉള്ള ഈ പ്രദേശത്തിൻ്റെ വളർച്ച അതി ശീഘ്രമായിരുന്നു.

1964-ൽ അധികാരം ഏറ്റെടുത്ത പഞ്ചായത്തു ബോഡു ശ്രീ. വർക്കി മരുതനാം കുഴിയുടെയും ശ്രീ. കെ. പി. മാസ്റ്ററുടെയും നേതൃത്വത്തിൽ കാർഷിക വികസന മേഖലകളിൽ ഒരുപാടു സേവനങ്ങളും ചെയ്തിട്ടുണ്ടു. ചുങ്കത്തറ പഞ്ചായത്തിൽ സ്വന്തമായി തന്നെ സ്ഥലവും കെട്ടിടവും നിർമ്മിച്ചു. ചുങ്കത്തറയുടെ ഹൃദയഭാഗത്തു മനോഹരമായ ഒരു ബസു സ്റ്റാൻറു നിർമ്മിതമായി. ഒരു സാംസ്കാരിക നിലയം ഇവിടെ ഉണ്ടാക്കി. പെള്ളാരംകുന്നിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിതമായി. 150 കി. മീ. ഓളം പഞ്ചായത്തു റോഡുകളും ഈ പഞ്ചായത്തിൽ തീർത്തു. പാലുണ്ട മുണ്ടേരി റോഡും, ചുങ്കത്തറ കുറ്റിമുണ്ടവഴി മുണ്ടേരി റോഡും പഞ്ചായത്തു P. W. D. ക്കു ഏല്പിച്ചു കൊടുത്തു. കാർഷിക മേഖലക്കു വേണ്ടി കൃഷിവകുപ്പിൻ്റെ സഹായത്തോടുകൂടി 25-ഓളം പമ്പു സെറ്റുകളും കൃഷിക്കാർക്കു നൽകി. വിദ്യാഭ്യാസ മേഖലയിൽ പൂക്കോട്ടുമണ്ണിൽ ഒരു പഞ്ചായത്തു സ്കൂളും സ്ഥാപിച്ചിട്ടുണ്ടു. ബ്ലോക്കു തലത്തിലും പഞ്ചായത്തു തലത്തിലും അംഗൻവാടികളും വായനശാലകളും ഇവിടെ സ്ഥാപിതമായി. മുൻ വൈസു പ്രസിഡൻറായിരുന്ന കെ. പി. മാസ്റ്ററുടെ ഓർമ്മക്കായി ഒരു കമ്മ്യൂണിറ്റി ഹാളും ഇവിടെ തീർത്തിട്ടുണ്ടു.

ചുങ്കത്തറയുടെ സാമൂഹിക സാംസ്കാരിക ചരിത്രം പരിശോധിച്ചാൽ കോളജും സ്കൂളുകളും ആശുപത്രികളും നേഴ്സറികളും സ്ഥാപിച്ചും സന്നദ്ധസംഘടനകളും രൂപീകരിച്ചും, ക്രിസ്ത്യൻ സമുദായങ്ങളും കണക്കിലധികം സേവനങ്ങളും ഈ പ്രദേശത്തിനായി ചെയ്തിട്ടുണ്ടു. അതുപോലെ തന്നെ വൈ. എം. സി. എ. കാത്തോലിക്കാ വിഭാഗക്കാർ നടത്തുന്ന ശ്രേയസ്സു തുടങ്ങിയവ സാംസ്കാരിക രംഗത്തു പ്രവർത്തിച്ചു വരുന്ന സംഘടനകളാണു.

ഇവിടുത്തെ ആചാരങ്ങളും, കലാകായിക രംഗങ്ങളും പരിശോധിച്ചു നോക്കിയാൽ ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം വിഭാഗങ്ങളുടെ സമ്മിശ്ര ആചാരങ്ങളും ആഘോഷങ്ങളുമാണു. പറയപ്പെട്ട ആഘോഷങ്ങളും ഈ പഞ്ചായത്തിൽ ഇല്ല എങ്കിലും ക്രിസ്ത്യൻ ദേവാലയങ്ങളിലെ പെരുന്നാളും ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും ധന്യമുഹൂർത്തങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. ആദിവാസികളുടെ കലാരൂപങ്ങളായ കോൽക്കളി, കൈകൊട്ടിക്കളി, കാളകെട്ടു, ചവിട്ടുകളി തുടങ്ങിയവയും ഒപ്പന, തിരുവാതിരക്കളി, മാർഗ്ഗംകളി എന്നീ കലാരൂപങ്ങളും ഇവിടെ നിലനില്ക്കുന്നു. ഇവിടുത്തെ മത്സരങ്ങളിൽ പ്രാധാന്യം അർഹിച്ചിരുന്ന ഒന്നു കാളപൂട്ടു മത്സരം ആയിരുന്നു. കേരളത്തിൻ്റെ വിവിധ മേഖലകളിൽ നിന്നു കുടിയേറി പാർത്ത ഈ പ്രദേശവാസികളും സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ ജാതിമത വർഗ്ഗ വർണ്ണ രാഷ്ട്രീയ ചിന്തകൾക്കതീതമായി വളർച്ചയുടെ പാതതേടുമ്പോൾ ഭരണകർത്താക്കളുടെയും സാമൂഹിക സംഘടനകളുടെയും കലവറയില്ലാത്ത സഹകരണം ഉറപ്പാകട്ടെ.

□

കൃഷിയും ജലസേചനവും

11

കേരളത്തിലെ കാർഷിക പ്രാധാന്യം അർഹിക്കുന്ന പഞ്ചായത്തുകളുടെ മുൻപന്തിയിൽ സ്ഥാനമർഹിക്കുന്ന ഒരു പഞ്ചായത്താണ് മുങ്കത്തറ. മുങ്കത്തറ വില്ലേജ് പൂർണ്ണമായും, കുമ്പലംകോട് വില്ലേജിന്റെ ഭൂരിഭാഗവും ചേർന്ന ഈ പഞ്ചായത്ത് വലുപ്പത്തിൽ കേരളത്തിലെ രണ്ടാമത്തെ പഞ്ചായത്താണ്. 15975 ഏക്കർ മൊത്തം ഭൂമിയിൽ 320 ഹെക്ടർ സ്ഥലം പാഠശേഖരങ്ങളാണ്. 1600 ഏക്കർ വനവും 200 ഏക്കർ പുറംപോക്ക് ഭൂമിയും ഒഴിച്ചാൽ ബാക്കിയുള്ള പ്രദേശങ്ങളിൽ ഇന്ന് എന്തെങ്കിലും ഒരു കൃഷി ചെയ്യുന്നുണ്ട്. കർഷകന് നഷ്ടങ്ങളുടെ കണക്കേ പറയാനുണ്ട്. എങ്കിലും കൃഷിയിൽനിന്നും വിട്ടുനിൽക്കാൻ കഴിയാത്ത ഇവിടത്തെ ബഹുഭൂരിപക്ഷം ജനങ്ങളും കാർഷികമേഖലയിൽ പുതിയ പുതിയ പരീക്ഷണങ്ങളും നടത്തിവരുന്നു. ഈ പഞ്ചായത്തിലെ 70% ആളുകളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഈ കാരണത്താൽ തന്നെയാണ് ഗവൺമെൻറ് കോടികളും മുടക്കി മുട്ടിക്കടവിലും മുണ്ടേരിയിലും ഓരോ കൃഷിതോട്ടങ്ങളും സ്ഥാപിച്ചിട്ടുള്ളത്.

ഈ പഞ്ചായത്തിലെ കാർഷികമേഖലയുടെ നേട്ടങ്ങളും, കോട്ടങ്ങളും, വളർച്ചയും, തളർച്ചയും ഒരു സൂക്ഷ്മ പഠനത്തിന് വിധേയമാക്കുമ്പോൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിലേക്ക് നാം തിരിച്ചുപോകേണ്ടിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ നിലമ്പൂർ കോവിലകം രാജാക്കന്മാരുടെ ഭൂസ്വത്തുക്കളുടെ ഒരു ഭാഗമായിരുന്ന ഇന്നത്തെ മുങ്കത്തറ പഞ്ചായത്ത്. ആ കാലത്ത് കോവിലകത്തിന്റെ നിയന്ത്രണത്തിലുള്ള ഇരുപത് കളങ്ങളും അവരെ ആശ്രയിച്ച് കഴിയുന്നവരും മാത്രമായിരുന്ന ഇവിടത്തെ ജനസംഖ്യ. സമുദ്രനിരപ്പിൽനിന്നും നാൽപ്പത് മീറ്റർ മുതൽ 2000 മീറ്റർ വരെ ഉയരമുള്ള ഈ പ്രദേശത്ത് 1915-1920 നാളുകളിൽ ഈ പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ നാലര ശതമാനം സ്ഥലത്ത് മാത്രമേ കൃഷി ഉണ്ടായിരുന്നുള്ളൂ. മേൽ വിവരിച്ച അന്നത്തെ കളങ്ങളും പാഠങ്ങളും മാത്രം കൃഷിചെയ്തുവന്നു. എണ്ണപ്പട്ട മുണ്ടോട്ടൻ, പടനവള്ള, ജീരകചെമ്പൻ, കൊച്ചുവിത്ത് എന്നീ ഇനം വിത്തുകളാണ് പ്രധാനമായും കൃഷിചെയ്തത് വന്നത്. ഈ കാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്ക് മാത്രമായിരുന്നു. പൂർണ്ണമായും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തിയിരുന്നത്. ധാരാളം വനഭൂമികളും ഉണ്ടായിരുന്നതിനാൽ കന്നുകാലികളെ വളർത്തലും ഒരു പ്രധാന തൊഴിലായിരുന്നു.

ചരിത്രപ്രസിദ്ധമായ മലബാർ ലഹളക്ക് ശേഷം മലബാറിന്റെ പലഭാഗങ്ങളിൽനിന്നും കൃഷിക്കായി ഈ പ്രദേശത്തേക്ക് ആളുകൾ കുടിയേറി പാർത്ത് തുടങ്ങി. കോവിലകം രാജാക്കന്മാരിൽനിന്നും പാട്ടത്തിന് ഭൂമി എടുത്തായിരുന്നു കൃഷി. ഈ കുടിയേറ്റം ഈ പ്രദേശത്ത് വർഷങ്ങളോളം തുടർന്നുകൊണ്ടിരുന്നു. ഇതിന്റെ ഫലമായി പാഠശേഖരങ്ങളിൽ ഒതുങ്ങിനിന്ന നെൽകൃഷി കരഭൂമിയിലേക്കും വ്യാപിച്ചു. വനഭൂമികൾ വെട്ടിത്തെളിച്ച് നെല്ല്, എള്ള്, പച്ചകറികളായ മത്തൻ, കുമ്പളം, ചേന ചേമ്പ് തുടങ്ങിയവയും കൃഷിചെയ്തുവന്നു. ഈ കാലത്ത് ഇവിടെ നിന്ന് ധാരാളം നെല്ലും എള്ളും മറ്റുള്ള സ്ഥലങ്ങളിലേക്ക് കയറ്റി പൊയ്ക്കൊണ്ടിരുന്നു.

സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം 1947-50 കാലഘട്ടങ്ങളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രത്യേകിച്ച് മദ്ധ്യതിരുവതാംകൂറിൽ നിന്ന് ധാരാളമായി കൃഷിക്കാർ ഈ ഭാഗത്ത് കുടിയേറി പാർക്കാൻ

തുടങ്ങി ഇവരിൽ കൂടുതലും ക്രിസ്ത്യാനികളും ആയിരുന്നു. ഒരു നല്ലശതമാനം ഹൈന്ദവരും ഇവരിൽ പെടും. ഈ കുടിയേറ്റക്കാർ ആദ്യം കുടിയേറിയവരിൽനിന്നു ഭൂമികളും വിലകൊടുത്തു വാങ്ങിയും കോവിലകത്തുനിന്നു പാട്ടത്തിനു വാങ്ങിയും വനഭൂമികളും വെട്ടിതെളിച്ചും വ്യാപകമായി കൃഷി ആരംഭിച്ചു. പുന്നപ്പുഴയും ചാലിയാറും ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗങ്ങളിൽ കൂടി വളഞ്ഞു പുളഞ്ഞു ഒഴുകുന്നതുകൊണ്ടു ഫലഭൂവിഷ്ടമായ പുഴയോരങ്ങളിൽ നെല്ല്, കപ്പ, വാഴ, എള്ള് എന്നീ കൃഷികളും പ്രധാനമായി കൃഷി ചെയ്തുവന്നു.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മേഖലകളെ സംയോജിപ്പിച്ചു കേരള സംസ്ഥാനത്തിനു രൂപം നല്കിയതോടുകൂടി തിരുവിതാംകൂർ മേഖലയിൽനിന്നും കുടിയേറ്റക്കാരുടെ ഒരു ഒഴുക്കുതന്നെയായിരുന്നു ഈ ഭാഗങ്ങളിൽ. ഈ കാലഘട്ടത്തിൽ ഇവിടെ ഒരു കാർഷിക വിപ്ലവംതന്നെ നടന്നു എന്നു പറയാം. അദ്ധ്വാനശീലരായ കൃഷിക്കാർ രാവും പകലും മലമ്പനിയോടും മലമ്പാമ്പിനോടും മല്ലടിച്ചുകൊണ്ടു ധാന്യ വിളവുകളുടെ കലവറയാക്കി ഈ പ്രദേശത്തെ മാറ്റി. ധാന്യങ്ങൾ കയറ്റി പോകുന്ന ലോറികളും നിരന്തരം ഇവിടെനിന്നു ഒഴുകികൊണ്ടിരുന്നു. ഇതൊരു സ്വപ്നം മാത്രമായി ഇന്നും കർഷകർ സ്മരിക്കുന്നു.

മനസ്സിൽ ഒരായിരം പ്രതീക്ഷകളുമായി ജനിച്ചുവളർന്ന പ്രദേശങ്ങളിൽ നിന്നും കുറ്റം ബാക്കിയുമായി കുടിയേറിപാർത്ത ഈ കർഷകർക്കു തുടർന്നുള്ള നാളുകൾ കൈയ്പുനീരിന്റെ അനുഭവമായിരുന്നു. കാലാവസ്ഥയുടെ തകിടം മറിച്ചിൽ, പുഴയുടെ ഗതിമാറിയുള്ള ഒഴുക്ക്, വരൾച്ചയുടെയും കാലവർഷക്കെടുതികളുടെയും നീരാളിപിടുത്തത്തിൽ അവർ ഞെരിഞ്ഞമർന്നു. കർഷക വൃത്തിയിൽ ദുരിതമനുഭവിച്ചുവരെ കരകയറ്റുവാനുള്ള ഗവൺമെന്റു പദ്ധതികളോ വായ്പാ സൗകര്യങ്ങളോ ഇല്ലാതിരുന്നതുകൊണ്ടു ഇവരെ ചൂഷണം ചെയ്യാൻ നാടൻ പലിശക്കാർ ഓടിയെത്തി മുട്ടുശാന്തിക്കായി ഇവരെ സമീപിച്ച കർഷകർ കടക്കെണികളിൽ കുടുങ്ങി കരകയറാത്ത അവസ്ഥയിലായി. സ്ഥിര വരുമാന മാർഗ്ഗങ്ങൾക്കുവേണ്ടി തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങിയ ഫലവൃക്ഷങ്ങളും നട്ടുവളർത്തുവാനുള്ള ഇവരുടെ സംരംഭം തെങ്ങു കൃഷിയിലും കവുങ്ങു കൃഷിയിലും പരാജയമായിരുന്നു. തേക്കിന്റെയും മുളയുടെയും ചൂടുകാറ്റ് ഈ കൃഷിയെ തളർത്തിയപ്പോൾ വെട്ടിപ്പിടിയും പാട്ട അവകാശവും മാത്രം ഇവിടത്തെ ഭൂമിയിൻ മേൽ ഉണ്ടായിരുന്ന കൃഷിക്കാരനു നാണ്യവിളകളിലേക്കു തിരിയാൻ അതും ഒരു പ്രതിസന്ധിയായി നിലനിന്നു. കാർഷിക മേഖലയിൽ സ്മരണീയമായിട്ടുള്ള മറ്റൊരു വസ്തുതയ്ക്കുവേണ്ടിയുള്ള ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ മുണ്ടേരിയിലും തുടർന്നു പാലുണ്ടയിലും രണ്ടു വലിയ റബ്ബർ പ്ലാന്റേഷനുകളും ഉണ്ടായിരുന്നു എന്നതാണു.

കർഷകരുടെ നിരന്തരമായ രോധനം ഭരണ സിരാകേന്ദ്രങ്ങളിൽ എത്തിയപ്പോൾ കർഷകരെ സഹായിക്കാൻ കൃഷിവകുപ്പു ചില സ്കീമുകളും ഇവിടെ നടപ്പിലാക്കി. അതിൽ ഒന്നായിരുന്നു പരുത്തികൃഷി. ഈ കൃഷിക്കു സബ്സിഡിയും ലോണും നൽകി വ്യാപകമാക്കി എങ്കിലും സംസ്കരണമേഖലയും മാർക്കറ്റിങ്ങു സൗകര്യവും ഇല്ലാതെ ആ സംരംഭവും പരാജയമടഞ്ഞു.

ഭൂപരിഷ്കരണ നിയമം നടപ്പിലായതോടുകൂടി അവസ്ഥ ഒന്നു മാറിമറിഞ്ഞു. കൃഷിഭൂമി കൃഷിക്കാരനു എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടപ്പോൾ ആവേശത്താൽ അവർ ആത്തുവിളിച്ചു. സകല ഊർജ്ജവും സംഭരിച്ചുകൊണ്ടു മണ്ണിനോടു മല്ലടിക്കുവാൻ തുടങ്ങി. സഹകരണ സംഘത്തിന്റെയും ലഭ്യമായിരുന്ന മറ്റു ബാങ്കു വായ്പകളും ഉപയോഗിച്ചു കൃഷിമേഖല സജീവമാക്കി. പഞ്ചായത്തുകളുടെ സഹകരണത്തോടെ പമ്പു സെറ്റുകളും സ്ഥാപിച്ചും, ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി കടന്നുപോകുന്ന ചാലിയാറിൽനിന്നും പുന്നപ്പുഴയിൽനിന്നും കൃഷിക്കു ജലസേചനം വർദ്ധിപ്പിച്ചു.

ഇന്നീ മേഖലയിൽ കാണുന്ന ഒരു പ്രതിഭാസം കർഷക ധാന്യവിളകളും ഉപേക്ഷിച്ചു നാണ്യ വിളകളിലേക്കു ശ്രദ്ധപതിപ്പിച്ചതുന്നതാണു. വിളവെടുപ്പു കാലങ്ങളിൽ ദിനരാത്രങ്ങളും ഒഴിവില്ലാതെ ലോഡുകണക്കിനു നെല്ല്, കപ്പ, നേന്ത്രക്കായ, എള്ള് എന്നിവ

മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപൊയ്ക്കൊണ്ടിരുന്നു ഇവിടെ ആ അവസ്ഥ നിലച്ചു കഴിഞ്ഞു. അറിയും, പച്ചക്കറിയും തൊട്ടടുത്ത സംസ്ഥാനമായ തമിഴ് നാട്ടിൽ നിന്നും എത്തിയില്ല എങ്കിൽ ഇവിടെ പട്ടിണിയാകും എന്ന നിലയിലാണ്. ഇതിനു കാരണം നെൽകൃഷിയും പച്ചക്കറി കൃഷിയും കൃഷിക്കാർ ഉപേക്ഷിച്ചതാണ്. ഉല്പാദനചെലവും വരുമാനവും തമ്മിൽ പൊരുത്തപ്പെടാത്ത അവസ്ഥയാണ് പ്രധാനകാരണം. കാർഷിക ഉപകരണങ്ങളും, വളങ്ങളും, കീടനാശികളും എന്നിവയുടെ നിയന്ത്രണമില്ലാത്ത വിലവർദ്ധനവ് കർഷകവൃത്തിയെ തളർത്തി. തൊഴിലാളികളുടെ അമിതമായ കൂലിവർദ്ധനവ് അവരുടെ സേവനരംഗത്തെ കുറവ് ഒരു വശത്തും ഉല്പന്ന സാധനങ്ങളും വിറ്റഴിക്കുമ്പോൾ കിട്ടുന്ന കുറഞ്ഞ വിലയും വിപണന സൗകര്യങ്ങളും ഇല്ലാത്ത അവസ്ഥ മുവശത്തും ആയപ്പോൾ കൃഷിക്കാരന് ധാന്യവിളകളിൽ നിന്ന് പിൻതിരിയേണ്ടി വന്നു. ഇരിപ്പു നിലങ്ങളിൽപോലും തെങ്ങും കമുകും നട്ടുവളർത്തുന്നത് സാധാരണയായി. കുറെ പ്രദേശങ്ങളും മിക്കവാറും റബ്ബർകൃഷി നടത്തിവരുന്നു

ഗവൺമെന്റ് പണത്തിന്റെ നിയന്ത്രണമില്ലാത്ത ഒഴുക്ക് ഗുണത്തേക്കാളും അധികം ദോഷം ഈ മേഖലകളിൽ വരുത്തിയിട്ടുണ്ട്, വയലേലകളും പോലും തുണ്ടുതുണ്ടുകളായി മുറിച്ച് മണിമാളികകളും നിർമ്മിക്കുന്ന അവസ്ഥ കൃഷിഭൂമിയെ ബാധിച്ചപ്പോൾ അമിതമായ കൂലി കൊടുത്ത് നിർമ്മാണ മേഖലയിലേക്ക് ഈ കൂട്ടർ തൊഴിലാളികളെ പ്രലോഭിപ്പിച്ച് കൊണ്ടുപോയതും കാർഷിക മേഖലക്ക് ഒരു തിരിച്ചടിയായി. നെൽകൃഷിയെപോലുള്ള ധാന്യവിളകളും കൃഷിചെയ്യാൻ നിവൃത്തിയില്ലാതെ നാണ്യവിളയിലേക്ക് തിരിഞ്ഞ ഒരു വിഭാഗം ചെറുകിട കർഷകർ ഇന്ന് ധർമ്മസങ്കടത്തിലാണ് അതിനു കാരണം റബ്ബറിനു കിട്ടുന്ന ആനുകൂല്യങ്ങളും തെങ്ങിനും കമുകിനും ലഭിക്കുന്നില്ല എന്നതാണ്. ഇവക്കൊന്നും ശരിയായ വില ലഭിക്കുന്നതിനുള്ള വിപണന സാദ്ധ്യതകളും ഇവിടെയില്ല. നാളികേരം, അടക്ക, നേന്ത്രക്കായ കപ്പ, റബ്ബർ തുടങ്ങിയ വിളകൾക്ക് ഈ പ്രദേശത്ത് സംസ്കരണ കേന്ദ്രങ്ങളില്ല. അപര്യാപ്തമായ ജലസേചന സൗകര്യങ്ങളും കാലാവസ്ഥയുടെ ഗതിമാറുമ്പോളും ഇവിടുത്തെ ധാന്യവിളകൾക്കും നാണ്യവിളകൾക്കും ഒരുപോലെ ബാധിക്കുന്നു. എല്ലാ പ്രതിസന്ധികളേയും അതിജീവിച്ച് ചുങ്കത്തറ പഞ്ചായത്തിൽ പൂക്കോട്ടുമണ്ണയിലുള്ള ആവിയിൽ ജോസഫ് 1994-ലെ കർഷകശ്രീ അവാർഡ് കരസ്ഥമാക്കി എന്നത് സ്മരണീയമാണ്.

ചുങ്കത്തറ ഗ്രാമ പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ രാസവള വിൽപന നടത്തുന്ന രണ്ട് സ്ഥാപനങ്ങളുണ്ട്. ഇതിൽ ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിൽ ഒരു രാസവള വില്പന ശാലയും, പോത്തുകല്ല് സഹകരണ ബാങ്കിന്റെ കീഴിൽ ഒരു സ്ഥാപനവുമാണുള്ളത്. കൂടാതെ 12 രാസവള വില്പന ശാലകളും, 3 കീടനാശിനി വിപണന കേന്ദ്രവും ഈ പഞ്ചായത്തിന്റെ പരിധിയിൽഉണ്ട് ഈ സ്ഥാപനങ്ങളും ചുങ്കത്തറഗ്രാമ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി സ്ഥിതി ചെയ്യുന്നു. കൊന്നമണ്ണ, പള്ളിക്കുത്ത് 2, പോത്തുകല്ല്, ഏരുമമുണ്ട 3, ചുങ്കത്തറ, പൂക്കോട്ടുമണ്ണ, വെള്ളിമുറ്റം, കൈപ്പിനി തുടങ്ങിയ സ്ഥലങ്ങളിലായി രാസവള വിൽപന കേന്ദ്രവും, ചുങ്കത്തറ 2, കൈപ്പിനി എന്നിവിടങ്ങളിലായി കീടനാശിനി വിപണന കേന്ദ്രവും പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിൽ 95-96 സാമ്പത്തിക വർഷത്തിൽ ഈ പഞ്ചായത്തിലെ കർഷകർ 85 ടൺ രാസവളം കൃഷിക്ക് ഉപയോഗിച്ചതായി കണക്കാക്കുന്നു. കൂടാതെ കീടനാശിനി ഇരുപത്തിലുള്ളവ 1500 കിലോയും, ഇരുപത്തിലുള്ള കീടനാശിനികളും 1200 ലിറ്ററും ഉപയോഗിച്ചതായി മനസ്സിലാക്കുന്നു.

ഇവിടുത്തെ കൃഷിക്കാരുടെ പ്രശ്നങ്ങളുടെ മറ്റൊരു കാരണം കൃഷിക്കാർക്ക് വേണ്ടിരൂപംകൊണ്ട ചുങ്കത്തറയിലെ കൃഷി ഭവന്റെ അനാസ്ഥയാണ്. കൃഷിക്ക് ഉപയുക്തമായ വളപ്രയോഗം നടത്തുന്നതിനു ആവശ്യമായി മണ്ണ് പരിശോധിക്കുന്നതിനു ഇവിടെ സംവിധാനമില്ല കൃഷിക്കാർക്ക് ആവശ്യമുള്ള വിത്തിനങ്ങളോ നിർദ്ദേശങ്ങളോ യഥാ സമയങ്ങളിൽ ഈ കൃഷിഭവനിൽ നിന്നും ലഭിക്കുന്നില്ല. കൃഷിക്കാവശ്യമുള്ള ഉഴവ് യന്ത്രങ്ങളോ സ്പ്രേയറുകളോ സബ്സിഡിയായും വായ്പയായും

ആവശ്യാനുസരണം ലഭിക്കുന്നില്ല. പ്രകൃതി ക്ഷോഭത്താലോ കാലാവസ്ഥയുടെ മാറ്റം മറിച്ചിലിലോ കൃഷികൾ നഷ്ടപ്പെടുന്നവർക്ക് അർഹമായ ആനുകൂല്യം യഥാസമയം ലഭിക്കുന്നില്ല. ഇതെല്ലാം കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ആണ് എങ്കിലും കാർഷിക മേഖല ഇന്നും സജീവമാണ്. ഇവിടത്തെ ഭൂവിനിയോഗം മുവടെ പട്ടികയിൽ ചേർക്കുന്നു. ഇവിടത്തെ ഭൂപ്രകൃതി പരിശോധിച്ചാൽഇങ്ങനെ കാണാവുന്നതാണ്.

1. ഉയർന്ന പ്രദേശം.
2. കുന്നനെയുള്ള ചരിവ്.
3. മിതമായ ചരിവുള്ള കുന്നിൻപ്രദേശം
4. പുഴയോരങ്ങൾ.
5. താഴ്ന്ന പ്രദേശങ്ങൾ.

ചുങ്കത്തറ ഗ്രാമ പഞ്ചായത്ത്
കാർഷികോപകരണങ്ങൾ

ഉഴവുപകരണങ്ങൾ		മരുന്നുതളി ഉപകരണങ്ങൾ		മെതിയന്ത്രം	തെങ്ങുകയറ്റ യന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്
ട്രാക്ടർ	ടില്ലർ	റേക്ക് സ്പ്രെയർ	നാപ്സ്റ്റക്ക് സ്പ്രെയർ			
13	2	65	120	1	10	400

കൈവശഭൂമി വിസ്തീർണ്ണം

നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
4672	1034	880

നടീൽ വസ്തു വിതരണം

ഇനം	എണ്ണം (93-94)	എണ്ണം (94-95)	എണ്ണം (95-96)
തെങ്ങ്	908	387	710
കശുമാവ്	6512		1480
കുരുമുളക്	2100 (Vinner)	650 (Vinner)	6500 (Vinner)
കവുങ്ങ്	407	160	250
പയർ	200 Kg.	256 Kg.	368 Kg.
നെല്ല്	1310 ,,	500 ,,	750 ,,
പച്ചക്കറി	55 ക്വിന്റൽ	58 ക്വിന്റൽ	20 ക്വിന്റൽ

ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

3.2 വിള വിസ്തീർണ്ണവും ഉത്പാദനവും (Ref. അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	350 ഹെക്ടർ	1050 ടൺ	3000 K.G.
നെല്ല് (രണ്ടാം വിള)	200 ഹെക്ടർ	500 ടൺ	2500 ,,
നെല്ല് (മൂന്നാം വിള)	20 ഹെക്ടർ	50 ടൺ	2500 ,,
പയർ	20 ഹെക്ടർ	16 ടൺ	800 ,,
എള്ള്	2 ,,	1 ടൺ	500 ,,
പച്ചക്കറികൃഷി	20 ,,	7.5 ടൺ	3750 Kg.
തെങ്ങ്	600 ,,	52.5 ലക്ഷം Nos.	8750 Nos.
വാഴ	1300 ,,	22750 ടൺ	8750 Nos.
മരച്ചീനി	150 ,,	5250 ടൺ	17.5 t/he
കുരുമുളക്	25 ,,	875 ടൺ	35 ,,
പ്ലാവ്	20 ,,	400000 Nos.	2000 Nos.
കശുമാവ്	150 ,,	480 ടൺ	3.2 ,,
മാവ്	100 ,,	100 ടൺ	1 ടൺ
റബ്ബർ	900 ,,	2250 ടൺ	2.5 ടൺ
കവുങ്ങ്	75 ,,	1125 ടൺ	15 t/he
ഇഞ്ചി	10 ,,	30 ടൺ	3 ,,
കൊക്കോ	5 ,,	25 ടൺ	5 ,,
ജാതി	2 ,,	8 ടൺ	4 ,,

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് കൃഷി വിസ്തീർണ്ണം	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്			
	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	ബഡ്റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
				1%		5%	6%
600	99035	5965	105000	4000	1240	6700	11940

ജലസേചനം

ജലസേചന സൗകര്യങ്ങൾ ഒരു പരിധി വരെ ഉണ്ടെങ്കിലും ഉള്ള സൗകര്യങ്ങൾ വളർന്നു വന്ന കാർഷിക മേഖലക്ക് അപര്യാപ്തമാണ്. 30ഓളം ചെറിയതോടുകളും രണ്ട് പുഴയും 15 കുളങ്ങളും ഈ പഞ്ചായത്തിലുണ്ട് കാർഷിക ജലസേചനത്തിനായി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 20ഓളം പമ്പ് സെറ്റുകൾ കൃഷിക്കാർക്ക് നൽകിയിരുന്നു. ഇന്ന് പലതും പ്രവർത്തന യോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഈ പഞ്ചായത്തിൽ മണലി, പൂവത്തിക്കടവ്, കാവാലംകോട്, കടുവാക്കുഴി, എന്നീ ലിഫ്റ്റ് ഇറിഗേഷൻ ഭാഗീകങ്ങളായി നടപ്പിലാക്കിയിട്ടുണ്ട്. കൂമാംതോട്, വിക്കംപാംതോട് കവളപാറ, പണ്ടിപുഴ എന്നിവിടങ്ങളിൽ ക്രോസ്ബാറുകളും നിർമ്മിച്ചിട്ടുണ്ട്. മണലിയിലും മാമ്പൊയിലും രണ്ട് കുളങ്ങളും ഉണ്ട് ഒരു കാലത്തും വറ്റാത്ത ചാലിയാറിൽ നിന്നും പുന്നപുഴയിൽ നിന്നും ആവശ്യമായ രീതയിൽ ജലസേചന പദ്ധതികൾ നടന്നിട്ടില്ല.

ഗ്രാമസഭയിൽ പ്രശ്നങ്ങളുടെ വിശദമായ ചർച്ചകൾ നടന്നു. പ്രരിഹരിക്കേണ്ട പ്രശ്നങ്ങൾ ചുവടെചേർക്കുന്നു.

1 നെൽകൃഷിനഷ്ടമാണ് കാരണം ജലസേചന സൗകര്യത്തിന്റെ കുറവ് കാർഷിക ചിലവുകളുടെ വർദ്ധനവ് തൊഴിലാളികളുടെ ലഭ്യതകുറവും അവരുടെവർദ്ധനവും.

2 നാണ്യവിളകൾക്ക് വേണ്ടത്ര വില ലഭിക്കുന്നില്ല. വിപണന മാദ്ധ്യമങ്ങളോ സംസ്കരണ കേന്ദ്രങ്ങളോ ഇല്ല.

3 നല്ലയിനം വിത്തിനങ്ങളും കൃഷിഉപകരണങ്ങളും കൃഷിഭവനിൽനിന്ന് ലഭിക്കുന്നില്ല.

4 കർഷക തൊഴിലാളികളുടെ വർദ്ധിച്ച കൂലിയും കുറഞ്ഞ സേവന നിലവാരവും പ്രശ്നമാണ്.

5 കൃഷി മുഖ്യ തൊഴിലാക്കിയവരുടെ എണ്ണം വളരെ കൂടുതൽ ആണെങ്കിലും ദേശീയ ബാങ്കിന്റെ ഒരു ശാഖ ഇവിടെയില്ലാത്തതിനാൽ വായ്പ സൗകര്യങ്ങൾ അപര്യാപ്തമാണ്.

6 ജൈവവളം കിട്ടുന്നതിന് പ്രയാസമാണ്

7 മണ്ണ് പരിശോധന സൗകര്യങ്ങൾ ഇല്ല.

8 കൃഷിഭവന്റെ അനാസ്ഥക്ക് പരിഹാരം കാണുക.

ജലസേചന സംവിധാനങ്ങൾ

പൊതുജലസേചന കിണർ	കഴൽ കിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട് (ഹെക്ടർ)
മണലി ലിഫ്റ്റ് ഇറിഗേഷൻ				68 ഹെക്ടർ
			1 കൂമാംതോട്	26 ,,
			2 വടക്കുപാടം തോട്	35 ,,
പൂവത്തിക്കടവ്				100 ഏക്കർ
കാവാലംകോട്				20 ഹെക്ടർ
			3 കവളപ്പാറ	115 ഏക്കർ
		1 മാമ്പൊയിൽ കുളം	4 പാണ്ടിപ്പുഴ	75 ഏക്കർ
		2 മണലി		32 ഏക്കർ
		3 മാമ്പൊയിൽ		10 ഏക്കർ
	4 എണ്ണം			

പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

പ്രവർത്തിയുടെ പേര്	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം	മറ്റു വിവരങ്ങൾ
മണലി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി	1983	6.35 ലക്ഷം	108	പണിപൂർത്തിയായി
മുപ്പിനി എൽ. ഐ. സ്കീം	1995	12.50 ലക്ഷം	102	സിവിൽ ,,
ഗ്രാമകടവ് എൽ.ഐ. സ്കീം	1996	18.00 ലക്ഷം	187	പണി പൂർത്തിയായി
പൂവത്തികടവ് എൽ ഐ സ്കീം	1991	12.65 ലക്ഷം	171	,, ,,
കടവാക്കഴി എൽ. ഐ. സ്കീം	1991	10.00 ലക്ഷം	309	സിവിൽ ,,
ചളിക്കൽപൊട്ടി എൽ.ഐ സ്കീം	1994	12.00 ലക്ഷം	115	,, ,,
കവളപ്പാറ ടൈബൽ കോളനിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്തൽ	1986	2.40 ലക്ഷം	10	
നല്ലന്തണ്ണി ടൈബൽ കോളനിയിൽ ജലസേചനസൗകര്യംഏർപ്പെടുത്തൽ	1986	0.396 ലക്ഷം	3	
കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി കൊന്നാംപൊട്ടി എൽ. ഐ. സ്കീം	1991	2.00	16.00	പണിപൂർത്തിയായി
do കവലങ്ങോട് എൽ.ഐ സ്കീം	1987	0.40		,, ,,

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണ്ണം (ഹെ.)	എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക	ലക്ഷ്യം
പോത്തുകല്ല് LI സ്കീം	200	38 ലക്ഷം	
കടവാക്കഴി LI സ്കീമിന്റെ വികസനം	309	30 ലക്ഷം	മുഴുവൻ ആയക്കെട്ടിലും ജലസേചനം എത്തിക്കാൻ
ഗ്രാമകടവ് LI സ്കീമിന്റെ കനാൽ നീട്ടുന്ന പ്രവൃത്തികൾ	187	[അന്വേഷണത്തിൽ]	
പൂവത്തികടവ് LI സ്കീമിന്റെ കനാൽ നീട്ടുന്ന പ്രവൃത്തികൾ	181	[എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.]	
5-ാം വാർഡിൽ പൊൻമറി	200	[അന്വേഷണത്തിൽ]	

നിർദ്ദേശങ്ങൾ

18

1 വറാത്ത ജലപ്രവാഹമുള്ള പുഴകളിലും തോടുകളിലും പമ്പ്സെറ്റുകളും സ്ഥാപിച്ചും കനാലുകളും തീർത്തും ചെക്ക് ഡാമുകളും കെട്ടിയും അപര്യാപ്തമായ ജലസേചനത്തിന് പരിഹാരം കണ്ടെത്തണം. തുടമുട്ടിപുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കിയാൽ 150 ഏക്കർ സ്ഥലത്ത് കൃഷി വർദ്ധിപ്പിക്കാം.

കട്ടപ്പാറ കയറ്റിറക്ക് ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം. 200 ഏക്കർസ്ഥലത്ത് കൃഷി വികസിപ്പിക്കാനിത് ഉതകും. കവളപ്പാറ ഭാഗത്ത് തോട്ടിലെ ബണ്ട് നന്നാക്കിയാൽ 75 ഏക്കർ സ്ഥലത്ത് കൃഷി വികസിപ്പിക്കാം. കാരാടൻ പുഴയിൽ ചേമ്പിൻ കല്ല് എന്ന സ്ഥലത്ത് ഒരു ബണ്ട് നിർമ്മിക്കണം. പനയംചാൽ തോടിനു ഒരു ബണ്ട് നിർമ്മിക്കണം. തുടിമുട്ടിയിൽ ഉള്ള രണ്ട് തോട്ടകളും രണ്ട് സൈഡും കെട്ടി മണ്ണൊലിപ്പ് തടയണം.

കല്ലാംതോടിലുള്ള ചീർപ്പ് ഉപയോഗശൂന്യമായി കിടക്കുന്നത് ഉപയോഗപ്രദമാക്കണം. പുളിക്കൽക്കാട്, ചെമ്പൻകൊല്ലി, കല്ലായിപാറ തുടങ്ങിയ സ്ഥലങ്ങളിൽ കുളങ്ങളും നിർമ്മിക്കണം. ഈഴവതോടിനു ഒരു ബണ്ട് നിർമ്മിക്കണം.

കൂവതോട്ടിൽ ഉപയോഗ ശൂന്യമായ ചീർപ്പ് ഉപയോഗപ്രദമാക്കണം. വെള്ളിമുറത്ത് ആവശ്യമായ കുളങ്ങളും തീർക്കണം. കൊട്ടൂപാറ, പാത്രക്കുണ്ട് എന്നിവിടങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കണം. മലാംകുണ്ട് വി. സി ബി. എത്രയും പെട്ടെന്ന് നടപ്പാക്കണം. വാളംകൊല്ലി തോടിനു വി. സി. ബി. യും നിർമ്മിക്കണം.

പൂക്കോട്ടമണ്ണക്കടവിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കിയാൽ കുമ്പലംകോട് ഭാഗത്ത് ജലക്ഷാമം പരിഹരിക്കപ്പെടും.

കൊടിയരിക്കുണ്ടിൽ ഒരു പമ്പുസെറ്റും കോവിലകംപാടത്ത് ഒരു കുളവും നിർമ്മിക്കണം.

ഗ്രാമൻകടവിൽ ലിഫ്റ്റ് ഇറിഗേഷൻ ഉടൻ ആരംഭിക്കുകയും പോത്തുകല്ലിലെ യൂറോപ്യൻ എക്കണോമിക്സ് പദ്ധതി വേഗത വർദ്ധിപ്പിക്കുകയും വേണം.

പൂവത്തിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ ചൂരക്കണ്ടിയിലേക്ക് നീട്ടണം, നല്ലംതണ്ണിയിൽ നിലവിലുള്ള കുളം നന്നാക്കുകയും പൂക്കോട്ടമണ്ണയിൽ പഞ്ചായത്ത് നൽകിയ പമ്പുകളുടെ പ്രവർത്തനം കനാലുകൾ നിർമ്മിച്ചുകൊണ്ട് സുഗമമാക്കണം. കുറത്തിമലയിൽ ഒരു വാട്ടർടാങ്ക് നിർമ്മിച്ച് ചാലിയാറിൽ നിന്ന് വെള്ളം പമ്പുചെയ്യുകൊണ്ട് ജലസേചനത്തിനു ആക്കം കൂട്ടണം.

മുപ്പിനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിച്ച് കൊണ്ട് കനാലുകൾ തലഞ്ഞി, പുലിമുണ്ട, മാമ്പൊയിൽ, കാട്ടിച്ചിറ പിള്ളപ്പാടം, പാലുണ്ട, കയ്യുണ്ട, കോട്ടേപ്പാടം വരക്കോട്, കള്ളപ്പൊരുമുണ്ട, ചക്കിമൂല, നെടുംമ്പുഴായി എന്നിവിടങ്ങളിലേക്ക് കനാലുകൾ നിർമ്മിച്ചുകൊണ്ട് ജലസേചന സൗകര്യങ്ങൾ വ്യാപകമാക്കണം.

പൂവത്തിക്കടവിൽ ഒരു പമ്പ് വെച്ച് വറ്റിച്ചാരുന്ന പാണ്ടിപ്പുഴയിൽ വെള്ളം എത്തിച്ചാൽ ആ പ്രദേശങ്ങളിലെ വരൾച്ചക്ക് ഒരു പരിഹാരമാകും.

കൈപ്പിനി ഇറിഗേഷനും ചക്കറ്റി ഇറിഗേഷനും ചാലിയാറിനെ കേന്ദ്രീകരിച്ച് നടത്തണം. കാട്ടിച്ചിറ നിലവിൽ ഉള്ള പഞ്ചായത്ത് കുളം നന്നാക്കണം.

ഇടമല, പൂച്ചക്കുത്ത് എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ ചാലിയാർ പുഴയിൽ കുന്നത്തും, പുന്നപ്പുഴയിൽ ചേപ്പൻപാടത്തും ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കണം. ചളിക്കുളത്തും കുന്നത്തും നിലവിലുള്ള കുളം നന്നാക്കണം.

മണലി ലിഫ്റ്റ് ഇറിഗേഷൻ ഉപകനാലുകളും അടിയന്തിരമായി നിർമ്മിക്കണം. മണലിയിൽ 40 ഓളം ഏക്കർ ഉയർന്ന സ്ഥലത്ത് വെള്ളം എത്തിക്കുന്ന മണലി ലിഫ്റ്റ് ഇറിഗേഷന്റെ അഡിഷ്നൽ സ്കീം ഉടൻ നടപ്പിലാക്കണം. മണലി കുരിശിങ്കലെ പഞ്ചായത്ത് കിണർ വിസ്തൃതപ്പെടുത്തി കളക്കുന്നതിൽ ജലക്ഷാമം പരിഹരിക്കണം.

കടുവാക്കുഴി ലിഫ്റ്റ് ഇറിഗേഷൻ വ്യാപിപ്പിക്കണം. ഞാറപ്പാടം, കാവാലംകോട്, വടക്കുംപാടം, മുപ്പാലിപൊട്ടി, ചെറുകാട്, ചീരക്കുഴിഭാഗത്തേക്ക് കനാലുകളും നിർമ്മിച്ച് ജലം എത്തിക്കണം കരിങ്കോറമണ്ണിലെ കമ്മ്യൂണിറ്റി ഇറിഗേഷൻ നടപ്പിൽ വരുത്തണം.

കാവാലംകോട് ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരിക്കണം. മുപ്പാലിപൊട്ടിയിൽ ഗ്രൂപ്പ് മോട്ടോർ പ്രവർത്തിപ്പിക്കുവാനുള്ള വിഷമങ്ങൾ പരിഹരിക്കണം. കാലിക്കടവിൽ ഒരു ചെക്ക്-ഡാം തീർക്കണം. വടക്കുംപാടത്ത് നിന്ന് മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാൻ ഒരു പദ്ധതി ഉണ്ടാക്കണം. ചളിക്കപൊട്ടിയിൽ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തിയാക്കണം. കൂട്ടപ്പാടിയിലും ചളിക്കപൊട്ടിയിലും ഉള്ള ഇറിഗേഷനിൽ ഓരോ മോട്ടോർ കൂടി അനുവദിക്കണം.

വെള്ളാംപാടം തോടിന്റെ കെട്ട് നന്നാക്കുകയും 10 H.P.യുടെ ഒരു മോട്ടോർ വെക്കുകയും വേണം.

കോവിലകം പാടത്ത് ലഭ്യതയുള്ള കുളങ്ങൾ പ്രവർത്തനയോഗ്യമാക്കണം. പൊൻമറി പൂക്കേട്ടുമണ്ണുക്കടവ് ലിഫ്റ്റ് ഇറിഗേഷൻ ഉടനെ ആരംഭിക്കണം. കുമ്പലങ്ങോട് കൊടിയിരി, വെള്ളിമുറ്റം, തെക്കുംപാടം എന്നിവിടങ്ങളിൽ വെള്ളം എത്തിക്കാൻ കുമ്പലങ്ങോട് ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് ആരംഭിക്കണം. മണലി ലിഫ്റ്റ് ഇറിഗേഷനിൽ നിന്നും കോട്ടേപ്പാടം ആശുപത്രി വഴി കടന്നുപോകുന്ന കനാൽ താഴ്ന്ന് പോകുന്നത് കൊണ്ട് പ്രദേശവാസികൾക്ക് നിലവിലുള്ള ജലം പോലും ഇല്ലാതാകുന്നു. മുപ്പിനി ലിഫ്റ്റ് ഇറിഗേഷനിൽ നിന്നും പാലുണ്ട, കയ്യുണ്ട, കോട്ടേപ്പാടം, വരക്കോട്, കള്ളപെരുമുണ്ട, ചക്കിമൂല, നെടുമ്പുഴയായി എന്നിവിടങ്ങളിലേക്ക് കനാൽ നിർമ്മിക്കണം.

മുകളിൽ വിവരിച്ച ജലസേചന പദ്ധതികളും നടപ്പിലായാൽ ചുങ്കത്തറ പഞ്ചായത്തിൽ ഒരു കാർഷിക വിപ്ലവം തന്നെ നടപ്പിലാകും എന്ന് കർഷകർ വിശ്വസിക്കുന്നു

ഈ പ്രദേശത്തെ പ്രധാന നാണ്യ വിളയുല്പന്നമായ റബ്ബർ, അടയ്ക്ക, നാളികേരം ഇഞ്ചി എന്നിവക്കും ധാന്യവിളയായ നെല്ലിനും മറ്റ് വിളകളായ നേന്ത്രക്കായ, കപ്പ എന്നിവക്കും വിപണന കേന്ദ്രവും ആരംഭിക്കണം. നാളികേരം, അടയ്ക്ക, റബ്ബർ എന്നിവക്ക് സംസ്കരണ കേന്ദ്രവും ആരംഭിക്കണം.

കാർഷിക മേഖലയിൽ കൂടുതൽ വായ്പ ലഭ്യമാകുന്നതിന് കാനറാബാങ്കിന്റെ ശാഖ ചുങ്കത്തറ സ്ഥപിക്കണം. അതുപോലെ ഗ്രാമീണ ബാങ്കിന്റെ ശാഖയും അടിയന്തിര ആവശ്യമാണ്.

കൃഷിഭവനിൽ നിന്നും കൃഷിഉപകരണങ്ങളും, വിത്ത് വർഗ്ഗങ്ങളും വിശിഷ്യാ വിദഗ്ദ ഉപദേശങ്ങളും ലഭ്യമാക്കണം. ഒരു ജൈവവള ഉല്പാദന കേന്ദ്രം ചുങ്കത്തറയിൽ ആരംഭിക്കണം. അതുപോലെ ജൈവ കീടനാശിനി കേന്ദ്രവും ആവശ്യമാണ്

കൃഷി ആവശ്യത്തിന് ലഭിക്കേണ്ട കറൻറ് കണക്ഷനുകൾ ശ്രുതഗതിയിൽ ലഭ്യമാക്കണം

വിളകൾക്ക് ഇൻഷുറൻസ് സമ്പ്രദായം ഏർപ്പെടുത്തണം.

ഈ പ്രദേശത്തിന്റെ വികസനത്തിന് ഉതകുന്ന അടിയന്തിര ആവശ്യങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

□

മാർക്കറ്റ്

നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട കാഷ്ടിക വിളകളാണ് നാളികേരം, റബ്ബർ, അടയ്ക്കാ, നേന്ത്രവാഴക്കുലകൾ, നെല്ല്, മരച്ചീനി കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ. എന്നാൽ പച്ചക്കറിയുടെ ഭൂരിഭാഗവും തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ് അതുകൊണ്ട് തന്നെ പച്ചക്കറി കൃഷിക്ക് കൂടുതൽ ആഭിമുഖ്യം നൽകി ജന ജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ ചന്തസംസ്കാരവും ഈ ചന്തയോട് ആശ്രിതത്വവും വിധേയത്വവും പുലർത്തുന്ന ഗ്രാമീണ ജനതയേയും വാർത്തെടുക്കുവാൻ നമ്മുക്ക് കഴിഞ്ഞാൽ സ്വാശ്രയത്തിന്റെയും സമ്പന്നതയുടേയും ഒന്നാമത്തെ ചവിട്ടുപടി കയറനാവും എന്ന അഭിപ്രായം ഗ്രാമസഭകളിൽനിന്നും ഉയർന്ന് വന്നിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുവിപണിയോ, സഹകരണ വിപണിയോ ഇല്ല. അതിനാൽ...

1 കാർഷികോല്പന്നങ്ങൾക്ക് പൊതുമാർക്കറ്റോ ആഴ്ചചന്തയോ ഈ പഞ്ചായത്തിൽ നിർബന്ധമായും വേണം.

2 കാർഷികോല്പന്നങ്ങൾ വാങ്ങുന്നതിനും വില്ക്കുന്നതിനും കർഷക സഹകരണ സംഘങ്ങൾ സജ്ജരാകണം.

3 നാളികേരം ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും സാദ്ധ്യതകളുണ്ട്. സഹകരണാടിസ്ഥാനത്തിൽ ഇത്തരം സംരംഭങ്ങൾ നടത്തുന്നതിന് സൗകര്യം ഉണ്ടാവണം,

4 മറ്റൊരു പ്രധാന കാർഷികോല്പന്നമായ റബ്ബറിൽനിന്നും റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും സംവിധാനങ്ങൾ ഉണ്ടാവണം.

5 1, 2, 4, 5 എന്നീ വാർഡുകളിലെ ജനങ്ങൾ ചുങ്കത്തറ ടൗണിൽനിന്നും 20ന് മുകളിൽ കി. മീ. ദൂരെയാണെങ്കിലും കാർഷിക - കാർഷികേതര ഉൽപന്നങ്ങൾ വില്ക്കുന്നതിനും വാങ്ങുന്നതിനും പഞ്ചായത്ത് ആസ്ഥാനമായ ചുങ്കത്തറയെയാണ് സാധാരണ ആശ്രയിക്കാറ്. അതിനാൽ പോത്തുകല്ല് ഭാഗത്ത് ഒരു ആഴ്ച ചന്ത ആരംഭിക്കണം.

6 പഞ്ചായത്തിൽ വളരെയധികം നേന്ത്ര വാഴകൃഷി ഉള്ളതുകൊണ്ട് ഇതിനെ ആശ്രയിച്ച് സഹകരണമേഖലയിലോ വ്യക്തികൾക്കോ നേന്ത്രക്കായ ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനവും വിപണനവും നടത്തുന്നതിന് കേന്ദ്രങ്ങൾ പോലും ഉണ്ടാക്കുവാൻ സാദ്ധ്യതയുണ്ട്.

7 മൽസ്യം-മാംസം എന്നിവ വിപണനം ചെയ്യുന്നതിന് ഇന്ന് പഞ്ചായത്ത് ആസ്ഥാനത്തുപോലും പ്രത്യേക സൗകര്യത്തോടുകൂടിയ സ്ഥലം ഇല്ല. ഇതുമൂലം പരിസര മലിനീകരണവും ഒട്ടനവധി പ്രശ്നങ്ങളും നിലവിൽ ഉണ്ട്. ഇതിനൊരു പരിഹാരമായി ചുങ്കത്തറ ടൗണിലെങ്കിലും ഒരു മൽസ്യമാംസ മാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്.

8 പഞ്ചായത്തിലെ ഗണ്യമായ ഒരു ഭാഗം നിബിഡവനമാണ്. വനത്തിൽനിന്നും ലഭിക്കുന്ന വിലപിടിപ്പുള്ള വന വിഭവങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്തിൽ ഒരിടത്തും ഒരു പ്രത്യേക സ്ഥലം ഇല്ല. മേൽ വിഭവങ്ങൾ ശേഖരിച്ചുകൊണ്ടുവരുന്ന ആദിവാസികളുടെ കൈയിൽനിന്നും ആയത് ശേഖരിക്കുവാൻ കൽക്കളം ഗിരിജൻ സൊസൈറ്റി ഉണ്ടെങ്കിലും, മതിയായ വില ലഭിക്കുന്നില്ല. പഞ്ചായത്ത് ആടിസ്ഥാനത്തിൽ മേൽ വിഭവങ്ങൾ ശേഖരിക്കുന്നതിന് ഒരു സൗകര്യം ഉണ്ടാകേണ്ടതാണ്.

കുടിവെള്ളം– പൊതുജനാരോഗ്യം

പുഴകളെക്കൊണ്ടും അരുവികളെക്കൊണ്ടും തോടുകളെക്കൊണ്ടും ധന്യമാണ് ഈ പഞ്ചായത്തെങ്കിലും ജനവാസമുള്ള സ്ഥലങ്ങളിൽ ഏറിയ ഭാഗവും കുന്നിൻ പ്രദേശങ്ങളും വരണ്ട ഭൂവിഭാഗങ്ങളുമാണ്. അതുകൊണ്ടുതന്നെ കുടിവെള്ളക്ഷാമം ഇവിടെ രൂക്ഷവുമാണ്. ഇതിന്റെ പരിഹാരത്തിനായി പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കിണറുകൾ കുഴിച്ചിട്ടുണ്ടെങ്കിലും വേനൽക്കാലങ്ങളിൽ ഇവ വറ്റിവരണ്ടുപോകുന്നു. ദുർബലമായ കാലവർഷമാണെങ്കിൽ ഇവ നേരത്തെ വറ്റിപ്പോകുന്നു. പിന്നെ ഇതിനു പരിഹാരമായി ഇപ്പോഴുള്ളത് വാട്ടർ അതോറിറ്റിയുടെ ജലവിതരണമാണ്. നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മ കാരണം ഇവിടത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇതിനാവുന്നില്ല. ഈ സാഹചര്യത്തിൽ ഇവിടത്തെ വലിയൊരുഭാഗം ജനങ്ങളും കുടിവെള്ളത്തിനായി വളരെ ദൂരം സഞ്ചരിച്ച് അലയേണ്ട ഗതികേടിൽ എത്തിച്ചേർന്നിരിക്കുന്നു. ഇതിന് ഒരു ശാശ്വത പരിഹാരം കാണേണ്ടതുണ്ട്. അത്യാവശ്യമാണ്. ഇതിലേക്കായി ചില പദ്ധതികളും മുന്നോട്ടുവെക്കുന്നു.

മലാൻകുണ്ട് ആഡ്യൻപാറ പദ്ധതി

ഒരിക്കലും വറ്റാത്ത കുതിച്ചുചാടിക്കൊണ്ടിരിക്കുന്ന രണ്ട് ജലപ്രവാഹങ്ങളാണ് ഈ പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളായ മലാൻകുണ്ടിലും ആഡ്യൻപാറയിലുമുണ്ട്. ഈ ജലത്തെ അവിടങ്ങളിൽ ഓരോ ടാങ്ക് നിർമ്മിച്ച് അതിൽ കടത്തിവിട്ടുകൊണ്ട് ശുദ്ധീകരിച്ച്, ആ ടാങ്കിൽനിന്ന് പൈപ്പ് വഴി ജലവിതരണം നടത്തുകയാണെങ്കിൽ വളരെയധികം ഭാഗത്ത് ജലമെത്തിക്കാൻ കഴിയും. വളരെ ചെലവു ചുരുങ്ങിയ ഒരു പദ്ധതിയാണ് ഇത്. കാരണം ഇതിന് വൈദ്യുതിയോ മറ്റു യന്ത്രങ്ങളോ ആവശ്യമില്ല. ടാങ്ക് നിർമ്മിച്ച് അവിടെനിന്ന് പൈപ്പ് പിടിപ്പിക്കേണ്ട പണിമാത്രമേ വരുന്നുള്ളൂ. ഇതുപ്രകാരം ഇവിടങ്ങളിൽ നിന്ന് ജലവിതരണം ചെയ്യുകയാണെങ്കിൽ ഈ പഞ്ചായത്തിന്റെ 2, 3, 4, 8, 14 എന്നീ വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും. കൂടാതെ പാതാർ വാളംകൊല്ലിയിലുള്ള രണ്ടുറവകളും ടാങ്കുകെട്ടി പൈപ്പ് വഴി ഉപയോഗിക്കാൻ കഴിയുന്നതാണ്.

മണലി പദ്ധതി

ഈ പഞ്ചായത്തിന്റെ കിഴക്കൻ വാർഡുകളിൽകൂടി ഒഴുകിപോകുന്ന പുന്നപ്പുഴയിൽ കൂട്ടപ്പാടിയിൽ ഒരു കിണർ കുഴിച്ച് അവിടെനിന്നും പമ്പ് ചെയ്തു വെള്ളം 'മണലി കളക്കുന്നിൽ', ഉയരത്തിൽ ഒരു വലിയ ടാങ്ക് നിർമ്മിച്ച് അതിൽ സംഭരിച്ച് അവിടെനിന്ന് പൈപ്പുകളിൽകൂടി ജലവിതരണം നടത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ 11, 12, 13, 15 വാർഡുകളിലെ കുടിവെള്ള ക്ഷാമം തീർത്തും പരിഹരിക്കാവുന്നതാണ്.

ചാലിയാർ പദ്ധതി

ചാലിയാർ പുഴയിൽ ഒരു കിണർ കുഴിച്ച് അവിടെനിന്നും വെള്ളം പമ്പ് ചെയ്ത് 'കുറത്തിമലയിൽ ഒരു ടാങ്ക് ഉണ്ടാക്കി അതിൽ സംഭരിച്ച് അവിടെനിന്നും വിതരണം ചെയ്യുകയാണെങ്കിൽ 5, 6, 7, 9, 10 എന്നീ വാർഡുകളിലെ കുടിവെള്ള പ്രശ്നവും പരിഹരിക്കാവുന്നതാണ്. ഈ പദ്ധതികളും പ്രാവർത്തികമാക്കുകയാണെങ്കിൽ ചുങ്കത്തറ പഞ്ചായത്തിനെ കുടിവെള്ള ക്ഷാമമെന്ന വിപത്തിൽ നിന്ന് പൂർണ്ണമായും രക്ഷപ്പെടുത്താൻ കഴിയുന്നതാണ്. ഇതോടൊപ്പം തന്നെ വീടുകളിലേക്ക് വാട്ടർ കണക്ഷൻ കൊടുക്കാനും കഴിയും.

പൊതുജനാരോഗ്യം

നമ്മുടെ ജനങ്ങൾക്ക് ആരോഗ്യ സംരക്ഷണത്തിനായി ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണമെന്ന് പറയുമ്പോൾ അതുപോലെ തന്നെ പ്രാധാന്യം കൊടുക്കേണ്ട ഒന്നാണ് പരിസര ശുചീകരണവും.

ആരോഗ്യസേവനത്തിന്റെകാര്യത്തിൽ ഈപഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല. ഇപ്പോൾ ഇവിടെ ചികിത്സാ

സൗകര്യത്തിന് ആശ്രയിക്കുന്നത് കോട്ടേപ്പാടത്തും പോത്തുകല്ലിലും കുമ്പലങ്ങോടും ഉള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും ചുങ്കത്തറയുള്ള ഒരു സഹകാര്യ ആശുപത്രിയുമാണ്. ഇവയെ കൂടാതെ ഭൂദാനം, മുണ്ടേരി, ഉപ്പട, പൂക്കോട്ടുമണ്ണ, വെള്ളിമുറ്റം, കൊന്നമണ്ണ, പള്ളിക്കുത്ത്, എരുമമുണ്ട എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന P H സബ് സെൻറുകളുമാണ്. ഈ സബ് സെൻറുകളും എല്ലാംതന്നെ ഓരോ ജൂണിയർ PHN മാത്രമായി പ്രവർത്തിക്കുന്ന സെൻറുകളും ആണ്.

22

ഇവ കൂടാതെ മുണ്ടേരിയിൽ ഒരു ഗവ: ആയുർവ്വേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്.

ചുങ്കത്തറ കോട്ടേപ്പാടത്ത് പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻറെ പ്രവർത്തനം പല കാരണങ്ങളാൽ അതുമെച്ചത്തിലല്ല. ഈ പഞ്ചായത്തിൻറെ പല ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിന് രോഗികളും ദിവസവും, അവിടെ ചികിത്സ തേടി എത്തുന്നുണ്ട്. പക്ഷേ ഇവരെ പരിശോധിച്ച് വിദഗ്ധ ചികിത്സ നൽകുവാൻ വേണ്ടത്ര ഡോക്ടർമാരോ മറ്റു സൗകര്യങ്ങളോ ഇവിടെയില്ല. 10 കിടക്കകളുള്ള പ്രസവവാർഡും 6 കിടക്കകളുള്ള ഒബ്സർവേഷൻ വാർഡും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഒ പി വിഭാഗത്തിനുള്ള ചികിത്സ നടത്താനുള്ള സ്റ്റാഫിനെ മാത്രമേ സർക്കാർ അനുവദിച്ചിട്ടുള്ളൂ. അതിനാൽതന്നെ ഈ വാർഡുകളുടെ പൂർണ്ണ രൂപത്തിലുള്ള പ്രയോജനം പാവപ്പെട്ട രോഗികൾക്ക് ഇപ്പോൾ ലഭ്യമാകുന്നില്ല.

അതിനാൽതന്നെ പലവിധ രോഗങ്ങൾക്ക് അടിമപ്പെട്ട് ബുദ്ധിമുട്ടുന്ന രോഗികൾ വിദഗ്ദ ചികിത്സക്കായി വളരെ ദൂരെയുള്ള ആശുപത്രികളെ ആശ്രയിക്കേണ്ട ഗതികേടിലാണ്. ഇവിടത്തെ 10 കിടക്കകളുള്ള പ്രസവ വാർഡിൻറെ ഉപയോഗം സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഒരു ഗൈനക്കോളജിസ്റ്റിനെ ഈ ആശുപത്രിയിലേക്ക് ഉടനടി നിയമിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ദിവസേന ധാരാളം കുട്ടികൾ ചികിത്സക്കായി എത്തുന്ന ഇവിടെ ഒരു കുട്ടിയുടെ സ്പെഷ്യലിസ്റ്റിൻറെ അഭാവവും എടുത്തുപറയേണ്ടിയിരിക്കുന്നു. കൂടാതെ ജനറൽ മെഡിസിൻ, സർജറി തുടങ്ങിയ വിഭാഗത്തിലുള്ള സ്പെഷ്യലിസ്റ്റുകളുടെ സേവനവും ലഭ്യമാക്കേണ്ടതാണ്. വാർഡുകളുടെ സുഗമമായ പ്രവർത്തനത്തിന് ഡോക്ടർമാരോടൊപ്പം തന്നെ ആവശ്യത്തിനുള്ള പാരാമെഡിക്കൽ സ്റ്റാഫിൻറെയും അഭാവവും അനുഭവപ്പെടുന്നു. ഇവരെ നിയമിക്കുന്നതിനുള്ള നടപടിയും എത്രയുംവേഗം എടുക്കണം. കിഴക്കനേറനാട്ടിൽ ചികിൽസാസൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഈ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ചുരുങ്ങിയത് 100 കിടക്കകളെങ്കിലും ഉള്ള ആധുനിക ചികിൽസാസൗകര്യങ്ങളുള്ള ഒരു ജനറൽ ആശുപത്രിയാക്കി ഉയർത്തേണ്ടതും ഈ പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ ഒരു അത്യാവശ്യമാണ്.

പോത്തുകല്ലിൽ പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രം 1982-ൽ സ്ഥാപിതമായതാണ്. അന്നുമുതൽ ഈ ആശുപത്രി മൂന്ന് പീടികമുറികളും മാത്രമുള്ള ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഏകദേശം 200 രോഗികൾ നിത്യവും ചികിൽസക്കെത്തുന്ന ഈ ആശുപത്രിയിൽ സ്ഥലപരിമിതി വർണ്ണനാതീതമാണ്. 20 ലക്ഷം രൂപ ചിലവിൽ ഇതിന് കെട്ടിടം നിർമ്മിക്കാൻ അനുമതി കിട്ടി പ്രവർത്തി തുടങ്ങി എന്നാൽ ഇപ്പോൾ നിർമ്മാണ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. ഇതിൻറെ നിർമ്മാണ പ്രവർത്തി ത്വരിതപ്പെടുത്തുകയും ഈ ആശുപത്രിയെ 50 കിടക്കകളുള്ള ഒന്നായി ഉയർത്തുകയും വേണം, പാരാമെഡിക്കൽ ജീവനക്കാരുടെ കുറവ് ഈ ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. അതിനാൽ ഒഴിവുകൾ നികത്തുവാൻ വേണ്ട നടപടി ഉടനെ ആരംഭിക്കണം.

കുമ്പലങ്ങോട് പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൻറെ പ്രവർത്തനം ഡോക്ടർമാരുടെയും മറ്റു പാരാമെഡിക്കൽ ജീവനക്കാരുടെയും അഭാവത്തിൽ നഷ്ട നിലയിൽ നടക്കുന്നില്ല. രണ്ടുഭാഗം പുഴയും ഒരു ഭാഗം നിബിഡവനവുമുള്ള ഈ പ്രദേശത്തെ ഏക ആരോഗ്യകേന്ദ്രമാണ് ഇത്. സ്വന്തമായി സ്ഥലവും നല്ല കെട്ടിടവുമുള്ള ഈ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ഥിരമായി ഡോക്ടറെയും മറ്റു ജീവനക്കാരെയും നിയമിച്ച് ഈ ആശുപ

ത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഇതിനെ 50 കിടക്കകളുള്ള ഒരു ആശുപത്രിയായി ഉയർത്തുകയും വേണം.

ആശുപത്രിയുടെ പ്രവർത്തനത്തിന് ജീവനക്കാരോടൊപ്പം തന്നെ മരുന്നിന്റെ ലഭ്യതയും അത്യാവശ്യമാണ്. ഈ പഞ്ചായത്തിലെ മേൽപറഞ്ഞിരിക്കുന്ന എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മരുന്നിന്റെ ലഭ്യത എല്ലായ്പ്പോഴും ഉറപ്പുവരുത്തേണ്ടതാണ്.

പുന്നപ്പുഴയുടെ അക്കരെ വസിക്കുന്ന ജനങ്ങളുടെ സൗകര്യത്തിനായി കൊന്നാംപൊട്ടിയിൽ പ്രവർത്തിക്കുന്ന സബ്സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം. കേടുപാടു സംഭവിച്ചിരിക്കുന്ന കെട്ടിടം പുതുക്കിപണിതു കൊണ്ട് അതിനെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ഡോക്ടറേയും മറ്റു സ്റ്റാഫിനെയും മരുന്നുകളും മറ്റു സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതുമാണ്. മറ്റൊരു സബ്സെന്റർ ഭൂദാനത്താണ്. വളരെയധികം പട്ടികവർഗ്ഗക്കാരും മറ്റു സാധാരണ ജനങ്ങളും തിങ്ങിപ്പാർക്കുന്ന ഈ ഭാഗത്തെ ജനങ്ങളെ സംബന്ധിച്ച് ചികിത്സ ലഭിക്കുന്നതിന് ചാലിയാർ പുഴകടന്ന് കിലോമീറ്ററുകളം പോകേണ്ട ഗതികേടിലാണ്. ഇത് പരിഹരിക്കപ്പെടേണ്ടതാണ്. നിലവിലുള്ള സബ്സെന്ററിനെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തിയാൽ ഇതിനൊരുശാശ്വതപരിഹാരമാകും.

നിലവിലുള്ള സബ്സെന്ററുകളിൽ മുണ്ടേരി, ഉപ്പട, കൊന്നമണ്ണ, പള്ളിക്കുത്ത് എന്നിവയുടെ അറ്റകുറ്റപണികളം ചെയ്തിട്ട് വർഷങ്ങളോളമായി. ചോർന്നൊലിക്കുന്ന ഇവയിൽ ജോലിക്കാർക്ക് സൗകര്യമായി താമസിക്കാൻ കഴിയുന്നില്ല. ഇവയുടെ കേടുപാടുകളം അടിയന്തിരമായി തീർക്കുകയും എല്ലാ സബ്സെന്ററുകളിലും വെള്ളവും വെളിച്ചവും (വൈദ്യുതി) എത്തിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

നാലാം വാർഡിൽ 30 സെന്റ് സ്ഥലവും സ്വന്തമായി കെട്ടിടവുമുള്ള ശിശുവിഹാറിന്റെ ഭാഗമായി ഒരു ഗവ: ഹോമിയോ ആശുപത്രി സ്ഥാപിക്കുകയാണെങ്കിൽ ചാലിയാർ പുഴയുടെ അക്കരെയുള്ള 2, 4, 12 തുടങ്ങിയ വാർഡുകളിലെ ജനങ്ങൾക്ക് അതൊരു വലിയ ആശ്വാസമായിരിക്കും.

ജനങ്ങളുടെ ആരോഗ്യപരിപാലനത്തിന് അലോപ്പതിയേപ്പോലെതന്നെ പ്രാമുഖ്യമുള്ളതാണ് ആയുർവേദവും.

ആയുർവേദ ചികിത്സയിൻ ഇപ്പോൾ ജനങ്ങൾക്ക് വളരെയധികം താൽപര്യം ജനിച്ചിട്ടുണ്ട് പ്രത്യേകിച്ച് വാതസംബന്ധമായ രോഗങ്ങൾക്ക് ആയുർവേദത്തിലെ ഫലപ്രദമായ ചികിത്സയുള്ള എന്നതും ശ്രദ്ധേയമാണ്. ഇപ്പോൾ ചുങ്കത്തറ പഞ്ചായത്തിൽ മുണ്ടേരിയിൽ വളരെ പരിമിതമായ സൗകര്യത്തോടെ ഒരു ആയുർവ്വേദ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ വടക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന ഈ ആശുപത്രി അവിടെയുള്ള ജനങ്ങൾക്കു മാത്രം ഉപയുക്തമാണ്. ഈ സാഹചര്യത്തിൽ ചുങ്കത്തറ ടൗണിന്റെ പരിസരത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ കിടത്തി ചികിത്സ നടത്താൻ കഴിയുന്ന തരത്തിലുള്ള ഒരു ആയുർവ്വേദ ആശുപത്രി നിർമ്മിക്കുകയാണെങ്കിൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആയുർവ്വേദ ചികിത്സയുടെ ഗുണം പൂർണ്ണമായും ലഭ്യമാക്കാൻ കഴിയുന്നതാണ്.

ആരോഗ്യപരിപാലനകാര്യത്തിൽ കുട്ടികം, ഗർഭിണികം, വൃദ്ധജനങ്ങം എന്നിവർക്ക് പ്രത്യേക ആരോഗ്യസേവനങ്ങം ലഭ്യമാക്കണം. നിശ്ചിത ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുകയും ഓരോ കുട്ടിക്കും പ്രത്യേകം ഹെൽത്ത് കാർഡുകം സൂക്ഷിക്കുകയും ആവശ്യമുള്ളവർക്ക് തുടർ ചികിത്സാ സൗകര്യങ്ങം ഏർപ്പെടുത്തുകയുംചെയ്തുകൊണ്ട് സ്കൂം ആരോഗ്യപരിപാടി ഫലപ്രദമായി നടത്താൻ ശ്രമിക്കണം. വൃദ്ധജനങ്ങളുടെ സേവനത്തിനായി പ്രത്യേക സേവനസംവിധാനം തന്നെ പരിഗണിക്കാവുന്നതാണ്. കണ്ണ് ചികിത്സക്കായി പ്രത്യേകം ക്ലാസുകം സംഘടിപ്പിക്കുക, ഗർഭിണികംക്കും മുലയൂട്ടുന്ന അമ്മമാർക്കുംവേണ്ടി നിലവിലുള്ള ആരോഗ്യ പരിപാടികം ശക്തിപ്പെടുത്തുകയും വേണം.

ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സോഷ്യൽ സേഫ്റ്റി നെറ്റ് സ്കീം, ഹൗസിംഗ് ഫോർ ദ് നാഷണൽ ടി സി കൺട്രോം

പ്രോഗ്രാം (R N T C P), ദേശീയ അന്ധതാ നിവാരണ പദ്ധതി, പൾസ് പോളിയോ, ഇമ്മ്യൂണൈസേഷൻ, കുടുംബാസൂത്രണ മാർഗ്ഗങ്ങൾ, സാർവ്വത്രിക രോഗപ്രതിരോധം, തുടങ്ങിയ പദ്ധതികളും ജനകീയ പങ്കാളിത്തത്തോടെ സമയബന്ധിതമായി നടത്താൻ മുന്നോട്ടു വരേണ്ടതാണ് ആരോഗ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്തിന്റെ വിവിധ രോഗങ്ങളിൽ ഇടക്കിടെ മെഡിക്കൽ ക്യാമ്പ് നടത്തുകയും 18 വയസ്സിനു മുകളിലുള്ള മുഴുവൻ ആളുകളുടെയും രക്തഗ്രൂപ്പ് നിർണ്ണയം നടത്തി ഒരു രക്തദാന സേന രൂപീകരിക്കുകയും വേണം.

ഇനി ശുചീകരണത്തിന്റെ കാര്യത്തിലേക്ക് കടക്കാം. പരിസര ശുചീകരണം ജനങ്ങളുടെ ആരോഗ്യ കാര്യത്തിൽ മർമ്മ പ്രധാനമായിട്ടുള്ളതാണ്. ഇക്കാര്യത്തിൽ വാർഡ് അടിസ്ഥാനത്തിൽ കുടുംബ യോഗങ്ങൾ വിളിച്ചുചേർത്ത് ബോധവത്ക്കരണം നടത്തേണ്ടതാണ്.

ശുചീകരണ കാര്യത്തിൽ ഈ പഞ്ചായത്തിൽ വളരെ പോരായ്മകളുണ്ട് ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് കക്കൂസ് പ്രശ്നം സുരക്ഷിതമായ വൃത്തിയുള്ള കക്കൂസ് ഇല്ലാത്ത ധാരാളം വീടുകൾ ഈ പഞ്ചായത്തിലുണ്ട് സാമ്പത്തിക പരാധീനതകാരണം നല്ല കക്കൂസ് നിർമ്മിക്കാൻ ഇക്കൂട്ടർക്ക് കഴിയുന്നില്ല സുരക്ഷിതമല്ലാത്ത കക്കൂസ് കഴികളിൽ നിന്നും ദുർഗന്ധം വമിച്ച് മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുക മാത്രമല്ല ഇതിൽനിന്നും രോഗാണുക്കൾ പരന്ന് മാരകമായ പകർച്ചവ്യാധികൾക്കും ഇടവരുന്നു. ആയതുകൊണ്ട് കക്കൂസ് ഇല്ലാത്ത ആളുകൾക്ക് കക്കൂസ് ഉണ്ടാക്കികൊടുക്കുവാനുള്ള ഒരു പരിപാടി ഉടനെ ഉണ്ടാവേണ്ടതാണ്.

പരിസര മലിനീകരണ കാര്യത്തിൽ മറ്റൊന്നുള്ളത് ചുങ്കത്തറ ബസ് സ്റ്റാൻറിനോടു ചേർന്ന് നടത്തുന്ന മാംസക്കച്ചവടമാണ്. ഇവിടെനിന്നുള്ള ദുർഗന്ധം കാരണം മൂക്കു പൊത്തിപ്പിടിച്ചുവേണം ഇതുവഴി യാത്രക്കാർക്ക് കടന്നുപോകാൻ. ഇവിടെനിന്നും മാംസാവശിഷ്ടങ്ങൾ കാക്കകൾ കൊത്തിയെടുത്ത് തൊട്ടടുത്ത് താമസിക്കുന്നവരുടെ കിണറുകളിൽ ഇടുന്നതുകാരണം അവർക്ക് ശുദ്ധജലം കുടിക്കാൻ തന്നെ പ്രയാസമനുഭവപ്പെടുന്നു. അതുതന്നെയല്ല മാംസം മുറിക്കുന്ന തട്ടുകളും രക്തം തളംകെട്ടി കിടക്കുന്ന ഭാഗങ്ങളെല്ലാം കഴുകി റോഡരുകിലെ ചാലിലേക്ക് വിടുന്നു അവിടെ കെട്ടിനിന്ന് അഴുകി രോഗാണുക്കൾ പരന്ന് ജനങ്ങൾക്ക് പല അസുഖങ്ങൾ പിടിപെടാൻ കാരണമാകുകയും ചെയ്യുന്നു ആയതുകൊണ്ട് ഈ പഞ്ചായത്തിൽ ഒരു ശാസ്ത്രീയ അറവുശാലയും മാംസക്കച്ചവടത്തിന് പ്രത്യേക മാർക്കറ്റ് സംവിധാനവും ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പൊതുജനാരോഗ്യകാര്യത്തിൽ മറ്റൊന്നു പറയാം. ഇന്ന് ആളുകളെ ഭയചകിതരാക്കുന്ന ഒരു മഹാവിപത്താണ് പേപ്പട്ടിവിഷബാധയുടെ രോഗം പരത്തുന്നത് നമ്മുടെ നാട്ടിൽ പട്ടികളാണ്. പട്ടികളെ കൊല്ലാൻ പഞ്ചായത്തിൽനിന്ന് ആളുകളെ നിയോഗിക്കാറുണ്ട്. പട്ടികളെ കൊല്ലാൻ ആളുകൾ രംഗത്തെത്തിയാൽ അതുവരെ അലയാൻ വിട്ടിരുന്ന പട്ടികളെയെല്ലാം വീട്ടുകാർ പിടിച്ചുകെട്ടും. കൊല്ലാൻ വന്നവർ പോയാൽ വീണ്ടും ഇവയെ അഴിച്ചുവിടുകയും ജനങ്ങൾക്ക് ദ്രോഹം ചെയ്യുകയും ചെയ്യും ഇതിന് ഒരു മാറ്റം വരുത്തുന്നതിനായി പട്ടികളെ വളർത്തുന്നവർ കുത്തിവെപ്പുകൾ നടത്തി ലൈസൻസ് എടുത്ത പട്ടികളെ മാത്രമേ വീട്ടിൽ വളർത്താൻ അനുവദിക്കാവൂ. ഇത് പാലിക്കാത്തവർക്കെതിരെ കർശന നടപടികൾ എടുത്തുകൊണ്ട് ഈ പഞ്ചായത്തിനെ ഒരു പേവിമുക്ത പഞ്ചായത്താക്കാൻ വേണ്ട പരിപാടി ആസൂത്രണം ചെയ്യേണ്ടതാണ്.

പൊതുജനാരോഗ്യ കാര്യത്തിൽതന്നെ മർമ്മ പ്രധാനമായൊരു കാര്യത്തിലേക്ക് വിരൽ ചൂണ്ടുകയാണ് ഈ പഞ്ചായത്തിൽ കോളനികളിലായിട്ടും അല്ലാതെയും ധാരാളം ആളുകൾ തിങ്ങിപാർക്കുന്നുണ്ട്. ഇവരുടെ കുടിയിരുപ്പുകൾ മൂന്നു സെൻറും നാലുസെൻറും സ്ഥലങ്ങളാണ് ഈ അവസ്ഥയിൽ ഈ കുടുംബത്തിൽ ഒരാൾ മരണപ്പെട്ടാൽ മറവു ചെയ്യുക എന്ന കാര്യം വളരെ സങ്കീർണ്ണതയുള്ളതാണ്. ഇവർ പാർക്കുന്ന ഈ സ്ഥലത്തുതന്നെവേണം ബന്ധുക്കളെ മറവു ചെയ്യാനും. മാത്രമല്ല ഈ പ്രദേശത്ത് ഒരു അനാഥൻ മരണപ്പെട്ടുകയാണെങ്കിൽ എന്തു ചെയ്യുമെന്ന കാര്യം ചിന്തിക്കുവിടുകയാണ് നല്ലത്. ഈ അവസ്ഥയിൽ നമ്മുടെ പഞ്ചായത്തിന് ഒരു പൊതുശ്മശാനം ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു സംഗതിയായി മാറുന്നു. ഇപ്പോൾ

ഈ പഞ്ചായത്തിന് 11-ാം വാർഡിൽ മൈലാടുംപൊട്ടിയിൽ 1 ഏക്ര 30 സെൻറ് സ്ഥലം ശ്മശാനത്തിനായിട്ടുണ്ട്. എന്നാൽ സാങ്കേതികമായ കാരണങ്ങളാൽ അവിടെ ശവദാഹം നടക്കുന്നില്ല, അതുകൊണ്ട് അതിൻെറ പേരിലുള്ള എന്ത്പ്രശ്നങ്ങളുണ്ടെങ്കിലും അവ തീർത്തുകൊണ്ട് അതൊരു പൊതു ശ്മശാനമാക്കി പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര പ്രാധാന്യത്തോടെപ്രവർത്തിക്കേണ്ടതാണ് അത്യാവശ്യമാണ്

പകർച്ചവ്യാധികളും തടയുന്നതിനും കുടിവെള്ളം ശുചീകരിക്കുന്നതിനും ജനങ്ങളെ ബോധവാന്മാരാക്കുകയും വെള്ളം കെട്ടിക്കിടക്കുന്ന ഭാഗങ്ങളിൽ കൊതുകുകൾ കൂടുന്നത് തടയുന്നതിനും പഞ്ചായത്തിൽ മൊത്തം മരുന്നു തളിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ വിൽക്കുന്ന ഭക്ഷണസാധനങ്ങളുടെ പ്രത്യേകിച്ച് മാംസം, മൽസ്യം ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വേണ്ട നടപടികളും സ്വീകരിക്കേണ്ടതാണ്.

ചുങ്കത്തറ ഗ്രാമപഞ്ചായത്ത്
7.3 ജനന മരണ വിവരങ്ങൾ

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1	2	3	4
1993-94	738	126	—
1994-95	503	117	—
1995-96	750	151	—

ചുങ്കത്തറ ഗ്രാമപഞ്ചായത്ത്
7.4 പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങളും	വായുജന്യ രോഗങ്ങളും	പ്രാണിജന്യ രോഗങ്ങളും	മറ്റുള്ളവ
1	2	3	4	5
1993-94	2732	11200	120	72520
1994-95	2602	13630	108	73620
1995-96	3210	12120	123	75580

ചുങ്കത്തറ ഗ്രാമ പഞ്ചായത്ത്

ആയുർവ്വേദ ഡിസ്പൻസറി, ചളിക്കൽ.

വർഷം	ഇൻപേഷ്യൻറ് എണ്ണം	ഔട്ട്പേഷ്യൻറ് എണ്ണം	രോഗങ്ങളും സംബന്ധിച്ച വിവരം -പ്രതിവർഷം എണ്ണം				
			തക്ക് രോഗം	വാതരോഗം എല്ലാവിധരോഗവും	പകർച്ച വ്യാധികളും	മറ്റുള്ള രോഗങ്ങളും	ആകെ
1992-93		22341	4311	7830		10200	22341
1993-94		25425	5400	8400		11625	25425
1994-95		17055	2460	6245		8350	17055
1995-96		17711	4826	5465		7420	17711
ആകെ		82532	16997	27640		37595	82532

P. H. C. സെൻറർ, ചുങ്കത്തറ.

1992-93	465	26384	4380		5164	17305	26849
1993-94	331	27024	5634		5830	15891	27355
1994-95	232	23021	3420		3503	16330	23253
1995-96	537	22387	3520		4562	14842	22924
ആകെ	1565	98816	16954		19059	64368	100381

4

വിദ്യാഭ്യാസം

ഒരു താലൂക്കിനോളം തന്നെ വലിപ്പമുള്ള ചുങ്കത്തറ പഞ്ചായത്തിൽ ഒരു അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളടക്കം 3 ഹൈസ്കൂളുകളും 6 അപ്പർ പ്രൈമറി സ്കൂളുകളും 8 ലോവർ പ്രൈമറി സ്കൂളുകളും അംഗീകാരം ഇല്ലാത്ത 10 ലോവർ പ്രൈമറി സ്കൂളുകളും ഉണ്ട്. ഇതിൽ 3 എണ്ണം ഇംഗ്ലീഷ് മീഡിയം സ്കൂളുകളാണ്. ഇതിനുപുറമെ 3 പാരലൽകോളേജിലെ വിദ്യാർത്ഥികളടക്കം ഈ വിദ്യാലയങ്ങളിലായി 12684 വിദ്യാർത്ഥികൾ വിദ്യാഭ്യാസം നേടുന്നു.

ചുങ്കത്തറ, നിലമ്പൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്ന കാലത്ത് ചുങ്കത്തറയിലെ പൗരമുഖ്യനായിരുന്ന അപ്പുമുതലാളി വാടകയ്ക്ക് നൽകിയ കെട്ടിടത്തിൽ 1928ൽ ആരംഭിച്ച ചുങ്കത്തറ GLP സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ. തുടർന്ന് 1954-ൽ ഏകാംഗ സ്കൂളുകളായി മുണ്ടപ്പാടത്തും, കുമ്പലങ്ങോട്ടും പള്ളിക്കത്തിലും ഓരോ ലോവർ പ്രൈമറി സ്കൂളുകളും നിലവിൽ വന്നു.

1957-ൽ മലബാറിലെ കുടിയേറ്റ താമസക്കാരനായിരുന്ന ശ്രീ. കെ. റ്റി. ജോസഫ് അവർകൾക്ക് അനുവദിച്ചു കൊടുത്തതും തന്റെ ജ്യേഷ്ഠസഹോദരനായ മാർ ഫിലോക്സിനോസ് തിരുമേനിയുടെ നാമധേയത്തിൽ ആരംഭിച്ചതുമായ MPM ഹൈസ്കൂൾ, ചുങ്കത്തറ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് ഒരു നാഴികക്കല്ലാണ്. അതിന് മുമ്പ് പത്തും പതിനാലും നാഴിക നടന്ന് നിലമ്പൂർ മാനവേദൻ സ്കൂളിൽ ചെന്നാണ് വഴിക്കടവിൽ നിന്നിങ്ങോട്ടുള്ളവരെല്ലാം വിദ്യാഭ്യാസം നേടിയിരുന്നത്. കുടിയേറ്റ പ്രദേശങ്ങളുടെ വ്യാപ്തിയും ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനവും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതക്ക് വീണ്ടും ആഴം കൂട്ടി. അങ്ങനെ 1981-ൽ കാത്തലിക് മാനേജ്മെൻറിനു കീഴിൽ എരുമമുണ്ടയിലും, ഓർത്തഡോക്സ് മാനേജ്മെൻറിന്റെ കീഴിൽ പോത്തുകല്ലിലും ഓരോ ഹൈസ്കൂളുകളും നിലവിൽ വന്നു. ഇതിൽ പോത്തുകല്ല് ഹൈസ്കൂൾ എടക്കര പഞ്ചായത്തിലാണ്. എങ്കിലും ചുങ്കത്തറ പഞ്ചായത്തിലെ ഒന്ന്, രണ്ട്, നാല്, അഞ്ച്, ആറ് വാർഡുകളിലെ കുട്ടികളും ഈ സ്കൂളിലാണ് വിദ്യ അഭ്യസിക്കുന്നത്. അതുപോലെ ചുങ്കത്തറ പഞ്ചായത്തിലെ 5, 6 വാർഡുകളിലെ ഭൂരിഭാഗം കുട്ടികളും എടക്കര പഞ്ചായത്തിലെ ഉപ്പട NSS യു. പി. സ്കൂളിലാണ് പഠിക്കുന്നത്.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അതിഭ്രമത്തിന് ഉദാഹരണമാണ് പാലുണ്ട ഗ്രഡ്ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ 530 വിദ്യാർത്ഥികളുണ്ട് പ്രസ്തുത സ്കൂളിൽ. അൺ എയിഡഡ് സ്കൂളായതുകൊണ്ട് പ്രസ്തുത സ്കൂളിൽ കനത്ത ഫീസ് നല്കേണ്ടിവന്നിട്ടും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർപോലും ഇംഗ്ലീഷ് മീഡിയത്തിലാണ് കുട്ടികളെ പഠിപ്പിക്കാൻ ഇഷ്ടപ്പെടുന്നത്.

ആറ് യു. പി. സ്കൂളുകളുള്ളതിൽ പള്ളിക്കത്ത്, കൊന്നമണ്ണ കുമ്പലങ്ങോട്, മുണ്ടേരി എന്നിവിടങ്ങളിൽ ഗവ: അപ്പർ പ്രൈമറികളും ബാക്കി എയിഡഡ് സ്കൂളുകളുമാണ്. ഗവ: സ്കൂളുകളും

മിക്കവയും ക്ലാസ് മുറികളുടെ അപര്യാപ്തമൂലം ശ്വാസം മുട്ടുന്നവയാണ്. കുമ്പലങ്ങോട്ട് ഷിഫ്റ്റ് സമ്പ്രദായം നിലവിലുണ്ട്. ആവശ്യമായ കെട്ടിടങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസ നിലവാരത്തകർച്ചക്ക് പ്രധാന കാരണമാകുന്നു. കൂടാതെ ചങ്കുത്തറ എം. പി. എം. ഹൈസ്കൂളിനോടനുബന്ധിച്ച് യു. പി വിഭാഗം പ്രവർത്തിക്കുന്നുണ്ട് 8 ലോവർ പ്രൈമറി സ്കൂളുകളിൽ 5 എണ്ണം സ്വകാര്യ മാനേജ്മെന്റിനു കീഴിലും ഒരെണ്ണം പഞ്ചായത്തിന്റെ ഉടമസ്ഥതയിലും ബാക്കി ഗവ: സ്കൂളുകളും ആണ്. ഗവ: ഉടമയിലുള്ള ചങ്കുത്തറ എൽ. പി. സ്കൂളിൽ കുട്ടികൾക്ക് നിന്നുതിരിയാൻ ഇടമില്ല. നാലുപാടുമുള്ള മതിൽക്കെട്ടിനുള്ളിൽകിടന്ന് വീർപ്പുമുട്ടുന്ന അവസ്ഥയാണ്. മുറ്റത്തിന്റെ അപര്യാപ്തമൂലം ഏറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. മറ്റെല്ലാ സ്കൂളുകൾക്കും വിശാലമായ മുറ്റവും കളിസ്ഥലവും ഉണ്ട്. കൂടാതെ ഫർണിച്ചറുകളുടെ അപര്യാപ്തത എല്ലാ സ്കൂളിലും വേണ്ടുവോളമുണ്ട്. ചങ്കുത്തറയിലെ എം. റ്റി. യു. പി. സ്കൂളും എം. പി. എം. ഹൈസ്കൂളും ഇക്കാര്യത്തിൽ പിന്നിലല്ല.

കഴിഞ്ഞ ഒന്നു രണ്ടു വർഷങ്ങളിലായി പ്രൈമറി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി അനുഭവപ്പെടുന്നു. കുടുംബാസൂത്രണത്തോടുള്ള അമിതമായ താല്പര്യം, ഇംഗ്ലീഷ് മീഡിയത്തോടുള്ള കലശലായ ഭ്രമം എന്നിവയും ഇതിന് കാരണമാകാം. അതിനു പുറമെ പഠനനിലവാരത്തിലുള്ള കുറവും ഒരു കാരണമാണ്. കൊന്നമണ്ണ, മുണ്ടപ്പോടം എൽ. പി. സ്കൂളുകളിൽ കുട്ടികളുടെ കുറവുമൂലം ഓരോ ഡിവിഷൻ തന്നെ കുറഞ്ഞുപോയി. തന്മൂലം മുണ്ടപ്പോടം സ്കൂളിലെ അദ്ധ്യാപികക്ക് ജോലി നഷ്ടപ്പെടുകയും കൊന്നമണ്ണയിലെ ഒരദ്ധ്യാപകൻ പ്രൊട്ടക്റ്റഡ് ആവുകയും ചെയ്തു.

പഞ്ചായത്തിലെ പ്രൈമറി ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളും ശരാശരി 3 കിലോമീറ്ററും അപ്പർ പ്രൈമറിയിൽ പഠിക്കുന്നവർ 4 കിലോമീറ്ററും ഹൈസ്കൂളിൽ പഠിക്കുന്നവർ 5 കി. മീറ്ററും നടന്നാണ് സ്കൂളിലെത്തുന്നത്. വിദ്യാഭ്യാസപരമായ സൗകര്യങ്ങളും ചങ്കുത്തറ അങ്ങാടിയെ കേന്ദ്രീകരിച്ചിരിക്കുന്നു.

ഭ്രദാൻ കോളനിയിലും പൂളപ്പാടം പ്രദേശത്തുമുള്ള കുട്ടികളും നാലാം തരത്തോടുകൂടി വിദ്യാഭ്യാസം അവസാനിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഴക്കാലത്തും വേനൽകാലത്തും കലംകുത്തി ഒഴുകുന്ന ചാലിയാർപുഴകടന്നു വേണം നാലും അഞ്ചും കിലോമീറ്റർ നടന്നുവരുന്ന പിഞ്ചുകുഞ്ഞുങ്ങൾക്ക് അപ്പർപ്രൈമറി ക്ലാസിൽ പഠിക്കാൻ. അതുകൊണ്ട് രക്ഷിതാക്കൾ കുട്ടികളെ വിടാൻ മടിക്കുന്നു. ഭ്രദാനം എൽ. പി. സ്കൂളിനെയും പൂളപ്പാടം ജി. എൽ. പി. എസിനേയും അപ്ഗ്രേഡ് ചെയ്യുകയും ചാലിയാർ പുഴക്ക് ഭ്രദാനത്തിനും പനങ്കയത്തിനും ഇടയ്ക്ക് ഒരു പാലം ഉണ്ടാവുകയും ചെയ്താൽ ഇതിനുപരിഹാരമാകും. പള്ളിക്കത്ത്, കൊന്നമണ്ണ, അമ്പലപ്പൊയിൽ എന്നിവിടങ്ങളിലെ കുട്ടികൾക്കും പുഴ ശല്യം തന്നെ.

വിദ്യാലയ സർവ്വേയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത് മിക്ക സ്കൂളുകളിലേയും ഭൗതീക സാഹചര്യങ്ങൾ അപര്യാപ്തമാണെന്നാണ്. ഉയർന്ന നിലവാരത്തിലുള്ള പരീക്ഷണ ശാലകളും ഗ്രന്ഥാലയങ്ങളും ഉള്ള ഹൈസ്കൂളുകൾ അവ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നില്ല. സ്കൂൾ കോംപ്ലക്സുകളുടെ കേന്ദ്രങ്ങളായി വർത്തിക്കേണ്ട ഹൈസ്കൂളുകൾ ആ നിലവാരത്തിലേക്കുയരുന്നില്ല. പഞ്ചായത്തിലെ 397 അദ്ധ്യാപകരിൽ 247 പേരും സ്ത്രീകളാണ് എന്നതാണ് സർവ്വെ റിപ്പോർട്ട്. വേണ്ടത്ര ഇൻസർവ്വീസ് കോഴ്സുകൾക്ക് വിധേയരാവാത്തവരാണ് ഭൂരിഭാഗം അദ്ധ്യാപകരും. അതിനാൽ പഴഞ്ചൻ അദ്ധ്യാപന രീതിയാണ് പിന്തുടരുന്നത്. ഭൂരിഭാഗം വിദ്യാലയങ്ങളിലും വൈദ്യുതി കണക്ഷനില്ല. ക്ലാസ്, സ്റ്റാഫ് റൂം

എന്നിവ പകുതി വിദ്യാലയങ്ങളിലെ ഉള്ളൂ. ദൃശ്യ ശ്രാവ്യ ഉപകരണങ്ങളും മിക്ക വിദ്യാലയങ്ങളിലും ഉണ്ടെങ്കിലും അവ വേണ്ടപോലെ പ്രയോജനപ്പെടുത്തുന്നില്ല. കുടിവെള്ളത്തിനുള്ള സൗകര്യങ്ങളും ഭൂരിഭാഗം സ്കൂളുകളിലും ഉണ്ട്. എന്നാൽ സാമൂഹ്യ ശാസ്ത്രം പഠിപ്പിക്കാനാവശ്യമായ ഭൂപടങ്ങളും മിക്ക സ്കൂളുകളിലും ഇല്ല എന്നുള്ള ദുഃഖ സത്യം അവശേഷിക്കുന്നു. ഉള്ളവ തന്നെ വേണ്ട രീതിയിൽ ഉപയോഗിക്കുന്നില്ല.

വിദ്യാലയത്തിലെ പഠനനിലവാരത്തെക്കുറിച്ച് വിശദമായ പഠനം നടത്തിയില്ലെങ്കിലും കിട്ടിയിടത്തോളം വിവരങ്ങളും വെച്ച് നോക്കുമ്പോൾ പഞ്ചായത്തിലെ സ്കൂളുകളിലെ വിജയ ശതമാനം ശരാശരിയിൽ നിന്ന് വളരെ താഴെയാണെന്ന് മനസ്സിലാക്കാം. ചുങ്കത്തറ ഹൈസ്കൂളിലെ വിജയശതമാനം കഴിഞ്ഞ നാലു വർഷമായി കുറഞ്ഞുവരികയാണ്. കഴിഞ്ഞ വർഷത്തെ റിസൽട്ട് 25%ൽ താഴെയാണ്. എന്നാൽ എരുമമുണ്ട ഹൈസ്കൂളിലേത് 50%ന് മുകളിലും

നിലമ്പൂർ താലൂക്കിലെ 2 കോളജുകളിൽ ഒന്നായ ചുങ്കത്തറ മാർത്തോമാ കോളജ് ചുങ്കത്തറ പഞ്ചായത്തിന്റെ അഭിമാന സ്തംഭമാണ്. മലപ്പുറം ജില്ലയിലെ തന്നെ ഏറ്റവും നല്ല വിജയ ശതമാനം കാഴ്ചവെക്കുന്ന ഈ കോളേജിൽ കഴിഞ്ഞ വർഷത്തെ വിജയ ശതമാനം 65 ആണ്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമേ 3 ടൈപ്പോറിയൽ കോളേജ് 3 വനിതാ അറബിക് കോളേജ്, 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് 3 ടൈലറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഒരു സ്വത്തസംഗീത വിദ്യാലയം, ഒരു ഹിന്ദികോളേജ്, ഒരു ഇലക്ട്രോണിക്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി നിലമ്പൂരുള്ള ഗവ: ITI, പ്രൈവറ്റ് ITC, മഞ്ചേരി, അരീക്കോട് എന്നിവിടങ്ങളിലുള്ള ITIകളും എന്നിവയേയും പെരിന്തൽമണ്ണയിലുള്ള ഗവ: പോളിടെക്നിക്കിനെയും ആശ്രയിക്കുന്നു കേരളത്തിനകത്തും പുറത്തും ഉപരിപഠനം നടത്തുന്ന ധാരാളം യുവതീ യുവാക്കളും ഈ പഞ്ചായത്തിലുണ്ട്.

ആദിവാസികളും നിരക്ഷരരും പിന്നീട് ഇവിടെ എത്തിച്ചേർന്ന പലരും ഇവിടെ സ്ഥിരതാമസക്കാരുമല്ലാത്തതിനാൽ വിദ്യാഭ്യാസാവശ്യങ്ങൾ അപ്രസക്തമായിരുന്നു, തുടർന്ന് വീടുകളും താമസവുമായപ്പോൾ പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും നിലമ്പൂരിനേയും ഉന്നത വിദ്യാഭ്യാസത്തിന് കോഴിക്കോടിനേയും ആശ്രയിക്കേണ്ടിയിരുന്നു. നാടിന്റെ വിവിധ ഭാഗങ്ങളിൽ പരമ്പരാഗത രീതിയിലുള്ള ആശാൻ പള്ളിക്കൂടങ്ങളുണ്ടായിരുന്നു. ഇവ അനൗപചാരിക വിദ്യാലയങ്ങളാണെങ്കിലും കേവല സാക്ഷരതക്ക് ഉതകി. മുസ്ലീം പള്ളികളോടനുബന്ധിച്ച് മദ്രസകളും പ്രവർത്തിച്ചിരുന്നു. അവിടെ മതപഠനം മാത്രമായിരുന്നില്ല. ഒരു വായ്പാളി സ്കൂളും 1928-ൽ ഇന്നത്തെ കോ-ഓപ്പറേറ്റീവ് ബാങ്ക് ഇരിക്കുന്നിടത്തുണ്ടായിരുന്നു. തുടർന്ന് കാലാകാലങ്ങളിലായി വിദ്യാഭ്യാസ മേഖല വളരുകയും 20 ഓളം വിദ്യാലയങ്ങളും ഉണ്ടാവുകയും ചെയ്തു.

മതസൗഹാർദ്ദത്തിന്റെയും സാഹോദര്യത്തിന്റെയും മൂല്യങ്ങളെ കാത്തു സൂക്ഷിക്കുന്ന ചുങ്കത്തറ നിവാസികളും മറ്റുള്ള പഞ്ചായത്തുകാരും മാതൃകയാണ്. ആദ്യകാലങ്ങളിൽ ദൂരെ ദേശത്തുനിന്നും വന്ന അന്യമതക്കാർക്ക് ആരാധനാലയം പണിയാൻ മനസുകാട്ടിയവർ ഇവിടുത്തുകാർക്കു വേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിച്ച ക്രിസ്ത്യൻ സഭകളും-ഉത്സവങ്ങളും ആഘോഷങ്ങളും കൺവൻഷനുകളുംകൊണ്ട് സാംസ്കാരിക ചുങ്കത്തറ സമൃദ്ധമാണ്.

<>

പ്രശ്നങ്ങൾ

30

1 ചങ്കുത്തറ M.P.M. ഹൈസ്കൂളിലെ SSLC വിജയ ശതമാനം 25ൽ താഴെയാണ്.

2 പല സ്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങളും അപര്യാപ്തമാണ്.

3 മുണ്ടപ്പാടം, കൊന്നമണ്ണ എന്നീ സ്ഥലങ്ങളിലെ കുട്ടികളുടെ കുറവ് ഡിവിഷൻ ഫാക്ടം ഉണ്ടാക്കുന്നു.

4 M. P. M. ഹൈസ്കൂളും, നിർമ്മല ഹൈസ്കൂളും എന്നിവിടങ്ങളിൽ പ്ലസ്-ടു കോഴ്സുകളില്ല.

5 പഞ്ചായത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല.

6 സ്കൂളുകളിൽ ലൈബ്രറികളിൽ വേണ്ടത്ര പുസ്തകങ്ങളും വാങ്ങാറുണ്ടെങ്കിലും അത് വിദ്യാർത്ഥികൾക്ക് വായിക്കാൻ ഉപകരിക്കുന്നില്ല.

7 സ്കൂളുകളിൽ ഫർണിച്ചറുകളുടെ അപര്യാപ്തത വിദ്യാർത്ഥികൾക്ക് പഠനത്തിൽ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല.

8 മിക്ക സ്കൂളുകളിലും ലബോറട്ടറി ഉപകരണങ്ങളും രാസവസ്തുക്കളും യഥേഷ്ടം വാങ്ങിക്കുന്നുണ്ട്. എങ്കിലും അവ വിദ്യാർത്ഥികളുടെ പഠനത്തിന് വേണ്ടത്ര ഉപകരിക്കുന്നില്ല.

9 മാതൃ സംഗമ യോഗങ്ങളും മിക്ക സ്കൂളുകളിലും നടത്തപ്പെടുന്നില്ല.

10 ചില സ്കൂളുകളിൽ PTA ശരിയായി പ്രവർത്തിക്കുന്നില്ല.

11 ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ കുട്ടികളെ വിടുന്ന പ്രവണത കൂടി വരുന്നുണ്ട്

12 ചാലിയാർ പുഴക്ക് അക്കരെ താമസിക്കുന്ന അമ്പലപ്പൊയ്ക, ഭ്രാനം കോളനി, പൂളപ്പാടം, മുണ്ടപ്പാടം എന്നീ പ്രദേശത്തുള്ള കുട്ടികളും മഴക്കാലത്ത് സ്കൂളിലെത്താൻ വളരെ പ്രയാസപ്പെടുന്നു.

13 കൊന്നമണ്ണ, പള്ളിക്കുത്ത് ഭാഗങ്ങളിലുള്ള കുട്ടികളും 5 ഉം 6 ഉം കി. മീ. നടന്നാണ് എം. പി. എം. ഹൈസ്കൂളിലെത്തുന്നത്.

14 ചാലിയാർ പുഴക്ക് കൈപ്പിനിയിലും, പനങ്കയത്തും, ഭ്രാനത്തും പാലമില്ലാത്തത് കുമ്പലങ്ങോട് വില്ലേജിൽ താമസിക്കുന്ന ഭൂരിഭാഗം വിദ്യാർത്ഥികളുടെയും ഉപരിപഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

15 ശരാശരി 4 കി.മീറ്റർ നടന്ന് കാടും പുഴയും താണ്ടിവേണം വിദ്യാർത്ഥികൾക്ക് സ്കൂളിലെത്തിച്ചേരാൻ.

16 മൂന്നും നാലും കി. മീ. നടന്നുവേണം പൂളപ്പാടം ഭ്രാൻകോളനി സ്കൂളുകളിൽ കുട്ടികൾക്ക് എത്താൻ.

17 മുണ്ടേരി ടൈബൽ ഏറിയയിലെ കുട്ടികൾ 15 കി. മീ. ദൂരം നടന്നാണ് പോത്തുകൽ ഹൈസ്കൂളിലെത്തുന്നത്.

18 കുമ്പലങ്ങോട് ഗവണ്മെൻറ് യു.പി. സ്കൂളിൽ ഷിഫ്ട് സമ്പ്രദായം നിലനിൽക്കുന്നു.

19 എരുമമുണ്ട ഭാഗത്തുള്ള കുട്ടികൾ 5 കി. മീ. ദൂരം നടന്നാണ് കുമ്പലങ്ങോട് യു. പി. സ്കൂളിലെത്തുന്നത്.

20 പൂക്കോട്ടുമണ്ണ ഭാഗത്തുള്ള കുട്ടികൾക്ക് യു. പി. സ്കൂളിലെത്താൻ 5 കി. മീറ്റർ നടക്കണം.

21 സ്കൂളുകളിൽ പഠനോപകരണങ്ങൾ വേണ്ടത്ര ഉപയോഗിക്കാത്തത് കൊണ്ട് വിദ്യാർത്ഥികളുടെ പഠന താല്പര്യം കുറയുന്നു.

22 അദ്ധ്യാപകരിൽ കൂടുതലും വനിതകളായതിനാൽ പല വിദ്യാലയങ്ങളി

ടെയും പാഠ്യേതര വിഷയങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

23 സ്കൂളുകളിലെ പാഠ്യേതര-പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ വെറും ചടങ്ങുകളായി മാത്രമേ നടക്കുന്നുള്ളൂ.

24 ഹൈസ്കൂൾ തലങ്ങളിലുള്ള സയൻസ് ക്ലബ്ബുകൾ, സോഷ്യൽ സയൻസ് ക്ലബ്ബുകൾ, ഗണിതശാസ്ത്ര ക്ലബ്ബുകൾ, N C C, സ്കൗട്സ് എന്നിവ പ്രവർത്തിക്കുന്നില്ല.

25 സ്കൂൾ യുവജനോൽസവങ്ങൾ, കായിക മത്സരങ്ങൾ എന്നിവയിൽ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടെ സഹകരണം കുറവാണ്.

26 സ്പെഷ്യൽ ഫീ ഫണ്ടുപയോഗിച്ച് ഭൂപടമാപ്പുകൾ വാങ്ങാൻ കഴിയാത്തതുകൊണ്ട് ചുങ്കത്തറ M. P. M. ഹൈസ്കൂളിൽ മാപ്പുകൾ വാങ്ങുന്നില്ല.

27 സ്കൂളുകളിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എങ്കിലും നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.

28 തുടിമുട്ടി, ചെമ്പ്ര കോളനി, കവളപ്പാറ എന്നീ ഭാഗത്തുള്ള കുട്ടികൾ LP വിദ്യാഭ്യാസത്തോടുകൂടി പഠനം നിർത്തുന്നു. ഇതിൽ ഭൂരിഭാഗവും ഗിരിവർഗ്ഗക്കാരാണ്.

29 നിലവിലുള്ള മിക്ക അംഗനവാടികൾക്കും സ്ഥിരം കെട്ടിടമില്ല.

30 ശാന്തിഗ്രാമത്തിൽ ഒരു അംഗനവാടി 2 വർഷമായി പൂട്ടിക്കിടക്കുന്നു.

31 പഞ്ചായത്തിൽ കലാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല.

32 പഞ്ചായത്തുതലത്തിലുള്ള ഏക സാംസ്കാരിക നിലയം ചുങ്കത്തറയിലാണുള്ളതെങ്കിലും അത് പ്രയോജനപ്പെടുന്നില്ല

oo

നിർദ്ദേശങ്ങൾ

1 മുണ്ടേരി U.P സ്കൂൾ ഹൈസ്കൂളായി ഉയർത്തുക ആവശ്യമായ കെട്ടിടങ്ങൾ പണിയുക

2 മൂദാൻ കോളനി L. P. സ്കൂൾ U.P. സ്കൂളായി ഉയർത്തുക.

3 ചെമ്പൻകൊല്ലിയിലെ L. P. സ്കൂൾ U. P. സ്കൂളാക്കുക.

4 പൂളപ്പാടം GLP സ്കൂൾ അപ്പ് ഗ്രേഡ് ചെയ്ത് U. P. സ്കൂളാക്കുക.

5 പൂക്കോട്ടുമണ്ണ L.P. സ്കൂൾ U.P സ്കൂളാക്കുക

6 തൊഴിൽപഠിപ്പിക്കാനാവശ്യമായ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുക.

7 കാട്ടിച്ചിറയിൽ ഒരു L.P. സ്കൂൾ ആരംഭിക്കുക

8 കോളേജ് അപ്പ് ഗ്രേഡ് ചെയ്യുക കൂടുതൽ സീറ്റ് അനുവദിക്കുക.

9 ചുങ്കത്തറ GLP സ്കൂളിനടുത്തുള്ള 40 സെൻറ് സ്ഥലം വാങ്ങാൻ പഞ്ചായത്ത് സഹായിക്കുക. പ്രീ പ്രൈമറി സ്കൂൾ സ്ഥാപിക്കുക.

10 പള്ളിക്കുത്ത് U.P അപ്പ് ഗ്രേഡ് ചെയ്യുക പ്രീ പ്രൈമറി സ്കൂൾ തുടങ്ങുക.

11 കോട്ടേപ്പാടത്ത് ഗിരിവർഗ്ഗകോളനിക്ക് സമീപം ഒരു L.P സ്കൂൾ അനുവദിക്കുക.

12 M.P.M ഹൈസ്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി ആയി ഉയർത്തുക.

13 കൈപ്പിനിയിലും പനങ്കയത്തും, പോത്തുകല്ലിലും പാലങ്ങൾ നിർമ്മിക്കുക.

14 മലാൻകുണ്ട്, അതിരുവീട്ടി, മുട്ടിപ്പാലം, മുരുകാഞ്ഞിരം തുടങ്ങിയ മലയോര പ്രദേശങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി പാതാറിൽ ഒരു L.P. സ്കൂൾ ആരംഭിക്കുക.

15 പൂളപ്പാടം, G.L.P. സ്കൂളിന്റെ കെട്ടിടം റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

	വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരു്	ആകെ കുട്ടികൾ B	G	T	SC/ST B	G	T	അദ്ധ്യാപകർ M	F	T
1.	മാർത്തോമ്മാ കോളേജ്	415	514	929	60	67	127	24	11	35
H. S.										
1.	എം. പി. എം. H.S. ചങ്കത്തറ	1114	1080	2194	113	81	194	20	44	64
2.	നിർമ്മല H.S. എരുമമുണ്ട	292	317	609	18	18	36	10	15	25
3.	ഗ്രഡ്ഷെപ്പേഡ് H.S. പാലുണ്ട	269	261	530				10	15	25
	ആകെ	2090	2172	4262	191	166	357	64	85	149
	U. P. SCHOOL									
1	G. 1. U. P. സ്കൂൾ മുണ്ടേരി	493	424	917	85	44	129	6	14	20
2	A. U. P. S. നെട്ടിക്കളം	804	773	1577	43	83	126	12	32	44
3	G. U. P. S. കൊന്നമണ്ണ	104	100	204	11	22	33	4	3	7
4	G. U. P . S. പള്ളിക്കത്തോ	279	311	590	8	20	28	18	18	36
5	G. U. P. S. കുമ്പലങ്ങോട്	393	415	808	19	18	37	6	19	25
6	M. T. U. P. S. ചങ്കത്തറ	609	585	1194				14	21	35
	ആകെ	2682	2608	5290				60	107	167
	L. P. SCHOOL									
1	G. L. P. S. ചങ്കത്തറ	212	243	455	25	14	39	4	11	15
2	A. L. P. S. പൂക്കോട്ടുമണ്ണ	70	76	146	12	3	15	3	2	5
3	A. L. P. S. ഭൂദാൻകോളനി	190	159	349	24	14	38	2	8	10
4	MKMMLPS വെള്ളമ്പിയംപാടം	157	124	281	8	4	12	3	7	10
5	G. L. P. S. പൂളപ്പാടം	200	215	415	7	4	11	6	2	8
6	M. L. L. P. S. മുണ്ടപ്പാടം	105	95	200	9	13	22	3	6	9
7	A.M.L.P.S. ചെമ്പൻകൊല്ലി	122	142	264	8	9	17	3	6	9
8	A. L. P. S. കൊന്നമണ്ണ	68	68	136				2	3	5

സഹകരണം

സഹകരണ മേഖലക്ക് വലിയ വേരോട്ട മില്ലാത്തതും എന്നാൽ അനന്തമായ സാദ്ധ്യതക ളും ഉള്ള ഒരു പഞ്ചായത്താണിത്. 1961-ൽ സ്ഥാപിതമായി ചുങ്കത്തറയിലെ ആദ്യത്തെ സഹകരണ പ്രസ്ഥാനമായ ചുങ്കത്തറ സർവ്വീ സ് സഹകരണ ബാങ്കിന്റെ സ്ഥാപക പ്രസി ഡന്റ് ശ്രീ. കരുമാമ്പൊയിൽ അപ്പു മുതലാളി യായിരുന്നു. 35 വർഷത്തെ ബാങ്കിന്റെ വളർ ച്ചയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഇന്ന് 5480 മെമ്പർമാരും, എരുമമുണ്ടയിൽ ഒരു ബ്രാ ഞ്ചും ഉണ്ട്. ബാങ്കിൽ നിന്ന് കാർഷിക വാ യ്പയായി 50,93,840 രൂപയും, കാർഷികേതര വായ്പയായി 84,99,260 രൂപയും, സ്വർണ്ണ പണ്ട വായ്പയായി 1,11,28,110 രൂപയും നൽകിയതായി കണക്കുകൾ കാണിക്കുന്നു. എ കിലും ജനസംഖ്യയുടെ 70% വരുന്ന കൃഷിക്കാ രുടെ ആവശ്യങ്ങൾ ഭാഗികമായിപ്പോലും നിറ വേറ്റുവാൻ ഈ ബാങ്കിന് സാധിക്കുന്നില്ല എ ന്നാണ് സർവ്വെ വെളിപ്പെടുത്തുന്നത്.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1 1) സ്ഥാപനത്തിന്റെ പേര് : ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് No. F. 1807 ചുങ്കത്തറ പി.ഒ.

2) പ്രവർത്തന പരിധി : ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ

3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് : ക്രെഡിറ്റ്

4) പ്രവർത്തനം ആരംഭിച്ച വർഷം : 1961

5) ആകെ അംഗങ്ങൾ : 5480

6) ഒരു ഓഹരിയുടെ വില : 10 രൂപ

7) അംഗീകൃത ഓഹരി മൂലധനം : Rs 800000-00

8) പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം : Rs 1256546-00

9) സർക്കാർ ഓഹരിയുണ്ടോ? : ഉണ്ട്

10) ഉണ്ടെങ്കിൽ ലഭിച്ച തുക : Rs 99200/-

11) പരമാവധി കടം എടുക്കാവുന്ന തുക : Rs 50000/-

2 പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ-

a) സ്ഥിര — Rs 12316660-00

b) ലഘുകാലം — Rs 6633471-40

3 നൽകിയിട്ടുള്ള വായ്പകൾ-

a) കാർഷിക വായ്പകൾ — Rs 5093840-00

b) മറ്റ് വായ്പകൾ-

1 സ്വർണ്ണ പണയ കടം — Rs 11128110-00

2 കാർഷികേതര കടം — Rs 5499260-00

3 മദ്ധ്യകാല കടം — Rs 129260-00

4 ദീർഘകാല വായ്പകൾ — Rs 1642174-00

c) പ്രത്യേക വായ്പകൾ ഇല്ല.

1983-ൽ നിലമ്പൂർ കോ-ഓപ്പ് അർബ്ബൻ ബാങ്കിന്റെ ഒരു ശാഖ ചുങ്കത്തറയിൽ തുടങ്ങി. ഇവിടെ നിന്നും ഭവന വായ്പ, സ്വയം തൊഴിൽ പദ്ധതിക്കുവേണ്ടിയുള്ള വായ്പ, വ്യവസായ വായ്പ എന്നിവ പരിമിതമായ തോതിൽ നല്കുന്നു. ഈ ബേങ്കിൽ നിന്നും കാർഷിക വായ്പ ലഭിക്കാത്തതുകൊണ്ട് കർഷകരുടെ ആവശ്യങ്ങളം നിറവേറ്റുവാൻ മറ്റു പോം വഴികളില്ല.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1 1) സ്ഥാപനത്തിന്റെ പേര് : നിലമ്പൂർ കോ-ഓപ്പ്. അർബ്ബൻ ബാങ്ക് ചുങ്കത്തറ ശാഖ

2) പ്രവർത്തന പരിധി : ചുങ്കത്തറ, കുമ്പലങ്ങോട് വില്ലേജുകളം

3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് : ക്രെഡിറ്റ്

4) പ്രവർത്തനം ആരംഭിച്ച വർഷം : 1983

5) ആകെ അംഗങ്ങളം : 20536

6) ഒരു ഓഹരിയുടെ വില : 25 രൂപ

7) അംഗീകൃത ഓഹരി മൂലധനം :

8) പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം ;

9) സർക്കാർ ഓഹരിയുണ്ടോ? : ഇല്ല

10) ഉണ്ടെങ്കിൽ ലഭിച്ച തുക :

11) പരമാവധി കടം എടുക്കാവുന്ന തുക: 5 ലക്ഷം ഉറുപ്പിക

2 പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങളം

a) സ്ഥിരം —

b) ഹ്രസ്വകാലം —

3 നൽകിയിട്ടുള്ള വായ്പകളം- തുക

a) കാർഷിക വായ്പകളം: ഇല്ല

b) മറ്റ് വായ്പകളം-

1) ഭവന വായ്പ — 3480000

2) സ്വയം തൊഴിൽ — 1390000

3) വ്യവസായ വായ്പ — 500000

4) ബിസ്സിനസ് — 2380000

5) മറ്റുള്ളവ — 2054500

c) പ്രത്യേക വായ്പകളം - ഇല്ല

സ്ഥാപനത്തിന്റെ ചിലവ്-

1) Establishments charges — 20000 Rs

2) Contingennies — 1000 Rs

ചുങ്കത്തറയിലെ ഏക വാണിജ്യ ബാങ്കായ കാത്തലിക് സിറിയൻ ബാങ്കിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ യാതൊരു വായ്പകളും ലഭിക്കുന്നില്ല സ്വർണ്ണപണ്ട പണയത്തിനുപോലും ഭീമമായ പലിശയാണ് ഈടാക്കുന്നത്. ആയതിനാൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിന്റെ സേവനം ഈ പഞ്ചായത്തിലെ കർഷകരുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.

M.D.C. ബാങ്ക് മലപ്പുറം

സ്ഥാപനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പ തുക 8325862-00

5 നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

	വായ്പാ സ്വഭാവം	തുക
1	കൃഷി	1045829-00
2	പണ്ടം പണയം	143515-00
3	കാർഷികേതര കടം	591476-00
4	ദീർഘകാല കടം	15168-00
5	മദ്ധ്യകാല കടം	45342-00

6 സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishments charges — Rs 727034-00
2) Contingennies — Rs 25692-95

7 വായ്പാ സഹ: സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1 എല്ലാവിധ നിക്ഷേപങ്ങളും സ്വീകരിക്കുന്നു.
2 ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകളും നൽകുന്നു.
3 പണ്ടം പണയത്തിന്മേൽ കടം കൊടുക്കുന്നു.
4 വളം വിൽപ്പന നടത്തുന്നു.
5 ഉത്സവകാല ചന്തകളും നടത്തുന്നു.

ക്ഷീര വ്യവസായ സഹകരണ രംഗത്ത് ഒരു കുതിച്ചു ചാട്ടംതന്നെ നടത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ചുങ്കത്തറ പഞ്ചായത്തിൽ നിലവിൽ 11 ക്ഷീരസഹകരണ സംഘങ്ങളും ഉണ്ട്. ഇവയെല്ലാം തന്നെ നല്ലനിലയിൽ പ്രവർത്തിക്കുന്നവയാണ്. പഞ്ചായത്തിലുള്ള ക്ഷീര വ്യവസായ സഹകരണ സംഘത്തിലെ പട്ടിക താഴെ ചേർക്കുന്നു.

	പേര്	അംഗങ്ങളും	ആരംഭിച്ച വർഷം
1	വെള്ളിമാറ്റം ക്ഷീരോൽപ്പാദക സഹകരണ സംഘം	511	1980
2	കൊന്നമണ്ണ ,, ,, ,,	724	1969
3	പൂക്കോട്ടുമണ്ണ ,, ,, ,,	226	1988

	പേര്	അംഗങ്ങളം	ആരംഭിച്ച വർഷം
4	ചുങ്കത്തറ ക്ഷീരോൽപ്പാദക സഹകരണ സംഘം	1128	1960
5	പൂളപ്പാടം ,, ,, ,,	115	1992
6	ഭൂദാനം ,, ,, ,,	462	1986
7	അമ്പിട്ടാംപൊട്ടി ,, ,, ,,	163	1992
8	എരുമമുണ്ട ,, ,, ,,	520	
9	കൈപ്പിനി ,, ,, ,,	600	
10	ചളിക്കപ്പൊട്ടി ,, ,, ,,	420	
11	കുനിപ്പാല ,, ,, ,,	123	

മേൽപ്പറഞ്ഞ ക്ഷീര സഹകരണ സംഘങ്ങളം ചെറുകിട ക്ഷീരകർഷകർക്ക് (രണ്ട് കാലികളം വരെയുള്ളവർ) വലിയ ഒരാശ്വാസം തന്നെയാണ്. അവർക്ക് മിതമായ വിലയിൽ കാലിത്തീറ്റയും കന്നുകാലികൾക്ക് അത്യുല്പാദന ശേഷിയുള്ള ബീജധാന സംവിധാനവും നൽകുന്നുണ്ട്.

ഈ പഞ്ചായത്തിൽ മൊത്തം 1928940 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. ഇവയിൽ 895982 ലിറ്റർ പാൽ പഞ്ചായത്തിൽ തന്നെ വിൽക്കുകയും ബാക്കിയുള്ള 1033958 ലിറ്റർ പാൽ പുറത്തേക്കയക്കുകയും ചെയ്യുന്നു. സഹകരണ സംഘങ്ങളം കൂടാതെ സ്വകാര്യ വ്യക്തികളം പാൽ സംഭരണവും വില്പനയും നടത്തുന്നുണ്ട്. അതുകൂടി കണക്കാക്കുമ്പോൾ ഏതാണ്ട് 25 ലക്ഷം ലിറ്റർ പാൽ ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. ക്ഷീരോൽപന്നങ്ങളെ അടിസ്ഥാനമാക്കി ഒരു പുതിയ വ്യവസായ യൂണിറ്റ് സഹകരണ മേഖലയിൽ ഈ പ്രദേശത്ത് സ്ഥാപിക്കുവാനുള്ള ഒരു വലിയ സാദ്ധ്യതയുണ്ട് ഇതിനോടനുബന്ധമായി ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റിനും ഉള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

അനുബന്ധം 13

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1 1) സ്ഥാപനത്തിന്റെ പേര് : ചുങ്കത്തറ പ്രിന്റിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd

2) പ്രവർത്തന പരിധി : നിലമ്പൂർ താലൂക്ക്

3) ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് : നോൺ ക്രെഡിറ്റ്

4) പ്രവർത്തനം ആരംഭിച്ച വർഷം : 1976

5) ആകെ അംഗങ്ങളം : 234

6) ഒരു ഓഹരിയുടെ വില : 100 രൂപ

7) അംഗീകൃത ഓഹരി മൂലധനം : 500000-00

8) പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം ; 43090-00

9) സർക്കാർ ഓഹരിയുണ്ടോ? : ഉണ്ട്

10) ഉണ്ടെങ്കിൽ ലഭിച്ച തുക : 122000-00

11) പരമാവധി കടം എടുക്കാവുന്ന തുക: സ്ഥാപനത്തിന് 646350-00

സ്ഥാപനത്തിന്റെ ചിലവുകളം-

1) Establishments charges — 104032-00 Rs

2) Contingennies — 17410-00 Rs

വളരെ നല്ല നിലയിൽ പ്രവർത്തിച്ചുപോരുന്ന ചുങ്കത്തറ പ്രിൻറിംഗ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചുങ്കത്തറയിലുണ്ട്. ഇവിടെ 9 പേർ സ്ഥിരം ജോലിക്കാരായിട്ടുണ്ട്. ഒരു സഹകരണ ആശുപത്രി ആരംഭിച്ചെങ്കിലും ഭരണസമിതിയുടെ കെടുകാര്യസ്ഥതയും അലംഭാവവും മൂലം പ്രസ്തുത ആശുപത്രി അടച്ചുപൂട്ടേണ്ടിവന്നു.

റബ്ബർ കർഷകരുടെ സഹകരണ സംഘങ്ങളും 4 എണ്ണം നിലവിലുണ്ട്. അവയെല്ലാം തന്നെ റബ്ബർ കർഷകർക്ക് വളവും, കീടനാശിനികളും, ആസിഡും മിതമായ വിലക്ക് നൽകുവാൻ ഒരു പരിധി വരെ സഹായിക്കുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വ്യവസായ സഹകരണ സംഘം നിലവിലുണ്ട്. ഈ സംഘം ഇഷ്ടിക നിർമ്മാണവും വിപണനവും നടത്തുന്നതിന് ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നു. വേണ്ടത്ര പണം ലഭിക്കാതെ ഉഴലുന്ന അവസ്ഥയിലാണിന്ന്.

സാദ്ധ്യതകൾ:

1) കൺസ്യൂമർ മേഖലയിൽ ഒരു സഹകരണ സംഘം ആരംഭിക്കുകയാണെങ്കിൽ മിതമായ വിലക്ക് ജനങ്ങൾക്ക് സാധനങ്ങൾ ലഭിക്കും.

2) നിലവിലുള്ള വളരെ ശക്തമായ ക്ഷീരവ്യവസായ സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ഒരു സഹകരണ സ്ഥാപനത്തിന്. വളരെയേറെ സാദ്ധ്യതയുണ്ട്. ഒരു പരിധിവരെ തൊഴിലില്ലായ്മ അകറ്റുവാൻ അത് സഹായിക്കും.

3) ജനസംഖ്യയിൽ 70% കൃഷിക്കാരായുള്ള ഈ പ്രദേശത്ത് ഒരു കോഴി വളർത്തൽ സഹകരണ സംഘം ആരംഭിക്കുകയും ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴി വളർത്തുകയും അതിനാവശ്യമായ മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനവും സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതാണ്.

4) നാളികേരോൽപ്പാദനം വളരെയേറെയുള്ള ഈ പ്രദേശത്ത് ഒരു കയർ സഹകരണ സംഘത്തിനു സാദ്ധ്യതകളും വളരെ കൂടുതലാണ്.

5) കേരകർഷകരുടെ ഉന്നമനത്തിനായി നാളികേര ബോർഡുമായി സഹകരിച്ചുകൊണ്ട് കേരവികസന സമിതി മുഖേന ഒരു കേരോൽപ്പന്ന വിപണനവും സംസ്കരണവും നടത്താവുന്നതാണ്.

6) പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന തൊഴിൽ രഹിതരും അഭ്യസ്ത വിദ്യരുമായ വനിതകളെ ഉൾപ്പെടുത്തി ഒരു വനിതാ സഹകരണ സംഘത്തിന്റെ കീഴിൽ റഡിമേഡ് വസ്ത്ര നിർമ്മാണ കേന്ദ്രം, നോട്ടുബുക്ക് നിർമ്മാണം, അച്ചാർ കറി പൗഡർ നിർമ്മാണം എന്നിവ ആരംഭിക്കാവുന്നതാണ്.

സഹകരണ പ്രസ്ഥാനം പുഷ്ടിപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിന്റെ മുഖഛായതന്നെ മാറ്റാൻ സാധിക്കും.

സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും സംഘടിത – അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതിയിൽ തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി C.B.N P. പോലുള്ള വനിതാ സംഘടനകളും മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിലല്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമാവുന്നത്. അതുപോലെ ശ്രേയസ് സോഷ്യൽ സർവ്വീസ് സെൻറർ എന്ന സന്നദ്ധ

പ്രവർത്തന സംഘടനയുടെ സാമൂഹ്യ ക്ഷേമ രംഗത്തെ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിൽ എടുത്തുപറയത്തക്കതാണ്.

നിലവിലുള്ള പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകളും എന്നിവ എടുത്തുപറയേണ്ടവ തന്നെയാണ്.

തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകളും മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ പാരമ്പര്യ കുടിൽവ്യവസായങ്ങളും, കൈതൊഴിലുകളും, മൺപാത്ര നിർമ്മാണ തൊഴിലാളികളും, കർഷക തൊഴിലാളികളും, കെട്ടിട നിർമ്മാണ തൊഴിലാളികളും, ബീഡി തൊഴിലാളികളും എന്നിവരുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. വനിത വികസന കോർപ്പറേഷന്റെ ഓഫീസ് നമ്മുടെ ജില്ലയിൽ പോലും അല്ലാത്തതിനാൽ നമ്മുടെ പഞ്ചായത്തിലുള്ള സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരമുള്ള പദ്ധതികളാണ് വലിയ തോതിലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. പല ക്ഷേമപദ്ധതികളെപ്പറ്റിയും ജനവിഭാഗങ്ങൾക്കുള്ള അജ്ഞത ഒരു പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് വാർഡ് മെമ്പർമാർക്കും സന്നദ്ധ സംഘടനാ പ്രവർത്തകർക്കും കൂടെ കൂടെ പദ്ധതികളെ പറ്റിയുള്ള ഒരു ക്ലാസ്സ് സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

നിലവിലുള്ള പദ്ധതികളെക്കുറിച്ചുള്ള അജ്ഞത, അർഹതപ്പെട്ടവർക്ക് ലഭിക്കായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണത്തിന്റെ കുറവ്, യഥാസമയം സഹായം ലഭിക്കായ്ക തുടങ്ങിയവ ഈ മേഖലഅഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

സാമൂഹ്യ ക്ഷേമ രംഗത്താണ് സഹായം കൂടുതൽ ലഭിക്കുന്നതെങ്കിലും ഗുണഭോക്താക്കളെ സംബന്ധിച്ചും പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ചും വസ്തുനിഷ്ഠമായ ഒരു വിലയിരുത്തൽ പഞ്ചായത്തിൽ നടന്നിട്ടില്ല. I.R.D.P. സർവ്വെ പ്രകാരം 5105 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇത് ഉൾക്കൊള്ളാൻ കഴിയാത്ത ഒരവസ്ഥയാണ്. കാരണം, പതിനായിരക്കണക്കിന് കുടുംബങ്ങളും ഈ പഞ്ചായത്തിൽ നിലവിലുള്ള മാനദണ്ഡങ്ങളും വെച്ചാണെങ്കിലും ദാരിദ്ര്യരേഖക്ക് താഴെ ഉണ്ട്.

ദാരിദ്ര്യ രേഖക്കു സർക്കാർ നിജപ്പെടുത്തിയിരിക്കുന്ന വാർഷിക സാമ്പത്തികമാനദണ്ഡം ചുരുങ്ങിയത് 25000 രൂപയെങ്കിലും ഉയർത്തേണ്ടിയിരിക്കുന്നു. ഈ രംഗത്ത് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സമഗ്രമായ ജനപങ്കാളിത്തത്തോടെയുള്ള ഒരു സർവ്വെ പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതു ഈ മേഖലയിലെ ഭാവി പ്രവർത്തനങ്ങൾക്ക് സഹായകമാണ്. ധന സഹായം അർഹതപ്പെട്ടവർക്ക് ലഭിക്കത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കണം.

I R D P **1992 സർവ്വെ** + **അഡീഷണൽ സർവ്വെ 1995**

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ വിവരം–

SC	ST	others	Total
349	208	4548	5105

I R D P സഹായം നൽകിയത്–

	SC	ST	Others	Total	Woman
1992–93	28	31	40	99	43
1993–94	32	32	33	97	49
1994–95	21	32	25	78	39
1995–96	22	05	39	66	28

വായ്പാ വിവരം (I R D P)

	വായ്പ	സബ്സിഡി
1992–93	503673	339280
1993–94	314843	230937
1994–95	561270	195600
1995–96	902303	307560

D W C R A:-

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യം വച്ച് പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഈ പഞ്ചായത്തിലെ 9-ാം വാർഡിൽ (ഐ ഹസ്സൻ പടി) ഒരു തുന്നൽ യൂണിറ്റും, ചുങ്കത്തറയിൽ 15 അംഗങ്ങൾക്കായി ഫ്രണ്ട്സ് റെഡിമെയ്ഡ് & ഗാർമെൻറ്സ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുമുണ്ട്. മുണ്ടേരിയിൽ ഒരു സെറികൾച്ചർ യൂണിറ്റ് ആരംഭിച്ചെങ്കിലും ഗുണഭോക്താക്കളുടെ സഹകരണക്കുറവു കാരണം വിജയിപ്പിക്കാൻ കഴിഞ്ഞില്ല. പള്ളിക്കത്തിൽ 12 സ്ത്രീകളെ ഉൾപ്പെടുത്തി. 2,21,500 രൂപ വായ്പ നൽകിയിട്ടുണ്ട്. ഇത് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. കുമ്പളങ്ങോട് 10 അംഗങ്ങൾ ഉൾപ്പെട്ട ആടുവളർത്തൽ കേന്ദ്രവും ഇതിന്റെ കീഴിലുണ്ട്.

11.4 DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം.

	തൊഴിൽ സംരംഭത്തിന്റെ ഇനം	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ്
1	ആടുവളർത്തൽ (കുമ്പലങ്ങോട്)	1992-93	10	പ്രവർത്തിക്കുന്നില്ല
2	പട്ടുനൂൽപ്പുഴു വളർത്തൽ കേന്ദ്രം (മുണ്ടേരി)	1992-93	10	പ്രവർത്തിക്കുന്നില്ല
3	ഫ്രണ്ട്സ് റെഡിമെയ്ഡ് & ഗാർമെൻറ് (ചുങ്കത്തറ)	1993-94	15	നല്ല രീതിയിൽ പ്രവർത്തിക്കുന്നു
4	പശുവളർത്തൽ (Dairy Unit) (പള്ളിക്കത്ത്)	1995-96	12	നല്ല രീതിയിൽ പ്രവർത്തിക്കുന്നു

ടൂൾ കിറ്റ്

പാരമ്പര്യ കൈത്തൊഴിലുകാർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണിത്. അർഹരായ മുഴുവൻ ആളുകൾക്കും ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ ഇതുവരെ ഇതിന്റെ ആനുകൂല്യം ലഭിച്ചത് അർഹരായ 110 കുടുംബങ്ങൾ ഉണ്ടെങ്കിലും 57 പേർക്ക് മാത്രമാണ്.

ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതീ-യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ട പരിശീലനവും നിർദ്ദേശങ്ങളും നൽകലാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതിയെക്കുറിച്ച് വേണ്ടത്ര അറിവില്ലായ്മ കാരണം വളരെ കുറച്ച് ആളുകൾ മാത്രമേ ഇതിന്റെ പ്രയോജനം നേടുന്നുള്ളൂ.

11.2 ട്രൈസം – തൊഴിൽ പരിശീലനം നേടിയവരുടെ വിവരം.

പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
Electronics	5	—	5
Embroydary	1	1	—
Readymade Garment making	8	8	—
Printing & Composing	4	—	4
Handicraft	1	—	1
Blacksmithy	1	—	1
Carpontry	1	1	—
A/c & Reffrigeration	3	—	3
Cane works	2	—	2
Welding	3	—	3

ടൈയിനിംഗ് നൽകിയത്	— 29
സ്വയം മുതാഴിൽ കണ്ടെത്തിയവർ	— 10
കൂലിക്ക് ജോലി ചെയ്യുന്നവർ	— 19

C R S P

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധന സഹായം നൽകുന്ന പദ്ധതിയാണിത്

നമ്മുടെ പഞ്ചായത്തിൽ ഓരോ വർഷവും വളരെ ചുരുങ്ങിയ ആളുകൾക്ക് മാത്രമാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത് ഇത്തരം ജനവിഭാഗങ്ങളിൽ ഭൂരിപക്ഷത്തിനും കക്കൂസുകൾ ഇല്ലാത്ത അവസ്ഥയിൽ കൂടുതൽ ആളുകാർക്ക് ഈ പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനും ധനസഹായം കാലോചിതമായി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ഈ പദ്ധതിയിൽ അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയാണ് പദ്ധതി പൂർത്തീകരണത്തിന് തടസ്സമായി നിൽക്കുന്നതെന്നാണ് സർവ്വേ സൂചിപ്പിക്കുന്നത്. അതിനാൽ ധനസഹായം ഉയർത്തുവാനും പദ്ധതിയുടെ പൂർത്തീകരണത്തിന് ഒരു പഞ്ചായത്ത് തല കമ്മറ്റി കൂടി രൂപീകരിക്കുവാനും നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. കക്കൂസിന്റെ ഡിസൈനിംഗിൽ പ്രാദേശിക രീതികൾ മാറ്റം വരുത്തുവാൻ അനുമതി വാങ്ങണം.

നൽകിയത്–

	SC	ST	Others	Total
92-93	3	Nil	7	10
93-94	7	Nil	30	37
94-95	6	Nil	18	24
95-96	9	Nil	18	27

വില്ലേജ് ഓഫീസുകൾ മുഖേനയുള്ള ക്ഷേമ പ്രവർത്തനങ്ങൾ:-

സാമൂഹ്യ ക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് കാര്യമായി വിവിധ പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാകുന്നത്. അർഹരായ മുഴുവൻ ആളുകൾക്കും ഇതിന്റെ ഗുണം ലഭിക്കുന്നില്ല എന്നതും അനർഹരായ പലർക്കും ഈ ആനുകൂല്യം ലഭിക്കുന്നതായും ഈ പദ്ധതിയുടെ പിലയിരുത്തലിൽ കണ്ടെത്തിയിരിക്കുന്നു. അതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല പൂർണ്ണമായും പഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതും അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വിവിധതരം പെൻഷനുകളുടെ ധനസഹായം കാലോചിതമായി ഉയർത്തേണ്ടതും അവ ഏകീകരിക്കേണ്ടതുമാണ്.

സഹായധനം യഥാസമയം ലഭിക്കാത്ത അവസ്ഥയുമുണ്ട്. നിലമ്പൂർ താലൂക്ക് രൂപീകരണത്തിനു മുമ്പായി അപേക്ഷ കൊടുത്തതും, പാസ്സാക്കീട്ടുള്ളതുമായ സഹായങ്ങൾപോലും ലഭിച്ചിട്ടില്ല എന്നുള്ളത് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവരുന്ന പരാതിയാണ്. ഈ പദ്ധതികളുടെ ചുമതല പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ല.

വിധവ പെൻഷൻ

വിധവകൾക്ക് പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുകയില്ല. ഈ മാനദണ്ഡം മാറേണ്ടതാണ്. വാർഷിക വരുമാനം മാനദണ്ഡമാക്കി ഈ പെൻഷൻ കൊടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 173 പേർക്കാണ് നമ്മുടെ പഞ്ചായത്തിൽ വിധവ പെൻഷൻ ലഭിക്കുന്നത്.

വികലാംഗ പെൻഷൻ

40% നു മുകളിൽ അംഗവൈകല്യമുള്ളവർക്കേ ഈ ആനുകൂല്യം ഇന്നുലഭിക്കുകയുള്ളൂ. ഇതിന് മാറ്റം വരുത്തേണ്ടതാണ്. ജില്ലാ ആശുപത്രി (DMO) -ൽ നിന്നാണ് വികലാംഗസർട്ടിഫിക്കറ്റ് ലഭ്യമാവുന്നത്. അതിനാൽ ഈ സർട്ടിഫിക്കറ്റ് താലൂക്ക് ആശുപത്രിയിൽ നിന്നും കൊടുക്കുന്നതിന് നിലവിലുള്ള നിയമം മാറ്റുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കണം. നമ്മുടെ പഞ്ചായത്തിൽ 55 പേർക്കാണ് ഈ പദ്ധതിമൂലം ധനസഹായം കിട്ടുന്നത്.

വാർദ്ധക്യകാല പെൻഷൻ

നമ്മുടെ പഞ്ചായത്തിൽ 43 പേർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് ഈ പെൻഷന്റെ വിതരണവും കൃത്യമായി നടക്കുന്നില്ല. അർഹതപ്പെട്ടവർക്ക് മുഴുവൻ ആനുകൂല്യം ലഭി

ക്കുന്നതിനും പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം

കർഷകതൊഴിലാളി പെൻഷൻ

അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നില്ല അനർഹരായ പലരും ഈ ആനുകൂല്യം കൈപ്പറ്റുന്നുണ്ട് അർഹരായവരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുകയും ഫണ്ട് പഞ്ചായത്തിനെ ഏല്പിക്കുകയും വേണം നിലവിൽ പെൻഷൻ ലഭിക്കുന്നവരുടെ പേര്, വിവരം എന്നിവപ്രസിദ്ധീകരിക്കണം പെൻഷൻ ലഭിക്കേണ്ടവരുടെ വരുമാന പരിധി ഉയർത്തുകയും വേണം

ക്ഷയരോഗ പെൻഷൻ

ഈ പഞ്ചായത്തിൽ ക്ഷയരോഗികൾ ധാരാളമുണ്ടെങ്കിലും 11 പേർക്കാണ് ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുന്നത്. ഈ പദ്ധതിയെക്കുറിച്ചുള്ള അജ്ഞതയും സ്വകാര്യ മേഖലയിലെ ചികിൽസയുമാണ് ഇത് ലഭിക്കാതിരിക്കുന്നതിന് പ്രധാന കാരണം, പൊതു, സ്വകാര്യ ചികിൽസാ സംവിധാനം ഉപയോഗപ്പെടുത്തുന്ന മുഴുവൻ രോഗികൾക്കും വരുമാന പരിധി കൂടാതെ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കണം.

തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിൽ അനർഹമായി തൊഴിലില്ലായ്മ വേതനം പറ്റുന്നവർ വളരെ കൂടുതലുണ്ട്. കൂടാതെ ലഭിക്കുന്ന സംഖ്യയും വളരെ കുറവാണ്, അതിനാൽ ഇപ്പോഴം നിലനിൽക്കുന്ന ഈ രീതിക്ക് അടിസ്ഥാനപരമായി മാറ്റം വരുത്തി ഈ രംഗത്ത് ചിലവഴിക്കുന്നതുക തൊഴിലില്ലാത്തവർക്ക് ഉപയുക്തമാകുന്ന രീതിയിൽ ഉൽപ്പാദന മേഖലയിലേക്ക് തിരിച്ചു വിടുന്നതിനെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

മാതൃസഹായം

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ സ്ത്രീകൾക്ക് ആദ്യത്തെ 2 പ്രസവത്തിന് നൽകുന്ന ധനസഹായമാണ് ഇത്. പഞ്ചായത്തിൽ ഈ വിധത്തിൽ സഹായംനൽകാൻ പാസ്സായിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രചാരണ കുറവുമൂലം അർഹതപ്പെട്ടവക്ക് മുഴുവൻ ഇതിന്റെ ഗുണം ലഭിച്ചിട്ടില്ല. ആയതിനാൽ ഇത്തരം സാമൂഹ്യക്ഷേമ പദ്ധതിയുടെ വിവരം എല്ലാ ജനങ്ങളിലും എത്തിക്കുന്നതിന് വേണ്ടത്ര പ്രചാരണം നൽകുന്നതിന് പഞ്ചായത്തിന് എന്തൊക്കെ ചെയ്യാമെന്ന് കൂലങ്കുഷമായ ചർച്ച ആവശ്യമാണ്.

അംഗനവാടികൾ ICDS Program

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാന പരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗനവാടികളം നമ്മുടെ പഞ്ചായത്തിൽ 15 വാർഡുകളിലായി 32 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനങ്ങൾക്ക് ഒരു അംഗനവാടി എന്നതാണ് ICDS ന്റെ ലക്ഷ്യമെങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലായെന്നതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടു തന്നെ അംഗനവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള അംഗനവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും, കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു.

സ്വന്തമായി കെട്ടിടമില്ലാത്തതും കെട്ടിടങ്ങളിലെ അറകുറപ്പണി നടത്താത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. ഇതിലെ ജീവനക്കാരുടെ സ്ഥിതിയും വളരെ ദയനീയം തന്നെ. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികളാണ് ഇതിലുള്ളത്. രാവിലെ 9 മണി മുതൽ 3-30 വരെ ജോലി ചെയ്യുന്നവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉംപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്കും പരിഹാരം കാണേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ–

1 അമ്പത്താറായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തിൽ 15 അംഗനവാടികളെങ്കിലും പുതുതായി ആരംഭിക്കേണ്ടതാണ്.

2 അംഗനവാടികൾക്ക് കെട്ടിടം വെക്കാനുള്ള സഹായധനം 50000 രൂപയെങ്കിലും ആക്കി ഉയർത്തണം

3 കുട്ടികളുടെ വിനോദത്തിനും അവരെ അംഗനവാടികളിലേക്ക് ആകർഷിക്കുന്നതിനും ആവശ്യമായ കളിക്കോപ്പുകളും അംഗനവാടികളിൽ ലഭ്യമാക്കേണ്ടതാണ്.

4 എല്ലാ അംഗനവാടികളുടേയും ചുറ്റുപാടുമുള്ള ജനങ്ങളും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ അംഗനവാടികളുടെ ഭൗതീക സൗകര്യങ്ങളും ഒരുക്കുന്നതിനും മറ്റു ഇതരകാര്യങ്ങളിൽ നിർബന്ധമായും സഹകരിക്കുകയും വേണം

5 അംഗനവാടികളിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകളും ഉയർത്തുകയും ചെയ്യുക

ക്ഷേമനിധികൾ:-

കർഷകതൊഴിലാളി ക്ഷേമനിധി

കർഷകതൊഴിലാളികളിൽ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി സംഘടനകളും മുൻകയ്യെടുത്താണ് ക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നത്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള മുഴുവൻ തൊഴിലാളികൾക്കും ബോണസ് നൽകുവാനുള്ള നടപടികളും സർക്കാരിനെ ആശ്രയിക്കാതെ 45 കോടിയിലധികം ആസ്തിയുള്ള ബോർഡിൽ നിന്നുതന്നെ സംഘടിപ്പിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ വേണ്ട നടപടികളും സ്വീകരിക്കണം.

ക്ഷേമനിധിയിൽ ചേരാൻ അർഹതയുള്ളവർ ധാരാളം ഇനിയും ഈ പഞ്ചായത്തിലുണ്ട്. അവരെ കണ്ടെത്തി ഈ പദ്ധതിയിൽ അംഗങ്ങളാക്കുവാൻ കർമ്മപരിപാടി ആവിഷ്കരിക്കരിക്കണം. പ്രായപരിധി 55 ആയി കുറക്കേണ്ടിയിരിക്കുന്നു. മറ്റു മേഖലകളിൽ ജോലി ചെയ്യുന്ന ധാരാളം തൊഴിലാളികളുണ്ടെങ്കിലും അവർക്ക് ക്ഷേമനിധി രൂപീകരിക്കുകയോ അംഗങ്ങളായി ചേർക്കുകയോ ചെയ്തിട്ടില്ല.

ജീവിതകാലം മുഴുവൻ വെയിലിലും മഴയിലും മണ്ണിനോട് മല്ലിടുന്ന ഈ കർഷകർക്ക് സായാഹ്ന വേളയിൽ കിട്ടുന്ന ഈ ധന സഹായം കാലോചിതമായി വർദ്ധിപ്പിക്കുകയും അവ എളുപ്പം ലഭ്യമാകുന്ന രീതിയിൽ ഈ പദ്ധതികൂടുതൽ ആകർഷണീയമാക്കേണ്ടതുണ്ടുമാണ്

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിലെ മുഴുവൻ നിർമ്മാണ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഈ രംഗത്ത് തൊഴിലെടുക്കുന്നവർ 55 വയസ്സിനു മുമ്പ് തന്നെ അനാരോഗ്യം കാരണം വീട്ടിൽ നിൽക്കാൻ നിർബന്ധിതനാകുന്നു. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 ആയി ചുരുക്കണം. ഇവർക്കുള്ള ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. രാഷ്ട്രീയ രാഷ്ട്രീയേതര സംഘടനകളും ഒന്നും തന്നെ കാര്യമായി ഈ രംഗത്ത് പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലാത്തതിനാൽ ആളുകൾക്ക് ഇതിനെക്കുറിച്ച് വേണ്ടത്ര ബോധവൽക്കരണമുണ്ടായിട്ടില്ല.

പൊതുവിതരണം

അന്നദിനം കുതിച്ചുയരുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയെ ഒരു പരിധി വരെ കടിഞ്ഞാണിടുന്നത് സർക്കാരിന്റെ ഉടമയിലുള്ള പൊതുവിതരണ ശൃംഖലയാണ്. ഇതിൽ റേഷൻ ഷാപ്പുകളുടെ പ്രവർത്തനം മറ്റു സംസ്ഥാനങ്ങൾക്ക് കൂടി മാതൃകയാക്കിട്ടുണ്ട്. റേഷൻഷാപ്പ് വഴി അരിയും പഞ്ചസാരയും മണ്ണെണ്ണയുമല്ലാതെ എല്ലാ അവശ്യസാധനങ്ങളും വിതരണം ചെയ്താൽ കമ്പോളത്തിലെ വില നിലവാരത്തെ ഒരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ 24 റേഷൻകടകളും നിലവിലുണ്ട്. എന്നാൽ നമുക്ക് ഒറ്റ മാവേലി സ്റ്റോറും ഇല്ല.

സാധാരണക്കാരനു എന്നും പരാതിയുള്ള പൊതുവിതരണ കേന്ദ്രത്തെ 1964-ലെ റേഷനിംഗ് ആക്ട് പ്രകാരമുള്ള റേഷൻ ഷാപ്പുകളായി മാറ്റണം. റേഷൻ കാർഡിലെ ബന്ധപ്പെട്ട പരാതികളും നീക്കുന്നതിന് വർഷത്തിലൊരു പ്രാവശ്യമെങ്കിലും പഞ്ചായത്ത് തലത്തിൽ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ ക്യാമ്പ് സംഘടിപ്പിക്കണം.

ഗതാഗതം

1962ൽ ചുങ്കത്തറ പഞ്ചായത്ത് രൂപീകൃതമാകുമ്പോൾ നിലവിലുണ്ടായിരുന്ന CNG റോഡിന്റെ ഭാഗമായി പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന സുമാർ 8 കി. മീ റോഡ് മാത്രമെ ടാർ റോഡായി ഉണ്ടായിരുന്നൊള്ളു. വർഷങ്ങൾക്കുശേഷം പാലുണ്ട മുണ്ടേരിറോഡും ചുങ്കത്തറ ചാത്തംമുണ്ടറോഡും P W D ടാർചെയ്ത് ഗതാഗത യോഗ്യമാക്കി. വെള്ളപൊക്ക ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി 2. 3 കി. മീ. ദൂരം ടാർചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. (ഞെട്ടിക്കുളം, കുട്ടംകുളം, ചുങ്കത്തറ-കൈപ്പിനി റോഡിന്റെ ഭാഗം, ചുങ്കത്തറ ബെന്നി ടാക്കീസ് റോഡ്)

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡ് 116.7 കി. മീ ആണ് ഇതിൽ മേൽപറഞ്ഞ റോഡുകളും ഉൾപ്പെട്ട് 35 കി. മീ മാത്രമെ ടാർചെയ്തിട്ടൊള്ളു. 6 കി. മീ ദൂരം റോഡ് മെറ്റൽ ചെയ്തതാണ് ബാക്കിഭൂരിഭാഗം റോഡുകളും മൺറോഡുകളാണ്. 1 ച. കി വിസ്തീർണ്ണത്തിന് .58 കി. മീ റോഡാണ് ഇപ്പോൾ നിലവിലുള്ളത്. അതായത് സംസ്ഥാന ശരാശരിയായ 3.2 കി. മീ നെക്കാൾ വളരെ താഴെയാണിത്. പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ റോഡുകളും അപര്യാപ്തമാണ്. പഞ്ചായത്തിന്റെ ആകെ ജനസംഖ്യയും ടാർറോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 1 സെ മീ താഴെ ടാർറോഡുമാത്രമേയൊള്ളു.

ഈ പഞ്ചായത്തിൽ റൂറൽ ഡെവലപ്മെന്റ് ബോർഡിൽ നിന്നും വായ്പയെടുത്ത് നിർമ്മിച്ച ഒരു ബസ്സ്റാന്റ് മാത്രമേ നിലവിലുള്ളു. ടാക്സികാറുക്കോ ഓട്ടോറിക്ഷകാറുക്കോ, ലോറി, പിക്അപ് മുതലായ വാഹനങ്ങൾ വളരെയധികം ഉണ്ടെങ്കിലും അവയ്ക്ക് പ്രത്യേക സ്റാന്റുകളും ഇല്ല. ഇതുമൂലം പ്രധാന റോഡിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. അതിനാൽ, ഒരു ടാക്സി, ഓട്ടോറിക്ഷ, പിക്അപ്പ് ലോറിസ്റാന്റ് അത്യാവശ്യമാണ്.

നിലവിലുള്ള റോഡ്ശൃംഖല വളരെ അപര്യാപ്തവും അതോടൊപ്പം അവസ്ഥ ശോചനീയവും ആണ്. വർഷക്കാലത്ത് മിക്കറോഡുകളിലും നീർകെട്ട് അനുഭവപ്പെടുന്നു ഓവ്ചാലുകളുടെയും കലുങ്കുകളുടെയും അഭാവമാണ് ഇതിനു കാരണം. ആവശ്യത്തിനു ഫണ്ടില്ലായ്മ എല്ലാപ്രവർത്തനത്തിനും വിലങ്ങുതടിയാകുന്നു.

റോഡു ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള ഒട്ടേറെനിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്നപ്രശ്നങ്ങളും സൗകര്യങ്ങളും ഉരുത്തിരിയുന്നു.

മെറ്റലിട്ട്-ടാറിടേണ്ടറോഡുകൾ

1 ചുങ്കത്തറ-കൈപ്പിനി, എരുമമുണ്ട 9 കി. മീ.
2 ചുങ്കത്തറ, പാലാങ്കര, കരുളായി 8 കി.മീ
3 ചളിക്കൽ-പാറക്കലൽ, പൊട്ടൻചീനി 2കി
4 അമ്പിട്ടാംപൊട്ടി ശാന്തിഗ്രാം റോഡ് 1 കി മീ.
5 അകമ്പാടം ഭൂദാനം ചെമ്പ്രാ
6 ഭൂദാനം-കവളപ്പാറ.
7 എരുമമുണ്ട കല്ലംതോട് 2½ കി. മീ
8 എരുമമുണ്ട-ചെമ്പൻകൊല്ലി 3 കി. മീ.
9 എരുമമുണ്ട-ഇഴുകതോട് 1കി. മീ
10 കത്തിക്കാടൻ പൊയിൽ-മുരുകാഞ്ഞിരം മുട്ടിപാലം
11 പാതാർ-പൂളപ്പാടം അമ്പലമുക്ക്
12 പോത്ത്കല്ല്-കുട്ടൻകുളം 1. 500 കി മീ
13 ചാത്തംമുണ്ട ചീത്തുകല്ല് 1. 500 കി മീ
14 പൂക്കോട്ടുമണ്ണ കുറത്തി പാതിരിപ്പാടം 2½ കി. മീ
15 പൂക്കോട്ടുമണ്ണ കടവ് പാലിയാർപുഴ
16 പാതിരിപ്പാടം - കുളം - അമ്പലക്കുന്ന് കുറത്തിമല-നല്ലംതണ്ണി.

17 പൂക്കോട്ടുമണ്ണ സാൻ പേഷ്ൻ പള്ളി പൊട്ടി ചാച്ചിയാർ

18 പാത്തും മുണ്ട കല്ലുവെട്ടുകുഴി സി പി സി പൊൻവരിക്കടവ്

19 പുലിമുണ്ട കുരിശ് കാട്ടിച്ചിറ തലഞ്ഞി പാതിരിപ്പടം

20 അണ്ടിക്കുന്ന പുക്കത്തറ കൈപ്പിനി

21 പുക്കത്തറ അണ്ടിക്കുന്ന് എടമലക്കുന്ന്

22 പുക്കത്തറ ഗാന്ധിറോഡ് S. N. D. P മന്ദിരം

23 പുക്കത്തറ കരിങ്കോരമണ്ണ

24 പുക്കത്തറ പാൽസൊസൈറ്റി ബെന്നിടാക്കീസ് റോഡ്

25 നെടുംപൂഴായിമണലി റോഡ്

26 മുട്ടിക്കടവ് പാലാകര റോഡ് 2½ K. M

27 പള്ളിക്കുത്ത് ഏനാന്തി റോഡ്

28 വെള്ളപ്പുതുവായി ചീരക്കുഴിറോഡ്

29 പള്ളിക്കുത്ത് കരിംകോരമണ്ണ (പസ്തുതറോഡിൽ 200 മീറ്റർഫോറസ്റ്റ് റോഡാണ്.

30 മൂത്തേടം-പുവന്നമണ്ണവെള്ളാംപാടം കൊന്നമണ്ണറോഡ്

31 പെരുംപിലാടം ചീരകുഴി പാലകരറോഡ്.

32 കൊന്നമണ്ണ പടിഞ്ഞാറേയം റോഡ്

33 എരുമമുണ്ട ഭൂദാനം റോഡ്

34 വെള്ളിമുറ്റം-കുറുമ്പലംങ്ങോട് ആശുപത്രിറോഡ്.

35 കോട്ടപ്പാടം. P H C ലേക്കുള്ളറോഡ്

36 മാംപായിൽ-വരക്കോട്റോഡ്

37 മണലികുരിശ് കോട്ടപ്പാടം P.H C റോഡ്

38 കോട്ടപ്പാടം S T കോളനി റോഡ്

39 ഉപ്പട ഗ്രാമം റോഡ് 1.300 കി മീ

മെറ്റലിട്ട് നന്നാക്കേണ്ട റോഡുകൾ

1 കണ്ടർകുഴി ഗിരിജൻ കോളനിയിലേയ്ക്കുള്ള റോഡ്

2 ഇടുപ്പുളൻകുന്ന് വൈദ്യശാല റോഡ് വെള്ളിപമാട് കയറ്റി ശാന്തിഗ്രാം അകമ്പാടംചെമ്പ്രറോഡ് പനങ്കയംമുതൽ തൊടുമുട്ടിവരെ സൈഡ് കെട്ടി കല്ല് പതിക്കുക.

3 ചെമ്പൻകൊല്ലി അതിർപ്പാല (I. കി.മീ) എരുമമുണ്ട പൂളിക്കക്കാവ്; എരുമമുണ്ട പുളിക്കാട്ട്പള്ളി.
എരുമമുണ്ട മൈലംപാറ അഡ്യൻപാറയിലേക്ക് (ടൂറിസ്റ്റ്കേന്ദ്രം)
എരുമമുണ്ട മൈലംപാറ; എരുമമുണ്ട വിളക്കണ്ണാംപാറ
കുണ്ടലൊട്ടി മൂച്ചിയ്ക്കൽ കുരിശ് മൂച്ചിക്കൽ
കുരിശ് എട്ടേക്കർ വിളക്കണ്ണാംപാറ അഡ്യൻപാറ എരുമമുണ്ട പൂളിക്കക്കാട് റോഡ്.

4 മുട്ടിപ്പാലം വെറ്റിലകൊല്ലി ഗിരിജൻ റോഡ്
മുട്ടിപ്പാലം മലാൻ കുണ്ട് മുട്ടിപ്പാലം അരിരുവീട്ടി
പാതാർ മുരിക്കാഞ്ചിറം; പാതാർ വാളൻ കൊല്ലി ഈസ്റ്റ്&വെസ്റ്റ്
പനങ്കയം കുവക്കോൽ പാതാർ
പനംകയം കൊട്ടുപാറ പൂളപ്പാടം വെള്ളിമുറ്റം
പൂളപ്പാടം കൊട്ടുപാറ ഉഴവംപാടം
വെള്ളിമുറ്റം ഈസ്റ്റ് പാത്രക്കുണ്ട് മുരിക്കാഞ്ചിറം
പൂളപ്പാടം പാത്രക്കുണ്ട് പൂളപ്പാടം ശിശുവിഹാർ
വെള്ളിമുറ്റം വെണ്ടേക്കിൻപൊട്ടി മുരുക്കാഞ്ചിറം

5 ഗ്രാമം ഇറിഗേഷൻ ചീത്ത്കല്ല് കോട്ടക്കുന്ന്റോഡ്
ഗ്രാമം കുട്ടംകുളം പഴയറോഡ് ചാത്തം മുണ്ട
കോട്ടക്കുന്ന് പോത്തുകല്ല് കയ്യേറക്കുന്ന് കുട്ടംകുളം
കൈയേറക്കുന്ന് ആശുപത്രി കൈയേറക്കുന്ന് കുട്ടംകുളം

6 മേലേചുരക്കണ്ടി ചാത്തുള്ളിക്കുന്ന് ചാലിയാർപുഴ

പൂക്കോട്ടുമണ്ണ-ജംഗ്ഷൻ പൊട്ടി പുവ്വത്തിക്കടവ്

പൂക്കോട്ടുമണ്ണ മൂച്ചിപ്പടി പൂവ്വത്തിക്കടവ്

പൂക്കോട്ടുമണ്ണ കുറത്തിപ്പടി ചുങ്കത്തറ അങ്ങാടിക്കുന്ന് കൈപ്പിനി റോഡ്

9 കാട്ടിച്ചിറ ചുങ്കത്തറ
കുറ്റിമുണ്ട കൈപ്പിനി ,
ചുങ്കത്തറ കുറ്റിമുണ്ടമിനിസ്റ്റേഡിയം റോഡ്
മാംപൊയിൽ കാട്ടിച്ചിറ പെരുമ്പ കാട്ടിച്ചിറ ചുങ്കത്തറ

10 ചുങ്കത്തറ അങ്ങാടിയിൽ നിന്നാരംഭിയ്ക്കുന്ന M.G റോഡിൽ നിന്ന് മാർത്തോമായു. പി എസ്, കോളേജ് എന്നിവിടങ്ങളിലേക്കുള്ള ഇടവഴി
ചളിക്കുളം റോഡ്
ചുങ്കത്തറ അങ്ങാടിക്കുന്ന് റോഡ്

14 ാം വാർഡ്

1 കുറുമ്പലങ്ങോട് അമ്പേംക്കർകോളനി
2 വെള്ളിമുറ്റം മാർബേസിൽ റോഡ്
3 വെള്ളിമുറ്റം അണ്ണാടപ്പൻ ഹരിജൻ കോളനി റോഡ്
4 ഇരുനൂറ് ജംഗ്ഷനിൽ നിന്നു പള്ളിമല റോഡ്
5 വിളക്കണ്ണാംപാറ മെറിലാന്റ് കല്ലായ് പാറപ്പള്ളിറോഡ്.

M G റോഡ് അങ്ങാടിക്കുന്ന് റോഡിലേക്ക് ബന്ധിപ്പിയ്ക്കുന്ന ഇടവഴി
എടമലക്കുന്ന് കവലയിൽനിന്ന് എടമലപാടത്തേക്കുള്ളവഴി

ചുങ്കത്തറ കൈപ്പിനിറോഡിൽ അമ്പലക്കുന്ന് ഭാഗത്തുനിന്ന മണ്ണാത്തിക്കടവിലേക്ക് റോഡ് അമ്പലക്കുന്ന് കുന്നത്തുപൊട്ടി, എടമലക്കുന്ന് റോഡ് റിസർവ് വനത്തിലൂടെ പൂച്ചക്കുത്തിലേക്ക്; മുണ്ടപാടത്തുനിന്ന് അങ്ങാടിക്കുന്നിലേക്ക് അങ്ങാടിക്കുന്ന് റോഡ് ചുങ്കത്തറ കൈപ്പിനി റോഡുമായി ബന്ധിപ്പിക്കുക

11–ാം വാർഡ്:- പാലാങ്കര കൂട്ടപ്പാടി മൈലാടുംപൊട്ടി റോഡ് തച്ചൻകോട് കളക്കുന്ന് റോഡ്

12-ാം വാർഡ്: മുട്ടിക്കടവ് ഏനാന്തിറോഡ് മുട്ടിക്കടവ്, മുപ്പാലിപൊട്ടിറോഡ്, നരയംപൊയിൽ പെരുമ്പിലാട് റോഡ്; കാലിക്കടവ് കൊന്നമണ്ണറോഡ് (ഇത് രണ്ട് ഹരിജൻ കോളനികളെ തമ്മിലും രണ്ട് വാർഡുകളെ തമ്മിലും ബന്ധിപ്പിക്കുന്നതാണ്) വെള്ളം പുതുവായി ഉന്തൽ കടവ് റോഡ്

ഉന്തൽക്കടവ് കല്ലുപതിക്കൽ; ഏനാന്തിക്കടവ്, കവലംകോടുനിന്ന് കരിമ്പുഴയിലേക്ക് ഇറങ്ങുന്നകടവ്; കാലിക്കടവിലേക്ക് ഇറങ്ങുനിടത്ത്,

ചുങ്കത്തറയിലെ റോഡു ഗതാഗതം ജനങ്ങൾക്കുപകാരപ്രദമാകണമെങ്കിൽ താഴെപ്പറയുന്ന പുഴകടക്കാൻ കുറുകെ പാലങ്ങൾ, ക്രോസ്വേ, നടപ്പാലം എന്നിവ അടിയന്തിരമായി ഉണ്ടാകണം.

1 ചാലിയാർ പുഴയിൽ കൈപ്പിനികടവിൽ
2 ചാലിയാർ പുഴയിൽ പോത്ത് കല്ല് കടവിൽ
3 ചാലിയാർ പുഴയിൽ പനങ്കയത്ത്,

ക്രോസ്വേ

4 മുട്ടിക്കടവ് ക്രോസ്വേ
5 ചളിക്കപ്പൊട്ടി ക്രോസ്വേ
6 കാലിക്കടവിൽ നടപ്പാലം
7 പനമണ്ണ ഏനാന്തിറോഡിൽ കരിമ്പുഴയിൽ
8 പുന്നപ്പുഴക്ക് കൂട്ടപ്പാടിയിലും ആറൻപൊളികടവിലും
9 എരുമമുണ്ട, ചെമ്പൻകൊല്ലിയിൽ ഇഴുകതോടിന്

പുതുതായി പണിയേണ്ട കലുങ്കുകൾ

1 ഭൂദാനം വായനശാല പരിസരത്ത് തോടിന് കുറുകെ.
2 എരുമമുണ്ട കുട്ടലൊട്ടി മൈലംപാറ റോഡിൽ 2 എണ്ണം

3 എരുമമുണ്ട കുരിശിങ്കൽ വീട്ടക്കണ്ണാം പാറ 1

4 മുരുകാഞ്ഞിരം പാതാർറോഡിൽ 1

5 വാളൻ കൊല്ലി 1

6 പാത്രക്കുണ്ട് 1

7 മേലെ ചൂരക്കണ്ടി ചാലിയാർപുഴ റോഡിൽ 1
മുട്ടിപ്പാലം അതിരുവീട്ടിൽ 1

8 മുണ്ടപ്പാടം പക്കുറ്റിറോഡിൽ 1

9 നീലഞ്ഞി - അമ്പല പൊയിൽറോഡിൽ 1

10 പളിക്കുളം - പാത്തുകൈതോട് 1

11 എടമലക്കുന്ന് റോഡിൽ തുടക്കത്തിൽ 1 അമ്പലകുന്ന് 1 മഹിളാസമാജത്തിന്റെ സമീപം 1

12 നരിയാപൊയിൽ. പളളിക്കുത്ത്, കാവലംകോട് റോഡിൽ 3 എണ്ണം

14 കരിങ്കോറമണ്ണ് പുങ്കുത്താറ റോഡിൽ തകർന്ന ഓവുപാലം

15 അറംപുളിവടക്കേകൈറോഡിൽ 1

16 എരുമമുണ്ട P W D റോഡിൽ P.T മാത്യുവിന്റെ പടിക്കലും പുത്തൻപുര കൃഷ്ണന്റെ പടിക്കലും 2 കലുങ്ക്

പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ

1 ചീന്തുകല്ല് മദ്രസ്സപ്പടിയിൽ നിന്നും ആരംഭിച്ച് C P C റോഡിൽ അവസാനിക്കുന്നത്

2 പുലിമുണ്ട കുറ്റിമുണ്ട ഗിരിജൻ കോളനി

3 പാതിരിപ്പാടം ടാർ റോഡിൽനിന്നും അസീസ് റാവുത്തരുടെ തെക്കുവശത്തു കൂടിയുള്ളവഴി തലഞ്ഞി ചെക്കുണ്ടാവിലേക്ക് നീട്ടുക.

4 മുണ്ടപ്പാടം - മഞ്ചറ - പലയംകോട് - മുണ്ടം മീലം റോഡ്

5 കൈപ്പിനി അമ്പലപൊയിൽ - ചക്കുറ്റി - മുണ്ടപ്പാടം -കുറുമ്പലങ്ങോട് സ്കൂൾറോഡ്.

7 ആനത്തുണ്ടി - കുളക്കൈ റോഡ്.

8 പാത്തുമുണ്ട ഫീഡർറോഡ്

9 ദിവാൻപൊട്ടി - ഗ്രാമം റോഡ്

10 ഗ്രാമം-ആനക്കല്ല് റോഡ്

11 ഗ്രാമം-കുട്ടകുളം റോഡ്

12 പോത്തുകൽപൊട്ടി കുട്ടംകുളം റോഡ്

13 കൂട്ടപ്പാടി കഴയകടവിൽ നിന്ന് കൊന്നാംപൊട്ടി റോഡിലേക്ക്

14 കൂട്ടപ്പാടി കൃസ്ത്യൻ പളളിക്കടുത്തുകൂടികൊന്നാംപൊട്ടികടവിലേക്ക്

15 ചീരക്കുഴി നരിയംപൊയിൽ റോഡിൽ നിന്നും കരിമ്പുഴകടവിലേക്ക്

16 വരക്കോട് ചളിക്കൽകടവ്

17 ചക്കിമുണ്ട നരിയംപൊയിൽ

18 കൊന്നാംപൊട്ടി പാലാങ്കര

19 പെരുമ്പിലാട് മുണ്ടക്കൈ

20 അറുംപുളി കാട്ടിലപ്പാടം വടക്കേകൈ

21 ചക്കിമുണ്ട കൊന്നമണ്ണ

22 മൂന്നാം വാർഡിൽ എരുമമുണ്ട മൈലംപാറ റോഡിൽ നിന്നും ആഢ്യൻപാറ ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക്

23 വീട്ടക്കണ്ണാംപാറയിൽ നിന്നും അഡ്യൻപാറയിലേക്ക്

24 മുണ്ടേരി ചളിക്കലിനപ്പുറം എത്തി നിൽക്കുന്ന P W D റോഡ് സുമാർ 10 കിലോമീറ്റർ മാത്രം നിർമ്മിച്ചെടുത്താൽ ക്ലിയൻറാക്ക് വഴി മേപ്പാടിയിലെത്താൻകഴിയും. തൻമൂലം മലപ്പുറം ജില്ലയിൽനിന്ന് ഏറ്റവും കുറഞ്ഞ ദൂരത്തിൽ വയനാട്ടിലേക്ക് എത്തുവാൻ കഴിയും. ചാലിയാറിന്റെ ഉത്ഭവസ്ഥാനത്തു കൂടി കടന്നു പോകുന്ന ഈ റോഡ് വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കും.

പുതുതായി നിർമ്മിക്കേണ്ട ബസ് വെയിറ്റിംഗ് ഷെഡ്

വെളുമ്പിയംപാടം, കുനിപ്പാല, അമ്പിയട്ടാംപൊട്ടി, തമ്പുരാട്ടിക്കല്ല്, മുണ്ടേരി സ്കൂൾ, ചളിക്കൽ, പാതിരിപ്പാടം ജംക്ഷൻ, പാലുണ്ട, വെയ്റ്റിംഗ് ഷെഡ്

താഴെ പറയുന്ന സ്ഥലങ്ങളിൽ ബസ് സർവ്വീസ് ആവശ്യമാണ്

1 പാലാങ്കര വരുന്ന K. S.R. T. C ബസുകളും പള്ളിക്കുത്തിലേക്ക് നീട്ടുക. (എടക്കര-പാലാങ്കര-പള്ളിക്കുത്ത്) കൈപ്പിനിക്കടവ് അങ്ങാടിക്കുന്ന് - ചുങ്കത്തറ

3 ഗതാഗതസൗകര്യമില്ലാത്ത ചുങ്കത്തറ-പുക്കോട്ടുമണ്ണ റോഡിൽ കൂടുതൽ KSRTC ബസുകളും സർവ്വീസ് നടത്തുക

4 മുട്ടിക്കടവ് FP ലിമിറ്റഡ് സ്റ്റോപ്പ് എന്നീ ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക.

5 ഗതാഗത തിരക്കുള്ള പുങ്കത്തറ-ചളിക്കൽ റോഡിൽ KSRTC ബസുകളും കൂടുതൽ സർവ്വീസ് അനുവദിക്കുക

റയിൽഗതാഗതം

പഞ്ചായത്തിൽ റയിൽ, ജലഗതാഗത സൗകര്യമില്ല. മലബാറിന്റെ സമഗ്രവികസനത്തിന് നിലവിലുള്ള നിലമ്പൂർ റെയിൽവെ മുണ്ടേരി ചളിക്കൽ വഴി ചാമരാജനഗറുമായി ബന്ധിപ്പിക്കുക. ഇതുവഴി വ്യവസായനഗരമായ ബാംഗ്ലൂരുമായി ഉള്ള ദൂരം കുറക്കുവാനും വ്യവസായ പുരോഗതി കൈവരിക്കാനും സാധിക്കും.

റോഡുകളുടെ വികസനത്തിന് നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ് ശ്രമദാനം മൂലം പുതിയ റോഡുകളുടെ പണി നടത്താൻ കഴിയണം കഴിഞ്ഞകാലങ്ങളിലെ കണക്കുപരിശോധിച്ചാൽ നമുക്കുകാണുവാൻ സാധിക്കും. പൊതുജനങ്ങളിൽ നിന്നു ഫണ്ടു സമാഹരിച്ചും ശ്രമദാനം വഴിയും പല പുതിയ റോഡുകളും നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്.

വിവിധ പദ്ധതികൾ പ്രകാരം ചുങ്കത്തറ പഞ്ചായത്ത് റോഡുകൾക്ക് ലഭ്യമായ ധനസഹായം.

EAS പദ്ധതിയിൽ തുടങ്ങിയതും പൂർത്തീകരിച്ചതുമായ പ്രവർത്തികൾ

	പേര്	സംഖ്യ	സ്ഥിതി
1	മുട്ടിക്കടവ് ക്രോസ്വേ	20 ലക്ഷം.	നിർമ്മാണത്തിന്
2	കൈപ്പിനിക്കടവ് റോഡ്	3 ലക്ഷം.	പൂർത്തീകരിച്ചു
3	അംബേദ്കർ കോളനിറോഡ്	4 ലക്ഷം.	പൂർത്തീകരിച്ചു.
4	കുറ്റിമുണ്ടക്കൈതതോട് റോഡ്	2 ലക്ഷം.	പൂർത്തീകരിച്ചു.
5	കൂട്ടപ്പാടി പുഴക്കടവ് നന്നാക്കൽ	2 ലക്ഷം.	പൂർത്തീകരിച്ചു.
6	കുറത്തി പാതിരിപ്പാടം റോഡ്	2 ലക്ഷം	പൂർത്തീകരിച്ചു.

മൃഗ സംരക്ഷണം

കർഷകഗ്രാമമായ ചുങ്കത്തറ പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യഘടകമാണ് കന്നുകാലി വളർത്തൽ. കുടിയേറ്റമേഖലയായ ഈ പ്രദേശത്ത് ആദ്യകാലത്ത് കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഉണ്ടായിരുന്നു പാലുല്പാദനത്തിനും, വണ്ടിവലിക്കുന്നതിനും, ജൈവ വളത്തിനുവേണ്ടിയും കന്നുകാലികളെ വളർത്തിയിരുന്നു അന്ന് കൃഷിരോല്പാദനം ലാഭകരമായിരുന്നു. രണ്ട് കറവ പശുക്കളെ വളർത്തുന്ന ഒരു കർഷകന് ഉല്പാദന ചിലവ് കഴിച്ചുബാക്കി ലഭിക്കുന്നപണംകൊണ്ട് ഒരു കർഷക കുടുംബത്തിന്റെ ഒട്ടുമുക്കാലും ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. ഇന്ന് സ്ഥിതികൾ ആകെ മാറിയിരിക്കുന്നു ഈ പ്രദേശത്ത് നെൽകൃഷി കുറഞ്ഞതോടെ വൈക്കോൽ ലഭിക്കാതെ വന്നതും, കാലിതീറ്റയുടെ അമിതവിലയും, കന്നുകളെ മേയിക്കാനുള്ള സ്ഥല ദൗർലഭ്യം മൂലവും കർഷകർ ഈ മേഖലയിൽ നിന്നും പിൻമാറുകയാണ്.

പശു, എരുമ, കാള, പോത്ത്, ആട് എന്നിവയാണ് ചുങ്കത്തറ പ്രദേശത്ത് വളർത്തി വരുന്ന മൃഗങ്ങൾ. കുറഞ്ഞ തോതിൽ പന്നികളെയും വളർത്തുന്നു.

പക്ഷികളിൽ പ്രധാനമായി കോഴികളെ വളർത്തുന്നു. കുറഞ്ഞ തോതിൽ താറാവുകളെയും വളർത്തുന്നു. വ്യവസായികാടിസ്ഥാനത്തിൽ മുട്ടക്കോഴികളെ വളർത്തുന്ന ഒരു യൂണിറ്റ് പോലും ഈ പഞ്ചായത്തിൽ ഇല്ല ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഇറച്ചി കോഴികളിൽ മുഖ്യപങ്കും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്നു.

നെൽകൃഷി കുറഞ്ഞതുകാരണം കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ആവശ്യം കുറഞ്ഞത് കൊണ്ടും, നെൽകൃഷിക്ക് ട്രാക്ടർ ഉപയോഗിക്കുന്നത്കൊണ്ടും, മൃഗങ്ങളെ വളർത്തൽ ഗണ്യമായ തോതിൽ കുറഞ്ഞിട്ടുണ്ട്. പച്ചപ്പുല്ലിന്റെയും, വൈക്കോലിന്റെയും ലഭ്യതക്കുറവ് കന്നുകാലി കർഷകർ നേരിടുന്ന പ്രധാനപ്രശ്നം.

ചുങ്കത്തറ പഞ്ചായത്തിന് ആവശ്യമായ കറവമാടുകളെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നു. അതിൽ ഭൂരിഭാഗവും പ്രായമേറിയതും, ആരോഗ്യമില്ലാത്തതും, രോഗങ്ങൾ പിടിപ്പെട്ടതുമാണ്. അറവ് മാടുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള സംവിധാനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല ആധുനിക രീതിയിലുള്ള അറവുശാലകളോ, ശുചീകരണ സംവിധാനമോ ഇല്ല.

പേറ്റുപട്ടിശല്ല്യം സ്ഥിരമായി അനുഭവപ്പെടാറുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും ചില കാലങ്ങളിൽ മാത്രം വരുന്നവരാണ് പട്ടിപിടുത്തക്കാർ. പ്രാദേശികമായി പട്ടിപിടുത്തക്കാരെ ലഭിച്ചുവെങ്കിലെ ഈ പ്രശ്നത്തിന് സ്ഥായിയായ പരിഹാരം ഉണ്ടാക്കുകയൊള്ളു.

ചുങ്കത്തറ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും മൃഗചികിൽസക്കുള്ള സൗകര്യം ഇല്ല ചുങ്കത്തറ പഞ്ചായത്തിന്റെ അതിർത്തി ഭാഗമായ ഉപ്പടയിൽ മാത്രമാണ് ഒരു മൃഗാശുപത്രി നിലവിലുള്ളത് ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നിന്നും 20 കിലോമീറ്റർ വരെ സഞ്ചരിച്ചെങ്കിലെ ഉപ്പട മൃഗാശുപത്രിയിൽ എത്തുകയൊള്ളു ആയത് കൊണ്ട് പുന്നപ്പുഴക്കരെ കൊന്നമണ്ണ കേന്ദ്രമാക്കിയും, ചാലിയാർ പുഴക്കരെ (പള്ളിക്കുത്ത്) കേന്ദ്രമാക്കിയും വെള്ളിമുറ്റം കേന്ദ്രമാക്കിയും, ഓരോ മൃഗാശുപത്രി അനുവദിക്കേണ്ടതാകുന്നു കൂടാതെ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങളിലും സ്ഥിരമായി ഫ്രീസർ ജീവനക്കാരനെ (L.I) നിയമിക്കുകയും അത്യാവശ്യം വേണ്ടുന്ന മരുന്നുകൾ ലഭ്യമാക്കുകയും വേണം. കൂടാതെ മാസത്തിൽ ഒരു ദിവസമെങ്കിലും ഒരു മൃഗഡോക്ടറുടെ സേവനം ഈ കേന്ദ്രത്തിൽ ലഭ്യമാക്കുകയും വേണം.

തല്പരരായ ക്ഷീരകർഷകർക്ക് അവരുടെ സാമ്പത്തികശേഷി അനുസരിച്ച് കറവലോൺ കുറഞ്ഞ പലിശ നിരക്കിൽ സബ്സിഡിയോടുകൂടി ലഭ്യമാക്കണം. ബാങ്കുകൾ പശുവിന്റെ വില മുഴുവനും നൽകുകയും വേണം.

കന്നുകാലികൾക്ക് സൗജന്യം ഇൻഷൂർ, സൗജന്യ ബീജധാനം എന്നിവ ഏർപ്പെടുത്തണം പുൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി, കുളവും, കിണറും കുഴിക്കുന്നതിനും, പമ്പ്സെറ്റ് വാങ്ങുന്നതിനും സബ്സിഡി ഏർപ്പാടാക്കുകയും സൗജന്യനിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും വേണം.

കാലിതീറ്റയിൽ പച്ചപ്പുല്ലിന്റെ പ്രാധാന്യം ഏറ്റയാണ്. ലാഭകരമായ ക്ഷീരോല്പാദനത്തിനും ആരോഗ്യകരമായ പശുപരിപാലനത്തിനും പച്ചപ്പുല്ല് അത്യാവശ്യമാണ്. ശാസ്ത്രീയമായി പച്ചപ്പുല്ല് വെച്ചുപിടിപ്പിച്ച് മിതമായ വിലക്ക് അത് കർഷകനു ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ആധുനിക പശുപരിപാലനം, ക്ഷീര വികസനം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ നൽകേണ്ടതാണ്.

വേനൽകാലങ്ങളിൽ പാൽ ഉല്പാദനം വളരെ പ്രയാസമേറിയതാണ്. പച്ചപ്പുല്ലിന്റെ അഭാവമാണ് പ്രധാന കാരണം. ഈ സമയങ്ങളിൽ ചില കർഷകർ പശുക്കളെ വിറ്റൊഴിക്കാറുണ്ട്. ഇതിനുള്ള പോംവഴിയെന്നോണം കർഷകൻ ഉല്പാദിപ്പിക്കുന്ന പാലിന് 1 രൂപ മുതൽ 2 രൂപ വരെ ഉല്പാദക ബോണസായി നൽകേണ്ടതാണ്.

കർഷകർക്ക് ശാസ്ത്രീയമായി കന്നുകാലി പരിചരണ മുറകൾ മനസ്സിലാക്കുവാനും മേൽത്തരം വർഗ്ഗഗുണമുള്ള കാലികളെ നേരിൽ കാണാനും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കന്നുകാലി പ്രദർശനം നടത്തുന്നതു ഉപകാര പ്രദമായിരിക്കും.

പാലിന്റെ ഉപയോഗം വർദ്ധിപ്പിക്കുക അഭ്യസ്ഥവിദ്യരായ വനിതയ്ക്കും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ ജനതയുടെ ആഹാര രീതി മെച്ചപ്പെടുത്തുക, പാൽ ഉൽപ്പാദകർക്ക് ആദായകരമായ വില ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾമുന്നിൽ കണ്ട് പാലിൽനിന്നും അതിരൂപികരമായ പനീർ, പേഡ, ഖോവ, മിൽക്ക്, ചോക്ലേറ്റുകൾ പാലിറച്ചി, അച്ചാർ, കട്ലറ്റ് കേക്ക്, ഐസ്ക്രീം, ലെസ്സി, സിപ്-അപ്പ്, കുൽഫി, തൈര് മുതലായ ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. ഈ യൂണിറ്റുകൾ വനിതാസംഘടനകൾ, വനിതാസമാജങ്ങൾ, ക്ലബുകൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സന്നദ്ധസംഘടനകളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കാവുന്നതാണ്.

നല്ലപാർപ്പിടം കറവപശുക്കളിൽ 20% ത്തോളം പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് കാലിതൊഴുത്ത് നിർമ്മിക്കാൻ സഹായധനം നൽകേണ്ടതാണ്.

പഞ്ചായത്തിൽ ആകെയുള്ള മൃഗാശുപത്രിയിൽ തന്നെ ആധുനിക ചികിത്സാ ആവശ്യങ്ങൾക്കുള്ള യാതൊരുസൗകര്യവും ഇല്ല. മെച്ചപ്പെട്ട ലാബോറട്ടറി സൗകര്യങ്ങൾ മൃഗങ്ങളെ ഓപ്പറേഷൻ ചെയ്യുന്നതിനുള്ള ഒരു ഓപ്പറേഷൻ തിയേറ്റർ അത്യാവശ്യമാണ്. 200 ചതുരശ്രകിലോമീറ്റർ ഭൂവിസ്തൃതിയും പാലിയാർ പുഴയടക്കം രണ്ടുപുഴകളും വിഭാവിച്ച ഈ പഞ്ചായത്തിൽ കർഷകന് മെച്ചപ്പെട്ട സൗകര്യത്തിനായി മൃഗാശുപത്രിയിൽ ഒരു ഫോണും സ്വന്തമായി ഒരു വാഹനവും അത്യന്താപേക്ഷിതമാണ്.

മൃഗാശുപത്രിക്ക് പഞ്ചായത്തിന്റെ സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നത് അത്യാവശ്യമാണ്.

ഇറച്ചിമേഖലയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി സ്വയം തൊഴിലായി കോഴിവളർത്തൽ, മുയൽവളർത്തൽ, കാളവളർത്തൽ

തുടങ്ങിയ പരിപാടികളിൽ ആരും താല്പര്യം കാണിക്കുന്നില്ല മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിലേക്ക് വീട്ടുമുറ്റത്ത് കോഴിവളർത്തൽ പദ്ധതി പരിപോഷിപ്പിക്കേണ്ടതാണ്.

തീറ്റപ്പുൽ കൃഷി ചെയ്തു ഒരളവുവരെ തീറ്റക്ഷാമം പരിഹരിക്കാമെന്നിരിക്കേ നാമമാത്രകർഷകർ മാത്രമേ ഇപ്പോഴും ഇതിൽ ഏർപ്പെട്ടിട്ടുള്ളൂ ഇതിന്റെ വിത്തുകരം ലഭിക്കുന്നതു ദുർലഭ്യവുമാണ്. ആടുവളർത്തൽ വളരെ ലാഭകരമായി ചെയ്യാവുന്നതും മെച്ചപ്പെട്ട സാധ്യത ഉള്ള ഒരു മേഖലയായിരുന്നിട്ടുകൂടി ആരും തന്നെ ഈ മേഖലയിലേക്ക് കടന്നുവരാൻ താല്പര്യം കാട്ടുന്നില്ല.

കന്നുകാലികളിലെ പകർച്ച വ്യാധികളും മൂലം വളരെയേറെ നഷ്ടങ്ങൾ വരുന്നുണ്ടെങ്കിലും യഥാസമയത്ത് പ്രതിരോധ കുത്തിവെയ്പ്പുകളുടെ പ്രയോജനം മിക്കവരും ലഭ്യമാക്കുന്നില്ല ശാസ്ത്രീയമായരീതിയിൽ മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശരിയായ ബോധവൽക്കരണം നടത്തേണ്ടതാണ്.

പന്നയിറച്ചിക്ക് വളരെയധികം വിപണന സാദ്ധ്യതയുള്ള ഈ പഞ്ചായത്തിൽ നാമമാത്രകർഷകരെ ഈ പ്രവർത്തിയിൽ ഏർപ്പെടുന്നുള്ളൂ. ഹോട്ടലുകളിലേയും അറവുശാലകളിലേയും വെയ്സ്റ്റ് മാത്രം ഉപയോഗിച്ച് പന്നിവളർത്തൽ മുന്നോട്ടുകൊണ്ടുപോകാമെന്നിരിക്കേ കർഷകരെ ഈ രംഗത്ത് ബോധവൽക്കരിക്കേണ്ടതും സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

അനുബന്ധം

ചുങ്കത്തറ ഗ്രാമപഞ്ചായത്ത്

4.1 വളർത്തു മൃഗ സംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാളസങ്കരം	പശുശങ്കരം		പശുശങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	പംശവർനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
1	10%	12%	5	150	795	611	334	300	75	50	76	1115	1050	...
2	20%	12%	5	134	300	615	324	400	75	60	32	1147	1000	...
3	10%	7%	4	25	344	617	344	350	25	44	55	111	150	...
4	5%	8%	3	44	337	618	743	350	25	66	35	44	218	...
5	2%	8%	2	22	36	444	218	400	30	119	20	60	80	...
6	4%	8%	2	12	36	450	218	344	35	119	25	60	80	...
7	5%	8%	3	18	356	425	350	306	47	120	30	60	85	...
8	2%	8%	6	18	34	48	355	318	46	1050	60	75	100	...
9	5%	5%	12	20	32	40	60	80	100	112	70	85	60	...
10	8%	6	76	40	20	30	86	85	83	36	60	17	18	...
11	6%	8	75	32	60	80	95	75	85	88	40	48	75	...
12	22%	26%	35	38	44	46	48	49	60	68	69	75	100	...
13	30%	2%	36	39	50	60	66	72	76	78	80	81	85	...
14	2%	3%	7	36	72	611	75	300	32	44	46	48	100	...
15	5%	88	75	35	45	756	766	35	34	36	38	60	250	...

ചുങ്കത്തറ ഗ്രാമപഞ്ചായത്ത് 4.2 വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
1	350	200	600	10	6	—
2	400	175	375	25	8	—
3	275	180	250	30	10	—
4	285	200	344	14	16	—
5	254	250	200	10	8	—
6	260	230	315	4	5	—
7	250	345	368	75	30	—
8	400	375	300	10	6	—
9	300	200	250	8	7	—
10	266	235	276	18	26	—
11	400	423	444	42	30	—
12	366	372	360	40	38	—
13	325	275	275	10	6	—
14	400	375	324	5	8	—
15	375	666	300	16	20	—

ചുങ്കത്തറ ഗ്രാമപഞ്ചായത്ത് 4.3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗവിവരങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1	ദഹനസംബന്ധമായവ Digestive disorders	388	30	75	3	10	25	10			
2	ശ്വാശകോശ സംബന്ധം Respiratory diseases	344	35	34	3	24	110	—			
3	ഉപാപചയ സംബന്ധം Metabolic diseases	100	—	70	8	—	174	8			
4	തൊക്രോഗങ്ങൾ Skin diseases	4	5	—	—	—	16	80			
5	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	200	114	20	10	26	114	12			
6	പരാദരോഗങ്ങൾ Parasitic diseases	8	10	7	—	—	—				
7	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	234	107	18	10	19	165				
8	വന്ധ്യത Infertility	8	3	—	—	—	—				
9	അകിടുവീക്കം Mastitis	395	80	76	—	—	—				
10	മുടന്തൻ പനി Ephemeral Fever	306	81	—	—	—	—				
11	പകർച്ചവ്യാധികൾ Contagion diseases	—	—	—	—	—	—				

ചുങ്കത്തറ ഗ്രാമപഞ്ചായത്ത്
4.4 പേ വിഷബാധ - പ്രതിരോധവും ചികിൽസയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം	2	0	6	125		
കടിയേറ്റതിനുശേഷം കുത്തിവെയ്പ്പു നടത്തിയവയുടെ എണ്ണം	1	1	2	Nil	1	

ചുങ്കത്തറ ഗ്രാമപഞ്ചായത്ത്
4-5 കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു	1356	1350	217
കിടാരി	1750	175	...
എരുമ	175	134	110

13. 4. ക്ഷീര സഹ: സംഘം (ആപ്കോസ് ഉൾപ്പെടെ)
ചുങ്കത്തറ പഞ്ചായത്ത്-1995.96

മൊത്തം ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത്	പുറത്തേയ്ക്ക് അയക്കുന്നത്
ലിറ്റർ	ലിറ്റർ	ലിറ്റർ
1	2	3
11,42,831 ലക്ഷം ലിറ്റർ	89.5,982 ലക്ഷം ലിറ്റർ	2.46,849 ലക്ഷം ലിറ്റർ

മൃഗസംരക്ഷണം-5

വ്യവസായം

ഈ പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ്. 40 – തോളം (ഓയിൽ നൽകൽ, ചകിരിനിർമ്മാണം, ഫ്ളവർമിൽ സോമിൽ. ഇൻഡസ്ട്രിയൽസ്, ഇഷ്ടിക വ്യവസായങ്ങം) ചെറുകിട വ്യവസായ സ്ഥാപനങ്ങളാണ് നമുക്കുള്ളത്. മറ്റു വ്യവസായ സംരംഭങ്ങം ഒന്നും ഈ പഞ്ചായത്തിൽ ഇല്ല.

ധാരാളം തൊഴിൽരഹിതരായ യുവതീ യുവാക്കം ഉള്ള ഈ പഞ്ചായത്തിൽ വ്യവസായങ്ങം തുടങ്ങാൻ അനുകൂലമായ ധാരാളം ഘടകങ്ങം ഉണ്ട്. പല വ്യവസായ സംരംഭങ്ങൾക്കും ആവശ്യമായ വെള്ളം, വൈദ്യുതി മറ്റ് അസംസ്കൃത വസ്തുക്കം എന്നിവയും ഒരു പരിധി വരെ ഗതാഗത സൗകര്യങ്ങളും ഉണ്ടായിട്ടും ഒരു വ്യാവസായിക അടിത്തറയുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല നമ്മുടെപഞ്ചായത്തിൽ നിന്നു തന്നെ ലഭിക്കുന്ന അസംസ്കൃത വസ്തുക്കം തന്നെ ഉപയോഗിച്ച് പൊതു മേഖലയിലും സഹകാര്യ മേഖലയിലും സഹകരണ മേഖലയിലും ധാരാളം ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും തുടങ്ങാമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഈ പഞ്ചായത്തിലെ പതിനഞ്ച് ഗ്രാമസഭകളിലും പ്രധാനമായും ഉയർന്നുവന്ന നിർദ്ദേശം നാണ്യ വിളകളായ റബ്ബർ തെങ്ങ് എന്നിവ അധിഷ്ഠിതമായ വ്യവസായങ്ങളാണ്.

റബർ അധിഷ്ഠിതം

നമ്മുടെ പഞ്ചായത്തിൽ പ്രതിദിനം മുപ്പതിനായിരത്തിൽ പരം ലിറ്റർ റബ്ബർ പാൽ ലഭ്യമാണ്. അതിനനുസൃതമായി ഒട്ടുപാലും സുലഭമാണ് ഇതു മുഴുവൻ ഷീറ്റായി ചെറുകിട വ്യാപാരികളും വഴി വിറ്റഴിക്കപ്പെടുകയാണ് ചെയ്യുന്നത്. മൊത്തം ഉൽപാദനത്തിന്റെ അഞ്ചു ശതമാനം റബ്ബർ പാൽ ബാരലുകളിൽ നിറച്ച് രാസവസ്തുക്കം ചേർത്ത് കയറ്റിഅയക്കപ്പെടുന്നുണ്ട്.

റബ്ബർ പാൽ ഉപയോഗിച്ച് സ്പോഞ്ച് നിർമ്മിക്കുന്ന വ്യവസായം നമ്മുടെ പഞ്ചായത്തിലെ പലഭാഗങ്ങളും കേന്ദ്രീകരിച്ച് ആരംഭിയ്ക്കുവനതാണ്.സ്പോഞ്ച് വിപണനം നടത്തുന്നതിനു പുറമേ സ്പോഞ്ചും ചകിരിയും ഉപയോഗിച്ച് ഡോഫ, ബെഡ് മുതലായവ നിർമ്മിക്കുന്ന വ്യവസായവും തുടങ്ങാവുന്നതാണ്

റബ്ബർ പാൽ അസംസ്കൃത വസ്തുവായി നിർമ്മിക്കുന്ന ചെരിപ്പ്, ചവിട്ടി മുതലായവ ധാരാളം വില്പന സാധ്യതയുള്ള ഉത്പന്നങ്ങളായതിനാൽ ഈ വ്യവസായം ധാരാളം തൊഴിൽ സാധ്യതകം നൽകാൻ പര്യാപ്തമാണ് റബ്ബർ ബാൻഡ് റബ്ബർ ഗ്ളൗസ് ഫലൂണകം എന്നിവ നിർമ്മിക്കുന്ന കുടിൽ വ്യവസായങ്ങം തുടങ്ങാൻ കഴിഞ്ഞാൽ ഇതും ധാരാളം തൊഴിൽ സാധ്യത ഉറപ്പു വരുത്തുന്ന ഒന്നാണ്.

ഒട്ടുപാൽ അരച്ച് ഷീറ്റാക്കുന്ന വ്യവസായയൂണിറ്റുകം തുടങ്ങാൻ കഴിഞ്ഞാൽ ഇവിടെ ഉത്പാദിപ്പിക്കുന്ന മുഴുവൻ ഒട്ടുപാലും കാളിറ്റി റബർ ഷീറ്റാക്കി മാറ്റി കൂടിയ വിലക്ക് വിറ്റഴിക്കാൻ കഴിയും.

ഈ പഞ്ചായത്തിലെ പ്രായമായ റബർ തടികം മുറിച്ചാൽ മുഴുവനും മറ്റ് സ്ഥലങ്ങളിലേക്ക് കേറ്റിപോകുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്.പഞ്ചായത്ത് അടിസ്ഥാനത്തിൽ അനയോജ്യമായ ഒരു സ്ഥലത്ത് റബർ തടി സംസ്കരണ ശാല ആരംഭിക്കണം എന്ന നിർദ്ദേശം പഞ്ചായത്തിലെ മുഴുവൻ ഗ്രമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. ഇത് പ്രാവർത്തികമായാൽ റബർ തടിക്ക് ഇന്നു ലഭിക്കുന്നതിൽ കൂടുതൽ മെച്ചപ്പെട്ട വില കർഷകർക്ക് ലഭ്യമാകും. പ്രത്യക്ഷമായും പരോക്ഷമായും ആയിരത്തിൽ ഏറെ പേർക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്യും സംസ്കരിച്ച റബർതടിഉപയോഗിച്ച് വിവിധതരം ഫർണിച്ചർഉത്പന്നങ്ങം ഇവിടെ നിർമ്മിക്കാനും അതുവഴിമറെറാരു തൊഴിൽ മേഖല സൃഷ്ടിക്കാനുംകഴിയും.

തെങ്ങ് അധിഷ്ഠിതം

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു പ്രധാന നാണ്യ വിളയായ തെങ്ങ് അധിഷ്ഠിതമായ വ്യവസായങ്ങളും തുടങ്ങാൻ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിൽ ഇന്ന് ഉത്പാദിപ്പിക്കുന്ന നാളികേരത്തിൽ ഭൂരിഭാഗവും നാളികേരമായും കൊപ്രയാക്കിയും അന്യ സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. ചെറിയൊരു ശതമാനം ഇവിടെയുള്ള സ്വകാര്യ മില്ലുടമകളും കുറഞ്ഞ വിലക്ക് കർഷകരിൽ നിന്നും വാങ്ങുകയും സംസ്കരിച്ച് വെളിച്ചെണ്ണയാക്കി ചെറുകിട വ്യാപാരികളും വഴി കൂടിയ വിലക്ക് വിറ്റഴിക്കുകയുമാണ് ചെയ്യുന്നത്. ഇതിന് പരിഹാരമായി പഞ്ചായത്തിൽ രണ്ടോ മൂന്നോ കൊപ്ര സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കാൻ കഴിഞ്ഞാൽ ഇന്ന് ഉത്പാദിപ്പിക്കപ്പെടുന്ന കൊപ്രയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും അതുവഴി കർഷകർക്ക് രണ്ടളടെ ഉൽപന്നത്തിന് ന്യായമായ വില ലഭിക്കുവാനും കഴിയും.

നാളികേരത്തിൽ നിന്നും കൊപ്ര എടുത്തതിനു ശേഷം ബാക്കി വരുന്ന തൊണ്ടും ചിരട്ടയും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്കും പഞ്ചായത്തിൽ സാധ്യതകളും ഉണ്ട്. ഈ പഞ്ചായത്തിൽ സ്വകാര്യ ഉടമസ്ഥതയിൽ രണ്ട് ചകിരി നാര് നിർമ്മാണ ഫാക്ടറികളും പ്രവർത്തിച്ചു വരുന്നുണ്ട്. നാമമാത്രമായ തൊഴിൽ അവസരങ്ങളേ ഈ രണ്ടു ഫാക്ടറികളും പ്രദാനം ചെയ്യുന്നുള്ളൂ.

എന്നാൽ സഹകരണ മേഖലയിലോ പൊതുമേഖലയിലോ വൻകിടതൊണ്ട് സംസ്കരണ ഫാക്ടറികളും പഞ്ചായത്തിൽ തുടങ്ങിയാൽ ചകിരിനാര് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന കയർ നിർമ്മാണം ചവിട്ടുപായ നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായയൂണിറ്റുകളും നിലവിൽ വരാനും അതുവഴി കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാനും കഴിയും.

വളരെയേറെ വ്യവസായിക പ്രാധാന്യമുള്ള അസംസ്കൃത പദാർത്ഥമാണ് ചിരട്ട നമ്മുടെ നാട്ടിൽ ധാരാളമായി ലഭിക്കുന്നു ചിരട്ട തീകത്തിക്കുന്നതിനും ഒബർ ടാപ്പിംഗിനും മാത്രമാണ് ഉപയോഗിക്കുന്നത് ബാക്കി വരുന്ന ചിരട്ട മുഴുവൻ ഉപയോഗശൂന്യമായി പോകുന്ന അവസ്ഥയാണ് ഇന്നുള്ളത് ഇങ്ങനെ പാഴായി പോകുന്ന ചിരട്ട സംഭരിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന ''ആക്റ്റിവേറ്റഡ്'' കാർബൺ ആക്കി മാറ്റാവുന്ന ഒരു വ്യവസായ യൂണിറ്റ് കൊപ്രാസംസ്കരണ ശാലയോടനുബന്ധിച്ച് നിലവിൽ വരുകയാണെങ്കിൽ പാഴായി പോകുന്ന ചിരട്ടയ്ക്കും ന്യായമായ വില ലഭിക്കുകയും പെയിന്റ് നിർമ്മാണം തുടങ്ങിയ വ്യവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ചിരട്ടയെണ്ണ നിർമ്മാണ യൂണിറ്റും ഇതിനോടനുബന്ധിച്ച് നിലവിൽ വരാൻ അനുകൂല സാഹചര്യമാണ് പഞ്ചായത്തിൽ ഇന്നുള്ളത്.

കൊപ്ര നിർമ്മാണത്തിനിടെ പാഴാവുന്ന തേങ്ങാവെള്ളം ഉപയോഗിച്ച് വൻ വിപണന സാധ്യതയുള്ള വിനാഗിരി നിർമ്മാണ യൂണിറ്റും അനുബന്ധ വ്യവസായമായി തുടങ്ങാൻ പഞ്ചായത്തിൽ സാധ്യതയേറെയാണ്.

ഇഷ്ടിക നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ പല വാർഡുകളിലായി അഞ്ഞൂറോളം ആളുകൾ ജോലി ചെയ്യുന്ന ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും നിലവിലുണ്ട്. വർഷം തോറും ധാരാളം കെട്ടിടങ്ങൾ ഉയർന്നു വരുന്ന നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനു ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ് ഇഷ്ടിക. ഈ പഞ്ചായത്തിൽ പട്ടിക വർഗ്ഗ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രാഥമിക [illegible]നം ആരംഭിച്ചിട്ട്

ണ്ട്. ഇന്ന് നിലവിൽ നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഇഷ്ടികകളം പഞ്ചായത്തിന്റെ വർദ്ധിച്ചവരുന്ന ആവശ്യങ്ങൾക്ക് അപര്യാപ്തമാണ്. ഇതിനു പരിഹാരമെന്നോണം പഞ്ചായത്തിന്റെ വിവിധ വാർഡുകളം കേന്ദ്രീകരിച്ച് പൊതു മേഖലയിലോ സഹകരണ മേഖലയിലോ തീരെ ചെറുതല്ലാത്ത ഇഷ്ടിക നിർമ്മാണ യൂണിറ്റുകളം നിലവിൽ വരുത്തുകയാണെങ്കിൽ പഞ്ചായത്തിൽ ആയിരത്തിലധികം ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കാൻ കഴിയും.

കൂടാതെ സിമൻറും കരിങ്കൽ പൊടിയും ഉപയോഗിച്ച് ഹോളോബ്രിക്സ് നിർമ്മിക്കുന്ന ഒരു യൂണിറ്റ് പഞ്ചായത്തിൽ സഹകാര്യ മേഖലയിൽ നിലവിലുണ്ട് ആധുനികരീതിയിലുള്ള കെട്ടിട നിർമ്മാണത്തിന് ഹോളോബ്രിക്സം ധാരാളമായി ഉപയോഗിക്കുന്നുണ്ട്

പഞ്ചായത്തിൽ അനുയോജ്യമായ ഒരു സ്ഥലത്ത് ഈ പഞ്ചായത്തിലെ ആവശ്യത്തിന് പര്യാപ്തമായ രീതിയിൽ ഒരു ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് തുടങ്ങേണ്ടതാണ് ഇതും കെട്ടിട നിർമ്മാണ തൊഴിലവസരങ്ങൾധാരാളമായി സൃഷ്ടിക്കാൻ പര്യാപ്തമാണ്.

ക്രഷർ മെറ്റൽ നിർമ്മാണം

പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ കരിങ്കൽ കോറികളം നിലവിലുണ്ട് സർക്കാർ അംഗീകാരത്തോടെ കരിങ്കൽ കോറികളം നടത്താൻ അംഗീകാരം നൽകാത്ത കാരണത്താൽ സുലഭമായി ലഭിക്കുന്ന കരിങ്കൽ വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ല

വർദ്ധിച്ചു വരുന്ന കെട്ടിട നിർമ്മാണവും വികസനപ്രവർത്തനങ്ങളും സുഗമമായി നടത്തുന്നതിന് വളരെയധികം കരിങ്കല്ലും മെറ്റലും ആവശ്യമാണ് ചങ്കുത്തറ പഞ്ചായത്തിലെ ചീരക്കഴിയിലും കുമ്പലങ്ങോട് വില്ലേജിലെ പല ഭാഗങ്ങളിലും ലഭിക്കുന്ന കരിങ്കല്ല് ഉപയോഗിച്ച് ക്രഷർമെറ്റൽ ഉണ്ടാക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചാൽ നിർമ്മാണ പ്രവർത്തനങ്ങളം സുഗമമാക്കുന്നതിനും ഈ മേഖലയിൽ ധാരാളം തൊഴിലവസരങ്ങളം സൃഷ്ടിക്കുന്നതിനും സാധിക്കും.

കാലിതീറ്റ ഫാക്ടറി

നമ്മുടെപഞ്ചായത്തിൽ ഭൂരിഭാഗവും കൃഷിക്കാരാണ് എന്നതുകൊണ്ട് ഒരു പ്രധാന കൃഷിയായ കാലിവളർത്തൽ പ്രധാനമായ കൃഷിയായ തികഞ്ഞുവരുന്നു.

ക്ഷീരോൽപാദക സഹകരണ സംഘങ്ങം വഴി പാൽ വിറ്റഴിക്കുന്ന ധാരാളം ക്ഷീര കർഷകർ ഇവിടെയുണ്ട്. പശുക്കൾക്കും മറ്റ് കന്നുകാലികൾക്കും കൊടുക്കുന്ന പ്രധാന കാലിതീറ്റകളം മറ്റ് സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിട്ടാണ് ഇവിടെ ഉപയോഗിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ മിൽമയുടെ കീഴിലൊ, മറ്റ് സഹകരണ മേഖലയിലൊ സഹകാര്യ മേഖലയിലൊ ഒരു കാലിതീറ്റ ഫാക്ടറി തുടങ്ങുവാനുള്ള അസംസ്കൃത വസ്തുക്കൾ നമുക്ക് ലഭ്യമാണ്. ഇതുവഴി കടൽപ്പിണ്ണാക്ക് കാലിതീറ്റ ലഭിക്കുമെന്നതിനു പുറമെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. മാത്രമല്ല മരച്ചീനി, തവിട്, കൊപ്ര മുതലായവ ഉൽപാദിപ്പിക്കുന്ന കർഷകന് ഇവ വിറ്റഴിക്കുന്നതിനുള്ള സാധ്യതകളം ഉണ്ടാവുകയും ചെയ്യും.

റെഡിമെയ്ഡ് ഗാർമെൻസ്

തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിന് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള ഒരു പദ്ധതിയാണ് ഇത്. ഈ പഞ്ചായത്തിന്റെ മുഴവൻ വാർഡുകളിലും ധാരാളം തൊഴിൽ രഹിതരായ പെൺകുട്ടികളം ത

തെങ്ങ് അധിഷ്ഠിതം

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു പ്രധാന നാണ്യ വിളയായ തെങ്ങ് അധിഷ്ഠിതമായ വ്യവസായങ്ങളും തുടങ്ങാൻ പഞ്ചായത്തിലെ എല്ലാ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്.

പഞ്ചായത്തിൽ ഇന്ന് ഉത്പാദിപ്പിക്കുന്ന നാളികേരത്തിൽ ഭൂരിഭാഗവും നാളികേരമായും കൊപ്രയാക്കിയും അന്യ സ്ഥലങ്ങളിലേക്ക് കയറ്റി അയക്കുകയാണ് ചെയ്യുന്നത്. ചെറിയൊരു ശതമാനം ഇവിടെയുള്ള സ്വകാര്യ മില്ലുടമകളും കുറഞ്ഞ വിലക്ക് കർഷകരിൽ നിന്നും വാങ്ങുകയും സംസ്കരിച്ച് വെളിച്ചെണ്ണയാക്കി ചെറുകിട വ്യാപാരികളും വഴി കൂടിയ വിലക്ക് വിറ്റഴിക്കുകയുമാണ് ചെയ്യുന്നത്. ഇതിന് പരിഹാരമായി പഞ്ചായത്തിൽ രണ്ടോ മൂന്നോ കൊപ്ര സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കാൻ കഴിഞ്ഞാൽ ഇന്ന് ഉത്പാദിപ്പിക്കപ്പെടുന്ന കൊപ്രയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും അതുവഴി കർഷകർക്ക് തങ്ങളുടെ ഉൽപന്നത്തിന് ന്യായമായ വില ലഭിക്കുവാനും കഴിയും.

നാളികേരത്തിൽ നിന്നും കൊപ്ര എടുത്തതിനു ശേഷം ബാക്കി വരുന്ന തൊണ്ടും ചിരട്ടയും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്കും പഞ്ചായത്തിൽ സാധ്യതകളും ഉണ്ട്. ഈ പഞ്ചായത്തിൽ സ്വകാര്യ ഉടമസ്ഥതയിൽ രണ്ട് ചകിരി നാര് നിർമ്മാണ ഫാക്ടറികളും പ്രവർത്തിച്ചു വരുന്നുണ്ട്. നാമമാത്രമായ തൊഴിൽ അവസരങ്ങളേ ഈ രണ്ടു ഫാക്ടറികളും പ്രദാനം ചെയ്യുന്നുള്ളൂ.

എന്നാൽ സഹകരണ മേഖലയിലോ പൊതുമേഖലയിലോ വൻകിടതൊണ്ട് സംസ്കരണ ഫാക്ടറികളും പഞ്ചായത്തിൽ തുടങ്ങിയാൽ ചകിരിനാര് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന കയർ നിർമ്മാണം ചവിട്ടുപായ നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായയൂണിറ്റുകളും നിലവിൽ വരാനും അതുവഴി കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാനും കഴിയും.

വളരെയേറെ വ്യവസായിക പ്രാധാന്യമുള്ള അസംസ്കൃത പദാർത്ഥമാണ് ചിരട്ട നമ്മുടെ നാട്ടിൽ ധാരാളമായി ലഭിക്കുന്ന ചിരട്ട തീകത്തിക്കുന്നതിനും റബർ ടാപ്പിംഗിനും മാത്രമാണ് ഉപയോഗിക്കുന്നത് ബാക്കി വരുന്ന ചിരട്ട മുഴുവൻ ഉപയോഗശൂന്യമായി പോകുന്ന അവസ്ഥയാണ് ഇന്നുള്ളത് ഇങ്ങനെ പാഴായി പോകുന്ന ചിരട്ട സംഭരിച്ച് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന ''ആക്റ്റിവേറ്റഡ്'' കാർബൺ ആക്കി മാറ്റാവുന്ന ഒരു വ്യവസായ യൂണിറ്റ് കൊപ്രാസംസ്കരണ ശാലയോടനുബന്ധിച്ച് നിലവിൽ വരുകയാണെങ്കിൽ പാഴായി പോകുന്ന ചിരട്ടയ്ക്കും ന്യായമായ വില ലഭിക്കുകയും പെയിന്റ് നിർമ്മാണം തുടങ്ങിയ വ്യവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ചിരട്ടയെണ്ണ നിർമ്മാണ യൂണിറ്റും ഇതിനോടനുബന്ധിച്ച് നിലവിൽ വരാൻ അനുകൂല സാഹചര്യമാണ് പഞ്ചായത്തിൽ ഇന്നുള്ളത്.

കൊപ്ര നിർമ്മാണത്തിനിടെ പാഴാവുന്ന തേങ്ങാവെള്ളം ഉപയോഗിച്ച് വൻ വിപണന സാധ്യതയുള്ള വിനാഗിരി നിർമ്മാണ യൂണിറ്റും അനുബന്ധ വ്യവസായമായി തുടങ്ങാൻ പഞ്ചായത്തിൽ സാധ്യതയേറെയാണ്.

ഇഷ്ടിക നിർമ്മാണം

നമ്മുടെ പഞ്ചായത്തിൽ പല വാർഡുകളിലായി അഞ്ഞൂറോളം ആളുകൾ ജോലി ചെയ്യുന്ന ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും നിലവിലുണ്ട്. വർഷം തോറും ധാരാളം കെട്ടിടങ്ങൾ ഉയർന്നു വരുന്ന നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനു ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു ഘടകമാണ് ഇഷ്ടിക. ഈ പഞ്ചായത്തിൽ പട്ടിക വർഗ്ഗ സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് പ്രാഥമിക പ്രവർത്തനം ആരംഭിച്ചിട്ട

ണ്ട്. ഇന്ന് നിലവിൽ നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഇഷ്ടികകൊണ്ട് പഞ്ചായത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അപര്യാപ്തമാണ്. ഇതിനു പരിഹാരമെന്നോണം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കേന്ദ്രീകരിച്ച് പൊതു മേഖലയിലോ സഹകരണ മേഖലയിലോ തീരെ ചെറുതല്ലാത്ത ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ നിലവിൽ വരുത്തുകയാണെങ്കിൽ പഞ്ചായത്തിൽ ആയിരത്തിലധികം ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യമാക്കാൻ കഴിയും.

കൂടാതെ സിമന്റും കരിങ്കൽ പൊടിയും ഉപയോഗിച്ച് ഹോളോബ്രിക്സ് നിർമ്മിക്കുന്ന ഒരു യൂണിറ്റ് പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ നിലവിലുണ്ട് ആധുനികരീതിയിലുള്ള കെട്ടിട നിർമ്മാണത്തിനു ഹോളോബ്രിക്സും ധാരാളമായി ഉപയോഗിക്കുന്നുണ്ട്

പഞ്ചായത്തിൽ അനുയോജ്യമായ ഒരു സ്ഥലത്ത് ഈ പഞ്ചായത്തിലെ ആവശ്യത്തിന് പര്യാപ്തമായ രീതിയിൽ ഒരു ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് തുടങ്ങേണ്ടതാണ് ഇതും കെട്ടിട നിർമ്മാണ തൊഴിലവസരങ്ങൾധാരാളമായി സൃഷ്ടിക്കാൻ പര്യാപ്തമാണ്.

ക്രഷർ മെറ്റൽ നിർമ്മാണം

പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ കരിങ്കൽ കോറികൾ നിലവിലുണ്ട് സർക്കാർ അംഗീകാരത്തോടെ കരിങ്കൽ കോറികൾ നടത്താൻ അംഗീകാരം നൽകാത്ത കാരണത്താൽ സുലഭമായി ലഭിക്കുന്ന കരിങ്കൽ വേണ്ടത്ര ഉപയോഗിക്കാൻ കഴിയുന്നില്ല

വർദ്ധിച്ചു വരുന്ന കെട്ടിട നിർമ്മാണവും വികസനപ്രവർത്തനങ്ങളും സുഗമമായി നടത്തുന്നതിന് വളരെയധികം കരിങ്കല്ലും മെറ്റലും ആവശ്യമാണ് ചുങ്കത്തറ പഞ്ചായത്തിലെ ചീരക്കഴിയിലും കുമ്പലങ്ങോട് വില്ലേജിലെ പലഭാഗങ്ങളിലും ലഭിക്കുന്ന കരിങ്കല്ല് ഉപയോഗിച്ച് ക്രഷർമെറ്റൽ ഉണ്ടാക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ചാൽ നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഈ മേഖലയിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും

കാലിതീറ്റ ഫാക്ടറി

നമ്മുടെപഞ്ചായത്തിൽ ക്ഷീരഭാഗവും കൃഷിക്കാരാണ് എന്നതുകൊണ്ട് ഒരു പ്രധാന കൃഷിയായ കാലിവളർത്തൽ പ്രധാനമായ കൃഷിയായി കണക്കാക്കുന്നു.

ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ വഴി പാൽ വിറ്റഴിക്കുന്ന ധാരാളം ക്ഷീര കർഷകർ ഇവിടെയുണ്ട്. പശുക്കൾക്കും മറ്റ് കന്നുകാലികൾക്കും കൊടുക്കുന്ന പ്രധാന കാലിതീറ്റകൾ മറ്റ് സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തിട്ടാണ് ഇവിടെ ഉപയോഗിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ മിൽമയുടെ കീഴിലൊ, മറ്റ് സഹകരണ മേഖലയിലൊ സ്വകാര്യ മേഖലയിലൊ ഒരു കാലിതീറ്റ ഫാക്ടറി തുടങ്ങുവാനുള്ള അസംസ്കൃത വസ്തുക്കൾ നമുക്ക് ലഭ്യമാണ്. ഇതുവഴി കടൽപ്പുല്ലാത്ത കാലിതീറ്റ ലഭിക്കുമെന്നതിനു പുറമെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുന്നു. മാത്രമല്ല മരച്ചീനി, തവിട്, കൊപ്ര മുതലായവ ഉൽപാദിപ്പിക്കുന്ന കർഷകനു ഇവ വിറ്റഴിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ടാവുകയും ചെയ്യും.

റെഡിമെയ്ഡ് ഗാർമെൻസ്

തൊഴിൽ രഹിതരായ വനിതകൾക്ക് തൊഴിൽ ലഭിക്കുന്നതിനു ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള ഒരു പദ്ധതിയാണ് ഇത്. ഈ പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും ധാരാളം തൊഴിൽ രഹിതരായ പെൺകുട്ടികൾ ത

യ്യൽ പരിശീലനം സിദ്ധിച്ചവരായുണ്ട്. ഇവർക്കൊക്കെ തൊഴിൽ നൽകാൻ റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റുകൾ സാധിക്കും. നമ്മുടെ പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ സഹകാര്യ മേഖലയിൽ ഇത്തരം ചെറിയ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ വിഭാഗത്തിൽ പെടുന്ന തൊഴിൽ രഹിതരെ സംഘടിപ്പിച്ച് സഹകരണ മേഖലയിൽ ഈ സംരംഭം തുടങ്ങാൻ ധാരാളം സാധ്യതകൾ ഉണ്ട്. തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്ന പദ്ധതി എന്ന നിലക്ക് ഈ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ പ്രത്യേകിച്ച് സ്ത്രീകളുടെ ഭാഗത്തു നിന്നും ഉയർന്നു വന്നിട്ടുണ്ട്. തൊഴിൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഈ സംരംഭത്തിന് പ്രാധാന്യം നൽകേണ്ടത് ആവശ്യമാണ്.

കളിമൺ പാത്ര നിർമ്മാണം

നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പരമ്പരാഗതമായി മൺപാത്രനിർമ്മാണം കൊണ്ട് ഉപജീവിതം കഴിക്കുന്ന ഒരു വിഭാഗം ജനങ്ങൾ അധിവസിക്കുന്നുണ്ട് ചൂളത്തറക്ക് സമീപം അണ്ടിക്കുന്ന്, എടമല, എന്നീ സ്ഥലങ്ങളിലും ഭൂദാൻ കോളനിയിലുമാണ് പ്രധാനമായും ഈ വിഭാഗത്തിലുള്ളവർ അധിവസിക്കുന്നത് ഈ തൊഴിൽ നിലച്ചു പോവുന്ന അവസ്ഥയാണ് ഇന്ന് നിലവിലുള്ളത് ആധുനിക യുഗത്തിൽ മൺപാത്രങ്ങൾ ഉപയോഗിക്കുന്നവരുടെ എണ്ണം കുറയുകയും നിർമ്മിക്കുന്ന പാത്രങ്ങൾക്ക് അദ്ധ്വാനത്തിനനുസരിച്ചുള്ള വില ലഭിക്കാതിരിക്കുകയും ചെയ്യുന്നതാണ് ഇതിന്റെ പ്രധാനകാരണം ഇതിനുവേണ്ട അസംസ്കൃത വസ്തുവായ കളിമണ്ണ് ലഭ്യമല്ലാത്തതും മറ്റൊരു കാരണമായി കാണാം. ഗവ: ഫോറസ്റ്റിൽ നിന്നുമാണ് പ്രധാനമായും ഈ കളിമണ്ണ് ശേഖരിച്ചിരുന്നത് എന്നാൽ മണ്ണെടുക്കാൻ ഫോറസ്റ്റ് ജീവനക്കാർ അനുവദിക്കാത്തതു കൊണ്ട് വളരെ പ്രയാസത്തിലാണ് ഈ സ്ഥിതി തുടർന്നാൽ നമ്മുടെ പഞ്ചായത്തിൽ മൺപാത്ര നിർമ്മാണം നിലച്ചുപോവാൻ എല്ലാ സാദ്ധ്യതകളും കാണുന്നുണ്ട് ഇവരുടെ പിൻതലമുറക്കാർ മറ്റ് ജോലികൾ തേടി പോവുന്നസ്ഥിയാണുള്ളത്

മൺ പാത്ര നിർമ്മാണ രംഗത്തുള്ളപ്രശ്നങ്ങൾ പഠിച്ച് പരിഹാരം ഉണ്ടാക്കാൻ നടപടികൾ ആവശ്യമാണ്.

നൂൽ നൂൽപ്

നമ്മുടെ പഞ്ചായത്തിൽ 15 - ാം വാർഡിൽ കോട്ടേപ്പാടത്ത് മാത്രമാണ് ഒരു നൂൽ നൂൽപ് കേന്ദ്രം ഉള്ളത്. ഈ സംരംഭം നിലച്ചു പോവുന്ന അവസ്ഥയാണ് നിലവിലുള്ളത്. 40 ഓളം സ്ത്രീ തൊഴിലാളികൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്.

ഇവിടെ ജോലി ചെയ്യുന്നവർക്ക് ജോലിക്ക് അനുസൃതമായി കൂലി ഇന്ന് ലഭ്യമല്ല. ഇന്നുള്ള സ്ഥിതിയനുസരിച്ച് ഒരു തൊഴിലാളിക്ക് 10 കി മുതൽ 15 കി വരെയാണ് കൂലിയായി ലഭിക്കുന്നത്.

കാലാനുസൃതമായി ഈ കേന്ദ്രം വിപുലീകരിക്കണം. അസംസ്കൃത വസ്തു ലഭ്യമാക്കാനും തൊഴിൽ ചെയ്യുന്നവർക്ക് ന്യായമായ കൂലി ലഭിക്കാനും ഉള്ള സാഹചര്യം ഉണ്ടാവണം.

ബേക്കറി വ്യവസായം

നമ്മുടെ പഞ്ചായത്തിൽ ധാരാളം സ്ഥലങ്ങളിൽ ബേക്കറികൾ പ്രവർത്തിക്കുന്നുണ്ട്. ഈ ചെറു യൂണിറ്റുകളൊക്കെതന്നെ സ്വകാര്യ വ്യക്തികൾ നടത്തുന്നവയാണ്.

ദൈനംദിനം ധാരാളം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സാദ്ധ്യതയുള്ള ഒരു ചെറുകിട വ്യവസായമായി ഇതിനെ മാറ്റാൻ കഴിയും. സ്വകാര്യ മേഖലയിലൊ സഹകരണ മേഖലയിലൊ നല്ലരീതിയിലുള്ള ഉൽപ്പന്ന നിർമ്മാണ കേന്ദ്രം ആരംഭിക്കാവുന്നതാണ്. പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭ്യതക്ക് സാധ്യതയുള്ളതാണ് ഈ രംഗം.

നമ്മുടെ പഞ്ചായത്തിലെ ഒരു പ്രധാന കൃഷിയാണ് നേന്ത്രവാഴ. നേന്ത്രക്കായ ഉപയോഗിച്ച് ചിപ്സ് ഉണ്ടാക്കുന്ന യൂണിറ്റും ബേക്കറി വ്യവസായത്തോടനുബന്ധിച്ച് തുടങ്ങാവുന്നതാണ്.

വെളിച്ചെണ്ണയും നേന്ത്രക്കായയും ധാരാളം ലഭ്യമായതിനാൽ നമ്മുടെ മുഴുവൻ വാർഡുകളിലും ചിപ്സ് നിർമ്മാണത്തിന് സാധ്യതകളുണ്ട്. കൃഷിക്കാർക്ക് നേന്ത്രക്കായയും വെളിച്ചെണ്ണയും വിറ്റഴിക്കുന്നതിനും ഉപഭോക്താക്കൾക്ക് കലർപ്പില്ലാത്ത നല്ല സാധനം ലഭിക്കുന്നതിനും ഇതുവഴി സാധ്യതയുണ്ട്.

റൈസ്, ഓയിൽ മില്ലുകൾ

നമ്മുടെ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി സ്വകാര്യഉടമയിൽ ചെറിയ മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് സ്വയംതൊഴിൽ ലഭിക്കുന്നതിനും, അരി, കൊപ്ര വ്യവസായങ്ങൾ നടത്തുന്നതിനുമായി പ്രവർത്തിക്കുന്നവയാണ്. എന്നാൽ പൊതുമേഖലയിലൊ സഹകരണ മേഖലയിലൊ തീരെ ചെറുതല്ലാത്ത രീതിയിൽ റൈസ്, ഓയിൽ മില്ലുകൾ പ്രവർത്തിക്കാൻ പറ്റിയസാഹചര്യമാണ് നമ്മുടെനാട്ടിലുള്ളത്.

ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ല് കുത്തി അരിയാക്കുന്നതിനും അതുവഴി നെല്ല് കയറ്റി അയക്കുന്ന പ്രവണത അവസാനിപ്പിക്കാനും കഴിയും.

ഇവിടത്തെ ഏറ്റവും പ്രധാന കൃഷിയായ തെങ്ങുകൃഷിക്കാരെ ചൂഷണത്തിൽ നിന്നും രക്ഷിക്കാൻ ഓയിൽ മില്ല് സംരംഭത്തിനു കഴിയും. ഇതോടനുബന്ധിച്ച് ചിപ്സ് വ്യവസായം പോലുള്ള ചെറുകിട തൊഴിൽദാന പദ്ധതികളും നടപ്പാക്കാം. ഈ സംരംഭം വിജയിപ്പിക്കാൻ കഴിഞ്ഞാൽ പ്രത്യക്ഷമായും പരോക്ഷമായും ധാരാളം തൊഴിൽ സാദ്ധ്യതകളുണ്ട്.

സോമില്ല്

നമ്മുടെ പഞ്ചായത്തിൽ രണ്ട് സോമില്ലുകൾ മാത്രമാണുള്ളത്. ഇതിൽ ഒരെണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. വളർന്നുവരുന്ന ഫർണ്ണിച്ചർ നിർമ്മാണ സാദ്ധ്യതകൾക്കും നിലവിലുള്ള വീട് നിർമ്മാണംപോലുള്ളവർക്കും ഈ മില്ലുകൾ ആവശ്യമായതിനാൽ സാങ്കേതികതടസവാദങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുകൊണ്ട് സോമില്ലുകൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കാൽ കഴിഞ്ഞാൽ ഈ രംഗത്തെ വിദഗ്ദ്ധ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കും.

കുട്ട, പനമ്പ്

നമ്മുടെ പഞ്ചായത്തിലെ മലയോരപ്രദേശങ്ങളായ വാർഡുകളിൽ കൂടുതൽ സാധ്യതയുള്ള കുടിൽ വ്യവസായമാണ് കുട്ട, പനമ്പ് തുടങ്ങിയവ, ചൂരൽ ഉപയോഗിച്ചുള്ള കൈതൊഴിൽ പദ്ധതിയും.

മുണ്ടേരി, ട്രോനം, പുളപ്പാടം, എരുമമുണ്ട തുടങ്ങിയ ഭാഗങ്ങളിൽ കുട്ട, പനമ്പ് എന്നിവ ഉണ്ടാക്കാൻ കഴിവുള്ള വിദഗ്ദരായ തൊഴിലാളികൾ അധിവസിക്കുന്നുണ്ട്. ഇവർക്ക് കുടിൽ വ്യവസായം എന്ന രീതിയിൽ ഈ തൊഴിൽ ചെയ്യാൻ കഴിഞ്ഞാൽ തൊഴിൽ അന്വേഷിച്ച് മറ്റ് രംഗങ്ങളിലേക്ക് പോവുന്ന സ്ഥിതി അവസാനിപ്പിക്കാൻ കഴിയും. അതുപോലെതന്നെ ചൂരൽ ഉപയോഗിച്ച് കസേര, കുട്ട മുതലായവ ഉണ്ടാക്കുന്ന തൊഴിലാളികളും ധാരാളമായുണ്ട്.

നമ്മുടെ വനങ്ങളിൽ മാത്രമാണ് ഇതിനുള്ള അസംസ്കൃതവസ്തുക്കൾ കാണപ്പെടുന്നത്. വനം നിയമം ഈ തൊഴിലിനെ പ്രത്യേകിച്ച് ഈ രംഗത്തെ കുടിൽ വ്യവസായത്തിനെ സാ

ധ്യതയില്ലാതാകുന്നു. കാട്ടിൽ നിന്നും ലഭിക്കുന്ന ചീനിക്ക, മെഴുക് എന്നിവ ഉപയോഗിച്ച് ചെറുകിട വ്യവസായങ്ങൾക്കും സാധ്യതയുണ്ട്.

ഇത്തിൾ വ്യവസായം

നമ്മുടെ പഞ്ചായത്തിൽ പല ഭാഗങ്ങളിലും ചെറിയ തോതിലുള്ള ഇത്തിൾ നിർമ്മാണം നടന്നിരുന്നു. എന്നാൽ അവയിന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഇത്തിൾകൃഷി ആവശ്യത്തിനായി ധാരാളമായി മറ്റു സ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്.

അസംസ്കൃത വസ്തുവിന്റെ ലഭ്യതയും വിലനിലവാരവുമാണ് പ്രധാനമായും ഈ രംഗത്ത് പ്രതികൂല സാഹചര്യമായുള്ളത് കക്കനീറു രംഗത്ത് സ്വയംതൊഴിൽ എന്ന രീതിയിൽ ധാരാളം ആൾക്കാർക്ക് പ്രവർത്തിക്കാനുള്ള സാധ്യത നമ്മുടെ നാട്ടിലുണ്ട്.

സ്വയംതൊഴിൽ കണ്ടെത്തൽ എന്ന രീതിയിൽ ഇതിനാവശ്യമായ സഹായം ലഭിച്ചാൽ കൃഷിക്കാർക്ക് ആവശ്യത്തിന് ഇത്തിൾ ലഭ്യതയും ഉറപ്പുവരുത്താം.

ബീഡി വ്യവസായം

നമ്മുടെ പഞ്ചായത്തിൽ ചുങ്കത്തറ ടൗണിനോടനുബന്ധിച്ചും വിവിധ പ്രദേശങ്ങളിലുമായി നിലനിന്നിരുന്ന ഒരുതൊഴിലായിരുന്ന ബീഡി നിർമ്മാണം. ഇന്ന് ഈ തൊഴിൽ സ്വീകരിച്ചവർ വളരെ വിരളമാണ്

ബീഡി നിർമ്മാണ രംഗം ശോഷിക്കാനുണ്ടായ കാരണം ഈ രംഗത്തെ കൂലി ശോഷണവും വിപണനരംഗത്തുണ്ടായ മന്ദ്യഭാവവുമാണെന്നാണ് മനസ്സിലാകുന്നത്. മറ്റു സ്ഥലങ്ങളിൽ നിർമ്മിക്കുന്ന ബീഡി ധാരാളമായി നമ്മുടെ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. ഇവിടെ നിർമ്മിക്കുന്ന ബീഡിക്ക് വിപണി അനുകൂലമല്ലതാനും. ബീഡി നിർമ്മാണത്തിൽ ഏർപ്പെടുന്നവക്ക് മതിയായവേതനം ലഭിക്കുന്നില്ല എന്നമാത്രമല്ല ഈ തൊഴിൽ ആരോഗ്യത്തിന് ഹാനികരമാണ് എന്ന് പൊതുവെ ഒരു ധാരണയുമുണ്ട്.

സഹകരണരംഗത്ത് ബീഡി വ്യവസായം ആരംഭിച്ചാൽ ശരിയായരീതിയിൽ പരസ്യവും പ്രവർത്തനവും ഉണ്ടായാൽ വിജയിക്കുകയും ധാരാളം തൊഴിൽ സാധ്യത ഉള്ളതുമായ ഒരു ചെറുകിട സംരംഭമാണിത്. സഹകരണമേഖലയിലും ഇത് തുടങ്ങാം.

കുട നിർമ്മാണം

നമ്മുടെ പഞ്ചായത്തിലെ 4-ാം വാർഡിൽ ഒരു കുടനിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങളും നടന്നുകഴിഞ്ഞു ഈ രംഗത്ത് പരിശീലനംലഭിക്കുന്നതിന് രണ്ടുപേർ പാഠിച്ചുകൊണ്ടിരിക്കുകയാണ്.

ഒരു തൊഴിൽദാന സംരംഭം എന്ന നിലക്ക് ഇരുപഞ്ചായത്തിന്റെ പല ഭാഗങ്ങളിലും തുടങ്ങാൻ അനുയോജ്യമായ ഒരു സംരംഭമാണ്.

ഫർണിച്ചർ നിർമ്മാണം

അനുദിനം ആവശ്യം കൂടിക്കൊണ്ടിരിക്കുന്ന ഫർണിച്ചറുകളുടെ നിർമ്മാണം വളരെ വിജയസാധ്യതയുള്ള ഒരു സംരംഭമാണ്. നമ്മുടെ നാട്ടിൽ ധാരാളം ചെറുകിട ഫർണിച്ചർ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നും ഇവിടത്തെ ആവശ്യങ്ങൾക്കു പര്യാപ്തമല്ലാത്തതിനാൽ അനുദിനം പുതിയവ ഉണ്ടായികൊണ്ടിരിക്കുന്നുണ്ട്.

ഈ രംഗത്ത് തൊഴിൽ ചെയ്യുന്നതിന് പരിശീലനം ലഭിച്ചവർ ധാരാളമുണ്ട്. കൂടാതെ ചെറുപ്പക്കാർ ഈ രംഗത്തേക്ക് പരിശീലനത്തിനായി കടന്നുവരാൻ സാധ്യതയുമുണ്ട്. മുമ്പ് പരമ്പരാഗതമായിരുന്ന ഈ തൊഴിൽ ഇന്ന് എല്ലാ വിഭാഗം ആൾക്കാരും ചെയ്യാൻ തയ്യാറായി വരുന്നുണ്ട്. ആയതിനാൽ ഈ രംഗം നല്ലൊരു തൊഴിൽ സാധ്യതയുള്ള മേഖലയാണ്.

മേൽ വിവരിച്ചവ കൂടാതെ വാഹനങ്ങൾ നന്നാക്കുന്ന വർക്ക്ഷോപ്പുകൾ, വെൽഡിംഗ് സെന്ററുകൾ തുടങ്ങിയമേഖലകളിലുള്ള സാധ്യതയും ധാരാളമായുണ്ട്. മുകളിൽ പറഞ്ഞ രണ്ട് വിഭാഗത്തിലും കൂടി ഏകദേശം 50 തൊഴിലാളികളെ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള. സ്വയംതൊഴിൽ കണ്ടെത്താനുള്ള പദ്ധതികൾ എന്നനിലക്ക് സർക്കാർ ധനസഹായത്തോടെ ഇവ തുടങ്ങാൻ കഴിവുള്ള വിദഗ്ദർ നമ്മുടെ നാട്ടിലുണ്ട്. ഇനിയും ധാരാളം ചെറുകിട കുടിൽ വ്യവസായങ്ങൾക്കും സാധ്യതകളുണ്ട്.

തീപ്പെട്ടി നിർമ്മാണം, ബുക്ക് ബൈൻറിംഗ്, അച്ചാർ, പന്തനത്തിരി, മെഴുകുതിരി നിർമ്മാണം മുതലായവ ചെറുകിട വ്യവസായം എന്ന നിലക്കും കുടിൽ വ്യവസായം എന്ന നിലക്കും നമ്മുടെ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും സാധ്യതകളുള്ളതാണ്.

മൊത്തത്തിൽ വ്യാവസായികമായി ഒരു അടിത്തറ ഇടാൻ കഴിഞ്ഞാൽ 100 ശതമാനവും തൊഴിലില്ലായ്മ പരിഹരിക്കാൻ നമ്മൾക്ക് പര്യാപ്തത നേടാം.

വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ കുറെയൊക്കെ ലഭ്യമാണെങ്കിലും വ്യവസായ വകുപ്പിന്റെയും ഗവർമെന്റിന്റെയും ധനസഹായവും നിർദ്ദേശങ്ങളും നിയന്ത്രണവും ഈ രംഗത്ത് ആവശ്യമാണ്. വൈദ്യുതി വ്യവസായരംഗത്തെ ഒഴിച്ചുകൂടാൻ പറ്റാത്തഘടകമാണ്. നമ്മുടെ സ്ഥലത്ത് വൈദ്യുതിയുടെ ലഭ്യതയില്ലായ്മ വലിയ ഒരളവ് നമുക്ക് എതിരായി നിലകൊള്ളുന്നു.

വിഭവ സമാഹരണം

വിസ്തീർണ്ണത്തിൽ കേരളത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന ചുങ്കത്തറ പഞ്ചായത്തിന് 199.69 ചതുരശ്ര മൈൽ വിസ്തൃതിയുണ്ട്. ഇത് ഒരു കുടിയേറ്റ പ്രദേശമാണ്. ഈ പഞ്ചായത്തിന്റെ മുഖ്യവരുമാനം കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് വിനോദ നികുതി, കടവുകളുടെ ലേലം, മണൽ ലേലം എന്നിവയാണ്.

പഞ്ചായത്തിന്റെ വികസന പ്രവർത്തികളും നടത്തുന്നതിന് അൺടൈഡ് J.R.Y ബേസിക്ക് ടാക്സ് എന്നിവയാണ്. പ്രധാനമായും സർക്കാരിൽനിന്ന് ലഭിക്കുന്ന ഗ്രാന്റുകളും ബസ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയിൽ നിന്നുള്ള വരുമാന മാർഗങ്ങളും പഞ്ചായത്തിലുണ്ട് പഞ്ചായത്തിന് ഏറെക്കുറെ വരുമാനമുണ്ടെങ്കിലും ഭരണചിലവിന് മാത്രമായി 1995—96 സാമ്പത്തിക വർഷത്തിൽ 6,13,034 ക. ചിലവായി എന്ന് കാണാവുന്നതാണ് വരുമാനത്തിന്റെ നല്ലൊരു ഭാഗം വികസന പ്രവർത്തനങ്ങൾക്ക് ചിലവാക്കാൻ കഴിയാതെ ഭരണച്ചിലവിനായി മാറ്റി വെക്കേണ്ട അവസ്ഥയിലാണ്.

നിർദ്ദേശങ്ങൾ:—

1 സ്വകാര്യ ആശുപത്രികളിൽ ഒരു ബെഡിന് ഒരു നിശ്ചിത തുക നികുതി ഏർപ്പാടാക്കാവുന്നതാണ്.

2 പഞ്ചായത്തിൽ സ്ഥാപിക്കുന്ന പരസ്യബോഡുകൾക്ക് ചെറിയ നികുതി ചുമത്താവുന്നതാണ്.

3 കമ്യൂണിറ്റി ഹാളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി കൂടുതൽ ഉപയോഗക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

4 ന്യായമായും കിട്ടുവാനുള്ള കെട്ടിട നികുതി വിനോദനികുതി എന്നിവ കാര്യക്ഷമമായി പിരിച്ചെടുക്കുക.

5 പരമാവധി സന്നദ്ധ മനുഷ്യ പ്രയത്നം ഉപയോഗിക്കുക.

6 ഉപയോഗ ശൂന്യമായി കിടക്കുന്ന പഞ്ചായത്ത് വക മാർക്കറ്റ് ഉപയോഗയോഗ്യമാക്കി വരുമാനം വർദ്ധിപ്പിക്കുക.

7 വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർതലത്തിൽ നിന്നും ഉൽപ്പാദനപരമായ വായ്പകൾ കൂടുതൽ അനുവദിച്ച് അവരുടെ വരുമാനം വർദ്ധിപ്പിക്കുക.

8 അഞ്ച് ഹെക്ടറിൽ കൂടുതൽ തോട്ടവിളകളുള്ള കർഷകരിൽ നികുതി ഏർപ്പെടുത്തുക.

9 ലൈസൻസ് ഫീസ് 1964 മുതൽ മാറ്റം വരുത്താതെ തുടരുന്നത് കാലാനുസൃത നിയമാനുസൃത മാറ്റങ്ങൾക്ക് വിധേയമായി ഉയർത്തുക.

10 ബസ്സ്റ്റാന്റിൽ പ്രവേശിക്കുന്ന ബസുകൾക്ക് പ്രവേശന ഫീസായി 5 രൂപ ചുമത്തുക.

11 ഭരണ ചിലവ് മുഴുവനും സർക്കാർ ഗ്രാന്റായി നൽകണം.

12 വിസ്തീർണ്ണം അധികമുള്ള പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ വ്യാപിച്ചുകിടക്കുന്ന ജന വിഭാഗങ്ങൾക്ക് സേവനം നൽകുന്നതോടൊപ്പം നികുതിപിരിവിനും വേണ്ടത്ര ഉദ്യോഗസ്ഥരെ സമയാസമയങ്ങളിൽ ലഭ്യമാക്കുക.

62

1.23 വരവ് സംബന്ധിച്ച വിവരങ്ങൾ 1995—96

Ref. C. B

ഇനം 1	ധനാഭ്യർത്ഥന 2	പിരിച്ചത് 3	ബാക്കി 4
കെട്ടിട നികുതി	340998.67	299644.94	41353.70
സർച്ചീസ് ചാർജ്ജ്			
തൊഴിൽ നികുതി	184701.00	155790.00	28911.00
വാഹന നികുതി			
വിനോദ നികുതി	111224.80	111224.80	
അഡീ. വിനോദ നികുതി	67470.30	67470.30	
പ്രദർശന നികുതി	6772.00	6772.00	
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	1693.00	1693.00	
ചന്തവരവ്			
ലാൻറ് സെസ്സ്			
ലൈസൻസ് ഫീസ്	8234.00	8234.00	
കെട്ടിട നികുതി സർചാർജ്ജ്			
വസ്തു കൈമാറ്റ നികുതി 75%	364917.00	364917.00	
വസ്തു കൈമാറ്റ നികുതി 25%	150000.00	150000.00	
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ			
സംഭാവന			
ഡെപ്പോസിറ്റ്	143465.80	143465.80	
മറ്റുള്ളവ			
ആകെ	1379476.50	1309211.80	70264.70

1.3 കടത്ത് സംബന്ധിച്ച വിവരങ്ങൾ 1995-96
Ref: A II. annexuer I. XVIII.

	കടത്തിന്റെ പേര് 1	കടത്തിൽ നിന്നുള്ളവരുമാനം 2	മറ്റു വിവരങ്ങൾ 3
1)	കൈപിനിക്കടവ്	19050	
2)	പോത്തുകല്ല് കടവ്	15300	
3)	മുട്ടിക്കടവ്	20000	
4)	പന്നിയം കടവ്	25100	
5)	മണ്ണാത്തി കടവ്	4350	
6)	അത്തിക്കൽ കടവ്	4600	
7)	ആഴകുട്ടപ്പാടി കടവ്	4350	
8)	കാലിക്കടവ്	5000	
9)	ഉപ്പട ഗ്രാമം കടവ്	210	
10)	നെല്ലിപൊയിൽ കടവ്	1140	

1.17 പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ 1995—96
Ref. Q

വകുപ്പ്	തുക പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
മൃഗസംരക്ഷണം	2500		
ആരോഗ്യം	33893	1465	
		1465	
	341825		
	1750		
കൃഷി	1340		
	2125		
	75000		
പിഡബ്ല്യുഡി			
പട്ടികജാതി	ITDP 3000		
പട്ടികവർഗ്ഗ	40250	7000	
ക്ഷേമം	2000	SC. 45	
	447		
മറ്റുള്ളവ	21500		
ആകെ	525570	9975	

1.24 ചെലവ് സംബന്ധിച്ച വിവരങ്ങൾ Ref. C B. (1995—96)

ഇനം	തുക
ഭരണം	613034.00
പൊതുമരാമത്ത്	586569.00
വിദ്യാഭ്യാസം	44060.50
ജലവിതരണ, ഓടകൾ, പൊതുജനാരോഗ്യം	66406.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	39309.00
മറ്റുള്ളവ	894329.05
ആകെ	2243707.05

1.25 പൊതു സാമ്പത്തിക നില Ref. B

	പൊതു കണക്ക്	മൂലധനകണക്ക്	കടംസംബന്ധിച്ചകണക്ക്
വരവ്	1830060.54	996284.52	371436.08
ചെലവ്	1617411.05	535791.00	90505.00

1.26 പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ
Ref. Work Bill Register

പണിയുടെസ്വഭാവം	എസ്റ്റിമേറ്റ് തുക	യഥാർത്ഥ ചെലവ്		
		ഗ്രാൻറ് തുക	പഞ്ചാ. ഫണ്ട്	ആകെ
റോഡ്		34359	39846	73205
തോട്			48603	48363
കെട്ടിടം				
നടപ്പാലം			46875	46875
മറ്റുള്ളവ				
ആകെ		34359	135324	168443

ഊർജ്ജം

1956 ൽ ചുങ്കത്തറ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി വിളക്കുകാലം കത്തി, അമ്പലക്കുന്നു ഭാഗത്താണു് നെടുംബുഴായി പടിഞ്ഞാറേ കളത്തിൽ ശ്രീ. രാമൻ നായരാണു് ആദ്യത്തെ വൈദ്യുതി ഉപഭോക്താവു്. നീണ്ട 40 വർഷം കഴിഞ്ഞെങ്കിലും പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും ഇന്നും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിൽ ഒരു ഇലക്ട്രിക് മേജർ സെക്ഷനു് വേണ്ടതിലേറെ ഉപഭോക്താക്കളും ഉണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഒരു ആപ്പീസു് പോലും പ്രവർത്തിക്കുന്നില്ല. ഏന്നതു് ഈ പ്രദേശത്തിന്റെ ദുര്യോഗമാണു്.

നിലമ്പൂർ വെളിയംതോടു് സബ്സ്റ്റേഷനിൽ നിന്നാണു് ചുങ്കത്തറ പ്രദേശത്തേക്കു് വൈദ്യുതി ലഭിക്കുന്നതു്. പഞ്ചായത്തിലെഉപഭോക്താക്കളുടെ കണ്ടു് ചാർജു് അടക്കുന്നതിനു വേണ്ടി രണ്ടു മുതൽ 24കിലോമീറ്റർ വരെ ദൂരം സഞ്ചരിച്ചാണു് എടക്കരയിൽ എത്തിച്ചേരുന്നതു്. പഞ്ചായത്തിൽ 2580 ഗാർഹിക ഉപഭോക്താക്കളും 582 വ്യാപാര ഉപഭോക്താക്കളും 565 കാർഷിക ഉപഭോക്താക്കളും 54 വ്യാവസായിക ഉപഭോക്താക്കളും ഉണ്ടു് (അവലംബം KSEB കണക്കുകൾ)

അധികൃതരുടെ കണക്കുകളുടെ പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണം 47 ആണു്. ഇവയെല്ലാം തന്നെ അധികഭാരം വഹിക്കുന്നവയാണു്. ആയതിനാൽ മുഴുവൻ ഉപഭോക്താക്കളും വോൾട്ടേജു് കുറവിനെക്കുറിച്ചു് പരാതിയുള്ളവരാണു്. മിക്ക സ്ഥലങ്ങളിലും വൈകുന്നേരങ്ങളിൽ (6 മണി മുതൽ 8മണിവരെ) 25 മുതൽ 60 വരെയാണു് വോൾട്ടേജു് കാണിക്കുന്നതു്. ആയതിനാൽ ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും 60 V ന്റെയും 110 വോൾട്ടിന്റെയും ബൾബുകൾ പ്രത്യേകമായി ഉപയോഗിക്കേണ്ടിവരുന്നു ഈ അതിരൂക്ഷമായ വോൾട്ടേജു് ക്ഷാമം മൂലം മിക്കവാറും ഉപഭോക്താക്കളും Step- up Stabilisar വ്യാപകമായി ഉപയോഗിക്കുന്നു. ഇതു് മറ്റുള്ളവർക്കു് വളരെ ദോഷം ചെയ്യുന്നു.

പഞ്ചായത്തിൽ 197 സ്ട്രീറ്റു് ലൈറ്റുകളും മാത്രമേയുള്ളു അതിൽ തന്നെ ഭൂരിഭാഗവും ഉപയോഗപ്രദമല്ല. എങ്കിലും ഇവയ്ക്കു് വേണ്ടി പ്രതിമാസം KSEBയ്ക്കു് പഞ്ചായത്തു് മാസംതോറും 3292 രൂപ. അടയ്ക്കുന്നു. പഞ്ചായത്തിൽ സ്ട്രീറ്റു് ലൈറ്റുകളിൽ ട്യൂബു് ലൈറ്റുകളോ, മെർക്കുറിവേപ്പർ ലാംബുകളോ ഇല്ല. 8സോഡിയം വേപ്പർ ലാംബു് ഉണ്ടു്.

പഞ്ചായത്തു്പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

1. വള്ളുവശ്ശേരി
2. മുട്ടിക്കടവു് ഫാം
3. മുട്ടിക്കടവു്
4. പള്ളിക്കത്തു്
5. ചുങ്കത്തറ 1
6. അമ്പലക്കുന്നു് 1
7. പുലിമുണ്ട
8. മൈലാടംപൊട്ടി
9. മണലി
10. ചുങ്കത്തറ 2
11. കുന്നത്തുപൊട്ടി
12. കൈപ്പിനി
13. കുമ്പലങ്ങോടു്
14. കോട്ടമല
15. മാമ്പൊയിൽ
16. പാലുണ്ട
17. കോട്ടേപ്പാടം
18. ആനക്കല്ലു്
19. പനങ്കയം (5ാം വാർഡിൽ)
20. മുരുകാഞ്ഞിരം
21. വെള്ളിമുറ്റം
22. പാതാർ
23. എരുമമുണ്ട 1
24. എരുമമുണ്ട 2

25. മൂടാൻ കോളനി
26. അബ്ബുട്ടാൻപൊട്ടി
27. തമ്പുരാട്ടിക്കല്ല്
28. ചളിക്കൽ
29. മുണ്ടേരി ഫാം 1 മുതൽ 8 വരെ
36. മണലി കരിശ്
37. പൂക്കോട്ടമണ്ണ്
38. പൂവത്തിക്കടവ്
39. രാമച്ചംപാടം
40. ചൂരക്കണ്ടി
41. ചാത്തന് മുണ്ട
42. മുതുകുളം
43. ഞെട്ടിക്കുളം
44. അംബേക്കർ കോളനി 1 – 2
46. ക്ഷേമംതോട്
47. പോത്തുകല്ല്

പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല. വാർഡ് തിരിച്ച് സ്ഥിതി വിവരണകണക്ക്

വാർഡ് 1 കുനിപ്പാല, വെളിമ്പിയംപാടം തണ്ടൻകല്ല്, പട്ടികവർഗ്ഗകോളനി

വാർഡ് 2 ചെമ്പ്ര പട്ടികവർഗ്ഗ കോളനി, വെള്ളിലമാട് പട്ടികജാതികോളനി, ഭൂതാനം ഹെൽത്ത് സെൻറർവെള്ളിലമാട് കവളപ്പാറ ഇരുളംകുന്ന്

വാർഡ് 3 വിജ്ഞാനപാറ, മുച്ചിക്കൽ മൈലംപാറ, ചെമ്പൻകൊല്ലി

വാർഡ് 4 പൂളപ്പാടം, കൊട്ടപാറ, പനങ്കയം, കൂവക്കോൽ, വാളംകൊല്ലി ഈസ്റ്റ്വാളംകൊല്ലിവെസ്റ്റ് മുട്ടിപ്പാലം, അതിരുവീട്ടിമലാൻകുണ്ട്, എഴുവാംപാടം

വാർഡ് 5 കോട്ടക്കുന്ന്, ആനക്കല്ല്, കുട്ടംകുളംകുന്ന്, ദിവാൻപൊട്ടി

വാർഡ് 6 ചാത്തംമുണ്ട, ചീത്തുകല്ല്, കുറത്തി പട്ടികവർഗ്ഗകോളനി, നല്ലന്തണ്ണി, അമ്പലക്കുന്ന്

വാർഡ് 7 കുറിമുണ്ട, തലഞ്ഞിപട്ടികവർഗ്ഗകോളനി, പുലിമുണ്ടകോളനി

വാർഡ് 8 അമ്പലപ്പൊയിൽ നീലഞ്ഞി പലയതോട് കുറുമ്പലംകോട് അ; ബേക്കർ കോളനി, കാവും പാടം, കുറുമ്പലംകോട് സ്കൂൾ ആശുപത്രിപരിസരം.

വാർഡ് 9 പന്നിപ്പാടം വടക്കുകിഴക്കുഭാഗം കാട്ടിച്ചിറത്തോട്ടത്തിൻറെഭാഗം പുലിമുണ്ട ലക്ഷം വീട് അണ്ടിക്കുന്ന് പടിഞ്ഞാറെഭാഗം

വാർഡ് 10 കുന്നത്ത പട്ടികവർഗ്ഗകോളനി, ലക്ഷംവീട് കോളനി മുണ്ടപ്പാടം, പൂച്ചക്കുത്ത്,കൈപ്പിറിക്കടവ് പട്ടികജാതി കോളനി, മുണ്ടപ്പാടംപട്ടികജാതികോളനി

വാർഡ് 11 കളക്കുന്ന്കോളനി

വാർഡ് 12 മുപ്പാലിപ്പൊട്ടി, ഞാറപ്പാടം, കരിങ്കോറമണ്ണ്, പടിഞ്ഞാറുംപാടം കോളനി

വാർഡ് 13 കൊന്നമണ്ണ്,കൊന്നാംപൊട്ടി കോളനികും, ചക്കമുണ്ട, കൊന്നമണ്ണ് ചീരക്കുഴി, പെരുമ്പിലാട്, കാട്ടിലപ്പാടം, ആനത്തുണ്ടി

വാർഡ് 14 വെള്ളിമുറ്റം, മുരുകാഞ്ഞിരം, കൊടീരി, ഇരുന്നൂറ്, കത്തിനാടംപൊയിൽ

വാർഡ് 15 മണലി, പട്ടികജാതികോളനി കോട്ടേപ്പാടം പട്ടികവർഗ്ഗ കോളനി ചിലഭാഗം, പാലുണ്ട പട്ടികജാതി കോളനി, 4 സെൻറ് കോളനി

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളുടേയും,സാദ്ധ്യതകളുടേയും അടിസ്ഥാനത്തിൽ ഓരോ വാർഡിലും ആവശ്യം വേണ്ട ട്രാൻസ്ഫോർമറുകളുടേയും, വഴിവിളക്കുകളുടേയും ലിസ്റ്റ് താഴെ ചേർക്കുന്നു.

ആവശ്യമായ ട്രാൻസ്ഫോമറുകൾ, ആവശ്യമായ സ്ഥലങ്ങൾ

മുണ്ടേരി, അമ്പിട്ടാംപൊട്ടി, ഭൂദാനം, വായനശാല, തുടിമുട്ടിക്കോളനി, പൂളപ്പാടം, പനങ്കയം, മുട്ടിപ്പാലം പൂവ്വത്തിക്കടവ്, കൈപ്പിനിക്കടവ് (മാറ്റിസ്ഥാപിക്കണം)മാർത്തോമ്മാ കോളേജ് പരിസരം, നെടുമ്പുഴായി, പള്ളിക്കുത്ത് 14–ാം വാർഡിൽ 200 ജംഗ്ഷനിൽ 13–ാം വാർഡ്, 15–ാം വാർഡ് അണ്ടിക്കുന്ന് പടിഞ്ഞാറെ ഭാഗത്ത് ഒരു ഇലക്ട്രിസിറ്റി ഓഫീസ് (9–ാം വാർഡ്) ചുങ്കത്തറ അങ്ങാടിയിൽ KSEB യുടെ ഒരു സെക്ഷൻ ഓഫീസ് സിംഗിൾ ഫെയ്സ് ലൈനുകൾ 3 ഫെയ്സ് ലൈനുകൾ ആക്കുക, 12–ാം വാർഡ് 4–ാം വാർഡ് വെള്ളിമറ്റവും പൂളപ്പാടം പനങ്കയം, തുവക്കോൽ, കൊട്ടപ്പാറ മുതലായ സ്ഥലങ്ങളിലെ കർഷകർ മിനിമം ഗ്യാരണ്ടി നൽകിയതും, എരുമമുണ്ടയിലേയും പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുക. പ്രസരണനഷ്ടം ഒഴിവാക്കാനുള്ള നടപടികൾ കൈക്കൊള്ളണം.

ആവശ്യമായ വഴിവിളക്കുകൾ

വാർഡ് 1 ചളിക്കൽ, തമ്പുരാട്ടിക്കല്ല്, അമ്പുട്ടാംപൊട്ടി, വെള്ളമ്പിയംപാടം കുനിപ്പാല

2 കവളപ്പാറ, ശാന്തിഗ്രാം വാണിയംപുഴ, ചെമ്പ, ഇരുട്ടുകുത്തി, പനയംചാൽ, വെള്ളിലമാട്

3 പുളിക്കകോട് റോഡിലും, ചെമ്പൻകൊല്ലി റോഡിലും

4 വെള്ളിമറ്റം, പാതാർ, മുരുകാഞ്ഞിരം, വെള്ളിമറ്റം ഈസ്റ്റ് കത്തിക്കാടം പൊയിൽ കൂടാതെ ലൈൻ വന്നുകഴിയുമ്പോൾ പൂളപ്പാടം മേലേയും, താഴേയും പനങ്കയത്തും പനങ്കയം അമ്പലപ്പടിലും

5 പോത്തുകൽ ടൗൺ മുതൽ ചീത്തുകല്ല് റോഡുവരെ പോത്തുകൽ പോത്തുകൽറോഡിൽ നെട്ടിക്കുളം പനങ്കയം റോഡിൽ, ഉപ്പട ഗ്രാമം റോഡിൽ ചാത്തംമുണ്ട ചീത്തുകൽ റോഡിൽ

6 പൂക്കോട്ടമണ്ണ മെയിൻറോഡിനേയും പാതിരിപ്പാടം മെയിൻ റോഡിനേയും ബന്ധിപ്പിക്കുന്ന റോഡിൽ (2 K. M) പൂക്കോട്ടമണ്ണ് പൂവ്വത്തിക്കൽ ലിഫ്റ്റ് ഇറിഗേഷൻ റോഡിൽ

7 കൈപ്പിനിക്കടവ്, കൈപ്പിനിമുതൽ കവലവരെ, നീലഞ്ഞി ഭാഗത്തേക്കുള്ള ലൈൻ

8 മലബാർ കൈപ്പിനിറോഡ്, കാട്ടിച്ചിറ, തലഞ്ഞി, ചുങ്കത്തറ, പൂക്കോട്ടമണ്ണ് അണ്ടിക്കുന്ന്, കൈപ്പിനിറോഡിൽ

9 യങ്ങ്മെൻസ് ലൈബ്രറിയുടെ മുന്നിൽ, വില്ലേജ് ഓഫീസിനു സമീപം, ചളിക്കുളം റോഡ് തുടങ്ങുന്നകവല, S N D P മന്ദിരത്തിനു സമീപം എടമലക്കുന്ന് കവല മുണ്ടപ്പാടം ജംഗ്ഷൻ കുന്നത്ത് ജംഗ്ഷൻ കൈപ്പിനിക്കടവ് അമ്പലക്കുന്ന് ലക്ഷം വീട് കോളനി, എടമലപുഴയിലേക്കിറങ്ങുന്ന സ്ഥലത്തും മുട്ടിക്കടവ് ബസ്സ്വെയിറ്റിംഗ് ഷെഡിനു മുന്നിൽ (സോഡിയം വേപ്പർ ലാംബ്) ചുങ്കത്തറ കൈപ്പിനിറോഡിൽ ഒരു സോഡിയം വേപ്പർ ലാംബ്

11 ബെന്നിറോഡ്, പാലാങ്കര റോഡ്, കൂട്ടപ്പാടി മണലിറോഡ്

12 പള്ളിക്കുത്ത് കൊന്നമണ്ണറോഡിൽ സോഡിയം വേപ്പർലാമ്പ് പള്ളിക്കുത്ത് അങ്ങാടിയിൽ 2 മെർക്കുറി ലാംബുകൾ

13 കൊന്നമണ്ണ, മുരുകാഞ്ഞിരത്തുള്ള ട്രാൻസ് ഫോമർ കൂടുതൽ കപ്പാസിറ്റിയുള്ളത് വെക്കുകയാണെങ്കിൽ മുരുകാഞ്ഞിരത്തുനിന്ന് മുട്ടിപ്പാലം മലാൻകുന്ന് ഗിരിജൻ കോളനി, അതിരുവീട്ടി ഹരിജൻ

കോളനി എന്നീ സ്ഥലങ്ങളിലേക്ക് ലൈൻ നീട്ടാവുന്നതാണ്. പാതാർ വാളംകൊല്ലി ഈസ്റ്റേറിലും വെസ്റ്റേറിലും ലൈൻ നീട്ടാവുന്നതാണ്.

മിക്ക ഗ്രാമസഭകളും സ്ട്രീറ്റ് ലൈറ്റുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. സമർപ്പിച്ചിരിക്കുന്നത്. അതിനാൽ ആവശ്യങ്ങളുടെ തീവ്രതയും ഫണ്ടിന്റെ പരിമിതിയും കണക്കിലെടുത്ത് ഗ്രാമസഭകൾ തന്നെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം നിജപ്പെടുത്തികൊണ്ടിരിക്കുന്നു.

എല്ലാ ഗ്രാമസഭകളിലും നടന്ന വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ബോർഡ് ജീവനക്കാരിൽ പലരും സാമൂഹ്യ പ്രതിബദ്ധതയില്ലാത്തവരും ജോലിയിൽ അനാസ്ഥകാണിക്കുന്നവരാണെന്നും അഭിപ്രായം ഉണ്ട്. അതിനാൽ ബോർഡിന്റെ പ്രവർത്തനങ്ങൾ ജനകീയ പരിശോധനക്ക് വിധേയമാക്കുക പഞ്ചായത്തിലെ മിക്കവീടുകളിലും വിറകാണ് ഇന്ധനമായി ഉപയോഗിക്കുന്നത് എങ്കിലും പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ഇന്ധനദൗർലഭ്യം അനുഭവപ്പെടുന്നുണ്ട് അതിനാൽ പുകയില്ലാത്ത അടുപ്പുകൾ ബയോഗ്യാസ് അടുപ്പുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതും വ്യാപകമായി പ്രചരിപ്പിക്കുക.

വൈദ്യുതിയുടെ പ്രസരണനഷ്ടം ഇല്ലാതാക്കാനും, വീടുകളിലെ ദുരുപയോഗം തടയാനും അപകടങ്ങൾ ഇല്ലാതാക്കാനും, വൈദ്യുതി ബോർഡിന്റെ സഹായത്തോടെ ബോധവൽക്കരണപരിപാടികളും നടപ്പിലാക്കണമെന്നും നിർദ്ദേശമുണ്ട്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും നല്ലവണ്ണം സൂര്യപ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും കവലവിളക്കുകൾക്കും സോളാർ ലാമ്പുകളെ ആധാരമാക്കിയുള്ള ഒരു പഞ്ചായത്തുതല സംവിധാനം നടപ്പിലാക്കേണ്ടതാണ്.

സാദ്ധ്യതകൾ

ചുങ്കത്തറ പഞ്ചായത്തിന്റെ അതിർത്തിയിൽ തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന കുമ്പളപാറയിൽ ഒരു അണകെട്ടിയാൽ (ജല സംഭരണി തമിഴ്നാട്ടിൽ) ചുങ്കത്തറ പഞ്ചായത്തിൽ മൈക്രോഹൈഡൽ സ്റ്റേഷൻ സ്ഥാപിച്ച് വളരെ കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കാനുള്ള ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്നുള്ളതും വർഷങ്ങൾക്ക് മുമ്പെ ബോദ്ധ്യപ്പെട്ടതാണെങ്കിലും തുടർനടപടികളും ഇല്ലാതെ പ്രവർത്തനം മന്ദീഭവിച്ചുകിടക്കുകയാണ്. കൂടാതെ പാതാറിലെ കോണിപ്പാറ വെള്ളച്ചാട്ടത്തിൽ നിന്നും മിനി ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട്സ് സ്ഥാപിക്കാൻ കഴിയും.

ചുങ്കത്തറ (ഗ്രാമ പഞ്ചായത്ത്

1. 6. തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	വിളക്കുകളുടെ എണ്ണം				ആകെ
	വേപ്പർ ലാമ്പ്	ഫ്ളൂറസന്റ് ട്യൂബ്	ബൾബ്	മറ്റുള്ളവ	
1	2	3	4	5	6
2, 9, 10, 11, 15 എന്നീ വാർഡുകളിൽ	8		189		
1 മുതൽ 15 വരെയുള്ള വാർഡുകളിൽ					
ആകെ	8	—	189	...	—

1 ആകെ വൈദ്യുത ലൈനിന്റെ നീളം 12 കി. മീ.

2 തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ തൻ വർഷം ചെലവഴിച്ച തുക 3292-00x12=39504-00

4 വരുമാനത്തിന്റെ എത്ര ശതമാനം 8%

ചുങ്കത്തറ (ഗ്രാമ പഞ്ചായത്ത്

10. 2 ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	ഹരിജൻ കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവരുടെ എണ്ണം	പണം നൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം
1	2	3	4	5
2	ഇടിമുട്ടി	30	എല്ലാം	ഇല്ല
2	കവളപ്പാറ	30	,,	,,
12	പള്ളിക്കത്ത്	10	,,	,,
15	കൊട്ടപ്പാടം	20	,,	,,
11	കളക്കന്ന്	8	,,	,,

1 മുതൽ 5 വരെ

പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ

ചൂണ്ടൽ ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി ഏകദേശം 35 പട്ടികവർഗ്ഗ കോളനികളും 20 പട്ടികജാതി കോളനികളും സ്ഥിതിചെയ്യുന്നു. കോളനികൾക്ക് പുറമേ അങ്ങിങ്ങായി ഒറ്റപ്പെട്ട് കിടക്കുന്ന പട്ടികജാതി– പട്ടികവർഗ്ഗ കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്, എല്ലാ വിഭാഗത്തിലും കൂടി ഏകദേശം 983 കുടുംബങ്ങളിലായി (5018) ജനങ്ങൾ പട്ടികവർഗ്ഗ - പട്ടികജാതിയിൽ ഉൾപ്പെടുന്നു. ഇവരിൽ 75% ജനങ്ങളും വിദ്യാഭ്യാസമില്ലാത്തവരാവുന്നു. വിദ്യാഭ്യാസമുള്ളവരിൽതന്നെ ഭൂരിഭാഗം അംഗങ്ങളും പ്രാഥമിക വിദ്യാഭ്യാസത്തിൽ ഒതുങ്ങിനിൽക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂടുതലുള്ള 2ാം വാർഡിലെ കവളപ്പാറയിലും 12ാം വാർഡിലെ പള്ളിക്കുത്തിലും ഫണ്ട്സപ്പോർട്ട്പ്രകാരമുള്ള സഹായം ലഭിച്ചുകൊണ്ടിരിക്കുന്നു.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിലെവിവിധകോളനികളും കാട്ടുമൃഗങ്ങളുടെ ഭീഷണി നേരിടുന്നു. ഈ പഞ്ചായത്തിലെ ഒന്നാം വാർഡിലെ തണ്ടൻകല്ല് 2ാം വാർഡിലെ ചെന്ത്ര, വാണിയംമ്പുഴ കുമ്പളപ്പാറ, ഇരുട്ടിക്കുത്തി 4ാം വാർഡ് മലാൻകുണ്ട് തുടങ്ങിയ കോളനികളും ഈ ഭീഷണി അനുഭവിക്കുന്നവയാകുന്നു. നിലവിലുള്ള കോളനികളിൽ 50% കുടുംബങ്ങൾക്കും സ്വന്തമായവീടില്ല വീടുള്ളവർക്കുതന്നെ കെട്ടുറപ്പുള്ള മേൽക്കൂരയോ ഭിത്തികളോ ഇല്ല. സർക്കാർ ചിലവിൽ നിർമ്മിക്കുന്ന കോളനി വീടുകളും ഭൂരിഭാഗവും ഒന്നോ രണ്ടോ വർഷങ്ങൾക്കുശേഷം തകർന്നുപോകുന്നതായാണ് കണ്ടുവരുന്നത്. അതിനാൽ ഈ കുടുംബങ്ങൾക്ക് ജീവിതസൗകര്യത്തിന്റെ ഏറ്റവും പ്രാഥമിക സൗകര്യമായ പാർപ്പിടസൗകര്യങ്ങളും ഈ പഞ്ചായത്തിൽ നിലവിലുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഇല്ല.

നിലവിലുള്ള കോളനികളിൽ 85% കോളനിയിലും കക്കൂസുകളും ശുദ്ധജല സൗകര്യവും ഇല്ല പ്രസ്തുത സൗകര്യങ്ങളും ഉള്ളവതന്നെ ഉപയോഗപ്രദമല്ലാതായിരിക്കുന്നു.

ചില കോളനികളും ഉയർന്ന പ്രദേശങ്ങളിൽ ആയതിനാൽ ചിലവുകുറഞ്ഞ രീതിയിൽ കുടിവെള്ളമെത്തിക്കാൻ പ്രയാസങ്ങളും നേരിടുന്നു. ശുദ്ധജലക്കുറവും കക്കൂസുമില്ലാത്തതിനാൽ ഈ പഞ്ചായത്തിലെ എല്ലാകോളനികളിലും ആരോഗ്യപ്രശ്നങ്ങളും നിലനിൽക്കുന്നു. വയറിളക്കം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയ പകർച്ച വ്യാധികളും ഇവിടെ സർവ്വ സാധാരണമാണ്, ഓരോവർഷവും പ്രസ്തുത രോഗങ്ങളും മൂലം മരണമടയുന്നവരുടെ എണ്ണം കൂടി വരുന്നതായി കണ്ടുവരുന്നു.

ഈ രോഗങ്ങൾക്കു പുറമെ ക്ഷയം, കുഷ്ഠം, കാൻസർ, തുടങ്ങിയ മാരകരോഗങ്ങളും ഇവിടെ ഉണ്ട്. ഇതിനുള്ള പ്രധാനകാരണങ്ങളും ജനങ്ങളുടെ അജ്ഞതയും, വേണ്ടത്ര ബോധവത്കരണക്കുറവുമാണ്.

ഈ പഞ്ചായത്തിലെ കോളനികളിൽ എത്തിപ്പെടാൻ പ്രയാസമായതിനാൽ ആരോഗ്യ പ്രവർത്തകർക്ക് പെട്ടെന്ന് ചെന്നുപറ്റാനും സാധ്യമല്ലാത്ത തരത്തിലുള്ള കോളനികളും ഉണ്ട്. 4 മുതൽ 20 കിലോമീറ്ററുകളും വരെ ഗതാഗത സൗകര്യമില്ലാതെ കാൽ നടയായി രോഗികളെ കൊണ്ടുപോവുകയും കൊണ്ടുവരികയും ചെയ്യുക എന്നത് ഈ പഞ്ചായത്തിൽ സർവ്വ സാധാരണമാണ് ഇതിനെല്ലാം പുറമേ ചൂണ്ടൽ പട്ടണത്തിൽ എത്തിച്ചേർന്നാൽ തന്നെ ഇവിടെ ഒരു ഗവൺമെന്റ് ആശുപത്രി ഇല്ല, ഉള്ളത് പ്രാഥമിക ആരോഗ്യകേന്ദ്രമാണ്, ഇവിടെ അടിയന്തിര ശുശ്രൂഷകളോ കിടത്തി ചികിൽസിപ്പിക്കാനുള്ളസൗകര്യങ്ങളോ നിലവിലില്ല ആയതിനാൽ ഇവിടെ എല്ലാ സൗകര്യങ്ങളും ഉള്ളഒരു ഗവൺമെന്റ്

ആശുപത്രി സ്ഥാപിക്കുകയോ അല്ലെങ്കിൽ ഗതാഗത സൗകര്യങ്ങളും കുറവുള്ള ഉൾനാടൻ കോളനികളിൽ ആഴ്ചയിൽ നാല് ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കാനുള്ള സംവിധാനങ്ങളും കണ്ടെത്തുകയോ ചെയ്യേണ്ടതും അത്യാവശ്യമാണ്.

കുടിവെള്ളം, കക്കൂസ് എന്നിവയ്ക്കും പുറമെ ഈ പഞ്ചായത്തിലെ എല്ലാ കോളനികളിലും വൈദ്യുതി സൗകര്യം ലഭ്യമല്ല. ലഭ്യമായ കോളനികളിൽ തന്നെ എല്ലാവീടുകൾക്കും ഈ സൗകര്യം എത്തിയിട്ടില്ല.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു ജന വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ 400 ഓളം അംഗങ്ങൾ ഉള്ള തുടുമുട്ടി പട്ടികവർഗ്ഗ കോളനി അതുപോലെ ചെമ്പ വാണിയമ്പുഴ, ഇരുട്ടത്തി, കമ്പളപ്പാറ വെള്ളിലമാട് തണ്ടൻകല്ല് പെരുമ്പിലാട് തുടങ്ങി നിരവധി കോളനികളിൽ പ്രാധമിക വിദ്യാഭ്യാസം പോലും ലഭ്യമല്ല. 4 മുതൽ 8 കിലോമീറ്റർ വരെ നടന്ന് പുഴകളും തോടുകളും കടന്ന് സ്കൂളിൽ എത്തേണ്ടതിനാൽ കുട്ടികൾ സ്കൂൾ വിദ്യാഭ്യാസത്തിൽനിന്നും പിൻമാറുന്നു. രണ്ടോ മൂന്നോ ക്ലാസ്സുകളിൽ എത്തിച്ചേർന്നാൽ തുടർന്നുള്ള വിദ്യാഭ്യാസം പൂർത്തിയാക്കാൻ ഇക്കൂട്ടർ ശ്രമിക്കുന്നില്ല. ഇതിനുള്ള പ്രധാന കാരണങ്ങൾ സാമ്പത്തികപ്രശ്നങ്ങൾ, ബോധവത്ക്കരണക്കുറവ്, ഗതാഗത അസൗകര്യങ്ങൾ, വിദ്യാലയങ്ങളുടെ അപര്യാപ്തത തുടങ്ങിയവയാകുന്നു.

ചുങ്കത്തറ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനങ്ങളിൽ 98% ആളുകൾക്കും നിത്യവരുമാനമില്ല ഇവർ തൊഴിൽചെയ്യും, വനവിഭവങ്ങൾ ശേഖരിച്ചും മറ്റും ഉപജീവന മാർഗ്ഗം കണ്ടെത്തുന്നു. മിക്ക കുടുംബങ്ങളും പട്ടിണിയിൽ കിടക്കുന്നവയാണ് I T D P തുടങ്ങിയ വിഭാഗത്തിൽനിന്നും നൽകുന്ന ആനുകൂല്യങ്ങൾയഥാസമയം ഇവർക്ക് ലഭ്യമല്ല. ലഭ്യമായാൽ തന്നെ യഥാർത്ഥ ആനുകൂല്യങ്ങൾ ചൂഷണം ചെയ്യുകയും ചെയ്യുന്ന ചെമ്പ്രയിലും വാണിയൻപുഴയിലും 2 ഏക

അദ്ധ്യാപക സ്കൂളാണി പഞ്ചായത്തിലുള്ളത് തൊഴിൽപരിശീലനത്തിനും ഈ പഞ്ചായത്തിൽ പദ്ധതികളുണ്ടെങ്കിലും അത് പ്രചാരണക്കുറവുമൂലവും അറിവില്ലായ്മമൂലവും പൂർണ്ണമായി ഫലവത്താവുന്നില്ല. തയ്യൽപരിശീലനം അച്ചാർകമ്പനി പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം കരകൗശല ശാലകൾ തുടങ്ങി വിവിധ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ എല്ലാ ഭാഗങ്ങളേയും കേന്ദ്രീകരിച്ച് സ്ഥാപിക്കേണ്ടതും ഇവിടത്തെ ആദിവാസി ജനങ്ങളുടെ ആവശ്യമായി വന്നിരിക്കുന്നു. S. S. L. C. മുതൽ വിദ്യാഭ്യാസമുള്ള വ്യക്തികളും ഇവിടെ തൊഴിൽരഹിതരാണ്.

ഇതിനെല്ലാം പുറമേ 'മദ്യപാന' വും ഇവിടത്തെ കോളനികളിൽ വർദ്ധിച്ചുവരുന്നു. ആൺപെൺഭേദമില്ലാതെ ഇവരിൽ ചിലരെങ്കിലും മദ്യത്തിനു അടിമകളാണ്, ചാരായനിരോധനംമൂലം ഈ പ്രശ്നം ഒരളവുവരെ കുറഞ്ഞെങ്കിലും പൂർണ്ണമല്ല. അതുപോലെതന്നെ ശൈശവവിവാഹം ഇവിടത്തെ കോളനികളിൽ കണ്ടുവരുന്നു. ഇവർ വളരെ ചെറുപ്പത്തിൽതന്നെ കുടുംബഭാരങ്ങൾ ഏറ്റെടുക്കേണ്ടുകയും ആരോഗ്യകരമായ പ്രശ്നങ്ങൾക്കിരയാവുകയുംചെയ്യുന്നു. വർദ്ധിച്ചുവരുന്ന ജനനനിരക്കും ഇവിടത്തെ കോളനികളിൽ ഉണ്ട്.

ഇതിലുപരി സ്വന്തമായി സ്ഥലമോ, വീടോ ഇല്ലാത്ത നിരവധി പട്ടികവർഗ്ഗ കുടുംബങ്ങളും പട്ടികജാതി കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

മുകളിൽ വിവരിച്ച പ്രകാരമുള്ള പ്രശ്നങ്ങൾ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർ അനുഭവിച്ചുവരുന്നതിന്റെ വെളിച്ചത്തിൽ വിവിധ വാർഡുകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പ്രശ്നപരിഹാരങ്ങൾ ചുവടെ ചേർക്കും വിധം രൂപകൽപ്പന നടത്താം.

പാർപ്പിടസൗകര്യങ്ങൾ ഇല്ലാത്തകോളനികളിൽ പുതിയ പാർപ്പിടങ്ങൾ ഉണ്ടാക്കുകയും

കയും നിലവിലുള്ളവ അറ്റകുറ്റപണികളും നടത്തുകയും ചെയ്യുക. സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് കുറഞ്ഞത് 3 സെൻറ് സ്ഥലമെങ്കിലും നൽകി പരിഹാരം കാണുക.

കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുകയും എല്ലാകോളനികളിലും കുടിവെള്ളസൗകര്യത്തിനായി പൈപ്പ് ലൈനോ കുഴൽകിണറോ കിണറോ ആവശ്യമനുസരിച്ച് നിർമ്മിക്കുക ഇതിനുവേണ്ട സ്ഥലം ഉള്ള കോളനികളും ഇവിടെ നിലവിലുണ്ട്

ഗതാഗത സൗകര്യങ്ങളും കുറവുള്ള പള്ളിക്കുത്ത് കൊന്നമണ്ണ, എരുമമുണ്ട ഭൂതാനം മുണ്ടേരി മലാൻകുണ്ട് ചെമ്പ്ര, കുമ്പളപ്പാറ തുടങ്ങിയ പ്രദേശങ്ങളിലെ കോളനികൾക്ക് ഗതാഗത സൗകര്യങ്ങളും ലഭ്യമാക്കുന്നതോടൊപ്പം പണി പൂർത്തിയാകാത്ത മുട്ടിക്കടവ് ക്രോസ്വേയുടെ പണി പൂർത്തീകരിക്കുകയും ചാലിയാർ പുഴയ്ക്ക് കുറുകെ തുടിമുട്ടിയിൽ പുതിയ ഒരു പാലം പണിയുകയും ചെയ്യുക റോഡുനിർമ്മാണത്തിന് ആവശ്യമായ സ്ഥലം സമീപവാസികളും നൽകുന്നതായിരിക്കും. അതുപോലെ തന്നെ പുതുതായി നിർമ്മിക്കേണ്ടതും ഉള്ളവ റിപ്പയർ ചെയ്യേണ്ടതുമായ, കോളനികളെ ബന്ധിപ്പിച്ചു കടന്നു പോകുന്ന റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

1 മാമ്പൊയിൽ - വരക്കോട്ടപ്പുന്നപ്പുഴ റോഡ്

2 ചെമ്പ്ര, ഇരുട്ടുകുത്തി, വാണിയംപുഴ എന്നീ കോളനികളെ ബന്ധിച്ചുകൊണ്ട് പുതിയ ഒരു റോഡ് നിർമ്മിക്കുക.

3 ഭൂതാനം കവളപ്പാടം റോഡിൽ നിന്നും കവളപ്പാറ പട്ടികവർഗ്ഗ കോളനിയെ ബന്ധിപ്പിച്ചുകൊണ്ട് പുതിയ ഒരു റോഡ്

4 മുട്ടിക്കടവ് മുതൽ പാലാങ്കര വരെയുള്ള റോഡ് റിപ്പയർ ചെയ്ത് ടാറിംഗ് നടത്തുക.

5 മുട്ടിപ്പാലത്ത് നിന്ന് മലാൻകുണ്ട് കോളനിയിലേക്ക് പുതിയറോഡ് നിർമ്മിക്കുക. വൈദ്യുതി ലഭ്യമല്ലാത്ത എല്ലാ കോളനികളിലും വൈദ്യുതി എത്തിച്ചുകൊടുക്കുകയും റേഷൻ കാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് ഇതിനുവേണ്ട നടപടികളും സ്വീകരിക്കുക.

6 ചെമ്പ്രയിൽ ശുദ്ധജലം ലഭിക്കാത്തതിനും സംഭവിച്ചുകൊണ്ടിരിക്കുന്ന മരണത്തിനും പരിഹാരമായി മേൽ കോളനിയിൽ ശുദ്ധജലവിതരണ പദ്ധതി തുടങ്ങണം.

7 പഞ്ചായത്തിലെ ഒന്നാം വാർഡിലും 2-ാം വാർഡിലും ഉള്ള ഇരുട്ടുത്തി വാണിയമ്പുഴ കുമ്പളപ്പാറ കോയിപ്പാറ, തണ്ടൻകല്ല്, എന്നീ ഗിരിവർഗ്ഗകോളനികളിലെ കിടന്നുറങ്ങുവാൻ വീടില്ലാത്തവർക്ക് പഞ്ചായത്ത് വീടുകൊടുക്കാൻ തയ്യാറാണെങ്കിലും ഇതിനുതടസമായി നിൽക്കുന്ന സാങ്കേതിക കാരണങ്ങളുടെ ഊരാക്കുരുക്കുകൾ ഉടനെ നീക്കേണ്ടതാണ്. (വനം വകുപ്പ്)

8 പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി ചുങ്കത്തറയിൽ ആരംഭിച്ചപട്ടിക വർഗ്ഗ ഇഷ്ടിക നിർമ്മാണ സഹകരണ സംഘത്തിന് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനാൽ പ്രവർത്തനം ആരംഭിക്കുവാൻ ബുദ്ധിമുട്ടുകയാണ് ഇതിന് വേണ്ട സാമ്പത്തിക സഹായം ഉടനെ ലഭ്യമാക്കണം

9 പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ സ്ഥലപരിധിമൂലം എല്ലാവർക്കും കക്കൂസ് നിർമ്മിക്കാൻ സാധിക്കാത്തതിനാൽ കോമൺടാങ്ക് നിർമ്മിച്ച് എല്ലാവർക്കും കക്കൂസ് നിർമ്മിക്കാനുള്ള പദ്ധതിക്ക് പ്രത്യേക അനുവാദം ഡിപ്പാർട്ട്മെൻറുകൾക്കും ലഭ്യമാക്കണം.

വനത്തിനുള്ളിലെഗിരിവർഗ്ഗകോളനികളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർ കാടിനേ

മാത്രം ആശ്രയിച്ച് ജീവിക്കുന്നവരാണ്. ആയതുകൊണ്ടുതന്നെ മഴക്കാലങ്ങളിൽ ഇവിടെ പട്ടിണിമരണങ്ങളും സാധാരണയാണ്. കാട്ടിൽനിന്നും കിട്ടുന്ന മുള ഈറ ചൂരൽ എന്നിവ ഉപയോഗിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് മേൽ കോളനികളിലെ ആളുകൾക്ക് മാത്രമായി എങ്കിലും അനുവാദവും സാമ്പത്തിക സഹായവും ചെയ്താൽ ഇവരുടെ ജീവിത നിലവാരം ഉയർത്താം.

പല തരത്തിലുള്ള വിദ്യാഭ്യാസ പദ്ധതികൾ സർക്കാർ പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കായ് നടപ്പിലാക്കുന്നുണ്ടെങ്കിലും ഇവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ സാധിച്ചിട്ടില്ല. അതിനാൽ വീടുകൾ കൂട്ടമായി ഉള്ളതും അതുപോലെ 2 കി. മീ അകലത്തിൽ സ്കൂളുകൾ ഇല്ലാത്തതുമായ കോളനികളിൽ പ്രൈമറിവിദ്യാലയങ്ങൾ ആരംഭിച്ചാൽ ഇവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻസാധിക്കും കൂടാതെഇടയ്ക്കുവെച്ച് പഠനം നിറുത്തിയകുട്ടികളെ വീണ്ടും പഠിപ്പിക്കാൻ DPEP പദ്ധതി വഴി നടപ്പിലാക്കുന്ന NEFC പോലുള്ളവ വളരെ പ്രയോജനപ്രദമാണ്. ഈ പഞ്ചായത്തിന്റെ ജനസംഖ്യയുടെ ഏകദേശം 10% പട്ടികജാതി പട്ടികവർഗ്ഗക്കാരായിട്ടും ഇവിടെ രണ്ട് NFEC ആണ് അനുവദിച്ചിരിക്കുന്നത്. (ചെന്ത്രയിലും വാണിയംപുഴയും) ഇവയുടെഎണ്ണംകൂട്ടുകയാണെങ്കിൽ ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തികൊണ്ടുപോകുവാൻ കഴിയും. അതോടൊപ്പംതന്നെ കോളനികളുടെ സമീപപ്രദേശങ്ങളിൽ കാണപ്പെടുന്ന L. P സ്കൂളുകൾ U. P സ്കൂളുകളായും മാറേണ്ടതുമാണ്. മുണ്ടേരി ടൈബൽ U. P സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തേണ്ടതാണ് ഇതിനുപുറമേ അടുത്തടുത്ത് രണ്ടോ മൂന്നോ കോളനികളെ കേന്ദ്രീകരിച്ച് കിൻറർഗാർട്ടൻ തുടങ്ങേണ്ടതും അത്യാവശ്യമാണ്, ടൈബൽമേഖലയിൽ അങ്കണവാടികളും മറ്റും സ്ഥാപിക്കേണ്ടതും ഈ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. ഇവയ്ക്കെല്ലാം പുറമേ

ചുങ്കത്തറയിൽഇവർക്കായി ഒരു റസിഡൻഷ്യൻ സ്കൂൾ അനുവദിക്കുന്നത് പ്രയോജനകരമായിരിക്കും.വിദ്യാഭ്യാസ നിലവാരം ഉയർത്താൻ വിദ്യാഭ്യാസ ആനുകൂല്യത്തിന്റെ അളവ് വർദ്ധിപ്പിക്കുക.

നിത്യവൃത്തിക്ക് വകയില്ലാത്ത ഇവർക്ക് കയറുപിരി. കൗതുക വസ്തു നിർമ്മാണം. തയ്യൽ പരിശീലന കേന്ദ്രങ്ങൾ നെയ്ത്തുശാല കൂട്ടുകൃഷി പായ, കസേര നിർമ്മാണം തുടങ്ങിയസ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ചാൽ ഇവിടുത്ത സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ സാധിക്കും. അതുപോലെ തന്നെ ചൂഷണങ്ങൾ തടയാൻ സഹായകമാണ്.

സമ്പൂർണ്ണ മദ്യ നിരോധനം നടപ്പിലാക്കിയാൽ മദ്യത്തിന് അടിമപ്പെട്ടിരിക്കുന്ന നല്ല ഒരു ശതമാനം ജനങ്ങളെ മോചിപ്പിക്കാൻ കഴിയും. വിധവാ പെൻഷൻ വാർദ്ധക്യ പെൻഷൻ തുടങ്ങിയവ പ്രായപൂർത്തിയായ ആൺമക്കളുടെ എണ്ണം നോക്കാതെ SC-ST വിഭാഗക്കാർക്ക് ഈ ആനുകൂല്യങ്ങൾ നൽകിയാൽ ഇവരുടെ കഷ്ടതകൾ ഒരു പരിധിവരെ അറുതിവരുത്താൻ സഹായകമാകും. അതുപോലെ തന്നെ ഇവരുടെ വിവാഹ സഹായഫണ്ടിന്റെ അളവ് കിട്ടേണ്ടതും ഇന്നത്തെസാഹചര്യത്തിൽ അത്യാവശ്യമായി തീർന്നിരിക്കുന്നു.

കലാകായിക രംഗങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം ഉറപ്പാക്കണം. ഇതിനുവേണ്ടി കോളനികളെ കേന്ദ്രീകരിച്ച് കലാകായികമേളകൾ, പരിശീലനകേന്ദ്രങ്ങൾ തുടങ്ങിയവ നടപ്പിൽവരുത്തുക. വിദ്യാഭ്യാസം ആരോഗ്യം,ശുചീകരണം എന്നിവയെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുക.

74

പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളും മൊത്തംജനസംഖ്യയുടെ 10% ഉള്ള ഈ പഞ്ചായത്തിൽ തലമുറകളായി സ്ഥലം കൈവശം ഉണ്ടെങ്കിലും സ്ഥലത്തിന്റെ മതിയായ രേഖകളില്ലാത്തതിനാൽ സർക്കാരിൽനിന്നും ലഭിക്കുന്ന സഹായങ്ങളും ഉപയോഗപ്പെടുത്താനോ മറ്റിതരസാമ്പത്തിക സഹായങ്ങൾക്കു് അപേക്ഷിക്കാനോ കഴിയാത്ത അവസ്ഥയിലാണു് അടിയന്തിരമായി പരിഹാരം കാണേണ്ട ഒരു വിഷയമാണിതു്.

പട്ടികവർഗ്ഗ പട്ടികജാതിക്കാരുടെ വാസസ്ഥലങ്ങളും അനേകമുള്ള ഈ പഞ്ചായത്തിൽ അംഗീകൃത പട്ടികവർഗ്ഗ കോളനികളും 35 ഉം പട്ടികജാതികോളനികളും 20ഉം ആണു്. ഇതു് യാഥാർത്ഥ്യത്തിനു് നിരക്കുന്നതല്ല.അതുകൊണ്ടു് തന്നെ അവർക്കുള്ള പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ആയതിനാൽ അടിയന്തിരമായി അംഗീകരിക്കേണ്ട ബാക്കി കോളനികൾക്കു് അംഗീകാരം ലഭിക്കാനുള്ള നടപടി സ്വീകരിക്കണം.

കോളനികളുടെ പട്ടിക

വാർഡ്	SE ST വീട്ടകം		മൊത്തം	SE ST ജനസംഖ്യ		മൊത്തം
1	6	23	29	42	74	116
2	15	107	122	71	460	534
3	6	8	14	24	32	56
4	45	20	65	230	120	350
5	31	1	32	291	6	197
6	30	25	55	145	125	270
7	49	18	67	170	50	222
8	37	152	89	176	312	488
9	16	—	16	80	—	80
10	21	10	31	107	76	183
11	115	—	115	468	—	468
12	20	105	125	94	486	580
13	58	59	117	289	265	554
14	11	20	31	71	100	171
15	22	49	71	88	196	254
	482	497	979	2246	——	5018

1 മുതൽ 6 വരെ

ഹിന്ദു, മുസ്ലിം, ക്രിസ്ത്യാനികളും, ആദിവാസികളും പട്ടികജാതി പട്ടിക വർഗ്ഗങ്ങളും ഇടകലർന്ന് താമസിക്കുന്ന ചുങ്കത്തറ പഞ്ചായത്തിന്റെ സംസ്കാരം സമ്മിശ്രമാണ്. വിദേശ ആധിപത്യങ്ങളേയോ സംസ്കാരങ്ങളേയോ ഉൾക്കൊള്ളാൻ തയ്യാറില്ലാത്ത ഒരു സംസ്കാരം ഇവിടെ നിലനിന്നിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായ ജ്ഞാനപ്രസ്ഥാനത്തിൽ ഭാഗഭാക്കാകാൻ ഭാഗ്യം സിദ്ധിച്ച ചുരുക്കം ചില പഞ്ചായത്തുകളിൽ ഒന്നാണ് ചുങ്കത്തറ. ആചാര്യവിനോബഭാവയുടെആഹ്വാനം ചെവികൊണ്ട് നിലമ്പൂർ കോവിലകം ദാനം ചെയ്ത 900 ഏക്കർ ഭൂമിയിൽ ഇന്ന് 1000ൽ അധികം കുടുംബങ്ങൾ താമസിക്കുന്ന ഭൂദാനം കോളനി ചുങ്കത്തറ പഞ്ചായത്തിലാണ്.

കാർഷിക മേഖലയായി വളർന്നു വന്ന ഈ പഞ്ചായത്തിൽ ജന്മികുടിയാന്മാർ തമ്മിലുള്ള അന്തരം സംഘടനാ ബോധത്തിലേക്ക് ജനങ്ങളെ ഉണർത്തിവിട്ടു. അതോടുകൂടിതന്നെ ജാതി മത വർഗ്ഗചിന്തകൾക്ക് അതീതമായ ഒരു സംസ്കാരം ഇവിടെ വളർന്നു വന്നു. ജന്മിത്തത്തിനെതിരായ പോരാട്ടങ്ങൾക്കും സമരങ്ങൾക്കും നമ്മുടെ പഞ്ചായത്ത് സാക്ഷ്യം വഹിച്ചു.

കലാരംഗത്തും കായിക രംഗത്തും ശോഭിച്ചിരുന്നവരും ഇന്നും ആ രംഗങ്ങളിൽ തിളക്കമുള്ളവരുമായി ധാരാളം ആളുകളെ നമ്മുടെ പഞ്ചായത്ത് സംഭാവന ചെയ്തിട്ടുണ്ട്. കെ. ജി. ഉണ്ണീൻ, നിലമ്പൂർ കാർത്തികേയൻ എന്നിവർ ഉദാഹരണങ്ങളാണ്.

ദേശീയ കായിക മത്സരങ്ങളിൽ പോലും വാണ്ടിൽ കേരളത്തെ പ്രതിനിധീകരിച്ച മുഹമ്മദ് റാഫി ഇതേ ഇനത്തിൽ തന്നെ ദേശീയ മൽസരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ അൻവർ എം. ലോംഗ് ജംപിൽ സംസ്ഥാന ചാമ്പ്യനായ സ്വപ്ന എസ്. തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ അഭിമാനം കാത്തു സൂക്ഷിച്ചവരാണ്.

സ്പോർട്സ് രംഗത്ത് എന്നും തലയുയർത്തി നിൽക്കുന്ന ഒരു കായിക സംസ്കാരം ചുങ്കത്തറയുടെ പ്രത്യേകതയാണ്. ഇതിനു കളം ഒരുക്കിയത് ഇവിടുത്തെ എം. പി. എം. ഹൈസ്കൂളും, ഇന്നത്തെ എം. ആർ. യു. പി. സ്കൂളായ പഴയ എ. യു പി. സ്കൂളും ചുങ്കത്തറ ജി. എൽ.പി. സ്കൂളും ആണെന്ന്. അഭിമാന പുരസരം നമുക്ക് സ്മരിക്കാം. സ്പോർട്സ് രംഗത്ത് എം. പി.എം. ഹൈസ്കൂൾ തുടക്കം മുതൽ തന്നെ ചാമ്പ്യന്മാരായിരുന്നു. അതുപോലെ 1966 മുതൽ തുടർച്ചയായ 8 വർഷങ്ങളിൽ ഗേംസ് വോളിബോളിൽ ചാമ്പ്യൻപട്ടം അണിഞ്ഞതും ചുങ്കത്തറയിലെ ഈ സ്കൂളുതന്നെ. ഈ കായിക സംസ്കാരം വളർത്തിയെടുത്തതിന്റെ അണിയറ ശില്പികളിൽ ബാലൻ മാസ്റ്റർ, ചാക്കോ മാസ്റ്റർ, M. S. മാത്യുസാർ, കെ.എം. ജോസ് എന്നിവർ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. അതുപോലെ ഫുട്ബോളിലും, ബാസ്കറ്റ്ബോളിലും ചുങ്കത്തറ പഞ്ചായത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഈ കഴിഞ്ഞ പഞ്ചായത്ത് കായിക മേളയിലും, മുൻവർഷങ്ങളിൽ ബ്ലോക്ക് തലത്തിൽ ഒന്നാം സ്ഥാനത്തും ജില്ലാതലത്തിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നതിനും ഈ പഞ്ചായത്തിലെ കായികതാരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്, കലാകായിക രംഗങ്ങളിൽ വളരുവാൻ ഏറെ സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണിത്. നാനാജാതി മതസ്ഥരും ഏകോദര സഹോദരങ്ങളെപോലെ കഴിയുന്ന സംസ്കാരം വളർന്നുവന്ന ഈ പഞ്ചായത്തിൽ എല്ലാ വിഭാഗങ്ങൾക്കും ഒന്നിച്ചുണർന്നിരക്കുവാനുള്ള ആഘോഷങ്ങളും വളരെ കുറവാണ്.

മലബാറിലെ മാരാമൺ എന്ന് വിശേഷിപ്പിക്കാറുള്ള ചുങ്കത്തറ മാർത്തോമ്മാ കൺവൻഷൻ, ഓത്തഡോക്സ് കൺവൻഷൻ തുടങ്ങി ക്രിസ്ത്യൻ വിഭാഗങ്ങളുടെ കൺവൻഷനുകളും

മുസ്ലീം വിഭാഗത്തിന്റെ ആഘോഷങ്ങളും ഗുരു ജയന്തി ആഘോഷവും, നെടുമ്പുഴായി ക്ഷേത്രം മണ്ണാത്തി ക്ഷേത്രം, പനങ്കയം ക്ഷേത്രം എന്നി വിടങ്ങളിലെ ഉത്സവവും; മൈലാട്ടംപൊട്ടി പള്ളി, തലഞ്ഞി പള്ളി, എരുമമുണ്ട പള്ളി എന്നിവിടങ്ങളിലെ പെരുന്നാളും ആണ് ഇവി ടത്തെ ആഘോഷങ്ങൾ.

ചുങ്കത്തറ പഞ്ചായത്തിലുള്ള വായനശാ ലകളും ക്ലബ്ബുകളും മഹിളാസമാജങ്ങളും വൈ. എം. സി. എ യും ISM, MSM, SSF, ശ്രേ യസ് കലാസാഹിത്യ സാംസ്കാരിക രംഗ ങ്ങളിൽ ധാരാളം സംഭാവനകൾ ചെയ്തിട്ടുണ്ട്. കലാസാഹിത്യ രംഗത്ത് എടുത്തു പറയത്തക്ക സംഭാവനകൾ നല്കിയിട്ടുള്ളത് പ്രകാശിനി വായനശാല ഭ്രദാനം, എസ്കർ എരുമമുണ്ട, പൂളപ്പാടം പാതാർ എന്നിവിടങ്ങളിലെ വാ യനശാല, ഉപ്പടയിലെ ശിവരഞ്ജിനി ആർ ട്സ്, പ്രണാമം ആർട്സ് ഞെട്ടിക്കുളം ഫ്ര ണ്ട്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ല ബ്ബ് പോത്തുകൽ, പ്രതിഭ ആർട്സ് കൈ പ്പിനി, നവദീപം അമ്പലപൊയിൽ, ശ്രേ യസ് കുമ്പലങ്ങോട്, യംഗ്മെൻ ലൈബ്ര റി ചുങ്കത്തറ, സംഗമം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് തച്ചൻകോട്, എ. കെ. ജി. സ്മാരക വായനശാല പള്ളിക്കുത്ത് റെഡ്സ്റ്റാർ പള്ളിക്കുത്ത്, യുവരശ്മി ചീര ക്കുഴി, മൈത്രി ആർട്സ് പെരുമ്പിലാട്, ഫ്രൻസ് ആർട്സ് ആൻറ് സ്പോർട്സ് ക്ല ബ്ബ്, യുവജനവേദി കൊന്നമണ്ണ, ഫ്രൻസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കോ ട്ടേപ്പാടം എന്നാടൻ കലാസമിതിയായി അ റിയപ്പെടുന്ന അരങ്ങ് കലാവേദി ചുങ്കത്തറ എന്നീ പ്രസ്ഥാനങ്ങളാണ്.

ആദിവാസി സമുദായത്തിൽപെടുന്ന മു ത്തൻ, പണിയർ, ചോലനായ്ക്കൻമാർ എന്നിവർ താമസിക്കുന്ന കോളനികളും നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്ക് അവരുടേതായ ആചാരങ്ങളും കലാരൂപങ്ങളും ഉണ്ട്. ഉദാ: തുടികൊട്ടിപ്പാട്ട്, കൊട്ടതി, കു മ്പാട്ടം മുതലായവ, ഇവയെല്ലാം അന്യംനി ന്നുപോകാതെ സംരക്ഷിക്കേണ്ട ചുമതല ന മ്മുടെ പഞ്ചായത്തിന്റെതാണ്.

സാക്ഷരതാ പ്രവർത്തനം വളരെയേറെ നടന്നുവെങ്കിലും ആദിവാസികളുടെ ഇടയിലു ള്ള നിരക്ഷരത ഇന്നും നിലനിൽക്കുന്നു അ ത്തരം കോളനികളോട് ചേർന്ന് സാംസ്കാരി കനിലയങ്ങൾ സ്ഥാപിക്കുകയും ടെലിവിഷൻ തുടങ്ങിയ ആധുനിക ദൃശ്യ-ശ്രാവ്യ സംവിധാ നങ്ങളിലൂടെ ഇവരെ ബോധവൽക്കരിക്കേ ണ്ടതുണ്ട്.

പഞ്ചായത്തിൽ ധാരാളം പട്ടികജാതി കോളനികൾ ഉണ്ട്. എന്നാൽ അവിടെയെ ല്ലാം വിദ്യാഭ്യാസപരവും സാംസ്കാരികവു മായ ഉന്നതിക്കുവേണ്ട ഭൗതിക സാഹചര്യ ങ്ങൾ അപര്യാപ്തമാണ്. സാംസ്കാരികമാ യി തുലോം പിന്നോക്കം നിൽക്കുന്ന പട്ടിക ജാതി വിഭാഗങ്ങളെ ഉയർത്തണമെങ്കിൽ ഇന്ന ത്തെ പട്ടികജാതി കോളനികൾക്ക് പകരം ഇടകലർന്ന സാമൂഹ്യ ജീവിത രീതിയിലേ ക്ക് അവരെ പറിച്ചു നടേണ്ടിയിരിക്കുന്നു.

ഈ പ്രദേശത്തെ സംസ്കാരത്തിന് വി ലങ്ങുതടിയായി നിൽക്കുന്നത് മയക്കുമരുന്നി ന്റെയും മദ്യപാനത്തിന്റെയും ഉപയോഗം ദി നംപ്രതി കൂടിവരുന്നതല്ലേയെന്ന് സംശയി ക്കേണ്ടിയിരിക്കുന്നു. കേരളത്തിൽ ചാരായം നിരോധനം നടപ്പിലായികഴിഞ്ഞിട്ടും ഉദ്യോ ഗസ്ഥന്മാരുടെ അറിവോടെയോ അനാസ്ഥമൂ ലമോ ഈ പഞ്ചായത്തിന്റെ വിവിധ മേഖ ലകളിൽ ചാരായ നിർമ്മാണവും വിൽപന യും നടത്തുന്നത് ഇവിടത്തെ സാംസ്കാരിക വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലുള്ള സാംസ്കാ രിക രംഗത്തെ പ്രവർത്തനങ്ങൾ അപര്യാപ്ത മാണ്. ഈ രംഗത്ത് പ്രവർത്തിക്കേണ്ട നി ലവിലുള്ള 21-ൽ അധികം ക്ലബ്ബുകൾ സാമ്പ ത്തിക പ്രതിസന്ധി മൂലമാകാം നാമമാത്രമാ യി മാത്രമെ പ്രവർത്തനരംഗത്തുള്ളൂ.

സാംസ്കാരിക രംഗത്തെ മറ്റൊരു പോ രായ്മ സ്ത്രീ തലവും കോളേജ് തലവും വി ട്ടുകഴിഞ്ഞാൽ സാംസ്കാരിക രംഗത്ത് സ്വാ ധീനം ചെലുത്തുവാൻ കഴിവുള്ള കലാപരി പാടികൾ അവതരിപ്പിക്കുവാനും സംഘടിപ്പി ക്കുവാനുമുള്ള പൊതുവേദികൾ വിരളമാണ്. അതുപോലെതന്നെ പഞ്ചായത്തുതലത്തിൽ കാ യിക വിനോദങ്ങൾക്കുള്ള അവസരവും ചുരു ക്കമാണ്.

ചുങ്കത്തറ പഞ്ചായത്ത് 9-ാം വാർഡിൽ നിർമ്മിച്ചിട്ടുള്ള മിനി സ്റ്റേഡിയം വേണ്ടത്ര അറ്റകുറ്റ പണികളും നടത്താതെ പഴയ അവസ്ഥയിൽതന്നെയാണ്. അതുപോലെതന്നെ ചുങ്കത്തറയിൽ നിർമ്മിച്ചിട്ടുള്ള സാംസ്കാരികനിലയവും വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. സാംസ്കാരികനിലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന വായനശാല ധാരാളം ആളുകൾ ഉപയോഗിക്കുന്നുണ്ട്, എങ്കിലും ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം നാം കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

പ്രശ്നങ്ങൾ

1 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാക്ഷരതാരംഗത്തെ പോരായ്മ

2 കായികപരിശീലനത്തിനുള്ള സൗകര്യക്കുറവ്

3 കലാകായിക സംഘടനകൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

4 കലാകായിക രംഗത്ത് പ്രവർത്തിക്കുന്നവരോട് പ്രത്യേകിച്ച് സ്ത്രീകളോടുള്ള മനോഭാവം

5 പാരമ്പര്യ കലാരൂപങ്ങൾക്ക് നേരിട്ടിരിക്കുന്ന നാശം

6 വിവാഹം പോലുള്ള ചടങ്ങുകൾ ആർഭാടമാക്കുന്നതിൽ കാണുന്ന അനുകരണഭ്രമം.

7 ഭൂരിപക്ഷം ജനങ്ങളും സ്വകാര്യ ജീവിതത്തിൽ മാത്രം ശ്രദ്ധിക്കുന്നു.

സാധ്യതകൾ

1 ചാലിയാർ പുന്നപ്പുഴ എന്നീ നദികളാൽ വിഭജിക്കപ്പെട്ടുകിടക്കുന്ന ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പഞ്ചായത്ത് ആസ്ഥാനമായ ചുങ്കത്തറയിൽ എത്തിച്ചേരുന്നതിനും ആവശ്യമായ പാലങ്ങളും റോഡുകളും നിർമ്മിച്ച് ജനങ്ങൾക്ക് തമ്മിൽ ബന്ധപ്പെടാനുള്ള സൗകര്യം ഉണ്ടാക്കുക

2 പഞ്ചായത്തിൽ നിലവിലുള്ള സാംസ്കാരിക നിലയം വിപുലീകരിക്കുകയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്രീകരിച്ച് സാംസ്കാരിക നിലയങ്ങളും ഗ്രന്ഥശാലകളും സ്ഥാപിക്കാം.

3 നിലവിലുള്ള മിനി സ്റ്റേഡിയം വിപുലീകരിച്ച് സംരക്ഷിക്കുകയും അതിനോടനുബന്ധിച്ച് ഒരു കായിക പരിശീലന കേന്ദ്രം ആരംഭിക്കുകയും ചെയ്താൽ ഈ പഞ്ചായത്തിൽ കായിക രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിയും.

4 വിവിധ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിക്കുന്നവർക്ക് ഒത്തു ചേരുന്നതിനും ഒരു വർഷത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ആഘോഷ പരിപാടി സംഘടിപ്പിച്ചാൽ കലാപ്രതിഭകൾക്ക് സാധ്യതയും മുഴുവൻ ജനങ്ങൾക്കും ഒത്തുചേരലും സാധ്യമാവും.

5 നാടൻ കലാരൂപങ്ങളും ധാരാളമുള്ള നമ്മുടെ പഞ്ചായത്തിൽ ഇത് വളർത്തിയെടുക്കുന്നതിനു നേതൃത്വം നൽകണം.

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

ഭൂപ്രകൃതി

സഹ്യപർവ്വത സാനുക്കളോട് ചേർന്ന് കിടക്കുന്ന ചുങ്കത്തറ പഞ്ചായത്തിന്റെ വിസ്തീർണ്ണം 199.69 ച. മൈൽ ആണ്. കേരളത്തിലെ പഞ്ചായത്തുകളിൽ വിസ്തീർണ്ണത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന ഈ പഞ്ചായത്ത് കുത്തനെയുള്ള കുന്നുകളും താഴ്വരകളും സമതലപ്രദേശങ്ങളും നിറഞ്ഞതാണ്. ചാലിയാറും പുന്നപ്പുഴയും ഈ പഞ്ചായത്തിനെ മൂന്ന് തുല്യ ഭാഗങ്ങളാക്കി തിരിച്ചിരിക്കുന്നു.

അപ്പൻകാപ്പ് മലകയം, കുമ്പളപ്പാറ, ദിവാൻകുന്ന്, ഇരുളംകുന്ന്, മുത്തപ്പൻകുന്ന്, മുരുകാഞ്ഞിരം, കുറത്തിമല, തുമ്പിമല തുടങ്ങിയ മലകളും കൊന്നാംപൊട്ടി, കൊന്നമണ്ണ, പള്ളിക്കുത്ത്, കോട്ടേപ്പാടം, കാട്ടിലപ്പാടം, മുളന്തലപാടം, കാട്ടിച്ചിറപാടം, ചുങ്കത്തറപാടം, കുറിമുണ്ടപാടം, രാമച്ചംപാടം, തലഞ്ഞിപുലിമുണ്ടപാടം, ഈച്ചമ്പത്തൂർപാടം, കുത്തിപാടം, കുറുമ്പലങ്ങോട്പാടം, മുണ്ടപ്പാടം, ഉപ്പട, ആനക്കല്ല്പാടം, പൂളപ്പാടം, വെള്ളിമറ്റം, ചെമ്പൻകൊല്ലിപ്പാടം മുതലായ നെൽകൃഷി ചെയ്യുന്ന വയലുകളും ഇവിടെയുണ്ട്. മലകളിലും മറ്റ് ഉയർന്ന പ്രദേശങ്ങളിലും പ്രധാനമായും റബ്ബറും മലകളുടെ താഴ്വാരങ്ങളിലും സമതലപ്രദേശങ്ങളിലും തെങ്ങ്, കമുക്, കുരുമുളക്, നേന്ത്രവാഴ മുതലായവയാണ് പ്രധാന കൃഷി. മണ്ണിന്റെ സ്വഭാവം പൊതുവിൽ ചരൽകലർന്ന ചുവന്നമണ്ണ്, ചരലില്ലാത്ത ചെമ്മണ്ണ്, എക്കൽകലർന്ന കറുത്തമണ്ണ്, മണൽ ചേരുവയുള്ള കറുത്തമണ്ണ് വെട്ടുകല്ല് എന്നിങ്ങനെ അഞ്ചുതരത്തിലാണ്. ഫലഭൂയിഷ്ഠമായ മണ്ണാണെങ്കിലും ജലസേചനസൗകര്യത്തിന്റെ അപര്യാപ്തത ഈ പ്രദേശത്തെ വരൾച്ചയുടെ ബലിയാടാക്കുന്നു.

ഈ പഞ്ചായത്തിൽ 15,975 ഏക്കർ കരഭൂമിയും 320 ഹെക്ടർ പാടശേഖരവും, 1600 ഏക്കർ വനപ്രദേശവും 200 ഏക്കർ പുറമ്പോക്കുമാണ് ഉള്ളത്.

ജനപ്രകൃതി

1996ലെ പഞ്ചായത്ത് സർവ്വെ പ്രകാരം 56,207 ആണ് ജനസംഖ്യ. 27,645 പുരുഷന്മാരും, 28,562 സ്ത്രീകളും ഉണ്ട്. നമ്മുടെ ജനസാന്ദ്രത 281 ആണ്. ഈ പഞ്ചായത്തിൽ അക്ഷരാഭ്യാസമുള്ളവർ 44,965 ആണ്, ബാക്കിയുള്ളവർ സാക്ഷരതാപ്രവർത്തനത്തിലൂടെ അക്ഷരം പഠിച്ചു എങ്കിലും ചെറിയൊരുശതമാനം ഇപ്പോഴും നിരക്ഷരരായി തുടരുന്നു. ജനസംഖ്യയുടെ 10 ശതമാനം പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്.

ഈ പഞ്ചായത്ത് കാർഷിക മേഖലയായതിനാൽ പ്രധാനമായും കർഷകരും കർഷകതൊഴിലാളികളും കാർഷികമേഖലയെ ആശ്രയിക്കുന്ന മറ്റ് വിഭാഗങ്ങളുമാണ്. ചെറിയ ഒരു ശതമാനം ഒഴിച്ച് ബാക്കിയുള്ളവർ സാമൂഹ്യരംഗത്ത് താല്പര്യം പ്രകടിപ്പിക്കാത്തവരാണ്. സ്വദേശത്തും വിദേശങ്ങളിൽ പോയും സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളവർ പ്രത്യൽപാദനമേഖലയിൽ മുതൽമുടക്കാൻ താല്പര്യം കാണിക്കാതെ ആഡംബര ജീവിതം നയിക്കാൻ താല്പര്യം കാണിക്കുന്നവരാണ്.

ഈ പ്രദേശത്തെ മതവിഭാഗങ്ങളായ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങൾ പരസ്പര ബഹുമാനത്തോടെയും സഹിഷ്ണുതയോടെയും ജീവിക്കുന്നവരാണ്. സാമുദായികമായ ആഘോഷങ്ങളിൽ പരസ്പരം സഹകരണമനോഭാവം പ്രകടിപ്പിക്കുന്നവരാണ്.

പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിലെ ക്രിസ്ത്യൻ ജനവിഭാഗങ്ങൾ കൃഷിയോട് കൂടുതൽ താല്പര്യം കാണിക്കുന്നവരും മുസ്ലീം ജനവിഭാഗങ്ങൾ കച്ചവടത്തോടും ഹൈന്ദവ വിഭാഗങ്ങൾ കൃഷിയോടും കച്ചവടത്തോടും താല്പര്യം കാണിക്കുന്നവരാ

ണ്. ഈ വിഭാഗങ്ങളും എല്ലാം തന്നെ തങ്ങളുടെ പുതിയ തലമുറയെ അഭ്യസ്ഥ വിദ്യരാക്കുന്നതിനു് അതിയായ താല്പര്യം കാണിക്കുന്നു.

ജലപ്രകൃതി

കേരളത്തിലെ ഒരു പ്രധാന നദിയായ ചാലിയാർ പുഴ ചുങ്കത്തറ പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിൽ നിന്നും ഉത്ഭവിക്കുന്നു. കൊടും വേനലിലും വറ്റാത്ത ഈ ശുദ്ധജല സ്രോതസ് ചുങ്കത്തറ പഞ്ചായത്തിലൂടെ ഒഴുകി പഞ്ചായത്തിന്റെ 30 കിലോ മീറ്റർ ദൂരം ധന്യമാക്കുന്നു. മറ്റൊരു പുഴയായ പുന്നപ്പുഴ ഈ പഞ്ചായത്തിലൂടെ ഏകദേശം 15 കി. മീ. ഒഴുകുന്നു. ഇത് കരിമ്പുഴ മുക്കിൽ കരിമ്പുഴയുമായി യോജിച്ച് നമ്മുടെ പഞ്ചായത്തിൽ ഒരു കിലോമീറ്ററോളം ഒഴുകുന്നു. വേനൽ കാലത്ത് വെള്ളം വറ്റിപോകുന്ന 30 ഓളം നീർതോടുകളും വേറെയും ഉണ്ട്. ഈ പഞ്ചായത്തിലെ മലമ്പ്രദേശമായ മലാംകുണ്ടിൽ കൊടും വേനലിലും വറ്റാത്ത ജലസ്രോതസ് ദൃശ്യമാണ്.

മഴക്കാലത്ത് സുലഭമായി ലഭിക്കുന്ന ജലം സംഭരിച്ചുവെക്കാൻ ഉള്ള ശേഷി മണ്ണിനു് നഷ്ടപ്പെട്ടതിനാൽ വേനൽ കാലത്ത് ജലസ്രോതസുകളും വറ്റി വരളുന്നു.

ചുങ്കത്തറ ഗ്രാമ പഞ്ചായത്ത്

ഭൂമി സംബന്ധിച്ച വിവരങ്ങളും (അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
നിലം	320
പുരയിടം	4346
പുറമ്പോക്ക്	80
കൃഷിയോഗ്യ തരിശ്	40
കൃഷിയോഗ്യമല്ലാത്ത തരിശ്	4
വനം	1600
ആകെ	6390

ദുരിതാശ്വാസ വിതരണം

വർഷം	ഉരുൾപൊട്ടൽ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1993—94		163	155489
1994—95	3 ഹെക്ടർ	457	50252
1995—96		10 Nos	14796

വനിത

ചുങ്കത്തറ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ ഇവിടുത്തെ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് പിന്നോക്കമാണെന്നാണ് സർവെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

മുൻകാലങ്ങളിൽ പെൺകുട്ടികൾക്ക് മത വിദ്യാഭ്യാസം നൽകിയിരുന്നെങ്കിലും ഭൗതിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകിയിരുന്നില്ല. ഇത് പ്രധാനമായും മുസ്ലീം സമുദായത്തിൽ കണ്ടുവന്നിരുന്ന ഒരു പ്രവണതയായിരുന്നു. ഈ അവസ്ഥക്ക് ഇന്ന് മാറ്റം വന്നിട്ടുണ്ട് ആൺകുട്ടികളെപോലെ തന്നെ പെൺകുട്ടികളും വിദ്യ അഭ്യസിക്കുന്നതിൽ മുൻപന്തിയിൽ തന്നെ ആണ്. തൽഫലമായി സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ഒരു പരിധി വരെ മുൻപന്തിയിൽ എത്താനും കഴിഞ്ഞിട്ടുണ്ട് എന്നാലും പുരുഷന്മാരോടൊപ്പമെത്തണമെങ്കിൽ ഇനിയും ബഹുദൂരം മുന്നേറേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ ജനിച്ചു വളർന്ന് ഉന്നത വിദ്യാഭ്യാസം നേടി ഉന്നത സ്ഥാനത്ത് സേവനം അനുഷ്ഠിക്കുന്നവരും ഉണ്ട് അവരിൽ ചിലരെ പരിചയപ്പെടാം.

അമ്മു എസ്. മേനോൻ നെടുമ്പുഴായ് കളം
(ആദ്യത്തെ വനിതാ കസ്റ്റംസ് ഇൻസ്പെക്ടർ)

സി. കെ. രുക്മണി നെടുമ്പുഴായ് കളം
(എഞ്ചിനിയർ മദ്രാസ്)

സി. ഹബീബ
(പ്രൊഫസർ മമ്പാട് കോളേജ്)

ഐഷ D/o മൗലവി മാസ്റ്റർ
(നഴ്സിംഗ് സൂപ്രണ്ട് മലപ്പുറം)

ഡോ. മുംതാസ് നിലമ്പൂർ

ചുങ്കത്തറ പഞ്ചായത്തിൽ ആദ്യമായി SSLC പാസായ മുസ്ലീം വനിത എം. മറിയുമ്മ
(കോ-ഓപ്പ് ബാങ്ക് ചുങ്കത്തറ)

കൂടാതെ ഉന്നതസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന മറ്റു പലരും അദ്ധ്യാപികമാരും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

ഈ പഞ്ചായത്തിൽ സഹകാര്യമേഖലയിലോ സഹകരണ മേഖലയിലോ സ്ത്രീകൾ നടത്തുന്ന തൊഴിൽ വേണ്ടത്രയില്ല. കായികശേഷി മാത്രം ആവശ്യമുള്ള തൊഴിൽ രംഗങ്ങളിൽ ധാരാളം വനിതകൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാസമ്പന്നരായ ഉദ്യോഗസ്ഥകളും നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട് എന്നാൽ ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ തൊഴിൽ രഹിതരായ വനിതകൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. നെയ്ത്ത് ശാലകൾ തുണിമില്ലുകൾ, അച്ചാർ കമ്പനികൾ, ഒപ്പാസ്റ്റിക് കമ്പനികൾ, കയർ നിർമ്മാണശാലകൾ, കരകൗശല ശാലകൾ തുടങ്ങിയ തൊഴിൽ സംരംഭങ്ങൾ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകി ആരംഭിച്ചാൽ ഒരു പരിധിവരെ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കും. പുരുഷ തൊഴിലാളികൾ സ്ത്രീ തൊഴിലാളികൾ ലഭിക്കുന്ന വേതനം വ്യത്യസ്ഥമാണ്. വ്യത്യസ്ഥ തൊഴിൽ ചെയ്യുന്നതുകൊണ്ടാവാം പുരുഷനേക്കാൾ സ്ത്രീക്ക് വേതനം കുറവാണെന്ന് സാധാരണ കണ്ടുവരുന്നത്.

ബോധവൽക്കരണത്തിന്റെ അഭാവത്താൽ സ്ത്രീകൾ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന ഒരവസ്ഥ ഇന്നും കണ്ടുവരുന്നു. മുൻ കാലങ്ങളിലെ പോലെ വർദ്ധിച്ച രീതിയിൽ ഇല്ലെങ്കിലും പല സാഹചര്യങ്ങളിലും സ്ത്രീകൾ ഇന്നും പീഡനമനുഭവിക്കുന്നതായി കാണുന്നു. ഇതിൽ പ്രധാനമായത് പുരുഷന്മാരുടെ മയക്കു മരുന്ന് ഉപയോഗത്തിന്റെയും മദ്യപാനത്തിന്റെയും പരിണിത ഫലങ്ങൾ അനുഭവിക്കുന്നത് പ്രധാനമായും സ്ത്രീകളാണ്. ചാരായ നിരോധനം നടപ്പിലാക്കിയിട്ടും ധാരാളം സ്വകാര്യ വ്യക്തികൾ നമ്മുടെ പഞ്ചായത്തിൽ വ്യാജമദ്യ വിൽപന തുടരുന്നുണ്ട്. നിയമംമൂലം സ്ത്രീധനം നിരോധിച്ചിട്ടുണ്ടെങ്കിലും ദോഷഫലങ്ങൾ അനുഭവിക്കുന്നത് സ്ത്രീകൾ തന്നെയാണ്.

സ്ത്രീധനം കൊടുക്കാൻ ശേഷിയില്ലാത്ത

കാരണത്താൽ പല കുടുംബങ്ങളിലും പെൺകുട്ടികൾ അവിവാഹിതകളായി കഴിയേണ്ടി വരുന്നുണ്ട്. സ്ത്രീധനം നിയമപരമായി നിരോധിച്ചിട്ടുണ്ട്. എങ്കിലും സ്ത്രീധനമില്ലാതെ വിവാഹം നടക്കാത്ത അവസ്ഥ ഇന്നും നിലവിലുണ്ട്.

ആരോഗ്യ രംഗത്ത് സ്ത്രീകൾക്ക് ആവശ്യമായ സഹായങ്ങൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. മിക്ക വാർഡുകളിലും P. H. C. സബ് സെൻറുകൾ ഉണ്ടെങ്കിലും അവിടെയൊന്നും ഡോക്ടറുടെ സേവനം ലഭ്യമല്ല.

കേരള സർക്കാരിൻെറയും യൂനിസെഫിൻെറയും കീഴിൽ മലപ്പുറം ജില്ലയിൽ നടപ്പാക്കിയ C.B.N.P. മുഖേന ഈ പഞ്ചായത്തിൽ കുറെയൊക്കെ വനിതാ ബോധവൽക്കരണം നടന്നിട്ടുണ്ട് എങ്കിലും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഈ പ്രസ്ഥാനത്തിന് സ്ത്രീകളുടെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. സ്ത്രീകളുടെയും കുട്ടികളുടെയും ആശാകേന്ദ്രമായ അംഗൻവാടികൾ മുഴുവൻ വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പലതിനും സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലാത്തതിനാൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിന് അംഗൻവാടി പ്രവർത്തകർക്ക് വേണ്ടത്ര വിജയിക്കാൻ കഴിഞ്ഞിട്ടില്ല.

പരിഹാരങ്ങളും നിർദ്ദേശങ്ങളും

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾക്ക് കൂടുതൽ നേട്ടങ്ങളുണ്ടാകുന്നതിന് പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആവശ്യമാണ്. വനിത ഹോസ്റ്റലുകൾ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ പൊതുമേഖലയിലും സഹകരണ മേഖലയിലും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം.

സ്ത്രീകൾക്ക് ആവശ്യമുള്ള വായനശാലകൾ, മഹിളാ സമാജങ്ങൾ, അംഗൻവാടികൾ, ക്രഷുകൾ എന്നിവ സ്ഥാപിക്കണം. സ്ത്രീകൾ കാര്യമായി കടന്നു വരാത്ത കാർഷിക രംഗത്ത് ഇവർക്ക് ചെയ്യാൻ കഴിയുന്ന അടുക്കളത്തോട്ടം, പച്ചക്കറികൃഷി മുതലായവ പരിപോഷിപ്പിക്കാൻ ആവശ്യമായ ബോധവൽക്കരണം പഞ്ചായത്തടിസ്ഥാനത്തിൽ നല്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും നല്ല കൃഷികാരിക്ക് ഒരു സമ്മാനം ഏർപ്പെടുത്തിയാൽ അവർ ഈ രംഗത്തേക്ക് കൂടുതൽ കടന്നുവരാൻ സാദ്ധ്യതയുണ്ട്.

കേരളത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം. പ്രാദേശിക കമ്മറ്റികളുടെ നേതൃത്വത്തിൽ വ്യാജവാറ്റും മയക്കു മരുന്നും വില്പനയും തടയണം.

സ്ത്രീധന നിരോധനം പ്രായോഗിക മാക്കണം. സ്ത്രീധനത്തിനെതിരെ വ്യാപകമായ രീതിയിൽ ബോധവൽക്കരണം നടത്തണം

മുഴുവൻ P H C സബ് സെൻറുകളിലും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

സ്ത്രീപീഡനങ്ങൾ അവസാനിപ്പിക്കാൻ ബോധവൽക്കരണം നടത്തുകയും കൂടാതെ സ്ത്രീകൾക്ക് നിയമ സംരക്ഷണം നൽകുകയും വേണം.

വിധവകൾക്കും അനാഥർക്കും ഉള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.

പാർപ്പിടം

199.69 ച. കീ. മീ. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ 1996 ൽ പഞ്ചായത്ത് ശേഖരിച്ച കണക്കനുസരിച്ച് 15 വാഡുകളിലായി 56207 ജനങ്ങളം അധിവസിക്കുന്നുണ്ട്. അതിൽ 60%ത്തിൽ അധികവും ജനങ്ങളം ദാരിദ്ര്യരേഖക്ക് താഴെയാണ്. ഭൂരിഭാഗം ജനങ്ങളം കർഷകരും കൂലിപ്പണിക്കാരുമാണ്.

ഈ പഞ്ചായത്തിൽ മൊത്തം 10769 വീടുകളാണ് ഉള്ളത്. ഇതിൽ 8% കോൺക്രീറ്റ് വീടുകളാണ്.

ഗാർഹ പണത്തിന്റെ സ്വാധീനം ഇവിടെ വലിയതോതിലല്ലെങ്കിലും ചുരുങ്ങിയതോതിൽ ഭവന നിർമ്മാണ രംഗത്ത് ഒരുപടി ഉയരാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഉല്പാദനരംഗത്ത് വലിയൊരു ഭീഷണിയുമായി തീർന്നിട്ടുണ്ട്.

ചുങ്കത്തറ പഞ്ചായത്തിലെ SC ST ജനറൽ വീടുകളുടെ പട്ടിക

വാർഡ്	SC	ST	ജനറൽ	ആകെ	വീടില്ലാത്തവർ
1	6	23	661	690	80
2	15	107	984	1116	180
3	6	8	975	989	60
4	45	20	542	607	72
5	31	1	542	574	40
6	30	25	563	618	38
7	49	18	406	473	30
8	37	52	914	1003	35
9	16	—	587	613	42
10	21	10	758	789	20
11	115	—	675	790	43
12	20	105	715	820	40
13	58	59	588	705	34
14	11	20	451	482	33
15	22	49	429	500	35
ആകെ	482	497	9790	10167	782

പഞ്ചായത്തിന്റെ ഏതു ഭാഗത്തും എങ്ങിനെയെങ്കിലും വീട്ടം ഗതാഗത സൗകര്യങ്ങളും ഉണ്ടാക്കുന്നതിൽ തല്പരരാണ് നിവാസികളിലധികവും. സ്വന്തമായും വിവിധ സർക്കാർ ഏജൻസികളം മുഖേനയുള്ള പദ്ധതികളിലൂടെയാണ് വീടുകളം നിർമ്മിക്കുന്നത്. എന്നിരുന്നാലും 800ഓളം കുടുംബങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ വീട് ഒരു സ്വപ്നമായി അവശേഷിക്കുന്നു.

ഇവിടെ ഭവനനിർമ്മാണ വായ്പാ സംഘങ്ങൾ ഒന്നുംതന്നെ ഇല്ല. നിലമ്പൂരിലുള്ള ഹൗസിംഗ് സൊസൈറ്റിയാണ് അടുത്തുള്ള ഭവനനിർമ്മാണ വായ്പാസംഘം. ഈ ഹൗസിംഗ് സൊസൈറ്റി മുഖേന ഈ പഞ്ചായത്തിൽ മൊത്തം 50 പേർക്കായി 40,49000 രൂപയാണ് ലഭിച്ചിട്ടുള്ളത്.

സർക്കാരിന്റെ മറ്റു വിവിധ ഏജൻസി

കം മുഖേനയും വീടുകം ഈ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങം ധാരാളം നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും 100-ൽ താഴെ കുടുംബങ്ങംക്കെ ഇത്തരം പദ്ധതികളിൽ കൂടി വീടുകംക്ക് ധന സഹായം ലഭിച്ചിട്ടുള്ള.

ഈ പഞ്ചായത്തിൽ വിവിധ പദ്ധതികളിൽകൂടി നിർമ്മിച്ച വീടുകളുടെ പട്ടിക

	IAY	MWS	JRY
1991—92			20
1992—93			
1993—94	5	8	14
1994—95	6		21
1995—96	29		7
1996—97			14

ഈ പഞ്ചായത്തിൽ ഹൗസിംഗ് കോളനികം ഇല്ലെങ്കിലും ലക്ഷം വീട് കോളനികം, ഉർബല വിഭാഗങ്ങളുടെ കോളനികം എന്നിവയുണ്ട്. അവയുടെ ഇപ്പോഴത്തെ അവസ്ഥ ശോചനീയമാണ്. മിക്ക കോളനികംക്കും പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങം പോലുമില്ല. ഈ പഞ്ചായത്തിലെ പല പദ്ധതികം മുഖേന കിട്ടിയ വീടുകളിലധികവും നിലം പൊത്താറായ അവസ്ഥയാണ്. കൂടാതെ ഇത്തരം വീട് നിർമ്മിക്കുന്നതിന് സർക്കാർ അനുവദിക്കുന്ന തുക - വീട് നിർമ്മിക്കുന്നതിനുള്ള വിവിധ സാധന സാമഗ്രികളുടെ വില അമിതമായ തോതിൽ വർദ്ധിച്ചതിനാൽ തുലോം അപര്യാപ്തമാണ്. മാത്രവുമല്ല ഭവന നിർമ്മാണ മേഖലയിലെ വിദഗ്ദ തൊഴിലാളികളുടെ കൂലി ഇടത്തരകാർക്കും ഉർബല വിഭാഗങ്ങംക്കും താങ്ങാനാവുന്നതിലും അധികമാണ്. പുരുഷ തൊഴിലാളികംക്ക് ശരാശരി 150 രൂപയും സ്ത്രീ തൊഴിലാളികംക്ക് 80 രൂപയുമാണ്. കൂലി ലഭിക്കുന്നത്. കൂടുതൽ കൂലി കൊടുത്താൽത്തന്നെ ആവശ്യത്തിനു വിദഗ്ദ തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥയാണ്. തൊഴിലാളികളുടെ ദൗർലഭ്യം, അമിതമായ കൂലി, നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന തുടങ്ങിയ പ്രശ്നങ്ങം ഇന്നു നിലനിൽക്കുന്നതിനാൽ ഈ മേഖലയിലെ ധനസഹായം 30000 കയിൽ ആധികമാക്കേണ്ടതാണ്. അതുപോലെ കരാർ വ്യവസ്ഥ അവസാനിപ്പിച്ചിരിക്കുന്ന സ്ഥിതിക്ക് പുരപ്പണി തുടങ്ങാൻ ആദ്യഗഡു അഡ്വാൻസായി നൽകണം.

ഭവനനിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ നിർദ്ദേശങ്ങൾ സഹായകമാകും

1 ഭവന നിർമ്മാണ രംഗത്ത് ആകർഷകമായ രീതിയിൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ കൊടുക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുക.

2 ആവശ്യത്തിലധികം കോൺക്രീറ്റ് സൗധങ്ങം നിർമ്മിക്കുന്നതിൽ നിന്ന് സാമ്പത്തികശേഷിയുള്ളവരെ പിൻതിരിപ്പിക്കാൻവേണ്ട ബോധവൽക്കരണം വാർഡ് അടിസ്ഥാനത്തിൽ നല്കുകയും ഈ ശേഷി ഉല്പന്ന മേഖലയിലേക്ക് തിരിച്ചുവിടുകയും ചെയ്യുക.

3 നമ്മുടെ പഞ്ചായത്തിൽ വയലുകം നികത്തി വ്യാപകമായതോതിൽ വീടുകം ഉണ്ടാക്കുന്ന ഒരു പ്രവണത കണ്ടുവരുന്നു. അതോടെ ഉല്പാദന മേഖല ഉർബലമാകുകയും ചെയ്യുന്നു. ഇതിന് ഒരു പരിഹാരമാർഗ്ഗം പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുക.

4 സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്ത് സമിതിക്ക് നൽകുക.

5 സർക്കാർ വായ്പ ലഭ്യമാക്കുന്നതിനുള്ള സാങ്കേതികവും, സാമ്പത്തികവുമായ ബുദ്ധിമുട്ടുകം ഇല്ലാതാക്കുക.

6 IAY JRY MWS എന്നിവയുടെ ധനസഹായം 30,000 ആക്കുക

അതുപോലെ പാർപ്പിട പ്രശ്നം പരിഹരിക്കണമെങ്കിൽ വീടുമാത്രമല്ല, വീടുവെക്കാൻ ഒരിഞ്ചു സ്ഥലംപോലും സ്വന്തമായിട്ടില്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗത്തിൽപെട്ടവരും മറ്റു നിർദ്ധന കുടുംബത്തിൽപെട്ടവരുമായി ധാരാളം ആളുകളും വാടക വീടുകളിലും കുടുംബാംഗങ്ങളുടെ വീട്ടിലുമായി താമസിച്ചുവരുന്നു. അവർക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

ഭൂരഹിത കർഷക തൊഴിലാളികൾക്കും നാലുസെന്റ് ഭൂമിവീതം കൊടുക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് പദ്ധതി പ്രകാരം രണ്ടു സ്ഥലങ്ങളിലായി (15-ാം വാർഡിൽ ചെറുമുക്കും കോളനി, 14-ാം വാർഡിൽ കാവുംപാടം കോളനി) രണ്ടേക്കർ വീതം സ്ഥലം ഭിതരണം ചെയ്തിട്ടുണ്ട്.

ഇനിയും വളരെയധികം ഭൂരഹിത വേനരഹിതരായവരെ പുനരധിവസിപ്പിക്കുവാൻ വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

"നിങ്ങൾ ദുർബലരാകരുത് നിങ്ങളുടെ ശക്തി നിങ്ങളിൽ തന്നെയുണ്ട്"

സ്വാമി വിവേകാനന്ദൻ

പഞ്ചായത്ത് പൊതുവിവരണം II

ഓഫീസുകൾ:-

1	പഞ്ചായത്ത് ഓഫീസ്	1
2	പോസ്റ്റോഫീസ് (Sub)	1
	(Br)	7
3	കൃഷിഭവൻ	1
4	ഫോറസ്റ്റ് ഡെപ്യൂട്ടി റേഞ്ച് ഓഫീസ്	2
5	വില്ലേജ് ഓഫീസ്	2
6	സർവ്വീസ് സഹകരണ ബാങ്ക്	2
	ബ്രാഞ്ച്	1
7	സഹകരണ അർബൻ ബാങ്ക്	1
8	കാത്തലിക് സിറിയൻ ബാങ്ക്	1
9	ക്ഷീരോല്പാദക സഹകരണ സംഘം	15
10	സഹകരണ പ്രിൻറിംഗ് സൊസൈറ്റി	1
11	ടെലഫോൺ എക്സ്ചേഞ്ച്	1
12	പ്രീ മെട്രിക് ഗേൾസ് ഹോസ്റ്റൽ	2
13	സ്വീഡ് ഗാർഡൻ കോംപ്ലക്സ് മുണ്ടേരി	1
14	പ്ലാന്റേഷൻ-കോർപ്പറേഷൻ റബ്ബർ എസ്റ്റേറ്റ്	1
15	ജില്ലാ കൃഷിത്തോട്ടം മുട്ടിക്കടവ്	1
16	വലിയ റബ്ബർ എസ്റ്റേറ്റ് (200 ഏക്കറിൽ കൂടുതൽ)	4
17	സിനിമാ ടാക്കീസ്	3

ഉപസംഹാരം

പഞ്ചായത്തി നഗര പാലിക ബില്ലി ലൂടെ സാധാരണക്കാരിലേക്ക് എത്തിച്ചേർ ന്ന അധികാരം പ്രായോഗികമാക്കുന്ന കർമ്മ പദ്ധതിയാണ് ജനകീയ ആസൂത്രണത്തി ലൂടെ നാം തുടങ്ങി വെച്ചിരിക്കുന്നത്. പ ദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ അവസാന ത്തോടെ നടത്തുന്ന വികസന സെമിനാറിൽ നമ്മൾ തയ്യാറാക്കിയ ചുങ്കത്തറയുടെ വികസ ന റിപ്പോർട്ട് സമർപ്പിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പരിപാ ടികളുടെ തുടക്കം ജനപങ്കാളിത്തം കൊണ്ട് ധന്യമായിരുന്നു. പിന്നീട് ഉണ്ടായിട്ടുള്ള കൊഴിഞ്ഞുപോക്ക് നമ്മുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാ ക്കിമാറ്റുകയും പഞ്ചായത്തുകൾക്ക് ലഭ്യമാകും എന്നു വിശ്വസിക്കുന്ന 40% പദ്ധതി വിഹി തം മുൻഗണനാടിസ്ഥാനത്തിൽ നമ്മുടെ പ ഞ്ചായത്തിൽ ഉപയോഗപ്പെടുത്തി, നമ്മുടെ നാടിന്റെ മുഖച്ഛായതന്നെ മാറ്റാൻ കഴിയ ണമെങ്കിൽ നമ്മൾ രാഷ്ട്രീയ മത ചിന്തകൾ ക്കതീതമായി ഒരുമയോടെ പ്രവർത്തിക്കുവാൻ തയ്യാറാകണം.

സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളു ടെ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞ കാ ലങ്ങളിൽ നാം ധാരാളം കാര്യങ്ങൾ നേടി യിട്ടുണ്ട്. എന്നാൽ കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരത്തിൽ ഇന്ന് വികസനം രണ്ടാം സ്ഥാനത്തേക്ക് തള്ളപ്പെട്ട എന്നുള്ളത് ഒരു ദുഃഖസത്യമാണ്. ഒരു പുത്തൻ വികസന രാ ഷ്ട്രീയം - സംസ്കാരം വളർത്തിയെടുക്കാനുള്ള ന മ്മുടെ സർക്കാരിന്റെ ശ്രമങ്ങളുടെ ചുവട് പിടിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിലും കക്ഷിരാഷ്ട്രീയ ചിന്തകൾക്ക് അതീതമായി വികസന രാഷ്ട്രീയ സംസ്കാരം വളർത്തി യെടുക്കാൻ നമുക്കൊന്നായി ശ്രമിക്കാം.

വികസനത്തിന്റെ കണികപോലും എ ത്തിനോക്കിയിട്ടില്ലാത്ത ധാരാളം പ്രദേശങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിലുണ്ട്. പരിഷ്കൃത ജന സമൂഹത്തിനു മുൻപിൽ ചോദ്യചിഹ്നമായി ഈ പഞ്ചായത്തിന്റെ മല മടക്കുകളിലും ഉൾപ്രദേശങ്ങളിലും ജീവിക്കുന്ന നമ്മുടെ സ ഹോദരങ്ങളിലേക്ക് സഹായവും വികസന വും എത്തിക്കുക എന്ന സാരമായ ബാദ്ധ്യത നിറവേറ്റുവാനുള്ള ശ്രമകരമായ ദൗത്യത്തിൽ നമുക്കൊന്നായി അണിചേരാം.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുമായി ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. ആദ്യ ഘട്ടത്തിലേതു പോലുള്ള ആവേശം നിലനിർത്തി ഈ പ്ര സ്ഥാനത്തിന്റെ നേട്ടങ്ങൾ കൈവരിക്കുവാൻ ഈ പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങള ടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥി ച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് വിശദ മായ ചർച്ചക്കും കൂട്ടിചേർക്കലിനും വേണ്ടി പഞ്ചായത്ത് വികസന സെമിനാറിനു സമർ പ്പിക്കുന്നു.

പി. പി. സുഗതൻ
പ്രസിഡൻറ്,
ചുങ്കത്തറ പഞ്ചായത്ത്.

അനുബന്ധം

കൃഷിയും ജലസേചനവും

നിർദ്ദേശങ്ങൾ:

1. ചാലിയാറിൽ 'തുടിമുട്ടി' എന്ന ഭാഗത്ത് ലിഫ്ട് ഇറിഗേഷൻ സ്കീം സർക്കാരിന്റെ ചെറുകിട ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിൽ വരുത്തുക.

2. ചാലിയാറിൽതന്നെ 'കട്ടപ്പാറ കയറ്റം' എന്ന സ്ഥലത്ത് മുകളിൽ പറഞ്ഞ രീതിയിൽ ലിഫ്ട് ഇറിഗേഷൻ സ്ഥാപിച്ചാൽ 200 ഏക്കർ വയലേലകൾക്ക് പ്രയോജനം ചെയ്യും. 2-ാം വാർഡിന്റെ ഏതാനും ഭാഗം നെൽകൃഷിക്ക് പ്രയോജനപ്പെടും.

3. കവളപ്പാറ ഭാഗത്ത് (രണ്ടാം വാർഡ്) നിലവിലുള്ള VCB കേടുവന്നത് റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കിയാൽ ജലസേചനം ആവശ്യമുള്ള 75 ഏക്കർ കൃഷിസ്ഥലത്തിന് ഉപകരിക്കും.

4. പനയംചാൽ തോടിന് ബണ്ട് കെട്ടിയാൽ രണ്ടാം വാർഡിൽ 30 ഏക്കർ സ്ഥലത്ത് ജലസേചനം കിട്ടും.

5. കല്ലാംതോടിലുള്ള VCB കുറെകൂടി മുകളം ഭാഗത്തേക്ക് മാറ്റി നിർമ്മിച്ചാൽ 3-ാം വാർഡിലേയും 14-ാം വാർഡിലേയും ഉദ്ദേശം 50 ഏക്കർ സ്ഥലത്തിന് പ്രയോജനം കിട്ടും.

6. 3-ാം വാർഡിലെ ചെമ്പൻകൊല്ലി-കല്ലായിപ്പാറ - പുളിയ്ക്കൽകാട് എന്നീ സ്ഥലങ്ങളിൽ കുളങ്ങളും നിർമ്മിക്കണം 3 കുളം കൊണ്ട് 50 ഏക്കറിന് പ്രയോജനം കിട്ടും. ഈഴവ തോടിനു ബണ്ട് കെട്ടുന്നതു കൊണ്ട് 200 ഏക്കർ നെൽകൃഷിക്ക് പ്രയോജനം കിട്ടും.

7. 14-ാം വാർഡിലെ ക്ലാംതോടിലെ VCB റിപ്പയർ ചെയ്യണം.

8. കോവിലകംപാടത്ത് നിലവിലുള്ള കുളം ഉപയോഗപ്രദമാക്കണം.

9. നെടുമ്പുഴയ്-ചക്കിമൂല കിഴക്കുഭാഗത്തുകൂടി വരുന്ന മഴവെള്ളം തോടിന്റെ പടിഞ്ഞാറെ കര Retaining wall കെട്ടി ഉറപ്പിച്ചെങ്കിൽ മാത്രമെ പാടത്തെ കൃഷി രക്ഷപ്പെടുകയുള്ളു.

10. കാട്ടിലപാടത്ത് ജലസേചനം നടപ്പിൽ വരുത്താൻ വേനൽകാലത്ത് വെള്ളം വറ്റാത്ത കനാലോ, പുഴയോ സമീപപ്രദേശങ്ങളിൽ ഇല്ലാത്തതു കൊണ്ട് Area Development Project-ൻ കീഴിൽ ഉൾപ്പെടുത്തി ജല സംഭരണിയും പമ്പുസെറ്റും ഏർപ്പെടുത്തണം.

11. ചുങ്കത്തറ പഞ്ചായത്തിലെ പുഴകളുടെയും തോടുകളുടെയും വക്കുകൾ ഇടിയാൻ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ Retaining wall നിർമ്മിക്കുക.

12. പഞ്ചായത്ത് മുഖേന വിതരണം ചെയ്ത പമ്പുസെറ്റുകൾ കേടുവന്നത് റിപ്പയർ ചെയ്ത് അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കുക.

13. മുണ്ടേരിയിൽ നീർപുഴയിൽ ചമ്പാലി ഭാഗത്ത് (അപ്പൻകാപ്പിനു മുകളിൽ) ബണ്ട് കെട്ടി കനാൽ നിർമ്മിച്ചാൽ 500 ഏക്കർ സ്ഥലത്ത് ജലസേചനം നിർവ്വഹിക്കാം.

14. ചാലിയാർ പുഴയിൽ അമ്പിട്ടാൻപൊട്ടിയിൽ ലിഫ്ട് ഇറിഗേഷൻ സ്ഥാപിച്ചാൽ 300 ഏക്കറോളം സ്ഥലം ജല

സേചനയോഗ്യമാക്കാം.

15. കാർഷിക കുടുംബങ്ങളുടെ കണക്കെടുത്ത് റവന്യൂ ജില്ലകൾക്ക് പകരം 5000 കാർഷിക കുടുംബങ്ങൾ നിവസിക്കുന്ന ഒരു Contiguanes area യ്ക്ക് ഒരു കാർഷിക ജില്ല രൂപീകരിക്കുകയും ആനുപാതികമായ ഫീൽഡ് സ്റ്റാഫ് പാറേൺ അംഗീകരിക്കുകയും വേണം. ഉദാ: ഇന്ന് നിലവിലുള്ള വിദ്യാഭ്യാസ ജില്ലകൾ പോലെ.

16. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ തന്നെ കൃഷിഭവൻ നിർമ്മിക്കുകയും ആയതു നടപ്പിൽ വരുത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുകയും വേണം.

17. വികസന പ്രക്രിയയുടെ വിജയകരമായ നടത്തിപ്പിനും കാർഷിക മേഖലയിലെ ഉൽപാദനം വർദ്ധിപ്പിയ്ക്കുന്നതിനും Credit (വായ്പ) അഥവാ സാമ്പത്തിക സമ്പൂർണ്ണത ഒരു പ്രധാന ഉൽപാദനോപാധിയാണ് (Production input) കർഷകർക്ക് സമയോചിതമായി ആവശ്യമായ തോതിലും ആവശ്യമുള്ള കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടത് അനുപേക്ഷണീയമായ ഒരു ഘടകമാണ്. ചുങ്കത്തറ പഞ്ചായത്തിലെ 2 ഹെക്ടറിൽ താഴെ ഭൂമിയുള്ള 5706 കാർഷിക കുടുംബങ്ങൾക്ക് ക്രഡിറ്റ് കാർഡ് അഥവാ സോംവൻസി പാസ്സ് ബുക്ക് സർക്കാരിൽനിന്ന് ലഭ്യമാക്കണം. ക്രഡിറ്റ് കാർഡിൽ ബഹു. റവന്യൂ മന്ത്രി നിർദ്ദേശിച്ച വിവരങ്ങൾക്ക് (സ്ഥിതി വിവര കണക്കുകൾ ഉൾപ്പെട്ട) പുറമെ കർഷകന്റെ (കുടുംബനാഥന്റെ) വസ്തു വഹകളുടെ മാർക്കറ്റ് വില ഒരു ഡപ്യൂട്ടി കലക്ടറുടെ റാങ്കിൽ താഴെയല്ലാത്ത ഒരുദ്യോഗസ്ഥൻ (വസ്തു സ്ഥിതിചെയ്യുന്ന വില്ലേജ് റീസർവ്വെ നമ്പർ വിസ്തീർണ്ണം എന്നിവ രേഖപ്പെടുത്തി) രേഖപ്പെടുത്തേണ്ടതും അദ്ദേഹത്തിന്റെ പേരും ഒപ്പും രേഖപ്പെടുത്തിയ തീയതിയും ഓഫീസ് സീലും വെച്ച് സോംവൻസി പാസ്സ്ബുക്ക് ഒരു അധികൃത രേഖയായി അംഗീകരിക്കേണ്ടതാണ്. സോംവെൻസി പാസ്സ് ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി വസ്തുവഹകൾ സ്ഥിതിചെയ്യുന്ന സബ് റജിസ്ട്രാർ സെയ്ഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതും സോംവൻസി പാസ്സ് ബുക്കിന്റെ ഒർജിനൽ കുടുംബനാഥൻ കൈവശം വെയ്ക്കേണ്ടതും മൂന്നാമതൊരു കോപ്പി ആവശ്യമാണെങ്കിൽ ആയത് കൺസേൺഡ് ഡപ്യൂട്ടി കലക്ടർ സൂക്ഷിക്കേണ്ടതുമാണ്. വസ്തുവിന്റെ വില ഓരോ 5 വർഷം കഴിയുമ്പോഴും പുനഃപരിശോധനയ്ക്ക് വിധേയമാക്കി സോംവൻസിപാസ്സ്ബുക്ക് uptodate ചെയ്യേണ്ടതുമാണ്. പാസ്സ്ബുക്ക് തയ്യാറാക്കൽ കഴിഞ്ഞാൽ അടുത്തപടി കുടുംബനാഥന് ടി പാസ്സ്ബുക്ക് പ്രകാരം വായ്പ ഏത് ബാങ്കിൽ നിന്നാണ് ലഭിക്കേണ്ടത് എന്ന് ഡപ്യൂട്ടി കലക്ടറെ രേഖാമൂലം അറിയിക്കാവുന്നതും സോംവൻസിയുടെ 75% വായ്പ വരെ കർഷകനു ഒരു കലണ്ടർ വർഷത്തിൽ സർക്കാർ ഗാരണ്ടിയുടെ അടിസ്ഥാനത്തിൽ ബാങ്ക് വിതരണം ചെയ്യേണ്ടതുമാണ്.

18. അടുത്ത പടിയായി കാർഷിക കുടുംബങ്ങൾക്ക് ബന്ധപ്പെട്ട കൃഷി ഭവനിലെ അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് ഓഫീസർ ആ കുടുംബത്തിന്റെ പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുവാനുതകുന്ന വിധത്തിൽ ഒരു സമഗ്ര കാർഷികോൽപാദന പദ്ധതി വിവിധ വികസന വകുപ്പുകളുമായി ബന്ധപ്പെട്ട് രൂപീകരിക്കേണ്ടതും കൃഷി ഓഫീസറുടെ സൂപാർശയിൻമേൽ ബാങ്ക് സോംവൻസി പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയ സീലിങ്ങിനു വിധേയമായി വായ്പ അനുവദിക്കേണ്ടതുമാണ്.

19. ***മാർക്കറ്റിംഗ്***

മുകളിൽ പ്രസ്താവിച്ച അതുയും കാര്യങ്ങൾ ശരിപ്പെട്ടാൽ കർഷകനു തന്റെ

ശ്രദ്ധ മുഴവനും ഉൽപാദനത്തിൽ കേന്ദ്രീകരിയ്ക്കുവാൻ സാധിയ്ക്കുന്നതാണ്. Comprehensive production plan തയ്യാറാക്കുമ്പോഴും കർഷക കുടുംബത്തിന്റെ കാർഷികേതര ആവശ്യങ്ങളുംകൂടി കണക്കിലെടുത്ത് ആയിരിക്കണം. വായ്പയുടെ Quantum നിശ്ചയിക്കുന്നത് കർഷകന്റെ ഉൽപന്നങ്ങളും നാളികേരം, നെല്ല്, കപ്പ, റബ്ബർ, കുരുമുളക്, വാഴ, അടയ്ക്ക എന്തുതന്നെ ആയികൊള്ളട്ടെ വർദ്ധിച്ച കൂലി നിരക്കും, ഉൽപാദനോപാധികളുടെ വിലക്കയറ്റവും എല്ലാം പരിഗണിച്ച് ഉൽപന്നങ്ങൾക്ക് ഒരു Remunerative price (താരതമ്യേന നഷ്ടം വരാത്തതും ലാഭമെങ്കിലും ലക്ഷ്യമിട്ടുകൊണ്ടുള്ളതല്ലാത്തതുമായ) കൃഷി ഓഫീസ്സർ ബന്ധപ്പെട്ടവരുമായി ആലോചിച്ച് നിശ്ചയിക്കേണ്ടതും ഉൽപന്നങ്ങളുടെ വിലയിൽനിന്നും വായ്പത്തുക തട്ടിക്കിഴിച്ച് ബാക്കി തുക റൊക്കം പണമായി കർഷകനു നൽകേണ്ടതുമാണ്. ഈ വിധത്തിലുള്ള ഉല്പന്നങ്ങളും വാങ്ങുന്നതിനും ഉൽപന്നങ്ങളുടെ ന്യായമായ വില കർഷകനു കൊടുക്കുന്നതിനും ധനകാര്യ സ്ഥാപനങ്ങളുടെയും കർഷക സമൂഹത്തിന്റെയും ഇടയിൽ ഒരു ഏജൻസി നിയമനിർമ്മാണം വഴി രൂപീകരിക്കേണ്ടതും അതിന്റെ മാനേജിംഗ് ഡയറക്ടർ കാർഷിക ജില്ലയിലെ കൃഷി ഓഫീസർ ആയിരിക്കേണ്ടതുമാണ്. ഈ ഏജൻസിക്കുതന്നെ അമുൽ മോഡലിൽ ഉൽപാദനോപാധികളും നിയന്ത്രിത വിലക്കു മാസ്റ്റർ പ്ലാനിന്റെ (Comprehensive production plan) അടിസ്ഥാനത്തിൽ കർഷകനു വിതരണം ചെയ്യാവുന്നതുമാണ്. ഉല്പാദനോപാധികളുടെ കൂട്ടത്തിൽ വിത്ത്, വളം, കീടനാശനികളും, കാർഷിക ഉപകരണങ്ങളും, ശാസ്ത്രീയ വിജ്ഞാനം എന്നിവ കൂടി വായ്പയുടെ പുറത്തായി വരുന്നുണ്ട് എന്നതുകൊണ്ട് കൂടിയാണ് മാനേജിംഗ് ഡയറക്ടർ കാർഷിക ജില്ലയുടെ മേധാവിയായിരിക്കണമെന്ന പറയുന്നത്. ഈ സോഫ്റ്റ്വെയർ പാസ്സ്ബുക്ക് സിസ്റ്റം നടപ്പിലായാൽ കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വില കിട്ടുവാനും ഇടത്തട്ടുകാരുടെ നീരാളിപിടുത്തത്തിൽ നിന്നും കർഷകനെ രക്ഷിക്കുവാനും കഴിയും. ക്രമേണ ഈ സോഫ്റ്റ്വെയർ പാസ്സ്ബുക്കിനു, State Bank of India Card, Master Card, Donoreselute Card എന്നീ കാർഡുകളുടെ status ഗവ: നു പ്രഖ്യാപിക്കാവുന്നതാണ്. അങ്ങിനെ കാർഷകൻ സമൂഹത്തിൽ വിലയും നിലയും ഉള്ളവനും നട്ടെല്ലോടുകൂടി ആത്മാഭിമാനത്തോടെ മുഴവൻ ശ്രദ്ധയും ഉൽപാദനത്തിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുവാൻ കഴിവുള്ളവനുമായി തീരുന്നതാണ്.

20. കൃഷിയും ചെറുകിട ജലസേചനവും പഞ്ചായത്തിന്റെ ഒരു obligatory function ആയി നിശ്ചയിച്ചുകൊണ്ട് പഞ്ചായത്ത് നിയമത്തിൽ ഭേദഗതിബിൽ പാസ്സാക്കിയെടുക്കണം. ഇപ്പോഴും പഞ്ചായത്തിന്റെ (obligatory function) നിർബ്ബന്ധമായ മുമതലകളും ആരോഗ്യ പരിപാലനം, റോഡ് വികസനം, ശുചീകരണം എന്നിവ മാത്രമാണ്.

21 കാർഷിക കുടുംബങ്ങൾക്ക് ഓരോ 5 വർഷത്തേക്ക് Comprehensive production plan ഉണ്ടാക്കേണ്ട മുമതല കൃഷി ഭവനിലെ അഗ്രികൾച്ചറൽ ഡവലപ്പ്മെന്റ് ഓഫീസറുടെ obligatory function ആയി ഗവ. ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

22. കൃഷി ഉദ്യോഗസ്ഥ വൃന്ദത്തിനു മാത്രമല്ല വികസന വകുപ്പുകളിലെ എല്ലാ ഉദ്യോഗസ്ഥന്മാർക്കും അവരുടെ സേവനം ലഭിക്കുന്ന ഗുണഭോക്താക്കളോട് പ്രതിബദ്ധത (Accountability) ഉള്ളവരായിരിക്കണമെന്ന വസ്തുത ഗവ. എക്സി. ഓർഡർ മുഖേന നടപ്പാക്കണം. അതായത് ഉദ്യോഗസ്ഥന്മാർ ഗുണഭോക്താക്കളോട് പഞ്ചായത്ത് മുഖേന Accountable ആക്കുന്ന Executive order സർക്കാർ പുറപ്പെടുവിക്കണം. കൃഷി ഭവനിലെ കൃഷി ഓഫീസർ ഓരോ

രണ്ടുമാസം കൂടുമ്പോഴും നിയമാനുസൃതമായി വിളിച്ചുകൂട്ടിയ ഗ്രാമ പഞ്ചായത്ത് മീറ്റിങ്ങിലും ആറുമാസം കൂടുമ്പോഴും ഗ്രാമസഭയിലും പ്രവർത്തന റിപ്പോർട്ട് വായിച്ച് വിമർശനത്തിനു മുപടി പറഞ്ഞ് റിപ്പോർട്ട് പഞ്ചായത്ത് അംഗീകരിക്കണം.

23. വിദ്യാർത്ഥികൾക്ക് (കുട്ടികൾക്ക്) പ്രാഥമിക വിദ്യാഭ്യാസം ഭരണഘടനയിലെ മൗലികാവകാശമാക്കുന്നതിന്റെ ഭാഗമായി രക്ഷിതാക്കൾ കുട്ടികളെ വിദ്യാലയങ്ങളിലേക്ക് അയച്ചുകൊള്ളണം എന്നമാനഡേറ്ററി പ്രൊവിഷൻ ഈയിടെ താത്വികമായി അംഗീകരിച്ചതുപോലെ കൈവശ ഭൂമിയിൽനിന്നും മിനിമം ക്രൊപ്പിംഗ് വാല്യൂവിനു തുല്യമായ ഉല്പാദനമെങ്കിലും തുടക്കത്തിൽ ഉൽപാദിപ്പിക്കുമെന്നു കർഷകനോടു ആവശ്യപ്പെടുകയും സമയ പരിധിവച്ച് അങ്ങിനെ ചെയ്യാത്തവരുടെ കൃഷി ഭൂമി ഉൽപാദിപ്പിക്കുവാൻ തയ്യാറുള്ളവർക്ക് വിതരണം ചെയ്യുകയും വേണം. ഭൂമി വിട്ടുകൊടുക്കുന്ന കർഷകനു മാർക്കറ്റ് വില സോഷ്യൽ വൽസി പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയ വില ഒന്നിച്ചോ ഗഡുക്കളായൊ കൊടുക്കാവുന്നതുമാണ്, ഭൂമി ലഭിക്കുന്ന കർഷകനും ഈ സംഖ്യ കൊടുത്തുതീർക്കാവുന്നതാണ്.

24. പ്രാദേശികമായി, പ്രകൃതിദത്തമായി, നീരുറവകൾ, വറ്റാത്ത കുളങ്ങൾ, തോടുകൾ, പുഴകൾ എന്നീ ജലസ്രോതസ്സുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ മഴക്കാലത്ത് 100 ഏക്കർ, 500 ഏക്കർ എന്നിങ്ങനെ വിസ്തൃതമായ കൃഷിയിടങ്ങൾക്ക് ജലസംഭരണികൾ നിർമ്മിച്ച് sprinkler irigation method വഴിയും ഡ്രിപ്പ് ഇറിഗേഷൻ വഴിയും ജലസേചനം കൊടുത്ത് ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ധനാഗമ മാർഗ്ഗം ഒരു തടസ്സമായി വരുമ്പോൾ പദ്ധതി ആവശ്യമാണ് എന്ന് അംഗീകരിക്കുന്ന കർഷകരുടെ സോഷ്യൽ വൽസി പാസ്സ് ബുക്ക് ടാപ്പ് ചെയ്യാവുന്നതാണ്

25. കാർഷികേതര പ്രവർത്തനങ്ങൾ മാത്രം ബ്ലോക്കുകളെ ഏല്പിച്ച് കൃഷിമുഴുവൻ I.R.D.P. ഉൾപ്പെടെ കൃഷിവകുപ്പിനു വിട്ടു കൊടുത്തുകൊണ്ടുള്ള ഒരു സമൂല അഴിച്ചുപണി കൃഷി മേഖലയിൽ നടപ്പാക്കണം. ഇന്ന് വിവിധ ഏജൻസികൾ കാർഷികരംഗം കയ്യാളുന്നതുകൊണ്ട് ഓവർലാപ്പിങ്ങും ഡ്യൂപ്ലിസിറ്റിയും കർഷകനു നേട്ടങ്ങളെക്കാൾ കോട്ടവും ഉണ്ടാക്കുന്നുണ്ട്.

26. ചെറുകിട ജലസേചനവും കൃഷിയും ഒരു വകുപ്പിന്റെയും ഒരു മന്ത്രിയുടെയും കീഴിലായിരിക്കണം.

27. കേരളത്തിലെ രണ്ടാമത്തെ വലിയ പഞ്ചായത്തായ (വിസ്തീർണ്ണത്തിൽ) ചുങ്കത്തറയിൽ ഓരോ നിയോജക മണ്ഡലത്തിനും അനുവദിക്കുമെന്ന് പ്രഖ്യാപിച്ച പച്ചക്കറി സ്റ്റാൾ അനുവദിക്കണം.

ഗതാഗതം, ഊർജ്ജം

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ.

1. തുരുമുട്ടി പോത്തുകല്ല് പുഴക്കടവ് റോഡ്
2. കോട്ടക്കുന്ന് കോളനി ഗ്രാമറോഡ്,
3. ചാത്തമുണ്ട കോളനി CPC റോഡ്
4. ചാത്തമുണ്ട കോട്ടക്കുന്ന് റോഡ്
5. ചുങ്കത്തറ ടൗൺ പഞ്ചായത്ത് മീനി സ്റ്റേഡിയം റോഡ്.
6. പാടിപ്പെയിൽ PHC റോഡ്.
7. കോട്ടേപ്പാടം ആശുപത്രി റോഡ്.
8. കൂട്ടപ്പാടി മൈലാടംപൊട്ടി റോഡ്.
9. ആറംമ്പുളി മൂത്തേടം കോളനി റോഡ്.
10. കാട്ടിലപ്പാടം മൂത്തേടം പള്ളി റോഡ്
11. കൊന്നാംപൊട്ടി കാട്ടിലപ്പാടം റോഡ്.
12. കോലോംപാടം അണ്ണൻകുപ്പ് ഗിരിജൻ കോളനി റോഡ്.
13. കണയംകല്ല് മദ്രസ്സ ബാലവാടിറോഡ്
14. കാവുംപാടം കണയങ്കല്ല് കുമ്പലം കോട് മദ്രസ്സ റോഡ്.

മെറ്റലിട്ട് ടാർ ചെയ്യേണ്ട റോഡുകൾ.

1. മണലി ആറംമ്പുളി റോഡ്
2. മണലി കൂട്ടപ്പാടി റോഡ്
3. മണലി കോട്ടേപ്പാടം റോഡ്
4. കൂട്ടപ്പാടി മൈലാടംപൊട്ടി റോഡ്
5. വെള്ളിമുറ്റം കടവ് കോലോംപാടം കൊടീരി വഴി പൂക്കോട്ടമണ്ണകടവ് റോഡ്
6. ജ്ഞാനം വായനശാല കവളപ്പാറ റോഡ്
7. അമ്പലമുക്ക് കുവക്കോൽ വാളംകൊല്ലി റോഡ്
8. കോട്ടക്കുന്ന് കോളനി റോഡ്
9. പോത്തുകല്ല് പോത്തുകല്ല് റിംഗ് റോഡ്
10. കൈപ്പിനി നീലഞ്ഞി അമ്പല പ്പൊയിൽ റോഡ്
11. കൈപ്പിനി പാർട്ടിക്കുന്ന് കവലറോഡ്
12. പൂക്കോട്ടമണ്ണ പൊരുമ്പയിൽ കുന്ന് കാട്ടിച്ചിറ റോഡ്
13. പെരുമ്പിലാട് മുണ്ടക്കൈ റോഡ്
14. പാലാങ്കര, പെരുമ്പിലാട് ഗിരിജൻ കോളനിവഴി കൊന്നാംപൊട്ടി റോഡ്
15. വടക്കേക്കെയ്യ് കാട്ടിലപ്പാടം ആറം പുളിക്കൽ റോഡ്
16. വെള്ളിമുറ്റം പീലാക്കോട് കുമ്പലംകോട് U P സ്കൂൾ റോഡ്
17. തലഞ്ഞി കാട്ടിച്ചിറ റോഡ്
18. മുട്ടിക്കടവ് കൊന്നമണ്ണ റോഡ്

പുതുതായി കലുങ്കുകൾ നിർമ്മിക്കേണ്ട സ്ഥലം.

1. ഗ്രാമം ഇറിഗേഷൻ ചിത്തുകല്ല് റോഡിൽ ദിവാൻപൊട്ടിയിൽ രണ്ട് കലുങ്ക്
2. ഗ്രാമം-കുട്ടംകുളം റോഡിൽ ഒരു കലുങ്ക്
3. ചാത്തംമുണ്ട തീയേറ്റർ റോഡിൽ വില്ലുവെട്ടി വളവിൽ ഒരു കലുങ്ക്
4. പാതിരിപ്പാടം കുത്തിറോഡിൽ കലുങ്ക്
5. ചൂരക്കണ്ടി ചാത്തള്ളി റോഡിൽ കലുങ്ക്
6. പൂക്കോട്ടമണ്ണ നെല്ലിപെയ് കടവിൽ
7. പൂക്കോട്ടമണ്ണ പൂവ്വത്തിക്കടവ് റോഡിൽ
8. കുമ്പലംകോട് സ്കൂൾ കടവിൽ
9. കൈപ്പിനി കുമ്പലംകോട് റോഡ്
10. ചുങ്കത്തറ-കൈപ്പിനിറോഡ് മുണ്ടപ്പാടം
11. കുന്നത്ത് ലക്ഷംവീട് കോളനിക്ക് സമീപം
12. ഗാന്ധി റോഡിൽ
13. പാടിപ്പെയിൽ-ചുങ്കത്തറ റോഡിൽ 3 കലുങ്ക്
14. കൂട്ടപ്പാടി മൈലാടംപൊട്ടി റോഡിൽ
15. ആറാംപൊയിക്കൽ മൈലാടംപൊട്ടി റോഡ്
16. വെണ്ടേക്കുംപൊട്ടിയിൽ വെള്ളിമുറ്റം മുരുകാഞ്ഞിരം റോഡ്
17. പെരുമ്പിലാട്ട് മുണ്ടക്കൈ റോഡ്-കൊന്നാംപൊട്ടി - 1 കലുങ്ക് PHC ക്ക് സമീപം, കൊന്നാംപൊട്ടി കടവിന് സമീപം
18. പൂക്കോട്ടമണ്ണകടവ് - വെള്ളിമുറ്റം റോഡിൽ 5 കലുങ്ക്

19. പനങ്കയം കൂവക്കോൽ റോഡിൽ 2
20. കോലോംപാടം ഗിരിജൻ കോളനി റോഡിൽ
21. കണയംകല്ല് ബാലവാടി റോഡിൽ
22. പൂളപ്പാടം വെള്ളിമുറ്റം ശിശുവിഹാർ റോഡിൽ
23. പൂളപ്പാടം കൊട്ടപാറ റോഡിൽ
24. തലഞ്ഞിയിൽ
25. കുറ്റിമുണ്ടയിൽ
26. പനമണ്ണയിൽ
27. നരിയംപൊയിലിൽ
28. ശാന്തിഗ്രാം, തുടിമുട്ടി, കവളപ്പാറ എന്നിവിടങ്ങളിൽ
29. മുണ്ടേരി-പാറക്കലേൽ
30. കോട്ടേപ്പാടം

പാലം

പുന്നപ്പുഴക്ക് കൂട്ടപ്പാടി കടവിൽ
ആറംപുളി കടവിൽ
ചാലിയാർ പുഴക്ക് പൂക്കോട്ടമണ്ണയിൽ

ഊർജ്ജം

1. എടക്കര സെക്ഷൻ മേജർ സെക്ഷനായി ഉയർത്തി എരുമമുണ്ടയിലും പോത്തുകല്ലിലും സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. അമ്പലപ്പൊയിൽ
2. മുണ്ടപ്പാടം - ഐഡിയമുക്ക്
3. കൊന്നാംപൊട്ടി ഇറിഗേഷനു സമീപം

പുതുതായി വൈദ്യുതീകരിക്കേണ്ട സ്ഥലങ്ങൾ

1. ചീരക്കുഴി, കോലോംപാടം
2. കൊന്നമണ്ണ, പെരുമ്പിലാട്
3. കോട്ടക്കുന്ന്
4. കുട്ടൻകുളം
5. കവളപ്പാറ

വഴിവിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

കോട്ടക്കുന്ന് - കോളനി റോഡ്

മാർക്കറ്റ്

ഉപ്പടയിൽ ആഴ്ചച്ചന്ത
പോത്തുകല്ലിൽ മാർക്കറ്റ്
എരുമമുണ്ട ആഴ്ചച്ചന്ത

○□○

സാമൂഹ്യ ക്ഷേമം

1. വിവിധതരം പദ്ധതികളെക്കുറിച്ചും ധനസഹായങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്യാമ്പുകളും വാർഡ് അടിസ്ഥാനത്തിൽ നടത്തുക.
2. പഞ്ചായത്തിൽ ചുങ്കത്തറയിലും, പോത്തുകല്ലിലും, വെള്ളിമുറ്റത്തും ഓരോ മാവേലി സ്റ്റോർ സ്ഥാപിക്കുക.
3. കഴിഞ്ഞ പത്തുവർഷമായി ചുങ്കത്തറ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു ഗവ. ഇതര സന്നദ്ധ സംഘടനയാണ് ചുങ്കത്തറ കമ്മ്യൂണിറ്റി ഡവല്പമെൻറ് പ്രൊജക്ട് (CDP) ഗ്രാമവികസന, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഇക്കാലമത്രയും പ്രൊജക്ടിനു തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.
4. അതുപോലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറെറാരു ഗവൺമെൻറ് ഇതര സന്നദ്ധ സംഘടനയാണ് CARD.

○□○

സംസ്കാരം

ഈ പഞ്ചായത്തിൽ പാതാർ രഞ്ജിനി ആർട്സ് & സ്പോർട്സ് ക്ലബ്ബും, ഗ്രന്ഥശാലയും. പനങ്കയം സഹൃദയ ആർട്സ് & സ്പോർട്സ് ക്ലബ്ബും ചുങ്കത്തറ ബോംബെ ക്ലബ്ബും വെള്ളിമുറ്റം യുവരശ്മി ആർട്സ് & സ്പോർട്സ് ക്ലബ്ബും മഹാത്മാ ക്ലബ്ബ് സംഗം ആർട്സ് & സ്പോട്സ് ക്ലബ്ബും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

1. പഞ്ചായത്തിൽ കായിക പരിശീലന കേന്ദ്രം ആരംഭിക്കുക.
2. സാംസ്കാരിക നിലയം വിപുലീകരിക്കുക.
3. ഗ്രന്ഥശാലകൾക്ക് ഇലക്ട്രോണിക്സ് മാധ്യമങ്ങൾ നൽകുക.

ചുങ്കത്തറക്ക് സ്പോട്സ് രംഗത്ത് നേട്ടങ്ങളുണ്ടാക്കി തന്നവരുടെ കൂട്ടത്തിൽ എടുത്ത് പറയേണ്ടുന്ന ഒരു പേരാണ് മാർതോമാ കോളജിലെ റോജസ് ഫർണാണ്ടസിൻെറത്. അതു പോലെതന്നെ ചെസ്സ് രംഗത്ത് ജില്ലയുടെതന്നെ അഭിമാനമാണ് പുള്ളീറ്റ് സക്കറിയ. കൂടാതെ സ്വാതന്ത്ര്യ സമരസേനാനിക്കുള്ള താമ്ര പത്രം ലഭിച്ച കെ. കുഞ്ഞികൃഷ്ണനും നമ്മുടെ പഞ്ചായത്തിൻെറ അഭിമാനമാണ്.

ആഘോഷങ്ങൾ.

പൂളപ്പാടം സെൻറ് ജോർജ് കത്തോലിക്കാ പള്ളിയിൽ എല്ലാ വർഷവും തിരുനാൾ ആഘോഷം നടത്തിവരുന്നു.

□□

മൃഗസംരക്ഷണം

1. ചങ്കുത്തറ, മുണ്ടേരി, എന്നിവിടങ്ങളിൽ മൃഗാശുപത്രി സ്ഥാപിക്കുക.
2. മാസത്തിൽ ഒരിക്കൽ ഡോക്ടറുടെ സേവനം ബീജധാന കേന്ദ്രത്തിൽ ലഭ്യമാക്കുക.
3. പാൽ സംഘങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന കന്നുകുട്ടികൾക്ക് സൗജന്യമായി വിര മരുന്നുകളും ധാതുലവണങ്ങളും നൽകുക.
4. കന്നുകുട്ടി പരിപാലന പദ്ധതി വ്യാപകമാക്കുക.
5. കാലിതീറ്റ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുക.
6. പൂക്കോട്ടുമണ്ണ പാൽ സൊസൈറ്റി കേന്ദ്രീകരിച്ച് ഒരു കാലിത്തീറ്റ നിർമ്മാണകേന്ദ്രം തുടങ്ങുക.
7. ദുർബ്ബല വിഭാഗങ്ങൾക്ക് തൊഴുത്തു നിർമ്മാണത്തിന് ധനസഹായം നൽകുക.
8. മൽസ്യം, മാംസ്യം വിൽക്കുന്നതിന് ചില്ലിട്ട സ്റ്റാളുകൾ നിർമ്മിക്കുക.
9. കോഴി വസന്ത നിർമ്മാജ്ജന പദ്ധതി വാക്സിനേഷൻ കിറ്റും ട്രെയിനിംഗും മഹിളസമാജം മെമ്പർമാർക്ക് നൽകുക.
10. വർദ്ധിച്ചുവരുന്ന ഇറച്ചിക്കോഴികളുടെ ഉപഭോഗം കണക്കിലെടുത്ത് പഞ്ചായത്ത് തലത്തിൽ ഇറച്ചി കോഴികളുടെ മുട്ട വിരിയിച്ച് നൽകുന്നതിനുള്ള യൂണിറ്റ് സ്വയം തൊഴിൽ മേഖലയിൽ തുടങ്ങുന്നതിനും നടപടി സ്വീകരിക്കുക.
11. ആടിനും ആട്ടിൻകുട്ടികൾക്കുമുണ്ടാകുന്ന വിര കോക്സ്ടിയോസിസ് രോഗങ്ങൾക്ക് പ്രതിമരുന്നുകൾ പകുതി വിലക്ക് നൽകുക.
12. പട്ടി വളർത്തലിന് ലൈസൻസ് നിർബ്ബന്ധമാക്കുക.
13. മീൻ വളർത്തുന്നതിനുള്ള കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകുക.

□□

വിദ്യാഭ്യാസം

1. കുറുമ്പലങ്ങോട് യു. പി. സ്കൂൾ ഹൈസ്കൂൾ ആക്കുക.
2. വെള്ളമ്പിയാംപാടം എൽ. പി. സ്കൂൾ യു. പി. സ്കൂളാക്കുക.
3. എരുമമുണ്ട ഹൈസ്കൂൾ വൊക്കേഷൻ ഹയർ സെക്കൻറി സ്കൂളാക്കി മാറ്റുക.
4. വൈദ്യുതി സൗകര്യമില്ലാത്ത സ്കൂളുകളിൽ വൈദ്യുതീകരിക്കുക.
5. ചങ്കുത്തറ ആസ്ഥാനമാക്കി ഒരു സഹകരണ കോളേജ് സ്ഥാപിക്കുക.
6. ചങ്കുത്തറ ആസ്ഥാനമാക്കി ഐ. റ്റി, ഐ. സ്ഥാപിക്കുക.
7. എരുമമുണ്ടയിയോ ചെമ്പൻകൊല്ലിയിലോ ഗവ. യു. പി. സ്കൂൾ സ്ഥാപിക്കുക.

○○

കുടിവെള്ളം, പൊതുജനാരോഗ്യം

1. 2-ാം വാർഡിൽ ചേമ്പിൻകല്ല് എന്ന പ്രദേശത്ത് ഒലിംപാറ എന്ന സ്ഥലത്ത് ടാങ്കും പൈപ്പ്‌ലൈനും സ്ഥാപിച്ച് ജലം ശേഖരിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞാൽ ഉദ്ദേശം 200 കുടുംബങ്ങൾക്ക് വൈദ്യുതിയുടെ സഹായമില്ലാതെ കുടിവെള്ളം എത്തിക്കാൻ കഴിയും.
2. മുണ്ടേരി പള്ളിക്കുന്നിലെ പഞ്ചായത്ത് കിണറിൽനിന്നും പൈപ്പ് വഴി ശുദ്ധജല വിതരണം കഴിഞ്ഞാൽ 50 കുടുംബങ്ങൾക്ക് ഉപയോഗപ്രദമാകും.
3. ചെമ്പ്ര ഗിരിജൻ കോളനിയിൽ ഒരു കിണർ കുഴിക്കുക.
4. കോട്ടക്കുന്ന് ശുദ്ധജല വിതരണ പദ്ധതി കുനിപ്പാല വരെ നീട്ടുക.
5. ചുങ്കത്തറ ആയുർവ്വേദ ആശുപത്രിക്ക് മുണ്ടേരിയിൽ ലഭിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുക.
6. ശാന്തിഗ്രാമിൽ സൗജന്യമായി സ്ഥലവും കെട്ടിടവും വിട്ടുകിട്ടിയ സ്ഥലത്ത് ഒരു ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുക.
7. പള്ളിക്കുത്ത് സ്കൂൾകുന്നിൽ സ്ഥാപിച്ചിട്ടുള്ള ശുദ്ധജല വിതരണപദ്ധതി വിപുലീകരിച്ച് ചീരക്കുഴി താഴെ പെരുമ്പിലാട്, മേലേ പെരിമ്പിലാട്, കൊന്നമണ്ണ എന്നീ SC - ST കോളനിയിലേക്ക് കുടിവെള്ളം എത്തിക്കുക.

വനിതാ ക്ഷേമം

1. വനിതകൾക്കായി ഒരു തയ്യൽ പരിശീലന കേന്ദ്രവും പരിശീലനം ലഭിച്ച ആളുകളെ കൊണ്ട് ഒരു റെഡീമെയ്ഡ് യൂണിറ്റും സ്ഥാപിക്കുക.
2. ഒരു വനിത ട്രെഡ്വിംഗ് സ്കൂളും ഒരു വനിത ഐ.ടി.ഐ. യും സ്ഥാപിക്കുക.
3. വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്തിൽ ഒരു ഫാമിലി കൗൺസിലിംഗ് സെൻറർ സ്ഥാപിക്കുക.
4. അശ്ലീല പരസ്യങ്ങളും പോസ്റ്ററുകളും നിരോധിക്കുക.

പട്ടികജാതി പട്ടികവർഗ്ഗം

1. പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാര വിതരണത്തിനുള്ള പദ്ധതി സ്വീകരിക്കുക.

വ്യവസായം

1. വ്യവസായ സംരംഭകർക്ക് താൽപ്പര്യമുള്ള രംഗങ്ങളിൽ പരിശീലനം നൽകാൻ പരിശീലന കേന്ദ്രങ്ങളുണ്ടാക്കുക.
2. ഈ പഞ്ചായത്തിൽ 20 ഏക്കർ സ്ഥല സൗകര്യമുള്ള (അടിസ്ഥാന സൗകര്യങ്ങളും കൂടി ഉൾക്കൊണ്ടത്) ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
3. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സൗകര്യത്തിന് ഒരു നാഷണലൈസ് ബാങ്ക് ശാഖ കൂടി നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുക.
4. നേന്ത്രക്കായ - ധാരാളം കിട്ടാനുള്ള പഞ്ചായത്തിൽ ഇവ ഉപയോഗിച്ച് ബേബി ഫുഡ് ഉണ്ടാക്കുന്ന ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കണം.

□□

സഹകരണം

1. സഹകരണ ഫർണിച്ചർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.
2. ചുങ്കത്തറ ആസ്ഥാനമാക്കി ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ രജിസ്റ്റർ ചെയ്യുക. അതിന്റെ ബ്രാഞ്ചുകളായി പൂളപ്പാടം, കൊന്നമണ്ണ, കൈപ്പിനിക്കവല എന്നിവിടങ്ങളിൽ സ്ഥാപിച്ച് പലവ്യഞ്ജനങ്ങളും പച്ചക്കറികളും മിതമായ നിരക്കിൽ വിൽപ്പന നടത്തുക.
3. സഹകരണ ക്ഷീരോൽപാദക സംസ്കരണ വിപണന സംഘം ഈ പഞ്ചായത്തിൽ പ്രവർത്തനമാരംഭിക്കാൻ വേണ്ടുന്ന നടപടിയാരംഭിക്കുക.

○○

വിഭവ സമാഹരണം

1. പഞ്ചായത്ത് വക റസ്റ്റ് ഹൗസ് ഉണ്ടാക്കി വരുമാനം വർദ്ധിപ്പിക്കുക.
2. പഞ്ചായത്തിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിനും കുട്ടി ഒന്നിന് 5 രൂപ വീതം നികുതി ഈടാക്കുക.



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം.

- ബഹുജന സഹകരണം അനിവാര്യമാണ്.

- "ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു."

- " ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്ത് ജീവിച്ചെങ്കിൽ ഭൂമി സ്വർഗമായി മാറുമായിരുന്നു."

ഗാന്ധിജി.